# UMAKERALAM

(A MAHAKAVYA IN MALAYALAM)

BY

S. PARAMESVARA AIYAR,

M. A., B. L., M. R. S. L.,

*Kavitilaka,*

TRIVANDRUM.

[illegible] ൨൦൦൦

1099.

# ഉമാകേരളം

## ഭാഷാമഹാകാവ്യം.

ഗ്രന്ഥകർത്താ

കവിതിലകൻ

ഉള്ളൂർ എസ്. പരമേശ്വരയ്യർ,

എം. ഏ., ബി. എൽ.

പകർപ്പവകാശം ഗ്രന്ഥകർത്താവിൽ

Printed at

The Sridhara Power Press—Trivandrum.

1099

☞ ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

വില രൂപാ-൩ൽ.

### ഒന്നാം പതിപ്പിന്റെ

# മുഖവുര.

എന്റെ കഴിഞ്ഞ നാലഞ്ചുകൊല്ലങ്ങളിലെ സാഹിത്യപരിശ്രമത്തിന്റെ പ്രധാനഫലമായ ഉമാകേരളമഹാകാവ്യത്തെ ഏററവും വിനയത്തോടും ഭയത്തോടും കൂടി ഇതാ ഞാൻ വായനക്കാരുടെ മുൻപാകെ കാഴ്ചവച്ചുകൊള്ളുന്നു. കാവ്യഗുണങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ കണിക ഈ പുസ്തകത്തിന്റെ ഒരു കോണിലെങ്ങാനും കിടപ്പുണ്ടെന്നു് അവരിൽ നിർമ്മത്സരന്മാരും വിശാലഹൃദയന്മാരുമായ സഹൃദയന്മാരിൽ ആരെങ്കിലും സമ്മതിക്കുന്നു എങ്കിൽ അതിനാൽ ഞാൻ അനുഗൃഹീതനായി. പുരോഭാഗികളോടു് എനിക്കു പറവാനുള്ള സമാധാനം

'പ്രായേണ ജഡാ മത്സരിണശ്ച ലോകാ
ദോഷോത്തരം മൃഗ്യഗുണം വചോ നഃ
ഗുണൈകലുബ്ധോപി ജനഃ കഥഞ്ചിൽ സ്യാ-
ദിത്യാശയൈവായമിയാൻ പ്രയാസഃ.'

എന്നുള്ള നീലകണ്ഠദീക്ഷിതമഹാകവിയുടെ സംസ്കൃതപദ്യത്തിലടങ്ങീട്ടുള്ളതാണു്.

എന്റെ മാന്യസുഹൃത്തും വിശിഷ്ടകവിയുമായ പന്തളത്തു കേരളവർമ്മ തമ്പുരാൻ അവർകൾ അദ്ദേഹത്തിന്റെ രുഗ്മാംഗദചരിതവും ഞാൻ എന്റെ ഉമാകേരളവും ഒരേ കാലത്താണു് ആരംഭിച്ചതു്. പക്ഷേ വശ്യവാക്കും കുശാഗ്രബുദ്ധിയുമായ അവിടുത്തെ കാവ്യം ഒരു കൊല്ലംകൊണ്ടു് അവസാനിച്ചു; മന്ദനും അസ്വാതന്ത്ര്യനുമായ എന്റേതിന്നു് ഒരററത്തെത്തുവാൻ നാലഞ്ചുകൊല്ലവും വേണ്ടിവന്നു. കൂട്ടുകാരനെ ഉദ്ദേശിച്ചു് വാസ്തവത്തിൽ അദ്ദേഹം വളരെക്കാലം കെട്ടിക്കിടക്കുകയായിരുന്നു. അതാണു് രുഗ്മാംഗദചരിതത്തിന്റെ പ്രസിദ്ധീകരണത്തിന്നു് ഇത്രമേൽ കാലതാമസം നേരിട്ടതു്. അവിടുത്തെ പുറകെയായി ഒരു വിധത്തിൽ ഉന്തിയും തള്ളിയും ചവിട്ടിയും ഇഴഞ്ഞും ഇതാ ഞാൻ എന്റെ ഗ്രന്ഥവും കൊണ്ടുവന്നു് കടവിൽ അടുപ്പിച്ചിരിക്കുന്നു. അവിടുന്നു് [illegible]

Digitized By Kerala Sahitya Akademi

എന്നെ ഈ വിഷയത്തിൽ ഉത്സാഹിപ്പിച്ചിരുന്നില്ലെങ്കിൽ ഞാൻ ഇതു് ഇപ്പോഴെങ്കിലും അവസാനിപ്പിച്ചിരുന്നിരിക്കുമോ എന്നുള്ളതു് സംശയമാണു്.

ഈ മഹാകാവ്യത്തെ ഒന്നിലധികം ആവൃത്തി മനസ്സിരുത്തി വായിച്ചുനോക്കി, ഭാഷയ്ക്കു് ഐകരൂപ്യം വരുത്തി, പലദിക്കുകളിൽ പാഠഭേദങ്ങൾ കാണിച്ചു്, നിഷ്കർഷിച്ചു് ശ്രലങ്കഷമായി പരിശോധിച്ചുതന്ന എന്റെ പ്രാണസ്നേഹിതനും പ്രസിദ്ധവൈയാകരണനുമായ വള്ളത്തോൾ നാരായണമേനോൻ അവർകളുടെ പേരിൽ ഞാൻ ഏററവും കൃതജ്ഞനായിരിക്കുന്നു. അതുപോലെ തന്നെ ഈ കാവ്യത്തെ പല പ്രാവശ്യവും വായിച്ചുനോക്കി ഇതിലെ സ്ഖലിതങ്ങളെ തിരുത്തി പാഠഭേദങ്ങളെ ചൂണ്ടിക്കാണിച്ചു് ഇംഗ്ലീഷിൽ ഉജ്ജ്വലമായി ഒരവതാരിക എഴുതിച്ചേർത്തു് സമർപ്പണത്തിനു് അനുവാദവുംതന്ന ഭാഷാസാഹിത്യചക്രവർത്തി, സാക്ഷാൽ കേരളകാളിദാസൻ തിരുമനസ്സിലെ കാരുണ്യാതിശയം എന്നെ ഇതികർത്തവ്യതാമൂഢനാക്കി യാവജ്ജീവം ആ തിരുമേനിയുടെ അക്രീതദാസനാക്കിത്തീർക്കുന്നു എന്നു് പറയേണ്ടതില്ലല്ലോ. ഇംഗ്ലീഷ് അവതാരികയ്ക്കു് ഭംഗിയായി ഒരു മലയാള തർജ്ജിമ എഴുതിത്തന്ന എന്റെ പ്രിയശിഷ്യൻ സി. പി. പരമേശ്വരൻ പിള്ള അവർകളോടും ഈ പുസ്തകത്തെ ഇത്രമാത്രം വൃത്തിയായി അച്ചടിക്കുന്നതിന് വേണ്ട ശ്രമം ചെയ്തിട്ടുള്ള മനോമോഹനം അച്ചുക്കൂടം ഉടമസ്ഥൻ ഒരം. വീ. രാമൻ ഉണ്ണിത്താൻ അവർകളോടും പ്രകാശകൻ മണക്കാട്ടു് പീ. നാരായണൻപിള്ള അവർകളോടും എനിക്കുള്ള നന്ദിയെ സൂചിപ്പിക്കുന്നതിനും ഇതാണു് അവസരം.

ചരിത്രപ്രസിദ്ധമായ ഇതിവൃത്തത്തിൽ സന്ദർഭാനുഗുണമായി ചെയ്തിട്ടുള്ള മാററങ്ങൾ വായനക്കാർക്ക് കാണാവുന്നതാകയാൽ പ്രത്യേകമെടുത്തു വിവരിക്കണമെന്നു് വിചാരിക്കുന്നില്ല.

തിരുവനന്തപുരം
൧—൨—൯൮. ഉള്ളൂർ എസ്. പരമേശ്വരയ്യർ.

Digitized By Kerala Sahitya Akademi

# INTRODUCTION.

Mr. S. Parameswara Aiyar, M. A., B. L., M. R. A. S., familiarly known as Ullur Parameswara Aiyar, needs no introduction to the reading public of the West Coast. He comes of an old and loyal family, many of whose members have, in the past, faithfully served their Sovereign and State. One of his ancestors carried the historical note of apology from Maharaja Bala Rama Varma to the camp of Colonel St. Leger—a fact mentioned in Welsh's *Military Reminiscences.* Parameswara Aiyar's father, the late Assistant Inspector Subramanya Aiyar, was a Sanskrit scholar of eminence, a persuasive speaker, and a pioneer of Vernacular education in North Travancore.

Parameswara Aiyar was born and brought up at Changanacherry, my birth-place. He received his early Sanskrit education from my late lamented cousin, Ravi Varma of Lakshmipuram, a sound Sanskrit scholar and one of the greatest of modern Malayalam poets. Scarcely was the pupil 14, when the preceptor wrote congratulating him:—

> "വിശിഷ്യ ശിഷ്യേഷു കുശാഗ്രശാതയാ
> മനീഷയാ യഃ പ്രഥമം മമാന്തികേനാൽ
> സമേത്യ സത്വം വിജയം സുഖം മുദം
> കരിഷ്യസീത്യവധി വിശ്വസിമ്യഹം."

This prophecy has been amply fulfilled. Parameswara Aiyar had a brilliant academic career. He was the favourite pupil of the late Mr. Doyle who used to give him record marks in English. He passed the B. A. Degree Examination in the first class, taking Sanskrit for his second language, and was preparing for M. A. in English Literature, when, at the in

Digitized By Kerala Sahitya Akademi

stance of some of us, he changed it for Malayalam and Tamil, in which languages no one had till then passed the highest Examination in Arts. He was the first M A. & B. L. in the State service, where his career has been, so far, universally admired. The late Mr. T. Rajaram Rao, officiating Dewan has written of him: ."He has given good proof of his command over the English Language. He is a young man of bright parts and destined some day to shine well in the world", while the late Mr. Sankara Pillai, Dewan Peishcar, has recorded: "I can bear ample testimony to the sound and practical common sense, strict integrity and earnest devotion to duty, which have hitherto characterised his career as a public servant and made it a great success and which give promise of a brighter career in future." I know that, in every station he has worked, he is remembered by the people with gratitude and affection. His unofficial career has been equally successful. He is an earnest student of Literature and History. His translation of "Mayurasandesa" and other English poems were greately admired by the late Mr. R. C. Dutt, and show the perfect mastery he holds over English rhyme, while his numerous pamphlets on South Indian History, such as "Travancore and Vijayanagar". illustrate the depth of his historical learning. While only a head clerk, he was appointed by the Government as one of the three members of the "Historical Relics Preservation Committee." Parameswara Aiyar has been chief Examiner to the University in Malayalam for the past so many years, and His Highness the Maharaja has been graciously pleased to present him with a golden *Virasrinkhala* in recognition of his talents. The two most admirable traits about Parameswara Aiyar are the range of his knowledge and the tenacity of his memory. The stock of first-hand information that he possesses in diverse directions is really marvellous, while, in the dim and slippery fields of early Malabar history

Digitized By Kerala Sahitya Akademi

and early Malayalam literature, he is rightly regarded as an authority by scholars. As a Malayalam poet, scholar and critic, I need hardly say that Parameswara Aiyar stands in the very forefront of the literary men of the West Coast, while, as a speaker in Malayalam, he has hardly any rivals. His works such as *Vanchisagiti*, *Sujatodvaha*, and *Nercha* mark him out as a poet of the highest order, while his edition of the *Aranya Kanda* of *Kannassa Ramayana* shows the depth of his scholarship in the language. His writings have, to a large extent, been responsible for raising Malayalam verse to the level of sanskrit poetry,

But the work that is now presented to the public, the *Mahakavya* by name *Umakeralam*, is no doubt the *Magnum Opus* of Parameswara Aiyar. The poem consists of 19 cantos. The argument is simple and briefly this:—Maharaja Aditya Varma who ruled over Venad in the middle of the 9th century of the Malabar era was a weak and inefficient ruler. He had a fair daughter by name Kalyani and a young minister named Ravi Varman Tampan. Kalyani and Ravi Varma fall in love with each other and the Maharaja gives his assent to their union. But the course of true love never runs smooth, and the local barons, well-known in Travancore History by the name of Ettuvittil Pillamar, sow seeds of suspicion in the mind of the sovereign against his trusted and valiant minister. One of these men sets fire to the palace of the Maharaja; and Ravi Varma catches the miscreant in the very act of the mischief, and puts him to death. By an ingenious contrivance, however, the Pillamar suceed in making the king believe that the incendiarism in question was the work of the minister and get him banished from the country. The barons, having gained their object, poison the Maharaja, and Ramanamadam, the most notorious of them, murders five of the infant sons

Digitized By Kerala Sahitya Akademi

of Umayamma Rani, who succeeds the Maharaja to the throne. In the mean time, the nephew of the baron who set fire to the palace makes love to Kalyani and, having failed in his object, tries to carry her away. A Moghul Sirdar who invaded Travancore at the time sees this. The minister himself arrives at the spot to effect the rescue of his beloved, but the Sirdar kills the Baron and abducts the heroine. The Rani then sends Ravi Varma to Kottayam in British Malabar to seek the help of Kerala Varma, the Elaya Raja of that state. He comes over to Travancore, and, as the result of a miracle, defeats the Moghul Sirdar. The latter, in his attempt to outrage the modesty of the heroine, is killed by her. Ramanamadam is then hunted down; and after the country is restored to peace and quiet, the minister and his lady-love are united in wedlock. On the advice of the minister, the Rani gives permission to the English to erect a fort at Anjengo. With this auspicious event in the history of Travancore, the story appropriately stops.

Parameswara Aiyar deals with the life and times of Umayamma Rani in a masterly manner, skilfully clothing the dry bones of history with the flesh and blood of romance. The parting of the minister and his lady-love in canto III, the poisoning of the king in canto V, the drowning of the princes in canto VII, the lament of the Rani in canto VIII, and the murder of the Sirdar in canto XV, are all portrayed with a freshness of imagination, an originality of thought, and a delicateness of touch which does infinite credit to our talented author. There is hardly a dull or uncouth line in the whole poem. In the vividness of its imagery, in the grandeur of its conception, and in the exquisiteness of its workmanship, this great poem of Parameswara Aiyar, with its lengthy

Digitized By Kerala Sahitya Akademi

cantos, may not be inaptly compared to that admirable masterpiece in Sanskrit literature, the Nishadhiyacharita of Sriharsha, and will be seen not to suffer in the least by the comparison. Both these great works are not meant for the ignorant or careless reader, but, on the other hand, for persons of taste and culture who are prepared to make a study of them. There are innumerable passages of striking beauty and exceptional elegance in *Umakeralam*. As every canto abounds in them, I should not be doing justice to other cantos, were I to make excerpts from some and present them to the reader. While I am of opinion that this is, by far, the best of the Mahakavyas hitherto published in Malayalam, I doubt whether, since the days of *Krishnagatha*, we have had a poem with a such wealth and variety of imagery. Present and future generations of Travancoreans will, I feel sure, read this great poem with interest and profit. It has an educative value of its own, being eminently calculated to foster feelings of the deepest devotion and loyalty to the throne.

In conclusion, I heartily congratulate Mr. S. Parameswara Aiyar on the production of this noble work which substantially enriches the present scanty Malayalam literature and invite the people of Kerala to a right rich and royal literary repast.

TRIVANDRUM,<br>9th Sept. 1913.

(Sd). Kerala Varma,<br>*Valia Koil Thampuran, C. S. I.*

Digitized By Kerala Sahitya Akademi

# അവതാരിക.

---

സാധാരണമായി ഉള്ളൂർ പരമേശ്വരയ്യർ എന്ന പേരിൽ പ്രസിദ്ധനായ മിസ്റ്റർ എസ്സ് പരമേശ്വരയ്യർ എം. ഏ., ബി. എൽ., എം. ആർ. ഏ. എസ്സിനെ മലയാളികളായ വായനക്കാരുടെ സമക്ഷം അവതരിപ്പിക്കേണ്ട പ്രത്യേകാവശ്യമൊന്നില്ല. തങ്ങളുടെ രാജ്യത്തേയും രാജാവിനേയും പൂർവകാലങ്ങളിൽ അതിഭക്തിയോടുകൂടി സേവിച്ചിട്ടുള്ള അനവധി അംഗങ്ങൾ അടങ്ങിയ ഒരു പുരാതനകുടുംബത്തിലാണ് അദ്ദേഹത്തിന്റെ ജനനം. വെൽഷ് എന്ന പാശ്ചാത്യപണ്ഡിതന്റെ "മിലിറ്ററി റെമിനിസെൻസസ്" (സൈനികസ്മരണകൾ) എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ചരിത്രപ്രസിദ്ധമായ ക്ഷമാപണപത്രം ബാലരാമവർമ്മ മഹാരാജാവിന്റെ പക്കൽനിന്ന് കർണ്ണൽസെൻറലഗറിന്റെ പാളയത്തിലേക്കു വഹിച്ചു കൊണ്ടുപോയതു അദ്ദേഹത്തിന്റെ പൂർവന്മാരിൽ ഒരാളായിരുന്നു. സംസ്കൃതത്തിൽ ഒരു വിശിഷ്ടപണ്ഡിതനും, ഹൃദയംഗമമായി പ്രസംഗിക്കുന്നതിൽ സമർത്ഥനും, വടക്കൻ തിരുവിതാംകൂറിൽ നാട്ടുഭാഷാഭ്യാസത്തിന്റെ പ്രഥമപ്രവർത്തകന്മാരിൽ ഒരാളും ആയിരുന്ന പരമേശ്വരയ്യരുടെ പിതാവും പരേതനും ആയ അസിസ്റ്റൻറ ഇൻസ്പെക്ടർ സുബ്രഹ്മണ്യയ്യർ.

എന്റെ ജന്മസ്ഥലമായ ചങ്ങനാശേരിയിലാണ് പരമേശ്വരയ്യർ ജനിച്ചതും വളർന്നതും. സംസ്കൃതത്തിൽ ദൃഢവ്യുൽപന്നനും, ആധുനിക മലയാളകവികളിൽ പ്രഥമഗണനീയന്മാരിൽ ഒരാളും ആയ എന്റെ മാതൃഷ്വസേയൻ കഴിഞ്ഞുപോയ ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ രവിവർമ്മ കോയിത്തമ്പുരാന്റെ സമീപത്തുനിന്നായിരുന്നു അദ്ദേഹം സംസ്കൃതത്തിൽ പ്രാരംഭ വിദ്യാഭ്യാസം ലഭിച്ചതു്. ശിഷ്യൻ പതിന്നാലുവയസ്സു തികയുന്നതിനു മുമ്പേതന്നെ, ഗുരുനാഥൻ അയാളെ അഭിനന്ദിച്ചു്

Digitized By Kerala Sahitya Akademi

"വിശേഷമായ് ശിഷ്യരിലാരു സമ്മലം
സപാശേമുഷീതീക്ഷ്ണതയാലിയററിമേ
അശേഷമാനീ ജയമാൻ സത്തരിൽ
കൃശേതരപ്രീതിവളർത്തിടും; ദൃഢം."

എന്നൊരു പദ്യം ചമച്ചിരുന്നു. ഈ ദീഘദർശനം നല്ലതിൻ വണ്ണം ഫലിച്ചിട്ടുണ്ട്. പരമാചാര്യരുടെ കലാശാലാദ്ധ്യാസകാലം എത്രയും ശോഭനമായിരുന്നു. അദ്ദേഹം പരേതനായ മിസ്റ്റർ ബോയിലിൻെറ പ്രിയശിഷ്യനായിരുന്നു. മിസ്റ്റർ ബോയിൽ അദ്ദേഹത്തിന് ഇംഗ്ലീഷിൽ അന്യോപലഭ്യമല്ലാത്ത മാക്കുകൾ കൊടുക്കുക പതിവായിരുന്നു. അദ്ദേഹം സംസ്കൃതം ഉപഭാഷയായി എടുത്തുകൊണ്ട് ബി. ഏ. പരീക്ഷയിൽ ഒന്നാം ക്ലാസിൽ ജയിച്ചു ഇംഗ്ലീഷ് സാഹിത്യത്തിൽ തന്നെ എം. ഏ. യുക്കു കൂടുന്നതിനു പഠിച്ചുവരവെ, ഞങ്ങളിൽ ചിലർ നിർബന്ധിക്കുകയാൽ ആ ശ്രമം ഉപേക്ഷിച്ച് മലയാളവും തമിഴും എടുത്ത്, അതുവരെ ആരും ആ ഭാഷകളിൽ ലഭിച്ചിട്ടില്ലാതിരുന്ന ഉന്നതപരീക്ഷാവിജയം നേടി. ഈ സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ആദ്യത്തെ എം. ഏ., ബി. എൽ. അദ്ദേഹമാകുന്നു. ഒരു ഉദ്യോഗസ്ഥൻെറ നിലയിൽ അദ്ദേഹം ഏതാവൽപര്യന്തം സാവ്ത്രികമായ ശ്ലാഘയെ സമ്പാദിച്ചിട്ടുണ്ട്. "ഇംഗ്ലീഷുഭാഷയിലുള്ള പരിജ്ഞാനത്തിന് അദ്ദേഹം നല്ല ലക്ഷ്യം തന്നിരിക്കുന്നു. പ്രജ്ഞാവാനായ ഈ യുവാവ് ഒരു കാലത്തു നല്ല സ്ഥിതിയിൽ വരും" എന്നു ദിവാൻപണി നോക്കിയിരുന്ന കഴിഞ്ഞുപോയ മിസ്റ്റർ ടി. രാജാരാമാരായരും, "ഒരുദ്യോഗസ്ഥൻെറ നിലയിൽ അദ്ദേഹത്തിൽ ഇന്നോളം ശോഭിച്ചുകൊണ്ടിരുന്ന്, അതിനെ സാഫല്യസംപൂർണ്ണമാക്കിത്തീർത്ത്, ജാജ്വല്യമാനമായ ഭാവിയെ ആശംസിക്കുന്ന അദ്ദേഹത്തിൻെറ പരിപാകവും, പ്രയോഗക്ഷമവും ആയ ബുദ്ധിവിലാസത്തിനും, ദൃഢമായ ആർജ്ജവത്തിനും, ഗാഢമായ കൃത്യശ്രദ്ധയ്ക്കും ഞാൻ വേണ്ടുവോളം സാക്ഷ്യം വഹിക്കുന്നുണ്ട്" എന്നു മരിച്ചുപോയ ദിവാൻ പേഷ്കാർ മിസ്റ്റർ

Digitized By Kerala Sahitya Akademi

ശങ്കരപ്പിള്ളയും അദ്ദേഹത്തെ കുറിച്ച് അഭിപ്രായം രേഖപ്പെടുത്തീട്ടുണ്ട്. അദ്ദേഹം ഉദ്യോഗമായിരുന്നിട്ടുള്ള എല്ലാസ്ഥലത്തേയും ആളുകൾ അദ്ദേഹത്തിന്റെ നാമധേയത്തെ നന്ദിയോടും സ്നേഹത്തോടും സ്മരിക്കുന്നുണ്ടെന്നുള്ള വിവരം എനിക്കറിയാം. ഇതുപോലെതന്നെ, അദ്ദേഹത്തിന്റെ അനുദ്യോഗസ്ഥജീവിതവും വിജയസമ്പൂർണ്ണമാകുന്നു. അദ്ദേഹം സാഹിത്യത്തിലും ചരിത്രത്തിലും സന്തുഷ്ടനായ ഒരു വിദ്യാർത്ഥിയാണ്. അദ്ദേഹത്തിന്റെ "മയൂരസന്ദേശപരിഭാഷ"യേയും മററു് ഇംഗ്ലീഷ് കവിതകളെയും കുറിച്ച്, കാലധർമ്മഗതനായ ശ്രീമാൻ രമേശചന്ദ്രദത്തൻ വളരെ ശ്ലാഘിച്ചു പറഞ്ഞിട്ടുണ്ട്, അവ അദ്ദേഹത്തിന് ഇംഗ്ലീഷ് ഭാഷാകവനത്തിലുള്ള പാടവത്തെ വ്യക്തപ്പെടുത്തുന്നു. "തിരുവിതാംകൂറും വിജയനഗരവും" എന്ന ഉപന്യാസം പോലെ, ദക്ഷിണ ഇൻഡ്യാചരിത്രത്തെ സംബന്ധിച്ച് അദ്ദേഹം എഴുതീട്ടുള്ള അനവധി ലേഖനങ്ങൾ അദ്ദേഹത്തിന്റെ അഗാധമായ ചരിത്രജ്ഞാനത്തെ ദൃഷ്ടാന്തീകരിക്കുന്നു. ഹജൂരിൽ കേവലം ഒരു ഹെഡ്ക്ലാർക്കായിട്ടിരിക്കവേ തന്നെ, അദ്ദേഹം "ഹിസ്റ്റോറിക്കൽ റെലിക്സ് പ്രിസർവേഷൻകമ്മിററി" (പുരാണവസ്തു പരിപാലനസംഘം)യിലെ മൂന്നംഗങ്ങളിൽ ഒരാളായിട്ട് നമ്മുടെ ഗവമ്മേണ്ടിനാൽ നിയമിക്കപ്പെട്ടിരുന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി പരമേശ്വരയ്യർ മലയാള ഭാഷയിൽ സർവ്വകലാശാലയിലെ പ്രധാന പരിശോധകനാണ്. അദ്ദേഹത്തിന്റെ ബുദ്ധിമാഹാത്മ്യത്തെ അഭിനന്ദിച്ച് നമ്മുടെ മഹാരാജാവുതിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു ഒരു സ്വർണ്ണ വീരശ്രൃംഖല സമ്മാനിച്ചിട്ടുണ്ട്. പരമേശ്വരയ്യരുടെ സംഗതിയിൽ സ്തുത്യർഹമായി പ്രശോഭിക്കുന്ന രണ്ടു ഗുണങ്ങൾ അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെ വൈപുല്യവും ധാരണാശക്തിയുടെ ദാർഢ്യവും ആകുന്നു. അസ്പഷ്ടവും തരളവും ആയിക്കിടക്കുന്ന പ്രാചീനങ്ങളായ മലയാളഭാഷാചരിത്രത്തിലും സാഹിത്യത്തിലും അദ്ദേഹത്തെ ഒരു പ്രാമാണികൻ എന്നു പണ്ഡി

Digitized By Kerala Sahitya Akademi

തമ്മാർ ന്യായമായി ഗണിച്ചുവരികയും പല വിഷയങ്ങളിലായി അദ്ദേഹം സമ്പാദിച്ചുവച്ചിട്ടുള്ള നൂതനജ്ഞാനം വാസ്തവത്തിൽ അത്ഭുതജനകമായിരിക്കയും ചെയ്യുന്നു. മലയാളത്തിലെ ഒരു വാഗ്മി എന്ന നിലയിൽ പരമേശ്വരയ്യരോടു കിടനിൽക്കുവാൻ ആരുമുണ്ടായിരിക്കയില്ലെന്നു തന്നേ പറയാം. ഒരു മലയാളകവിയുടേയും പണ്ഡിതൻെറയും നിരൂപകൻെറയും നിലയിൽ അദ്ദേഹം കേരളത്തിലെ സാഹിത്യവീരന്മാരുടെ കൂട്ടത്തിൽ മുന്നണിയിലാണ് നില്ക്കുന്നതു്. "വഞ്ചീശഗീതി", "സുജാതോദ്വാഹം", "ഒരു നേച്ച്" മുതലായി അദ്ദേഹം ഉണ്ടാക്കീട്ടുള്ള കൃതികൾ അദ്ദേഹത്തെ ഉന്നതതരത്തിലുള്ള ഒരുത്തമകവിയായി വേർതിരിച്ചു കാണിക്കുകയും, അദ്ദേഹം പ്രസാധനം ചെയ്തിട്ടുള്ള കണ്ണശ്ശരാമായണം ആരണ്യകാണ്ഡം ഭാഷയിൽ അദ്ദേഹത്തിനുള്ള പാണ്ഡിത്യത്തിൻെറ ഗാഢതയെ വെളിപ്പെടുത്തുകയും ചെയ്യുന്നു. മലയാളപദ്യനിർമ്മിതിയെ സംസ്കൃതകവിതയോടു സമമാക്കുന്നതിന് അദ്ദേഹത്തിൻെറ കൃതികൾ ഒട്ടുവളരെ ഉപകരിച്ചിട്ടുണ്ടു്.

എന്നാൽ ഇപ്പോൾ പൊതുജനസമക്ഷം അവതരിപ്പിക്കുന്ന ഈ കൃതി, ഉമാകേരളമെന്ന മഹാകാവ്യം, പരമേശ്വരയ്യരുടെ മഹാകൃതി തന്നെയാണെന്നുള്ളതിന് സന്ദേഹമില്ല. ഈ ഗ്രന്ഥത്തിൽ പത്തൊൻപതു സർഗ്ഗങ്ങൾ അടങ്ങിയിരിക്കുന്നു. കഥാവസ്തു ലളിതവും, ചുരുക്കിപ്പറഞ്ഞാൽ, അടിയിൽ കാണുംവണ്ണവും ആണ്:—"കൊല്ലവർഷം ഒമ്പതാംനൂറാണ്ടിനിടയ്ക്കു വേണാടു ഭരിച്ചുകൊണ്ടിരുന്ന ആദിത്യവർമ്മ മഹാരാജാവു് ദുർബ്ബലനും രാജ്യകാര്യാക്ഷമനും ആയിരുന്നു അദ്ദേഹത്തിന് കല്യാണി എന്ന പേരോടുകൂടി സുന്ദരിയായ ഒരു പുത്രിയും, രവിവർമ്മൻതമ്പാൻ എന്ന പേരോടുകൂടി യൗവനയുക്തനായ ഒരു സചിവനും ഉണ്ടായിരുന്നു. കല്യാണിയും രവിവർമ്മനും അന്യോന്യാനുരക്തരായി ചമയുകയും മഹാരാജാവു് അവരുടെ വിവാഹത്തെ അനുവദിക്കയും ചെയ്യുന്നു. എ

Digitized By Kerala Sahitya Akademi

ന്നാൽ യഥാൎത്ഥമായ പ്രണയത്തിന്റെ ഗതിക്ക് മദ്ധ്യേമാൎഗ്ഗം പല തടസ്സങ്ങളും നേരിടാറുണ്ടല്ലോ. എട്ടുവീട്ടിൽ പിള്ളമാർ എന്ന പേരിൽ തിരുവിതാംകൂർ ചരിത്രത്തിൽ കുപ്രസിദ്ധന്മാരായി തീൎന്നിട്ടുള്ള ഇടപ്രഭുക്കന്മാർ വിശ്വസ്തനും ധീരനും ആയ മന്ത്രിയുടെമേൽ രാജാവിന്ന് ഓരോ ആശങ്കകൾ ജനിക്കുന്നതിനുള്ള ബീജങ്ങളെ പാകുന്നു. ഇക്കൂട്ടത്തിൽ ഉൾപ്പെട്ട ഒരാൾ മഹാരാജാവിന്റെ കൊട്ടാരത്തിനു തീവയ്ക്കുകയും, ആ ദുഷ്ടനെ ആ ദുഷ്പ്രവൃത്തി ചെയ്തുകൊണ്ടിരിക്കവേ തന്നെ രവിവൎമ്മൻ പിടിച്ചു വധിക്കയും ചെയ്യുന്നു. ഏതായാലും, പിള്ളമാർ ഒരുപായംചെയ്ത്, മന്ത്രിയായിരുന്നു കൊട്ടാരത്തിനു തീ വയ്ക്കുവാൻ ശ്രമിച്ചതെന്ന് മഹാരാജാവിനു വിശ്വാസം വരുത്തി അയാളെ നാടുകടത്തിക്കുന്നു. തങ്ങളുടെ ഉദ്ദേശം ഫലിച്ചതിനുശേഷം, മാടമ്പിമാർ മഹാരാജാവിനു വിഷംകൊടുക്കുകയും, അവരിൽവച്ച് അധികം ദുഷ്ടനായിരുന്ന രാമനാമഠം മഹാരാജാവിന്റെ അനന്തരം രാജ്യംഭരിച്ചുവന്ന ഉമയമ്മറാണിയുടെ അഞ്ചുപുത്രന്മാരേയും കൊല്ലുകയും ചെയ്യുന്നു. ഇതിനിടയ്ക്കു, കൊട്ടാരത്തിനു തീവച്ചു മാടമ്പിയുടെ അനന്തരവൻ കല്യാണിയെ വശത്താക്കുവാൻ ശ്രമിച്ചതിൽ സാധിക്കായ്കയാൽ, അവളെ ബലാൽക്കാരേണ കൈക്കലാക്കിക്കൊണ്ടുപോകുന്നു. അക്കാലത്തു തിരുവിതാംകൂറിനെ ആക്രമിച്ചു ഒരു മുഗൾ സൎദ്ദാരൻ ഇവരെ കാണ്മാൻ ഇടയായി. തന്റെ പ്രിയതമയെ രക്ഷിപ്പാൻ മന്ത്രിതന്നെ അപ്പോൾ ആ സ്ഥലത്ത് എത്തുന്നു; പക്ഷേ, ആ സർദാരൻ മാടമ്പിയെക്കൊന്നു കല്യാണിയെ അപഹരിക്കയാണുണ്ടായത്. അനന്തരം ബ്രിട്ടീഷ് മലബാറിൽ കോട്ടയം നാട്ടിലെ ഇളയരാജാവായ കേരളവൎമ്മാവിന്റെ സഹായം അപേക്ഷിക്കുന്നതിനായി റാണി രവിവൎമ്മനെ പറഞ്ഞയക്കുന്നു. അദ്ദേഹം തിരുവിതാംകൂറിൽവന്നു ഒരത്ഭുതപ്രയോഗത്താൽ മുകിലനെ തോല്പിക്കയും, അവർ കല്യാണിയുടെ ചാരിത്രഭംഗം ചെയ്വാൻ തുടങ്ങവേ അവൾ അവനെ കൊല്ലുകയും ചെയ്യുന്നു. അതിൽപിന്നെ രാമനാമഠത്തിനെ

Digitized By Kerala Sahitya Akademi

അന്വേഷിച്ചുകണ്ടുപിടിച്ച്, അയാളുടെ മരണാനന്തരം രാജ്യത്തിൽ സമാധാനവും സ്വാസ്ഥതയും വരുത്തിയതിന്മേൽ, മന്ത്രിയും അയാളുടെ പ്രിയതമയും വിവാഹ ബന്ധത്താൽ സംഘടിപ്പിക്കപ്പെടുന്നു. മന്ത്രിയുടെ ഉപദേശം അനുസരിച്ചു, റാണി ഇംഗ്ലീഷ്കാൎക്ക് അഞ്ചുതെങ്ങിൽ ഒരു കോട്ട കെട്ടിക്കൊള്ളുന്നതിന് അനുവാദം നൽകുന്നു." തിരുവിതാംകൂർ ചരിത്രത്തിലെ ഈ ശുഭസംഭവത്തോടുകൂടി കഥയും ഉചിതമായ സ്ഥാനത്തിൽ വച്ച് അവസാനിക്കുന്നു.

ചരിത്രപുരുഷാസ്ഥികളെ കല്പനാവൈചിത്ര്യമാകുന്ന രക്തമാംസങ്ങൾകൊണ്ട് അതിഭംഗിയായി ആവരണം ചെയ്ത് പരമേശ്വരയ്യർ ഉമയമ്മറാണിയുടെ കാലത്തേയും ജീവിതത്തേയും അദ്വിതീയമായ പാടവത്തോടുകൂടി വൎണ്ണിച്ചിട്ടുണ്ട്. മന്ത്രിയും അദ്ദേഹത്തിന്റെ പ്രിയതമയും തമ്മിൽ പിരിയുന്നതു മൂന്നും, രാജാവിനു വിഷം കൊടുക്കുന്നതു അഞ്ചും, രാജകുമാരന്മാരെ വെള്ളത്തിൽ മുക്കിക്കൊല്ലുന്നതു ഏഴും, റാണിയുടെ വിലാപങ്ങൾ എട്ടും, സൎദാരന്റെ വധം പതിനഞ്ചും സൎഗ്ഗങ്ങളിൽ മറയ്ക്കു് വൎണ്ണിച്ചിരിക്കുന്നതു വിദഗ്ദ്ധനായ ഗ്രന്ഥകാരന് അത്യധികം ശ്ലാഘ്യമായ വിധത്തിലുള്ള നല്ല മനോധൎമ്മത്തോടും സരസമായ ചാതുൎയ്യത്തോടും കൂടിയാണ്. പുസ്തകം മുഴുവനും നോക്കിയാൽ നീരസമോ അഭംഗിയോ ആയ ഒരു ശ്ലോകപാദംപോലും കാണുകയില്ല. ഭാവനാവൈശദ്യംകൊണ്ടും, കല്പനാമഹത്വംകൊണ്ടും, ഘടനാരാമണീയകംകൊണ്ടും, പരമേശ്വരയ്യരുടെ ഈ വലിയ കൃതിയെ, അതിലെ സൎഗ്ഗങ്ങളുടെ ദൈൎഘ്യം കൊണ്ടെന്നപോലെ തന്നെ, സംസ്കൃതസാഹിത്യത്തിലെ പ്രസിദ്ധമഹാകാവ്യമായ "നൈഷധീയചരിതം" എന്ന ശ്രീഹൎഷകൃതിയുമായി ഔചിത്യത്തോടുകൂടി താരതമ്യം ചെയ്യാവുന്നതും, അങ്ങിനെയുള്ള താരതമ്യവിചാരംകൊണ്ട് ആ ഗ്രന്ഥത്തിനു യാതൊരു ന്യൂനതയും സംഭവിക്കുന്നതല്ലാത്തതും ആകുന്നു. ഈ രണ്ടു മഹാ ഗ്രന്ഥങ്ങളും അപണ്ഡിതന്മാരായും

Digitized By Kerala Sahitya Akademi

അനവധാനന്മാരായും ഉള്ള വായനക്കാരെ ഉദ്ദേശിച്ചല്ല എഴുതപ്പെട്ടിട്ടുള്ളതു്; എന്നാൽ നേരെമറിച്ചു്, ബുദ്ധിവികാസവും, രസികത്വവും, ശ്രദ്ധവച്ചുവായിച്ചുധരിപ്പാൻ സന്നദ്ധതയും ഉള്ള ആളുകളെ ഉദ്ദേശിച്ചാണു്. അത്യത്ഭുതകരമായ ചമൽക്കാരവും അനുപമമായ ലാളിത്യവും ഉള്ള അനവധി പദ്യങ്ങൾ ഉമാകേരളത്തിൽ ഉണ്ടു്. അവ ഓരോ സർഗ്ഗത്തിലും ധാരാളമായി കാണാവുന്നതാകയാൽ, ഞാൻ ചിലതിൽനിന്നു മാത്രം ചില പദ്യങ്ങൾ ഉദ്ധരിച്ചു് വായനക്കാൎക്കു് നൽകുന്നതായാൽ അതു മററു സർഗ്ഗങ്ങളുടെ നേരെ പ്രവൎത്തിക്കപ്പെട്ട ഒരന്യായമായിത്തീരുന്നേക്കും. മലയാളത്തിൽ ഇതുവരെ പ്രസിദ്ധപ്പെടുത്തീട്ടുള്ള മഹാകാവ്യങ്ങളിൽ വച്ചു് ഇതുതന്നെയാണു് ശ്രേഷ്ഠതമമെന്നാകുന്നു എന്റെ അഭിപ്രായം. കൃഷ്ണഗാഥയ്ക്കുശേഷം, ഇത്രവളരെ ആശയങ്ങളും വിചിത്രകല്പനകളും അടങ്ങിയ ഒരു ഗ്രന്ഥം മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. തിരുവിതാംകൂറിലെ ഇപ്പോഴുള്ളവരും ഇനിയുണ്ടാവാനുള്ളവരും ആയ സന്താനങ്ങൾ ഒരു മഹാഗ്രന്ഥത്തെ പ്രമോദത്തോടും പ്രയോജനത്തോടും കൂടിത്തന്നെ വായിക്കുമെന്നു് എനിക്കു തീൎച്ചയുണ്ടു്. രാജാവിന്റെ നേൎക്കു് ഗാഢമായ ഭക്തിശ്രദ്ധാദികളെ വളൎത്തുന്നതിനു് നല്ലപോലെ ഉപകരിക്കുന്ന ഒരു ഗ്രന്ഥമാകയാൽ, ഇതിനു സംസ്കാരകാരകമായ ഒരു വിലയുമുണ്ടു്.

അവസാനമായി, കൃശമായ അധുനാതനമലയാളസാഹിത്യത്തിനു് സഗൌരവമായ പോഷണത്തെ നൽകുന്ന ഈ അത്യൽകൃഷ്ടഗ്രന്ഥത്തെ രചിച്ചതിനു്, ഞാൻ മിസ്റ്റർ, എസ്. പരമേശ്വരയ്യരെ ഹാൎദ്ദമായി അഭിനന്ദിക്കയും സരസവും സമഞ്ജസവും സാരതരവും ആയ ഒരു സാഹിത്യ സൽഗ്ഗ്രന്ഥിക്കായി കേരളീയമഹാജനങ്ങളെ ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു.

പരിഭാഷകൻ സി. പി. പരമേശ്വരൻപിള്ള

എം. ആർ. ഏ. എസ്.

Digitized By Kerala Sahitya Akademi

# സമർപ്പണം.

കേരളകവിചക്രവർത്തിയായ

മഹാമഹിമശ്രീ

കേരളവർമ്മ വലിയകോയിത്തമ്പുരാൻ

സീ. എസ്. ഐ.

തിരുമനസ്സിലെ

മഹനീയങ്ങളായ പാദാരവിന്ദങ്ങളിൽ

തദീയകാരുണ്യവശംവദനായ

ഗ്രന്ഥകർത്താവ്

സഭക്തിപ്രശ്രയകൃതജ്ഞതാദരം

സാൻവാദം

സമർപ്പിച്ചുകൊള്ളുന്നതു്.

Digitized By Kerala Sahitya Akademi

# ഉമാകേരളം

## മഹാകാവ്യം.

---

### ഒന്നാം സർഗ്ഗം.

---

ശ്രീക്കേററ ലാസ്യപദമായ് ഭുവി സഹ്യമാകു-
മാംക്കളിപൂണ്ട മലയുണ്ടു വിളങ്ങിടുന്നു
ഈക്കേരളാഖ്യവിഷയത്തിന്നു നേർക്കിഴക്കാ-
യ്യക്കേറിടും പ്രകൃതികെട്ടിയ കോട്ടപോലെ. ൧

വന്ധ്യം ശമിക്കരിശമെന്നറിവാന്നൊടുക്കം
വിന്ധ്യപ്രഭേദി മുനി സഹ്യമിതിൽത്തപിപ്പാൻ
സന്ധ്യർത്ഥി കന്നുകളൊടെന്ന വിധം കടന്നു
സന്ധ്യയ്ക്കു ചണ്ഡകിരണൻ ചരമാദ്രിയിൽപ്പോൽ, ൨

നാട്ടാക്ലെം ഘനരസത്തെയണ, ച്ചിളക്കം
കാട്ടാതെ, വീതി, ഗജ, മാഠം മുതലായ ചിഹ്നാ
ക്കൂട്ടാൻ, വംശമണിയാം ക്ഷിതിഭൃത്തു കേളി-
കേളാളമശ്ശ്യകടകത്തൊടു മിന്നിടുന്നു, ൩

വൻകേസരീന്ദ്രർ വിതരും മദയൂഥനാഥർ
തൻകേടകന്ന നവമുത്തുകൾ കണ്ടിടുമ്പോൾ
സങ്കേതസീമ്നി ചതിചെയ്തു മണാളരെന്നു
വിൻകേഴമാൻമിഴികൾ നെററിചുളിച്ചിടുന്നു, ൪

പാലഞ്ചുമാറിഹ കിരാതികൾ പാട്ടുപാടി
നീലത്തഴക്കുഴലഴിച്ചു പകത്തിടുമ്പോൾ
ചാലത്തണഞ്ഞു പകവിട്ടു ഫണാകലാപ-
ജാലം വിരിച്ചുരഗശങ്കികളാടിടുന്നു. ൫

Digitized By Kerala Sahitya Akademi

ചേണാളുമഞ്ചു നിജമൌലിയിൽനിന്നു പൊങ്ങും
ശോണാശ്മഭാസ്സുടയ ചന്ദനകാനനത്തിൽ
പ്രാണാധികപ്രണയമേന്തുകിലും പണിപ്പെ-
ട്ടും, ഞാനയിക്കവതഹീന്ദ്രർ നവോഢദാരെ. ൬

കാട്ടാളരേകരൊരു ചന്ദനദാരു ലോഭം
കാട്ടാതെയുണ്ണനലനായവരെ, പ്രകാമം
കൂട്ടാളി ഗന്ധവഹനോടരികത്തു ഘോഷം
കൂട്ടാതെ വെ,ന്നുപചരിപ്പതിനോതിടുന്നു. ൭

സോമോപമാസ്യകൾ പിണങ്ങുകമൂലമുള്ളിൽ-
ക്കാമാപരാധമിയലും തരുണർക്കു തെന്നൽ
പ്രേമോക്തിയിൽ പ്രിയകളെസ്സുവിധത്തിലാക്കി-
യാമോദമേററമരുളുന്നു സഖാവുപോലെ. ൮

ഭൃംഗദ്രുരോമ,മരുവിക്കരയഷ്ടി, ഛാദം,
ശൃംഗപ്പെരുന്തല, ഗുഹാസ്യമിതൊക്കെയേററം
അംഗത്തിലാളുമിവനാദിവിരാൾപുമാൻപോൽ
ഭംഗംവെടിഞ്ഞു മുനിസേവിതനായിടുന്നു. ൯

മേട്ടുംപുറത്തു ഹിമമന്തിയിലെത്തിയാന്ധ്യം-
കൂട്ടുന്നനേരമനിമേഷർ, കൂടസ്ഥമെന്ന്യ
വെട്ടുള്ളൊരോമനകൾ കണ്ണുമിഴിച്ചു നില്ലു-
ക്കാട്ടുന്നു കാടുകൾ പരാംഗനമാത്രമായി. ൧൦

ആയത്തിലേററവുമുയൻ നിരന്നുനില്പും
മേല്ലമ്പു തെന്നലിലുലഞ്ഞ വനദ്രുമങ്ങൾ
നോക്കട്ടെ നിൻകരമടിക്കകടപ്പതെന്നാ-
യാക്കർമ്മസാക്ഷിയൊടുരപ്പതുപോലെ തോന്നും. ൧൧

പാർച്ചു ദുഷ്ടമൃഗപക്ഷിഗണത്തെ വേട്ട-
പ്പോരിൽ ജയിച്ചിവിടെ മേവിന ഭൂതനാഥൻ
ഹരിതചാമൎന്നമരപങ്ക്തി പൊഴിച്ചിടും പൂ-
മാരിത്തണുപ്പരുവിയിൽത്തലകാട്ടിടുന്നു. ൧൨

Digitized By Kerala Sahitya Akademi

വ്യാലം വിഭൂതിയിവ പൂ,ണ്ടഖിലാഗമങ്ങൾ-
ക്കാലംബമായ്, ഭൂതഗണഹതമൊത്തൊത്തുകൂടി,
കോലം ശിവാകലിതമാക്കിട്ടമിഗ്ഗിരീശൻ
ശ്രീലദ്രിജാധിപനെ മെയ്യലിയിച്ചലന്തിടുന്നു. ൨൩

തട്ടിട്ടെമ്പടിക്കടേയ വിന്ധ്യനിൽ നിന്നു താൻ താ-
ഴ്പൊട്ടെയ്ക്കിറങ്ങിയലയാഴിയിലെത്തുവോളം
മുട്ടെക്കിടക്കുമിതു ദക്ഷിണഭാരതത്തിൻ-
നട്ടെല്ലുപോലെ വിലസുന്നു നവാരമായി. ൨൪

ഭൂഷയ്ക്കു വൃക്ഷതൃണപങ്ക്തികലർന്ന ചാരു-
വേഷത്തിൽ മിന്നുമൊരിതിൻ പുകഴ് തീർത്തുരപ്പാൻ
ശേഷന്നുമുണ്ടു പണി; നല്ല ഗിരീശനായാൽ
ദോഷയ്ക്കുവന്നു കുറവിന്നവകാശമുണ്ടോ? ൨൫

ഉണ്ടാഗ്ഗിരിക്കരികിൽ മേക്കവശത്തായിപ്പു-
ച്ചെണ്ടായ് ശ്ശിവാദ്രിയുടെ തെക്കുകാപുരം പോൽ
തണ്ടാരിൽമാതിനുടെ കൂത്തുവെള്ളിക്കുന്നു
കൊണ്ടാടുമാഴിയതിരാം മലയാളരാജ്യം. ൨൬

പാരം കരിമ്പു പനസം മുളകേലമിഞ്ചി
കേരം കവുങ്ങു തളിർവെററിലയേത്തവാഴ
ഇത്തരമ്യവസ്തുതതിചേർന്നു വിളങ്ങുമിനൽ-
പ്പാരമ്യകല്പതരുമണ്ഡിതനന്ദനാരം. ൨൭

ഓരോ വിദേശമമരും വണിഗീശരെത്ര-
പേരോ കടന്നിവിടെയുള്ള ധനം കവർന്നും
ആരോമലാമിതിനു താഴ്ച്ചയശേഷമില്ല;
സൂരോഗ്രരശ്മികളുമാഴിയൊടെന്തു ടക്കം? ൨൮

വൻനർമ്മദാനദിയെയും വഴിമേൽത്തടഞ്ഞ
മന്നന്റെ വീര്യ,മറാമേലാത്തിയറിഞ്ഞൊരാഴി
തന്നന്തികത്തിലവനെസ്സുഖവും വധിച്ചു-
വന്നപ്പൊഴമ്പ് ഭഗ്നസുതന്നിയു കാഴ്ചവച്ചു. ൨൯

Digitized By Kerala Sahitya Akademi

വാരാശി, തന്നൊട്ടുവിലെശ്ശിഷ്ടു കേരളത്തെ
നേരായ്പ്പുലർത്തിടണമെന്നു കരാറുവാങ്ങി,
ധാരാളമംബുവതളുന്നതുകൊണ്ടു മേന്മേൽ
ധാരാധരങ്ങളിതിൽ മാരി പൊഴിച്ചിടുന്നു. ൧൦

ഝല്ലീഷലിങ്ങ, ഹിമബിന്ദുവഹിച്ച കന്നിൻ-
വല്ലീതൃണങ്ങളിലിനപ്രധുമാംശു ചേന്നാൽ,
ചൊല്ലീടുമാരുമിള്ള മൌക്തികമാല പച്ച-
വില്ലീസ്സുറൌക്കിയുടെ മേലണിയുന്നുവെന്നായ്. ൧൧

ഭീവിട്ട കുന്തൽവല, ചുണ്ടിര, ബാഹുപാശം,
ഭ്രൂവി,ല്ലപാംഗവിശിഖം, മുഖമന്ദ്രഹാസം,
ഈവിശ്രുതായുധഗണം കലരും വധുക്കൾ
ഭാവിപ്പു തത്ര യുവവൃന്ദമൃഗയാവിനോദം. ൧൨

സാരാനനേന്ദു, മിഴിമീൻ, ഗളകംബു, കേശ-
ധാരാധരം, കടമിഴിത്തിര, ഹാസഫേനം,
ധാരാളമാമണി, യിളങ്കളർകുന്നുമൊത്തു
പേരാണ്ടനന്തസുഷമാബ്ധികൾ തത്ര കാണാം. ൧൩

വിൺമാനിനീമകുടഭൂഷകൾ വാനിൽനിന്നി-
പ്പൊൻമാൻകിശോരമിഴിമാരുടെ ഭംഗിനോക്കി
വൻമാലൊടക്ഷിയടയാത്തൊരമർത്ത്യഭാവം
ജന്മാന്തരാഘഫലമെന്നു നിനച്ചിടുന്നു. ൧൪

രാവില്ലതിന്നു പകലില്ലരികത്തണഞ്ഞു
സേവിച്ചിടും ജനതയെ ത്വരയോടു വഞ്ചി
കൈവിട്ടിടാതെയിഹ കായൽ കടന്നിടുന്നു
ഗോവിന്ദമൂർത്തി ഗുരുവാം ഭവമെന്നപോലെ. ൧൫

മാനാതിരിക്തഗുണയാം മഹിയിൽപ്പെടുന്ന
നാനാപദാർത്ഥനിരയൊക്കെയുമൊത്തു മേന്മേൽ
ഈ നാടു വാച്ചുവിലസുന്നു സമസ്തസമ്പൽ-
സ്ഥാനാഢ്യമായ് പ്രകൃതിതൻപ്രതിലേഖപോലെ. ൧൬

Digitized By Kerala Sahitya Akademi

ചേണാൎന്നിടും പുകൾമണം ദിശി നീളെവിളങ്ങും
വേണാടിതിന്നരിയ ദക്ഷിണഖണ്ഡമല്ലൊ.
കാണാൻവരുന്നവരെയപ്പൊഴുതേ കരിങ്കൽ-
ത്തൂണാക്കി നിൎത്തിടുമതിൻ സുഷമേന്ദ്രജാലം. ൨൭

ഉണ്ടായതിൽത്തിരുവനന്തപുരാഖ്യയോടു
കണ്ടാൽ വിശിഷ്ടമറയും പുരമൊന്നുദാരം;
തണ്ടാർമകൾപ്രിയനതിങ്കലുറക്കമാണു
രണ്ടാമതാമരിയ പാൽക്കടലിൽക്കണക്കെ. ൨൮

സന്താനമേകമമരാവതിതന്റെയേക-
സന്താനമിപ്പുരി, ശചീന്ദ്രപുരസ്ഥനീശൻ
തൻതാപമാററിയതുകൊണ്ടു തെളിഞ്ഞു വൃത്ര-
ഘന്താവു, നന്ദിയൊടു വഞ്ചിധരയ്ക്കു നൽകി. ൨൯

മേദിന്യലങ്കരണമാമിതിൽ വാണു പൌരർ
മോദിച്ചിടുംപടി നയത്തൊടു വഞ്ചിരാജ്യം
ആദിത്യവൎമ്മനൃപനാണ്ടു കുറച്ചുകാല-
മാദിത്യനംബരതലം പകലെന്നപോലെ. ൩൦

ധീ, വിദ്യ, ശാന്തി, വിനയം, ഹരിഭക്തിതൊട്ടി-
ട്ടീ ഭൂവിൽപ്പുകഴ്ന്ന പദ്മനാഭനൃപന്നുചേൎന്നും
ആവിൎഭവിച്ചിലതു ബാഹുബലം പിലാശിൻ-
പൂവിന്നുഗന്ധമതുപോലവനേകിയില്ല. ൩൧

ചണ്ഡപ്രതാപഗുണശൂന്യതകൊണ്ടു രത്ന-
ഷണ്ഡം പെറും ജലധിമേഖലയെ ബ്ഭുജിപ്പാൻ
ദണ്ഡം വളൎന്നിതു നരേന്ദ്രനു നാൾക്കുനാളിൽ
ഷണ്ഡൻഗൃഹസ്ഥനു കുടുംബിനിയെക്കണക്കെ. ൩൨

സ്നാനം നമസ്കൃതി ജപം വ്രതമംബുജാക്ഷ-
ധ്യാനം തുടങ്ങിയൊരുവൃത്തികളും കൊണ്ടുകാലം
സാനന്ദമാപ്രഭു കഴിച്ചു കലൎഷിരാമ-
നൂനം പെട്ടുന്നതകലെക്കളവാൻകണക്കെ, ൩൩

Digitized By Kerala Sahitya Akademi

ഭൂവാസവാനപായസമുൽഭവമാൻ ശ്രുധം
ഭൂവാനവന്റെ നിലപൂണ്ടിട്ടമിപ്രജേശൻ
പൂവാംപിവിട്ടപവനത്തറമേൽപ്പതിക്ക-
മാവാരിജത്തിനെതിരായൊളിമങ്ങലേന്തി. ൩൪

തന്നാളപോയുമഥ വിഷ്ണുപദാന്തമേററം
നന്നായ്ഭജിച്ചുമൊട്ടവിൽക്കരമൊക്കെവിട്ടും
അന്നാൾ ജലാശയസമാശ്രയമാന്നുമുഴി-
തൻനാഥനന്തിയിലെലയക്കുന്ന തുല്യനായി. ൩൫

കന്യാകുമാരിമുതലന്നിടവാവരയ്ക്കും
ധന്യാഗ്ര്യമെന്നു പുകൾപൊങ്ങിന നാട്ടിലെങ്ങും
സന്യാസിയാം നൃപനിലുമ്മെലാരനാദരത്താ-
മന്യായമേറി, യിരുൾപോലെ കരുത്തവാവിൽ. ൩൬

ഭൂരിക്ഷിതീശബലവും, പുരവാസിവൃത്തും,
പാരിച്ചകോശധനവും പരരാജലീയും,
പാരിങ്കൽ വേനലിലുദനപദ്മപാന്തകല്യാ-
വാരിക്കെഴും രുചികണക്കു കുറഞ്ഞുവന്നു. ൩൭

തട്ടിപ്പറിപ്പു കലഹം കുലതൊട്ടനേകം
മട്ടിന്നു ദുഷ്ടതകൾ ഭൂപബലക്ഷയത്താൽ
നാട്ടിൽപ്പെരുത്തു, മൃഗയയ്ക്കനധീനമായ
കാട്ടിന്നകത്തു കടുവന്യമൃഗങ്ങൾപോലെ. ൩൮

അന്നാട്ടിലത്തുതബലാംപെട്ടമെട്ടവീട-
രെന്നാഖ്യപൂണ്ട ഖലമൌലിവിഭൂഷണങ്ങൾ
അന്നാൾവിളങ്ങി, മലർതിങ്ങിന വാപിയിങ്ക-
ലൊന്നാന്മദത്തൊടണയും ദ്വിരദങ്ങൾപോലെ. ൩൯

ഘോരാസുരാഗ്രണി ഹിരണ്യനൊടൊത്തു വിണ്ടും
ഹാ! രാവണത്രിപുരതാരകശൂരകംസർ
പാരാതെയിക്കലിയിൽ വന്നവതാരമാന്നാ-
ലാരാമനാമഠമൊടൊത്ത ഖലക്കു പററം. ൪൦

Digitized By Kerala Sahitya Akademi

ശ്രീവായ്പുപോയ് ശിഥിലമംഗലയായ വഞ്ചി-
ഭ്രൂവാകെയപ്പുരുഷർതൻ ഭുജദൃഷ്പ്രതാപം
ഹാ! വാച്ചവേനലിലുണങ്ങിയ കാട്ടിനുള്ളിൽ
ദാവാഗ്നിപോലെ പിടിപെട്ടിതു നാലുപാടും. ൪൧

ആതുംഗമാസ്സേതുകടതിനായ്പ്പരപ്പുപ്പുമേന്തി
യേതും തടസ്ഥമിയലാതെയനന്തമെങ്ങും,
ഓതുന്നതിനു പണിയാംപടി, യെട്ടുധൂമ-
കേതുക്കൾപോലെ, യവർ ദ്വിതിദരായ്നടന്നു. ൪൨

സാഹന്തരാകമിവർ, തങ്ങൾകണക്ക രാജ-
ദ്രോഹം തുടന്നു മുഖ,മിഷ്ടകലന്നു,കണ്ടോ
മോഹം തഴ,ച്ചുരികലാവമതിപ്രദന്മാ-
രാഹന്ത! നാട്ടുമതിപ്രദരായ് ചെവിച്ചു? ൪൩

ഏവർക്കു കയ്യിലൊരു ചക്രമിരിപ്പു,തേററ-
പ്പാവങ്ങളോടതിവർ തച്ചുപറിക്കുമൂലം,
കൈവന്നഭീതിയൊടു ചക്രധരൻ സ്വഷ്പി-
രാവംനടിച്ചു തലതെല്ലുമുയർത്തിയില്ല. ൪൪

ഭ്രൂവല്ലഭന്നൊരുവനാശ്രിതനെന്നുവന്നാൽ
ദൈവം തടുക്കിലു,മവൻെറ ഗൃഹത്തിനുള്ളിൽ
ആവമ്പർപോമളവു, മുഖ്യലകമ്പടിക്കായ്
വൈവസ്വതൻെറ ഭടരാഞ്ഞു വലിഞ്ഞുകേറം. ൪൫

ഒന്നായ്പ്പരസ്പരമിണങ്ങിയുമർത്ഥമാളാൻ
നന്നായ്ക്കവൃത്തികൾ തുടങ്ങിയുമാക്ഖലന്മാർ
അന്നാട്ടിലെപ്രജകളെപ്പിഴിതാശവാച്ചു
ചെന്നായ്ക്കളാടുകളെയെന്നവിധം മഥിച്ചാർ. ൪൬

ഹാ! ഭീഷ്മമിങ്ങനെ മറിഞ്ഞു തദമാമയന്മാ-
രാഭിത്യരാജശ്ശുഭമണ്ഡലമാക്രമിക്കെ
ആ ദിക്കിലുള്ള പുരവാസികളാകമാനം
ഖേദിച്ചു ബാഷ്പജലരാശിയിൽ മഗ്നരായി. ൪൭

Digitized By Kerala Sahitya Akademi

ആ രാജവൈരികളെയെട്ടരയോഗമെന്നു
പേരാന്ന ഗോഷ്ഠിയിലെഴും ദ്വിജർ നാടക്കാൻ
നേരായ്ത്തുണച്ചു, കടുവേനലിൽ വിടെരിപ്പാൻ
പാരാതെ പാവകനെ മാരുതനെന്നപോലെ. ൪൮

ഹുങ്കാളുമപ്പുരുഷർ നല്ലവരെന്നുവച്ചാ
മൻകാക്കവോനവരെയേററവുമാദരിച്ചു,
വൻകാളഭോഗികളെയുല്പലപുഷ്പദാമ-
ശങ്കാകുലൻ ഗളതലത്തിലിടുന്നപോലെ. ൪൯

പങ്കംവെടിഞ്ഞ നൃപനായവർ ദുഷ്ടരെന്ന
ശങ്കയ്ക്കുതെല്ലുമവകാശമുദിച്ചതില്ല;
തൻകണ്ണു നല്ലവൻ നല്ലതുതന്നെ കാട്ടും:
തിങ്കൾക്കുളിർക്കതിരിരുഞ്ജനവും വെളുക്കും. ൫൦

കണ്ടാലമിത്രയമനായൊരു കൊച്ചുതമ്പാ-
നുണ്ടായിരുന്നു രവിവർമ്മ,നിളേശമന്ത്രി;
പണ്ടാരമാം മുതലു കണ്മണിപോലെ കാത്തു-
കൊണ്ടാനവൻ നൃപനു ദക്ഷിണബാഹുതുല്യൻ. ൫൧

ക്രൂരന്നന്തകചുമൽ, മുട്ടുതൊടുന്ന കൈകൾ,
മാററമ്പി നിർമ്മയൻ തടിച്ചമേനി,
ഉത്തറംനിറഞ്ഞ മുഖലക്ഷ്മി, വിരിഞ്ഞ വക്ഷ-
സ്സേററം കനത്തു,മവനാണ്ടു, നിപുക്കൾമീയും. ൫൨

ആയം വ്യയത്തിലധികം പ്രജകൾക്കു നിത്യ-
മായത്തമാക്കി, യവൻ ക്കഴലാകെയാററി,
ആയംപെടും ഗുണഗണത്തിനു കേളിരംഗ-
മായസ്സുമന്ത്രസമനാം സചിവൻ വിളങ്ങി. ൫൩

ആണങ്ങൾ തന്നണിമണിക്കിരുപത്തിനാലു
കാണും വയസ്സതിനിടയ്ക്കുവനാജിഭൂവിൽ
വേണംപടിക്കഥിതകീർത്തിഹിമാനിയെത്തൻ
ചേണററ ബാഹുബലപാവകനിയിലാവിയാക്കി. ൫൪

Digitized By Kerala Sahitya Akademi

വമ്പാർന്ന ദോർബ്ബലമിയന്നിടുമാ യുവാവാം
തമ്പാനെ, വൃദ്ധരിലെഴും കൊതിയൊക്കെനീക്കി,
വെൺപാൽപ്പുകൾന്നമെനി പോയ്ത്തനിയേ പുണർന്നാൾ
ശമ്പാമതല്ലി നവവർഷഘനത്തിനെപ്പോൽ. ൧൩

വഞ്ചിക്ക, മാരി, യിരുൾ, കാറിവ വാച്ച രാവിൽ,
വഞ്ചിച്ചിടാതെയൊരു വിപ്രകുമാരകൻകേ,
വഞ്ചിത്തധൈര്യമെഴുമസ്സുധി വാഗ്ര്യനൾപ്പു-
വഞ്ചിക്കഴങ്ങുമൊരു പൌരരെ രക്ഷചെയ്തു. ൧൪

പൂമാതു പാൽക്കടലിനിന്നെന്നകണക്കു കാന്തി-
ഭ്രമാവെഴുന്നൊരു കുമാരി സ്സൂപന്നഭിച്ചു.
ആ മാന്യതന്നുടലൊളിക്കളി മൂടിനിന്ന
കൌമാരമാം തിരയെ യൌവനബാഹു നീക്കി. ൧൫

വർഷർത്തുവെന്ന നിലമെന്നതുപോലെ, സാരോൽ-
കർഷം വസന്തമരുളും മലർവാടിപോലെ,
വർഷർത്തുനീങ്ങിവിലസും മുഴുതിങ്കൾപോലെ,
ഹർഷത്തെനല്കി ജനതയ്ക്കവൾ യൌവനത്തിൽ. ൧൬

രണ്ടായിരം ജലധരങ്ങൾ തുടച്ചുയായ്ക്കൊൽ-
ത്തണ്ടാരുകണ്ടടിയിൽവന്ന ജലം തിരക്കി
തിണ്ണാട്ടമാ,റമലതൻകുഴൽ നീണ്ടിരുണ്ടു-
കൊണ്ടാലപ്പൂണ്ടിടതിരണ്ടു മൃദുണ്ടുമിന്നി. ൧൭

രണ്ടിപ്പൊളുല്പലദലങ്ങളുടിക്ക കാണു-
ന്നുണ്ടിങ്ങു, മുൻപവഴിശലത്തൊടടുപ്പതെന്നായ്
രണ്ടിങ്കലും മുകളിൽനിന്നു പകച്ചുനോക്കും
വണ്ടിൻകിടയ്ക്കവൾ തൊടുന്തിലകം വിളങ്ങി. ൧൮

അന്നിർമ്മലാംഗിയുടെ കണ്ണുകൾ, മുന്നിൽ മൂക്കു,
പിന്നിൽ ശ്രവസ്സു, നടവിങ്ങനെ രണ്ടുപാടും
വന്നിങ്ങമണ്ടുമുഴലും, വിധിവെച്ചവർ പിരിച്ചി-
ട്ടൊന്നിച്ചിടാത്ത, കരിമിന്നിണപോലെ മിന്നി. ൧൯

Digitized By Kerala Sahitya Akademi

രക്താധരോഷ്ഠമുഖരശ്മി പതിഞ്ഞു തൊത്തിൻ-
മുക്താഫലത്തെ നവദാഡിമബീജമെന്നായ്
കൊത്താൻവരുന്ന ശുകിതന്നുടെ കൊക്കപോലെ
നൽത്താമരാക്ഷിയുടെ നാസികയുല്ലസിച്ചു. ൩൨

കാണിക്കുമുള്ളിൽ നവയൌവനലക്ഷ്മി മാന്ദ്യം
കാണിച്ചിടാതെ വിലസും മുഖമന്ദിരത്തിൽ
മാണിക്യദീപിക കൊളുത്തിയപോലെ മഞ്ജു-
വാണിക്കെഴും ചൊടി ചെമന്നുജ്വലിച്ചുമിന്നി. ൩൩

പുറമെ ദ്വിജങ്ങളെയടക്കിയ വക്ത്രമാണെന്നാൽ
പറയും ദ്വിജേശമുഖിയെന്നഭിധാനമാകും;
മുറയും ദ്വിജേശനവനല്ല നിസർഗ്ഗമാനം
വിറവന്ന വക്ത്രമജനേകിയവൾക്കുമാത്രം. ൩൪

ആ മങ്കതൻ മൊഴിയൊടൊററയിൽ മല്ലടിച്ചുൾ-
പ്പൂമങ്ങിവീണൊരു വിപഞ്ചിയെ മന്നിടത്തിൽ
നാമന്നുതൊട്ടു തടവെന്നിയെ വീണയെന്ന
നാമത്തിലിന്നുമറിയുന്നതിലെന്തു ചിത്രം? ൩൫

തന്നുപ്രവേശവുമിടയ്ക്കരുതാതെ മാറിൽ-
ത്തപ്പാത്തുംകുചങ്ങൾ, മദനപ്രതിഹാരകാഗ്ര്യൻ
ജന്തുക്കളെപ്പടി മടക്കിടുമാറു ചെപ്പും
പന്തും കളിപ്പതിനു വച്ചുവിധം വിളങ്ങി. ൩൬

പേരുററപത്മജകളാദനിറങ്ങിയന്നു-
മേരുക്കൾതീപ്പതിനു തങ്കമെടുത്തശേഷം
ആരും നികത്തിടുവതിന്നണയാതെ വാഴ്കും
ശ്രീരുക്മനിമ്നഖനിപോലെ വിളങ്ങി നാഭി. ൩൭

ഏകത്രകൊങ്കകൾ, പരത്രനിതംബബിംബം,
പാകത്തിലീയവയവങ്ങൾ തടിച്ചിടുമ്പോൾ,
ശോകത്തൊടക്കടി നിനച്ചു ചടച്ചു മദ്ധ്യം;
ലോകത്തിലേവനസൂയ കൃശതചേരും. ൩൮

Digitized By Kerala Sahitya Akademi

മുട്ടാം തടത്തിനകമേ തലകുത്തി രംഭ
മുട്ടാതെയത്തരുണിതൻ തനുസൗഭഗമാർന്നും
കിട്ടാൻ കൊതിച്ചു കിടവിട്ടു തപിച്ചിടുന്ന
മട്ടായ് മനോജ്ഞമവരാംതൻ തുട മിന്നി മന്നും. ൯

വാടുന്നു ചമ്പക, മഹർമ്മുഖഭാസ്കരന്നു
ചൂടുണ്ടു; പൊന്നിനു മണം ലവലേശമില്ല:
ഈവട്ടങ്ങളൊരത്തനു കിണഞ്ഞു പണിഞ്ഞ കൈകൾ
കേട്ടററു പിന്നെ വിധി സൃഷ്ടിയൊഴുക്കുനോക്കി. ൧൦

മന്നാകെ വെന്നു മഹിതധ്വജപങ്ക്തി നാട്ടാൻ
സന്നാഹമാർന്നരുളിടും സ്മരസാർവ്വഭൗമൻ
അന്നാൾ വഹിപ്പൊരു മലക്കണ തീർന്നിരാത്ത
പൊന്നാവനാഴിയവളെന്നു നിനയ്ക്കുമാരും. ൧൧

ക്ലാന്തിപ്പെടാതെയഴകാം കടലിൽക്കിടന്നു
നീന്തിക്കളിക്കുമവൾ നൂതനയൗവനത്തിൽ,
പൂന്തിങ്കൾ പൂർണ്ണിമയിലെന്നകണക്കു, കാമ-
ഭ്രാന്തിൽക്കുഴക്കി യുവമുഖ്യരെയാകമാനം. ൧൨

പാടാം പ്രവീണതയോടുർവ്വശിയെന്നപോലെ;
ക്രൂടാം സുധീസഭയിലു കൊട്ടു ഗാർഗ്ഗിപോലെ;
നേടാം പടയ്ക്കണയുകിൽപ്പുകൾ ഭാമപോലെ;-
യീടാളുമത്തരുണിയേതിനുമൊത്തിരുന്നു. ൧൩

കണ്ടാൽശരിക്കു കടലിന്മകൾ, നാവിളക്കി-
ക്കൊണ്ടാൽ സരസ്വതി, കൃപാണിയെടുത്തുനിന്നാൽ
വണ്ടാറണിക്കുഴലി, ദുർഗ്ഗ, യിവണ്ണമാരും
കൊണ്ടാടുമാറു, പലമട്ടു ലസിച്ചിരുന്നു. ൧൪

ആയാമിനീശമുഖിതൻ പുതുമേനി നിത്യ-
വ്യായാമമേററധികകാന്തികലർന്നു മിന്നി;
പോയാശ്ശുശ്രൂക്ഷണിയിൽ വീണുതിരിച്ചനല്പ-
ശ്രീയാൻപോരുമൊരു ഹേമശലാകപോലെ ൧൫

Digitized By Kerala Sahitya Akademi

ബാലാമണിക്കളികവീഥിയിൽ മിന്നിടുന്ന
നീലാഭപൂണ്ട തിലകപ്പടി, ശസ്ത്രദാക്ഷ്യം
ആലാക്കിൽ മേനിയൊളികൃട്ടുകതന്നെ ചെയ്യു:
ചേലാർന്നിടുന്ന വടിവിന്നണിയാകമെന്തും. ൭൬

കല്യാവലിക്കണിയലം, സ്വലകിൻമിഴിക്കു
കാല്യാണമേകി, യളിധസ്മിതമട്ടലത്ഥം
കല്യാണിയാമവരം വരുത്തിയു, മൊന്നുകൂടി-
ക്കല്യാണമാ, ണതു ശരിപ്പെടുവാൻ കൊതിച്ചു. ൭൭

അൻപാകെയത്തരുണിയച്ഛന മന്ത്രിയായ
തമ്പാനെ വിട്ടിതരനിൽക്കുടിവച്ചതില്ല.
വൻപാർന്നിടം നൽ, പരയോധിയെ വിട്ടു, കൃപം
തൻപാൎശ്വമെത്തി, നിലനിന്നറിവില്ലയല്ലോ. ൭൮

താനേ വിയന്തടിനി വ, ന്നൊരുവൃദ്ധതീർത്ഥ-
സ്നാനേച്ഛുവിൻ നടവഴിക്കൊഴുകുന്നതായാൽ
ആ നേരമന്നരനെഴും നിലയാണമാത്യ-
സ്ഥാനേശനാം തരുണമെവലി വഹിച്ചതന്നാൾ. ൭൯

ഭൂകാന്തനാത്തമസുതതൻ മനമന്യദിക്കിൽ-
പ്പോകാതെ മന്ത്രിയിലണഞ്ഞതുകണ്ട മോദാൽ;
രാകാബ്ജബിംബമുദയാദ്രിയിൽ നിന്നുപൊങ്ങി-
യാകാശമെത്തുവതു കണ്ടിടുമാഴിപോലെ. ൮൦

ആവശ്യമുള്ളൊരനുകൂലതയാകമാനം
കൈവന്നു നന്മയെഴുമാ യുവകാമുകന്മാർ
ദൈവത്തെ വാഴ്ത്തിയകമേ വളരുന്നൊരാശാ-
പ്പൂവല്ലി പൂക്കവതു കണ്ടു തെളിഞ്ഞിതന്നാർ. ൮൧

ആമട്ടമാത്യനൃപർ വാഴ്‌വതു കണ്ടുകണ്ടു-
സ്സ്വാൎത്ഥമേററമിയലും ഖലരെട്ടുവീടർ
ധീമങ്ങി, യേഷണി മുറയ്ക്കുതുടങ്ങി, തോററു-
പോമന്നു മായതുടരുന്നൊരരക്കർ പോലെ. ൮൨

Digitized By Kerala Sahitya Akademi

ചെന്നെട്ടുവീടരുടെ ധൃഷ്ടതയൊക്കെ മന്ത്രി
ചൊന്നിട്ടുമുള്ളിലതു വാസ്തവമെന്നു മന്നൻ
അന്നോട്ടുമേ കരുതിയില്ല,വരോതുമുക്തി
വൻനിട്ടിലന്ധര് പിടിച്ച വിളക്കൊടൊത്തു. ൨൰൩

ആരാൽപ്പുരക്കടയൊരരക്ഷണിയാം വിഷച്ചാ-
റാരാജവര്യനെ ചെവിക്കൊള്ളുതെന്നു തോന്നി;
ഹാ! രാഗമാം പുഴയെയെങ്ങു തടസ്ഥമേറെ
നേരാം വഴിക്കൊഴുകുവാൻ വിധി സമ്മതിപ്പു ? ൨൰൪

കാലക്രമേണ നൃപനാസ്സുഖിവങ്കൽവായ്ക്കും
കൂലങ്കഷപ്രണയശൈവലിനീജലത്തെ
ശാലമ്പുമാറഹിതദുർമ്മനാക്കരശ്മി-
ജാലം വരട്ടി തടിയെ ക്ഷയമെന്നപോലെ. ൨൰൫

ഉള്ളിൽക്കറുപ്പു, ദിവി കാർമ്മുകിൽപോൽ, പ്പരന്നു
കൊള്ളിച്ചു പുഞ്ചിരിനിലാവിനമന്ദമാന്ദ്യം;
തള്ളിക്കടന്നതിലെഴും തിരുവുള്ളമെന്നാ
വള്ളിക്കുമേലരിശമാമിടിവാളു വീണു. ൨൰൬

ആവൃത്തമൊന്നുമകളങ്കശശാങ്കകീർത്തി-
ശ്രീവല്ലഭനാം പ്രിയതമൻ പറയായ്കമൂലം
ഭൃത്യരുശാസനതനൂജയറിഞ്ഞതില്ലാ-
പ്രാവൃട്ടുതൻവരവു ബാലമരാളിപോലെ. ൨൰൭

അന്നാളൊരിക്കലരിപാലർ നൃപന്റെമുമ്പിൽ
ചെന്നാദരത്തൊടു വണങ്ങി വിനീതരായി
നിന്നാർ, തരത്തിനു ശിരസ്സു പറിച്ചെടുത്തു
തിന്നാൻ കനിഞ്ഞൊരു തരക്ഷുകുലംകണക്കെ. ൨൰൮

വെൺപട്ടിൽമൂടിയൊരു പാഴ്ക്കിണറെന്നപോലെ
വൻപിട്ടിലല്പഹസിതത്തെ വെളിക്കുകാട്ടി
കമ്പിട്ടുനിൽക്കുമവരിൽ ഗുണശാലി മന്ന-
ൻപൊട്ടുപൂണ്ട കുശലാദികൾ പൃച്ഛചെയ്താൻ. ൨൰൯

Digitized By Kerala Sahitya Akademi

ചൊന്നാരതിന്നവർ "പരം തിരുമേനികാക്ക-
മിന്നാട്ടിലെങ്ങനെയമംഗലമെത്തിനോക്കും ?
നന്നായ് വിളക്കതെളിവോരറമേലിരുട്ട
നിന്നാളുമോ? കനലരിപ്പൊരുറുമ്പുമുണ്ടോ ? ൩൦

ശ്രീരാമനെന്നവിധമുത്തമസൽഗുണങ്ങൾ-
ക്കാരാമമാകുമവിടുന്നിളകാതിടുമ്പോൾ
പോരായ്മയെങ്ങനെയതിങ്കൽവരുന്നു? ദുഗ്ദ്ധ-
വാരാകരത്തിരയിലുപ്പിനു മാർഗ്ഗമുണ്ടോ ? ൩൧

എന്നാലുമല്പമടിയങ്ങളുണർത്തിടുന്ന-
തിന്നാണുറച്ചതു; മടിക്കിലബദ്ധമാകും ;
ചൊന്നാൽ മുഷിഞ്ഞിടുകിലും ഭയമില്ല; പഥ്യ-
ത്തിന്നാർക്കു വാഞ്ഛ? ഗദശാന്തി വരേണമല്ലോ. ൩൨

ഛങ്കമ്പുമിസ്സചിവരല്ലൊരു ദോഷമേതും
പങ്കംപെടാത്തൊരവിടയ്ക്കറിയാവതല്ല;
തൻകണ്മണിക്കുടയ ദൂഷ്ടു തെളിഞ്ഞു കാണ്മാൻ
തൻകണ്ണു പോര, മുകുരം കരതാരിൽ വേണം. ൩൩

സന്മാന്യരിൽ പ്രഥമനാമവിടേയ്ക്കു മേലി-
ദ്ദുർമ്മാനവന്റെ സഹവാസമനർത്ഥബീജം ;
തേന്മാവിലിത്തിളൊരു തെല്ലു പടർന്നുപോയാൽ-
ത്തേന്മാവുവിട്ടൊടുവിലിത്തിൾ തനിച്ചു നിൽക്കും, ൩൪

ഈ രാജ്യമൊക്കെയവിടേയ്ക്കനധീനമാക്കാൻ
ധാരാളമായ് പണിതുടങ്ങിട്ടുമീയമാത്യൻ -
പാരാളുവാൻ കൊതിയൊടും ഭജനം മുഴുത്തി-
ട്ടുരാണ്മയെന്നു പറയും മൊഴി സത്യമാക്കും- ൩൫

കാലിച്ചെറുക്കനെയമാത്യപദത്തിലേററി-
പ്പാലിച്ചുവെങ്കിലിതുതന്നെ കലാശമാകും ;
കാലിൽത്തളുപ്പിനു ചെരിപ്പു കൊടുത്തുപോയാൽ
മേലിൽത്തനിക്കതു മുഖത്തു ചവിട്ടിനത്രേ. ൩൬

Digitized By Kerala Sahitya Akademi

ധിച്ചുയ്ക്കുവന്നവനെ വീട്ടുകയററി വിട്ടു-
ലച്ചിക്ക നായരവനെന്നു നിനയ്ക്കുമപ്പോൾ;
മൊച്ചക്കരങ്ങളെ നെയട്ടുഗളൽവിളിക്കിലങ്ങും-
ഉച്ചിക്കു മേൽക്കയറി നാടകമാടിനില്ക്കും. ൯൭

കോയിക്കലഗ്നിയിലെരിച്ചവനീതലത്തെ
സ്ഥായിക്കു കാക്കുമവിടുത്തെ വധിച്ചുകൊൾവാൻ
ആയിക്കഴിഞ്ഞു പണി; പാലുകൊടുത്തു തിന്ന
കൈയിൽ കടിക്കുവതു ജിഹ്മഗസമ്പ്രദായം. ൯൮

ശ്രേയസ്സയന്ന തവ വംശമിതിന്നഘോരാ-
പായം വരുത്തുവതിനിക്ക് ഖലഭാവധാഹി
മായത്തിലോപ്പതധുനാ ബകബന്ധനാഖ്യ-
ന്യായത്തിലെന്തു വരുമോ? കലിയാണു കാലം. ൯൯

സേവയ്ക്കുരയ്ക്കുയടിയങ്ങൾ പഠിച്ചതല്ല;
ദേവൻ പ്രമാണമിനി വേണ്ടതി"ന്നെന്നു ചൊല്ലി
ആ വമ്പർ വിട്ട നയഭേദകവാക്ശരാസ്ത്രം
ഭ്രൂവല്ലഭന്റെ ഹൃദയത്തിലമ്മുന്നുമററ. ൧൦൦

തങ്കൽപ്പെരുത്ത ഭയഭക്തി നടിച്ചവണ്ണം
പങ്കാപ്പെറും കിതവർ ചൊന്നതു കേട്ടനേരം,
ശങ്കയ്ക്കധീനമരചന്റെ മനം, നടുക്കു
വൻകല്ലുവീണ കുളമെന്നതുപോൽ, ചലിച്ചു. ൧൦൧

"എന്തിജ്ജനങ്ങൾ പറയുന്നതു? കൊച്ചുതമ്പാൻ
ചിന്തിക്കയാണു മമ വംശവിനാശ, മെന്നോ?
പൊന്തിച്ചിടുന്ന പരമത്ഭുതമീയുദന്തം,
പന്തിക്കകത്തിയിമ കണ്ണുപൊടിക്കയാമോ? ൧൦൨

കാശിന്നുമില്ല വില, യങ്ങനെയുള്ളൊരേഭ്യ-
രാശിക്കു ഞാൻ പ്രഥമമന്ത്രിപദത്തെ നൽകി,
ആശിച്ചെടുത്തു ഹരിചന്ദനമെന്നുവച്ചു
പൂശിക്കഴിഞ്ഞു കനൽ മേനിയിലാകെയെന്നോ? ൧൦൩

Digitized By Kerala Sahitya Akademi

ഈവന്ന പൂരുഷരിലോ സചിവങ്കലോ ഏൽ--.
പൂവിന്നു വഞ്ചനമെനിക്കറിയാവതല്ല!
ഓവിന്നകം ഫണി വെളിക്ക വിലോല,മേവം
മേവുന്നമൂഷികനുമിത്തരമില്ല ദുഃഖം. ൧൦൪

ആമോദദം മധുരനാരകസൽഫലത്തിൽ
വ്യാമോഹമേകമിവനുള്ളിൽ വിഷംപുലർത്തി
ഹാ! മോടിവായ്പു പുറമാവണമോ കാഞ്ഞിരക്കാ-
യാമോ? ഹരേ! കഥയിതത്ഭുതമാരറിഞ്ഞു? ൧൦൫

ഒന്നുണ്ടു വാസ്തവമിതുള്ളിവനാണു നാഥ-
നെന്നുണ്ടു ബോധമഖിലപ്രജകൾക്കുമിപ്പോൾ ;
എന്നും പകൽസമയമമ്പിളിയംബരത്തിൽ
മിന്നുന്നതില്ലുലകിന്റെ നിസർഗ്ഗരീതി. ൧൦൬

ഹാ! കാന്തമേ ഗ്ഗഹനസീമ്നി വെടിഞ്ഞു രാമൻ;
ശ്രീകാമുകൻ മണിതിരഞ്ഞു വനത്തിലോടി;
നാകാധിപാത്മജനടൽക്കു മടിച്ചുനിന്നു;
ലോകാപവാദഭയമേതൊരു ധീരനില്ല? ൧൦൭

നാവോതിടുന്നതു, കരം തുടരുന്ന, തങ്ങളു-
ള്ളുവോർത്തിടുന്ന,തിവ മൂന്നിനുമൈക്യമെന്ന്യേ
ആവോളമത്രമനുജാധമനാമമാപ്പ-
നാവോ? കലിക്കടയവൈഭവമാരു കണ്ടു? ൧൦൮

ആശാന്തകീർത്തിതഗുണക്കമഹോ ജഗത്തി-
ലാശാന്തരാക്ഷിയുഗളത്തിനു ലക്ഷ്യമല്ല;
കാശാർജ്ജനപ്പുകളെഴും പുരുഷർക്കു കൂടി-
ക്കാശാഞ്ജനത്തിലുയരും തൃണവും സമാനം. ൧൦൯

ഞാനേക,നെന്റെ സഹജർക്കു ശിശുക്കളല്ലാ-
തീനേരമില്ല സുതർ; പക്ഷമൊടിസ്സുഗാത്രം
താനേ മുറിപ്പതിനുറയ്ക്കൊരു ജിഷ്ണുവാം നീ
ഹാ നേരമെൻ സചിവനീതിയുമറ്റ ദുഷ്ടൻ." ൧൧൦

Digitized By Kerala Sahitya Akademi

കമ്പിതപാലിൽ മൊഴിപോവതിൽ നൂറിരട്ടി
വമ്പിച്ചവേഗമൊടു ചിന്തകൾ വിവിധത്തിൽ
മുൻപിൻ മറന്ന ഹൃദിപ്പൂണ്ടരചൻ ഭയത്താൽ
തുമ്പിപ്പിടിക്ക വിറയാർന്നവരോടു ചൊന്നാൻ- ൧൧൧

"എൻകാര്യപിക്കണികൾ നിങ്ങൾ പറഞ്ഞിടാനീ
ഛുങ്കാണ്ഡമന്ത്രിയുടെ സത്യമറിഞ്ഞമൂലം
ശങ്കാവിഹീനമകതാർ തെളിഞ്ഞിടുന്നു,
വൻകാറമാറമളവമ്പിളിയെന്നപോലെ. ൧൧൨

ആനന്ദമോടരികിലെപ്പൊഴുമേവമെട്ടു
ചാണക്യർ നിങ്ങൾ തുണയുള്ളതു കാരണത്താൽ
ക്ഷീണതമറ്റിവിടെ രാക്ഷസമന്ത്രിചെയ്യും
വീണപ്രവൃത്തികൾ ഫലിച്ചിടുവാൻ പ്രയാസം. ൧൧൩

ധീ വിങ്ങിടും പ്രജകൾ നിങ്ങൾ നമുക്കവന്നൾ-
പ്പൂവിൽപ്പെടും മദമറത്തിടുവാൻ, തുണയ്പിൻ;
ഭുവിൽ ഭവത്തൊടമർചെയ്തു ജയം ലഭിപ്പാൻ
ജീവിക്ക നൽശമദമാദിഗുണങ്ങൾ പോലെ. ൧൧൪

പാപപ്രസക്തിപെടുമായവരോടിവണ്ണം
ഭൂപൻ കഥിച്ച വചനങ്ങൾ തനിയെ കേലിൽ
ഹാ! പത്രപുഷ്പഫലശാഖകളൊത്തു വായ്ക്കു-
മാപൽദ്രുമങ്ങളുടെ വിത്തുകളായ് ഭവിച്ചു. ൧൧൫

ഝടിതി പണിഫലിച്ചെന്നോററവും തോഷമോട-
ക്കുടിലമതികൾ തത്തന്മന്ദിരംചെന്നുപുക്കാർ;
കടിയിൽ മൃതിദ്രവ്യംതാൻ ദൃഷ്ടനൊന്നാത്തമോദാൽ
കൊടിയഫണികൾ ഒീണ്ടും പോട്ടുപുകംകന്നക്കെ. ൧൧൬

കാകം, പട്ടി, പരുന്തു, ഗൃദ്ധ്രം, ശിവ, ജീവൻ
വെടിഞ്ഞുള്ളതാം
ലോകത്തിൻ തലകിറി നാലുപുറവും പൊന്നാ-
ക്കിടും പോലവേ,

Digitized By Kerala Sahitya Akademi

ശോകം, സാഹസ,മീറ, ശങ്കയിവയഞ്ചു്ഭൂപ-
ന്റെ ധീവിട്ട ഹൃ-
ത്താകപ്പുംകടെ മുറിപ്പെട്ടുത്തിലയെത്തെല്ലില്ലാ-
തെയെല്ലാമപ്പൊഴും. ൧൧൭

ഒന്നാം സർഗ്ഗം സമാപ്തം.

## രണ്ടാം സർഗ്ഗം.

അനന്തരം പാദുക ചെയ്ത പുണ്യമായ്.
മനസ്സുകൊണ്ടാക്കിലത്തും ചുട്ടുന്നതായ്,
ജനത്തെ നിർമ്മിച്ചു നിലയ്ക്കു നിന്നു,മാ-
ക്കനംപെറും ഗ്രീഷ്മമണഞ്ഞു വഞ്ചിയിൽ. ൧

തമാമൃതത്വം സലിലത്തിനും പരം
സമാഗതിത്വം പവനന്നുമൂഴിയിൽ
നിദാഘശക്ത്യാ തപനത്വമക്കനും
നിദാനമനപത്ഥത പൂണ്ടു വിസ്മയം. ൨

ഇനൻ തമാനീമതിദുഷ്ടചിത്തനാ-
മനന്തതൻ നായകനെന്ന പോലവേ
അനന്തരായോഗ്രകരം പതിക്കയാൽ
ജനം തപിച്ചാകുലമായിതെങ്ങുമേ. ൩

ദുരാശപോൽ നീണ്ടു ദിനം; വിയുക്തയാം
വരാംഗിപോൽ രാത്രിമെലിഞ്ഞു നിർഭരം,
വിരാമമില്ലാതെത്താന്തു തൃഷ്ണ വന്നപോയ്
നരാഗ്രിമാക്കും പിതൃനക്കു തുല്യമായ്. ൪

Digitized By Kerala Sahitya Akademi

വിരിഞ്ഞതാമഞ്ജുനകുന്ദമുള്ളേടം
തിരിഞ്ഞു കൃഷ്ണാളിയണഞ്ഞു മഞ്ജുവായ്
ചൊരിഞ്ഞ ഗീതാമൃതമാസ്വദിക്കുവാൻ
നിറഞ്ഞു കൌതുഹലമുള്ളിലേവനും. ൫

ദുരാതപക്രൂരത വായ്ക്കുമുച്ചനാൾ
സുരാജഹംസം ജലസേവയെന്നിയേ
പരാർദ്ധ്യയാം പത്മിനിതന്റെ കോരകം
നിരാകുലം കൊക്കുകൾകൊണ്ടു കൊത്തിനാൻ. ൬

സ്ഫുരിച്ചിടും സ്ഫൂരകരങ്ങൾ, കാന്തയെ-
പ്പിരിഞ്ഞു വാഴും തരുണക്കു, വേനലിൽ
കരിഞ്ഞുവാടുന്ന കരൾതള്ളിക്കൊണ്ടി-
ക്കെരിഞ്ഞതീയ്യുഷ്ണകണക്കു തീർന്നതേ. ൭

രവിസ്ഫുരദ്ദീധിതിയക്ഷിപാളിതൻ
കവിഞ്ഞ കീലാലപിപാസതീർക്കയാൽ
ഛവിക്കിരിപ്പാം തടിനീനതാംഗിമാർ
ഭവിച്ചു ശോഷത്തിനു ഭാജനങ്ങളായ്. ൮

ചെരിപ്പുകാലും, കുടകൈയ്യു, മാസ്ഥയാ
വരിച്ചു ഭർത്താവിനെ മങ്കപോലവേ;
ശരിക്കിളംപുൽത്തറമേൽ മൂർച്ഛിടം
വിരിച്ചു വിത്തേശരുറങ്ങി നിസ്ത്രപം. ൯

സ്ഫുടം നിശായാം ധൃതചക്രരായി, നൽ-
പ്പടം ധരി,ച്ചങ്ങനെ രാജവീഥിയിൽ
കടന്നു, ദുഷ്ടളള ഭുജംഗർ മേൽക്കുമേൽ-
പ്പടർന്നധൂളിക്കൊതിയോടു ചാത്തിനാർ. ൧൦

പടങ്ങൾകൂടാതെ കഴിക്കുവാൻ ശ്രമം
തുടർന്നിടും മാനുഷർപാന്ഥരുക്കളും
ഉടൻ ദലൌഘത്തെ വെടിഞ്ഞു;സ്വന്തമൻ
നടപ്പതല്ലോ വഴിമന്നിലന്യരും. ൧൧

Digitized By Kerala Sahitya Akademi

ജനം തദാനീം കമലാകരപ്രിയം
മനസ്സിലുൾക്കൊണ്ട മുരാരിയെന്നപോൽ;
ഘനക്ഷയം നല്കി ജലാശയത്തിനും
ദിനങ്ങൾ വാനത്തിനുമൊന്നുപോലവേ. ൫൧

അണഞ്ഞു ഹേമന്തവിരോധിയെങ്കിലും
തുണച്ചു തീച്ചട്ടി കൊഴുക്കൾ ചാകുവാൻ;
ഗുണങ്ങളേറെപ്പെടുവോനിൽ നന്ദിപൂ-
ണ്ടിണങ്ങുമല്ലോ ജനമേതുകാലവും. ൫൨

പഴിച്ചുഷ്ണൻഹരിദശ്വനെജ്ജനം;
പൊഴിച്ചു ബാഷ്പം പ്രതിരോമകൂപകം;
മിഴിച്ചു നോക്കിത്തരുണീകുചങ്ങളിൽ-
ക്കഴിച്ചു കണ്ടീലൊരു ശൈത്യമെങ്ങുമേ. ൫൩

പരം ഗവാക്ഷാദിസമീപമെത്തിയാ
നരവ്രജം, ലങ്കയിൽ വാനരങ്ങൾപോൽ,
നിരന്തരം മാരുതപോതമാശ്രയി-
ച്ചൊരല്പമാശ്വാസമിയന്നിരുന്നുതേ. ൫൪

തരംഗിണീവാരി വിയൽപ്രസൂനമായ്;
സരസ്സയസ്കാർകുടീരഭസ്ത്രയായ്;
വരണ്ടു കൂപം പരിതാപമേററവും
തിരണ്ടിടും ചാതകകണ്ഠമെന്നപോൽ. ൫൫

ഓരോതരത്തിൽപ്പനിനീരുമത്തലും
സരോഗന്ധം നിർഗ്ഗന്ധം തനിക്കുമേൽ
വിരോധമില്ലാതെയണിഞ്ഞു; ഭാനുമൽ-
കരോൽക്കരത്തിൻ സമബുദ്ധി നോക്കുവിൻ. ൫൬

ഒരാതപത്രത്തിനടിക്കു സൂരനി-
ധരാതലം വെന്തു നിറഞ്ഞിടുന്നതായ്
നിരാമയാം ചാൻവ്വതുപോലെ പാന്ഥർതൻ
കരാഗ്രമോരോ കുടയേന്തിനിന്നുതേ. ൫൭

Digitized By Kerala Sahitya Akademi

നിദാനമീമട്ടു നിതാന്തതീവ്രമാം
നിദാഘകാലം പ്രചരിച്ചുകൊള്ളവേ
മുദാ രവിക്കൊന്നുമപായമന്തിയിൽ
സദാരരായ് നോക്കി രമിച്ചു മാനുഷർ. ൧൯

ഒടുക്കമെല്ലാം സുഖമാകകിൽ ജ്ജനം
നടുക്കെഴും മാൽ വകവയ്ക്കയില്ലപോൽ;
അടക്കവേ ഘോരന്തി യുവാക്കളെല്ലാവരേ
കടക്കമുച്ചക്കതിർ ചൊറശീതമായ്. ൨൦

വരോരുമാർ വല്ലഭരൊത്തുനിത്യവും
തിരോഹിതോഷ്ണദ്യുതിയായ വേളയിൽ
പ്രരോഹദാഹ്ലാദരസം നടത്തിനാർ
സരോജലക്രീഡനസന്മഹോത്സവം. ൨൧

നിസർഗ്ഗരമ്യാകൃതികൾക്കലംകൃതി-
പ്രസംഗമാവശ്യകമല്ലയെന്നതിൻ
അസംശയം ന് ററിലിറങ്ങിനിന്നൊരാ
വിസപ്രസൂനാക്ഷികൾ താൻ നിദർശനം. ൨൨

ഇളംകളിർക്കാററമകപ്രജത്തെയി-
ട്ടിളക്കമാസ്സുന്ദരിമാർക്കെഴും മുഖം
മിളൽദ്വിരേഫാംബുജശങ്കയാക്ഷമുൾ-
ക്കളത്തിലുണ്ടാക്കി വിളങ്ങി വാപിയിൽ. ൨൩

മുടിക്കു നൽപ്പിച്ഛകമാലതാന്ത,മ-
പ്പടിക്കു കണ്ഠത്തിനു മുത്തുമാലയും,
വെടിഞ്ഞതന്നേരത്തുമിന്നങ്ങി പൊയ്കയിൽ-
ത്തടില്ലതാംഗിക്കംബിന്ദുരൂപമായ്. ൨൪

ചിരിച്ചു നല്ലാർകൾ കുടിച്ചു നീന്തവേ
തെറിച്ച നീർത്തുള്ളികളത്തരീതിയിൻ
സ്ഫുരിച്ചു തഞ്ചക്രുപരാഗവാൽ നിറ-
പ്പിരിച്ചിലേൽക്കും കമലങ്ങളിൽത്തദാ, ൨൫

Digitized By Kerala Sahitya Akademi

ഒരുത്തി കാന്താനനശങ്കയാൽ പ്രിയം
പെരുത്തു ചുംബിച്ചൊരു താമരപ്പൂകം
ഇരുന്ന വണ്ടാത്തരളാക്ഷിതൻ മുഖ-
ത്തൊരുമ്മവച്ചാനരവിന്ദബുദ്ധിയാൽ. ൧൬

വരോരുവാമന്യ ജലത്തിലാണ്ട തൻ
ശിരോരുഹം കണ്ടസിതാഹിശങ്കയാൽ
സരോവരത്തിൽസ്സഖികൾക്കുമുന്നിലും
വിരോധമില്ലാതെ പുണർന്നു കാന്തനെ. ൧൭

ഒരംഗനാമൌലി കരങ്ങൾ നീട്ടി, നി-
ർഭരം പൃഥുശ്രോണിയിളക്കി, നീന്തവേ
തരത്തിൽനോക്കിസ്സഖിമാർ ചിരിക്കയാൽ
പരന്ന നാണത്തൊടു നീററിൽ മുങ്ങിനാൾ. ൧൮

മുലയ്ക്കുമേൽ മുന്നിരവിൽസ്സുശപ്ളുതം
നിലച്ചതന്യാംഗന, രക്തചന്ദനം
ജലത്തിൽ മായ്ക്കുന്നതിനോർമ്മവിട്ടതായ്,
സലജ്ജമോർത്തൽസ്സഖിമാരൊടോതിനാൾ. ൧൯

ദിനങ്ങൾതോറും പ്രിയരൊത്തു വാണിടും
മനസ്വിനീമൌലികലത്തിനിത്തരം
അനല്പമന്തിക്കെഴുമംബുകേളിതാ-
നനംഗവാജീകരണപ്രകാണ്ഡമായ്. ൨൦

വരിഷ്ഠനാം വഞ്ചിനൃപൻ തമിസ്രയിൽ-
സ്സുരിക്ക തൻസൌധമണഞ്ഞു നിദ്രയെ
ഒരിക്കലാശിച്ചു കിടന്നു തന്വിയെ-
സ്സുരിച്ച സങ്കേതമണഞ്ഞ കാമിപോൽ. ൨൧

അടുത്തുധൂമം കിളരുന്നതഗ്നിനം-
പെടുന്ന മന്നന്നുടനക്ഷിലക്ഷ്യമായ്,
ചുടുന്നൊരുജ്ജ്വലത്തൊടു രാജ്യലക്ഷ്മിയാൽ
വിടുന്ന ദീർഘശ്വാസിതം കണക്കിനെ. ൨൨

Digitized By Kerala Sahitya Akademi

ജ്വലിച്ചദീപത്തൊടു ഭൃത്യയുക്തനാ-
യൊലിച്ചുപോകുന്ന മനക്കരുത്തൊടും
ചലിച്ചുഭൂപൻ മുറവിട്ടു; തീബ്ഭയം
ബലിഷ്ഠനും ദുർബ്ബലനും സമാനമാം- ൩൩

തുടിച്ചിടും നെഞ്ഞൊടു ഭൂമിജാനി പോ-
പിടിച്ചവൻപോലൊരു പാച്ചിൽ പായവെ
സ്ഫുടിച്ചു മോദത്തൊടു വഹ്നിയാം നടൻ
നടിച്ചിടും നാടകശാലകണ്ടതേ. ൩൪

ധരേശപരം നാലുവശത്തുനിന്നുമ-
ങ്ങൊരേതരം പൊങ്ങുമുദഗ്രപാവകൻ
നരേന്ദ്രഗേഹത്തിനെമുപ്പുരത്തിനെ-
പ്പുരേശബാണാഗ്നികണക്കെരിച്ചതേ. ൩൫

അപാരഹേത്യാനനമോടുമസ്സലാ-
മപാണ്ഡുധൂമോൽക്കരകുന്തളത്തൊടും
നൃപാലസൌധത്തിലണഞ്ഞു വഹ്നി നി-
സ്തൃപാലവം ക്രുത്തുകളാടി ഭാസിപോൽ. ൩൬

പരം ജഗൽപ്രാണത മന്നനുള്ളതോ-
ത്തരം മനസ്സിൽ കറവായ്കമൂലമോ
നരക്ഷമാരാതി ശിഖിഭ്രകംസനെ-
ത്തരത്തിലാടിച്ച സമീരനട്ടവൻ? ൩൭

വയററിനുണ്ടായൊരു തൃപ്തിയെസ്വയം
വയസ്യനാം വാസവനോടുരയ്ക്കുവാൻ
അയത്നമോർത്തോ ദഹനൻ കൃതാർത്ഥനായ്
വിയൽപഥത്തോളമുയർന്നതൽക്ഷണം?. ൩൮

ധരാധവാഗാരമെരിച്ചു തൃപ്തികൈ-
വരാഞ്ഞയാൽ ഭൂമിപഹൃത്തുഷർബ്ബുധൻ
തപരാനപിതം കാണികൾ തന്മനസ്സോടും
നിരാമയം ചെന്നു പിടിച്ചിതോ ബലാൽ?. ൩൯

Digitized By Kerala Sahitya Akademi

പെരുത്തകാലത്തിൽ മയൂരസമ്മദം
വരുത്തുവാനോ ധരണീഗൃഹോപരി
ഉരത്ത മേഘദ്യുതിപൂണ്ട ധൂമമാം
കരുത്ത മേൽക്കെട്ടി കൃശാനു കെട്ടിനാൻ? ൪൦

അനല്പമാകും ശുചിദീപ്തിയാൽ സദാ തു
ജനത്തിനാമോദമാർന്നൊരാലയം
അനല്പമാകും ശുചിദീപ്തിവീണ്ടുമാ-
ന്നനന്തസന്താപമണച്ചതത്ഭുതം. ൪൧

ദ്വിതീയമാം ഖാണ്ഡവമെന്നപോലെയാ-
ക്ഷിതീശ്വരൻ തന്റെ മനോജ്ഞമന്ദിരം
അതിവമോദത്തൊടു ഭക്ഷ്യമാക്കിനാൻ
സുതീവ്രകർമ്മാക്കളിലഗ്ര്യനാം ശിഖി. ൪൨

വലത്തുകൈ വാളു,മിടത്തുകൈ കനം
കലർന്നിടും പന്തവു,മേന്തിയക്ഷണം
കലങ്ങുമുള്ളാത്ത നൃപന്നുമുന്നിൽ നി-
ശ്ചലൻ പുമാനെത്തിയൊരുത്തനപ്പൊഴേ. ൪൩

ക്ഷമാപനമ്മട്ടരികത്തു ചെല്ലവേ-
യമാത്യനെക്കണ്ടു കടുത്തവാക്കുകൾ
ക്രമാൽക്കഥിച്ചാൻ; ക്രുധതന്നെ ചിത്തവി-
ഭ്രമാദിമൂലം ബത! മർത്ത്യനൂഴിയിൽ. ൪൪

"അരേ ദുരാത്മൻ! മതി, നില്ലു നില്ലു! നീ
ചിരേച്ഛസാധിച്ചു കൃതാർത്ഥനായിതോ?
വരേണ്യമാമിത്തൊഴിലിന്നു വല്ലതും
തരേണമല്ലോ തവ പാരിതോഷികം! ൪൫

നിനക്കു നേരാരു കൃതഘ്നർ മന്നിൽ? നിൻ
മനസ്സു ഹാലാഹലമെന്നു കണ്ടു ഞാൻ;
കനത്തതാം മൂടുപടം ധരിച്ചു കുറെ-
ദ്ദിനങ്ങളാൽക്കാലമതൂത്തുപോററിടും, ൪൬

Digitized By Kerala Sahitya Akademi

ചരക്കു വേണ്ടില്ല, വിലയ്ക്കു പോക,തി-
ത്തരത്തിലെൻ മാളിക ചാമ്പലാക്കുവാൻ
പരാക്രമർകൂട്ടി വരില്ല; ഭൂമിയിൽ
പരം ഭവാനേ കലികാലപൂരുഷൻ! ൪൭

നലത്തൊടും പാല്യ കൊടുത്തു പാമ്പിനെ-
പ്പുലർത്തി വക്ഷസ്സോടണയ്ക്കിലപ്ഫണി
കലയ്ക്കു കോപ്പിട്ടു കടിക്കയില്ലയോ?
ഖലർക്കെഴും നന്ദിയുമിക്കണക്കു താൻ. ൪൮

ദരിക്കു കൊമ്പാലുടലേകി യോടിടും
കരി,ക്കതാളും ഹരികണ്ടെതിർക്കിൽ,
ഇരിക്കുമല്ലോ ഭയ,മാക്രമോഷണം
ശരിക്കപേക്ഷസ്സോളവുമെന്നുമൊത്തിടും? ൪൯

തുറന്നുരൈവം മമ ദൃ,ക്കിനിബ്ഭവാൻ
പറന്നു പോകാൻ പണി, ഖഡ്ഗവിദ്യ ഞാൻ
മറന്നതി,ല്ലാജിയുലയ്ക്കു മേലതിൽ-
ത്തിറം നമുക്കാർക്കു തൂക്കിനോക്കണം. ൫൦

കളഞ്ഞു തൊണ്ടിച്ചുടുപന്ത,മത്തനീ
മിളദ്രസം വന്നു, കരാസിധാരയാൽ
പിളർക്കുകൻ മാറിടമോ യശസ്സുഖം
വളർത്തിടും വാനിനെഴും കവാടമൊ?" ൫൧

ഇവണ്ണമോതും പ്രതിഘാരുണാക്ഷനാ-
മവന്റെ ധീശാഗ്രണിതൻ പുരോഭുവി
വിവർണ്ണനായ് ചേഷ്ടവെടിഞ്ഞു തൂണുപോ-
ലവൻ ക്ഷണം നിന്നനിലയ്ക്കു നിന്നുപോയ്. ൫൨

മനസ്സിലാകാത്തൊരു ഭാഷകേട്ടപോൽ
മനസ്വിയാം മന്ത്രി മുഖത്തെ വച്ചുടൻ
അനന്തബാഷ്പം മഴപോലെ വാർത്തുകൊ-
ണ്ടനന്തരൻ നാഥനൊടേവമോതിനാൻ. ൫൩

Digitized By Kerala Sahitya Akademi

“ഇളവിക്ഷമാധീശരണിഞ്ഞ ഹീരമേ!
ചെവിക്കിടിത്തീയിതു സഹ്യമല്ലമേ;
രവിക്കു ചിന്തിക്കിലന്ധകശത്രുവായ്
ഭവിക്കുമോ? മാരുതി രാമവൈരിയോ?. ൪൪

മുധാ തവാശങ്ക; ഭവാന്റെ ദാസനായ്
പ്രധാനമന്ത്രിത്വമിയന്ന സാധു ഞാൻ
വിധാതൃദത്തം വരമാർന്ന മത്തനാം
സുധാശനാരാതി വൃകന്റെ തുല്യനോ?. ൪൫

ശരിക്കു ദുര്യ്യോഗവിളംബിലക്ഷണി-
ത്തിരിക്കു കത്താനിട തെല്ലു കിട്ടുകിൽ
തെരിക്കനെ സ്നേഹവിനാശമെത്തിടാ-
തിരിക്കുവാനില്ലൊരു മാർഗ്ഗമേവനും. ൪൬

കടന്നു കണ്ണുംവഴി കണ്ണിൽ മണ്ണിടാൻ
തുടങ്ങുമീയേഷണി ലേശമേൽക്കുവോൻ
സ്ഫുടം നശിക്കും ചിതൽ തിന്ന കാതൽപോൽ;
ചടങ്ങിനൊക്കും ഫലമാക്കുമൂഴിയിൽ. ൪൭

പുരയ്ക്കു തീവച്ചൊരു ചെമ്പഴന്തിതൻ
കരത്തിൽനിന്നൂരിയെടുത്ത പന്തവും
പരം തരംഗത്തിലണച്ചു വാളുമെൻ
നരപ്രഭോ! കാണുക; കരുക്കുമോ ഹിമം ? ൪൮

ശിതാഗ്രമാം വാളിതെടുത്തു ദാസനെ-
പ്പിതാവൊടൊക്കും തിരുമനിയിച്ചുപോൽ
കൃതാപരാധത്വമിരിക്കിലിപ്പൊഴേ
കൃതാന്തഗേഹത്തിനയച്ചുകൊള്ളണം”. ൪൯

ഇവണ്ണമോരോമൊഴിഗൽഗദത്തോടാ
ഗ്ഗവർണ്ണനോടോതി,യരാതിജീവിതം
കവർന്നവാളും ചുട്ടുപന്തവും വെടി-
ഞ്ഞവൻ നിലത്താശു മയങ്ങി വീണുപോയ്. ൫൦

Digitized By Kerala Sahitya Akademi

നളൻകലിക്കന്ന കന്നക്കിലേഷണി-
ക്കിളക്കമന്യേ വശനായ മന്നവൻ
അളക്ഷജക്ഷേപളമകത്തുവാച്ചപോൽ
വളൻറാരരംപ്പിള്ളാരിവണ്ണമോതിനാൻ. ൩൨

“കടുത്തുപോയ് ധൃഷ്ടത, യിത്രവേണ്ട, നിൻ
മിടുക്കരംഗത്തിന പാറരമെങ്കിലും
എടുത്തിടേണ്ടിവക ജാല,മിങ്ങതിൽ-
ക്കടുങ്ങുവാൻ തക്കൊര മത്സ്യമല്ല ഞാൻ. ൩൩

സദംഭമെന്നെക്കലചെയ്തു വഞ്ചിച്ച-
വുഞ്ചിതസ്ത്രീയൊട്ട വാണിടേണ്ട നീ
പദംഗ്രഹിക്കായ്ക, കരാളയക്ഷി വൻ-
മദത്തൊടും മോഹിനിയായിടുംവിധം. ൩൪

മരിച്ചുതാരന്നറിയട്ടെ, പിന്നയാ-
ണിരിപ്പു”തെന്നോതി നൃപൻ നടക്കവേ
തിരിച്ചുപിൻപേ നിഴൽപോലെമന്ത്രിയും;
സഹിക്കമോ ദുർദശയിൽ സുഖം നൃണാം? ൩൫

ധരിച്ചരക്താംബരധൂളിമെത്തമേൽ
വരിച്ചുക്ഷുത്തുംമൂർത്തികാന്തയാളമായ്
സ്ഫുരിച്ചുമത്തോട്ട രമിച്ചസ്വപ്നനാ
മരിക്കെഴും മേനിയെനോക്കി മന്നവൻ. ൩൬

മലൻറ കൈകാലുകരംനിട്ടിയുഴിമേ-
ലംലഘ്യദൈവാഘാതിയാൽ പതിക്കയാൽ,
നിലയ്ക്കുനിൽക്കാതെ മരത്തു ശാഖയോ-
ടുലച്ചു വീഴിച്ചു വനദ്രുപോലവേ; ൩൭

കരിക്കനേരാം നിറമാണ്ട മേനിമേൽ
മുരിക്കതൻ പൂവെതിർചോരയേൽക്കയാൽ
ശരിക്കവക്ഷസ്സിൽസ്സുജലാഭപൂർണ്ണമാം
ഹരിക്കെഴും ദിക്കിചന്നരുത്ത ഭാന്മപോൽ; ൩൮

ഒരിക്കൽ നിദ്രിതനാം മൃഗാധിപൻ
കരിക്കുപോൽ, ചേഷ്ടകളൊക്കെ വിട്ടഹോ!
മരിക്കിലും, മേനിയെ നോക്കിടുന്ന ത-
ന്നരിക്കു ഹൃത്തിൽ ഭയമേകി നിർഭരം; ൩൮

കിടന്നരഷ്ടാഗ്രണി ചെമ്പഴന്തിയെ-
സ്ഫുടം നിരീക്ഷിച്ചു തന്റെവ്രണങ്ങളെ
പടുന്നശോകത്തൊടു, ഘോരചേന്നതൽ-
പടം ധരാധീശനകററി, നോക്കിനാൻ. ൩൯
(കുളകം)

വിരോധിതൻ പൊന്നരഞ്ഞാണു തന്നടി-
ക്കൊരോലക, ണ്ടായതിലുള്ള ലേഖനം
നരോത്തമൻ നോക്കി ചലിക്കുമുള്ളൊടും,
സരോവരം ചണ്ഡമരുത്തിലെന്നപോൽ. ൪൦

"ഇതാണു, തമ്പാൻ തിരുമേനിതൻഗൃഹം
ഹുതാശനേകും നിശ; നിങ്ങളാം മൂലമായ്
ധൃതാദരം ചന്തമെടുത്ത പാപിപോയ്
കൃതാന്തഗേഹത്തിനിരുട്ടകററണം". ൪൧

ഇദം കഴയ്ക്കുട്ടമമന്നപിള്ളതൻ
സദംഭപത്രം ബത! വേദമായ് നൃപൻ
മദം വെടിഞ്ഞോ,ത്തതപങ്കമാക്കുവാ-
നദഭ്രബാഷ്പാംബുവിൽ മഗ്നമാക്കിനാൻ. ൪൨

ചതിച്ചിടാം മർത്ത്യനെയാക്കമെങ്കിലു-
ണ്ടതിന്നുമേലീശപരനെന്ന വാക്കൊടും
ക്ഷിതിപ്രിയൻ തത്സചിവന്നടൻ, മരി-
പ്പതിന്നു നഞ്ഞിൻപടി,യോല നൽകിനാൻ. ൪൩

തനിക്കു തൂക്കിന്നൊരു നിട്ടൊടൊപ്പമായ്-
പ്പനിക്കുമുള്ളോടതു വാങ്ങിയപ്പുമാൻ
ശനിക്കഴപ്പത്തിനു നോക്കി, കേരളാ-
വനിപ്രിയൻ ക്രൂരനവന്റെ വക്ത്രവും. ൪൪

Digitized By Kerala Sahitya Akademi

"കണക്കിൽ മാരീചനിലാതനൂജയെ-
കണക്ക വഞ്ചിച്ച വിരോധി മന്നനെ;
പിണക്കമെന്തിന്ന വനോടതിന്നു ഞാ-
നണക്കപ്പെല്ലിട്ടരദ്ദൃഷ്ടവഹ്നിയിൽ." ൧൭

ഇവണ്ണമോർത്താധി യമാത്യ, "നില്ലമേ
ലവം സമാധാനമിനിക്കഥിക്കുവാൻ
ഗ്ഗവിഷ്യതീവഷ്ടിണമിറിധത്തിന്നം
ധ്രുവം ഭവാൻ നൽകുക ശിക്ഷയിക്ഷണം. ൧൮

ചൊടിച്ചുഭൂപാലനതിന്നു മന്ത്രിയെ-
പ്പിടിച്ചുപാറാവിലടച്ചു പട്ടരാൻ
മടിച്ചിടാതാജ്ഞകൊടുത്തു, മന്നനം
കടിച്ചിടുംപാമ്പിനമിക്ഷണം ശ്രുതി. ൧൯

ജനങ്ങളന്തൻ ബാഷ്പമനന്തമാക്കിയാൽ
ധനഞ്ജയൻ കെട്ടിടുമെന്നതിച്ഛയായ്
മനസ്സിലോർത്താ സചിവന്നബന്ധനം
കനം പെരും മന്നവനന്നു നല്കിനാൻ? ൨൦

എരിഞ്ഞിടും വഹ്നിയിലും ശിതാസിയാൽ
മരിച്ച യോധന്റെ പിശാചിലും ഭയം
സ്ഫുരിക്കകൊണ്ടോ ഹത! നിദ്ര തൽപുരം
സ്മരിക്കവാൻകൂടിമറന്നിതന്നിശി? ൨൧

തമസ്സിനാൽതന്റെ സഗർഭ്യനാകുമാ-
ക്കമർത്ത്യനിധ്യൂഴിവെടിഞ്ഞു പോകയാൽ
അമന്ദമാം ശോകമുയർന്നമൂലമോ.
ഭ്രമം നിശയ്ക്കേറി പിരിഞ്ഞു മാറുവാൻ? ൨൨

ക്രമാദപിയത്തോളമുയർന്ന വഹ്നി തൻ-
ഹിമാംശുജാലത്തെയപാവിയാക്കകിൽ
അമാന്തമാമെന്ന നിനയ്ക്കമൂലമോ
വിമാന്ദ്യമന്യത്ര മറഞ്ഞുപോയ് വിധു? ൨൩

Digitized By Kerala Sahitya Akademi

പെരുത്തുരാജാവിനനർഘസംഖ്യയം
വരുത്തിടും കാഴ്ചകൾ കണ്ടുനില്ക്കുവാൻ
കരുത്തുവിട്ടോ ദിവി വന്നതില്ല നൽ-
ഗ്ഗുരുത്വമുള്ളോരുഡുരാജി രാത്രിയിൽ ? ൮൨

കടന്നുസൌധത്തി,ലിരുട്ടിലക്രമം
തുടന്ന കള്ളശ്ശിഖിയെപ്പിടിക്കുവാൻ
സ്ഫുടം നിനച്ചോ ഹരി പൌരരെത്തിനാർ
പടന്നുകോപത്തൊടു നാലുഭാഗവും? ൮൩

പഴിക്കുവോർക്കും തുണചെയ്തു ജീവിതം
കഴിക്കുവോർ സത്തുകളെന്നുകാട്ടിയോ,
വഴിക്കിരുട്ടിൽ പ്രജകൾക്കു ഹേതിയാൽ
മിഴിക്കു നൽക്കാഴ്ചയണച്ചു പാവകൻ? ൮൪

വിഷപ്പടിക്കുൾപ്പനിയേറിനിർഭരം
വിഷണ്ണരാം കാണികൾതൻ ഭയത്തൊടും
ഉഷർബ്ബുധൻ കിഞ്ചനകെട്ടമന്നവാ-
രുഷസ്സു ഭ്രരംഗമലങ്കരിച്ചുതേ. ൮൫

മലർന്ന നന്മിത്രസമാഗമോത്സവം
കലർന്നനേരം ഹരിദിങ്മുഖാംബുജം.
വിലങ്ങുവെട്ടീടിന ബന്ദിപംക്തിപോൽ
ചലൽപതത്രം ദിവി പാഞ്ഞു പക്ഷികൾ. ൮൬

ജനിച്ചു വന്മാലൊടിരുട്ടറയ്ക്കകം
തനിച്ചുമേവും സചിവാഗ്ര്യനേകനേ
അനിച്ഛയാൽ തീണ്ടിയതില്ല ഭാസ്കരൻ
സനിശ്ചയം പഞ്ചമജന ദ്വിജാതിപോൽ. ൮൭

അനന്തരം രാജസദസ്സിൽ മന്ത്രിമാ-
ർക്കനർഘരത്നത്തിന്റെ യാനയിക്കുവാൻ
അനല്പരോഷം നൃപനാജ്ഞനാതി; തോന്നുകി-
ല്ലനർത്ഥകാലങ്ങളിൽ വേണ്ടതാർക്കുമേ. ൮൮

Digitized By Kerala Sahitya Akademi

തരത്തിലല്പം വിഷമമാക്കുമാറാണമോ
കരത്തിലില്ലാഞ്ഞു വലഞ്ഞൊരപ്പുമാൻ
മരത്തെവിട്ടന്നൊരു കുററവാളിപോൽ
പ്പുരത്തിലുള്ളോരുടെ മുന്നിലെത്തിനാൻ. ൪൯

അരണ്യമദ്ധ്യത്തിൽ നിശീഥവേളയിൽ-
പ്പരന്നിടും ശാന്തതകൈവശത്തിലായ്
പരംവിളങ്ങുന്ന സമസ്ഥലിത്തരം
നിരന്തകേളിക്കായി നൃസിംഹഗർജ്ജിതം. ൫൦

“ശ്രവിക്കുവിൻ സർവ്വരുമിന്നു ദുർഗ്ഗുണം
കവിഞ്ഞിടും ദ്രോഹിയമാത്യനിപ്പുമാൻ
മവിച്ഛ മന്മന്യുവിനേകലക്ഷ്യമായ്:
പവിക്കു കുന്നിൻചിറകെന്നപോലവേ. ൫൧

വരില്ല തെറ്റെങ്കിലുമീശകല്പിതം
ധരിക്കുവാൻ നമ്പി, മദാജ്ഞ കാരണം,
തിരിച്ചുപോയ് ച്ചീട്ടുകളിട്ടുനോക്കിനാൻ;
ഹരിക്കു ഹസ്താമലകം സമസ്തവും, ൫൨

അതിങ്കലും പങ്കിലനെന്നു വന്നുപോയ്
ചതിക്കുവാസസ്ഥലമാകുമിപ്പുമാൻ;
മതിക്കിനിസ്സംശയമില്ല; ചെന്നിവൻ
പതിക്കുമല്ലോ നരകക്കുഴിക്കകം. ൫൩

മയാ ദൃഢം സമ്പ്രതി വദ്ധ്യനെങ്കിലും
ദയാഞ്ചിതം നാട്ടുകടത്തലെന്നിയേ
ഇയാൾക്കുകല്പിക്കുവതില്ല ശിക്ഷ ഞാൻ;
ദയാർദ്രചേതസ്സുകൾ വഞ്ചിഭൂവരർ. ൫൪

അമർഷമുച്ചാടനയോഗ്യനാകുമി-
ക്കമന്ത്രി ദൂരത്തു കടക്കിലെന്നിയേ
ക്ഷമയ്ക്കു തെല്ലും സുഖമില്ല; മേന്മമേ-
ലമന്ദരക്ഷസ്സബലയ്ക്കു പോലവേ. ൫൫

Digitized By Kerala Sahitya Akademi

പിടിച്ചുട്ടരെക്കളയട്ടെ വബ്ധ്യാദ്ഭുത-
മുടിച്ച ദുർമ്മർത്ത്യമൃഗത്തെയിപ്പൊഴെ."
ചൊടിച്ചിതോതിക്ഷിതിജാനി മണ്ഡപം
വെടിഞ്ഞു, ഖേദം ജനമാനസത്തെയും. ൯൬

തെരുതെരെ ലഹളയ്ക്കൊരുങ്ങുവാൻ കൂ-
ട്ടരുളകിലും ദൃഢയായ രാജഭക്തി
അരുതു പിശകെന്നരയ്ക്കുമൂലം
വരുമൊരു മാലൊടു പിൻതിരിഞ്ഞു പൌരർ. ൯൭

വളരെവളരെ നാളായ്ത്തുള്ളമാം കോട്ടവീഴ-
ന്നളവു ഭടർകണക്കു,മ്മന്നവൻ മന്ത്രിതന്നെ
കളയുമവസരത്തിൽ പ്രീതി ചേതസ്സിലേറി-
പ്പുളകമേറിതരായാർ ക്രുദ്ധരാമെട്ടുവീടർ. ൯൮

ഉരഗവനിതപെററാരണ്ഡമെന്നോത്രു ഹാഹാ!
കരതലഗതചിന്താരത്നമബ്ധ്യന്തരത്തിൽ
വിരവിലെറിയുമുർവ്വീകാന്തനും ഭ്രാന്തനെപ്പോലം-
പ്പുരജനപരിഹാസത്തിന്നു പാത്രീഭവിച്ചു. ൯൯

രണ്ടാം സർഗ്ഗം സമാപ്തം.

---

# മൂന്നാം സർഗ്ഗം.

---

നിഷ്കാരണം മന്ത്രിയെ മന്നനേവം
മുഷ്കാണ്ടിരിപ്പോൻ വിനയന്തിനെപ്പോൾ
നിഷ്കാസനംചെയ്തു വിളിച്ചു ഹേമ-
നിഷ്കാഭയാം പുത്രിയെയന്തികത്തിൽ. ൧

Digitized By Kerala Sahitya Akademi

ആലോകനീയാകൃതിപൂണ്ടു മിന്നു-
മാലോലദൃക്കപ്പൊഴുതാളിമാരാൽ
ചേലൊലുമസ്സൽപ്രവിനീതാഗണത്താൽ-
ല്പ്പൂവല്ലോമിപോലാവൃതയായിരുന്നു. ൨

ഓരോവിനോദങ്ങൾ കഥിച്ചു മുഖ-
സ്മേരോഡുപാഭാനനയായ്ത്തദാനീം
ആരോമലാൾ വാണു; മഴയ്ക്കുമുൻപു
നേരോർക്കിൽ വെയ്ലിന്നൊളി കൂടുമല്ലോ. ൩

ജീവന്നുനേരാം സചിവന്റെവൃത്തം
സ്ത്രീവശ്യയോടാരുമുരച്ചതില്ല:
പൂവൻപിലാളും പുഴുപിച്ചകത്തെ-
ത്തീവച്ചെരിക്കുന്നതിനാർക്കുതോന്നും? ൪

ആമഞ്ജുവാണിക്കു നിമിത്തദോഷ-
സ്തോമം തദാ ദൃക്കിനു ലക്ഷ്യമായി,
ഓമൽശരജ്ജ്യോത്സ്നിയിലംബരത്തിൽ-
ഭീമത്വമാളും ഘനപങ്ക്തിപോലെ. ൫

അത്തന്വിയാൾക്കന്നു വലത്തുകണ്ണു
ചിത്തത്തൊടൊന്നിച്ചിളകിത്തുടങ്ങി.
വൃത്താന്തം കഷ്ടം! മിഴികൾക്കു കാഴ്ച
ഹൃത്തട്ടിൽ മുത്തെന്നവിധം കുറഞ്ഞു. ൬

സ്ഥാനം പിഴച്ചന്നു നശിച്ചഭാഗ്യം
പീനസ്തനിക്കെന്നു കഥിച്ചുഗൗളി.
ആനന്ദവാസ്സിന്നതിരിട്ടു പൂച്ച
ദീനസ്വനംപൂണ്ടു കരക്കെയോടി. ൭

ആക്കാമിനിക്കന്നു ശിവാരുതത്തേ-
ക്കേൾക്കായ് പരം ദുർവ്വിധിഗർജ്ജിതംപോൽ.
ശ്രീക്കാസ്പദം കങ്കണമൂരിവീണു.
പോക്കാനിടും ലക്ഷ്മികണക്കു മന്നിൽ. ൮

Digitized By Kerala Sahitya Akademi

ആതങ്കമോടിങ്ങനെ ദുർന്നിമിത്ത-
പ്രാതം കരിങ്കാറണിവേണികാൺകെ
ഹാ! തങ്കനേർമേനിയിലശ്രുവീഴ്ത്തി-
പ്പ്രേതം കണക്കുംച്ചൊടിയററിരുന്നാൾ. ൯

എന്തോ വരാൻപോവതു മേലിലെന്നായ്
ചിന്തോർമ്മിജാലത്തിൽ മനസ്സമുങ്ങി
തൻതോഴിമാരോടുരിയാടൽവിട്ടു
പന്തോടെതിർക്കും മുലയാളിരുന്നാൾ. ൧൦

ഹേ! തമ്പി! നിന്നെ ക്ഷിതികാത്തിടും നിൻ
താതൻ വിളിക്കുന്നു ജവത്തിലെന്നായ്
സ്വാതന്ത്ര്യമോടേകനണഞ്ഞു • കാല-
ദൂതൻ കണക്കോതിയടുത്തുചെന്നാൻ. ൧൧

പോ നീ വരാം ഞാൻ പിറകെ മുറയ്ക്കു-
ന്നാനീലലോലാളക ചൊന്നനേരം
ആനീതയാക്കുന്നതിനാജ്ഞയുണ്ടു-
ന്നാ നീണ്ടുദണ്ഡന്തിന ദൂതനോതി. ൧൨

വന്നോഫലം ദുശ്ശകുനവ്രജത്തി-
ന്നെന്നോർത്തു തീയിൽ തളിർപോലെ വാടി
പൊന്നോമലാളെങ്കിലിതാ വരുന്നേ-
നെന്നോതിയാദ്ദൂതനൊടൊത്തുപോയാൾ. ൧൩

സ്മേരാനനംപൂണ്ട പിതാവിനെക്ക-
ണ്ടാരാമ തൻ ദുശ്ശകുനങ്ങളെല്ലാം
ആരാലുണർത്തുന്നതിനോർത്തു ചെന്നാ-
ളാരാലുമേ ഭാവിയദൃശ്യമല്ലോ. ൧൪

തന്നാലയിൽ സ്വൈരമണഞ്ഞിടുമ്പോൾ
ചെന്നായെ നേരിട്ടിടുമാടുപോലെ
അന്നാരി മട്ടാലധരം വിറയ്ക്കും
മന്നാളുവോനെബ്ഭയമാർന്നു കണ്ടാൾ. ൧൫

Digitized By Kerala Sahitya Akademi

ആയംപെട്ടും കോളിൽ വിശാലമാകും
കായൽക്കകംപോലരിശത്തഴപ്പിൽ
ഭൂയസ്തരാം ഭൂപതി ദുർന്നിരീക്ഷ്യ-
ശ്രീയന്നു ഘോരത്വം വഹിച്ചിരുന്നു. ൧൬

മോടിക്കനേകം സുഗുണങ്ങൾ കൂട്ടം-
കൂടിക്കളിക്കുന്ന നൃപാശയത്തിൽ
ചാടിക്കടുംക്രോധമണഞ്ഞു പുഷ്പ-
വാടിക്കകം മത്തകരങ്ങൾപോലെ. ൧൭

വന്മാരിവിട്ടാലുമതിൻതണുപ്പു
പിന്മാറുകില്ലൂഴിയിലക്കണക്കേ
സന്മാന്യനാം മന്ത്രിയകന്നുമന്നാ
നന്മാനവൻതൻ ക്രുധ നീങ്ങിയില്ല. ൧൮

ചൊന്നാനവൻ നന്ദിനിയോടു: "കേൾക്ക
നിൻനാഥനാകുന്നതിനോർത്ത തമ്പാൻ
ഇന്നാളു തോവാള കടന്നിടുന്നു;
തൻനാശബീജം തദകൃത്യമാകും, ൧൯

കുന്നിങ്കൽനിന്നാറുകണക്കു കണ്ണിൽ-
നിന്നിത്ഥമെന്തശ്രു പതിച്ചിടുന്നു?
പൊന്നിൻപതക്കത്തെയെടുത്തു പൊട്ട-
ക്കുന്നിക്കുരുത്താലിയിലാരു കോർക്കും? ൨൦

പോകട്ടെ പു,ല്ലപ്പുരുഷൻ; നിനക്കു
ലോകത്തിൽ ഞാൻ കാന്തനെ വേറെ നൽകാം-
വാകപ്പുതുത്താരിനു കമ്മിയുള്ള
ശോകത്തിനല്ലാതെ സുഖത്തിനാമോ? ൨൧

മച്ഛക്തിയെന്തെന്നറിയാതെ ശുദ്ധ-
ഇച്ഛസ്വഭാവം തുടരൊല്ല കുഞ്ഞേ!
ഇച്ഛയ്ക്കു കൊല്ലുംകൊലയും നടത്താ-
മച്ഛന്നവൻ മന്നവനോർമ്മവേണം." ൨൨

Digitized By Kerala Sahitya Akademi

ഏവംകഥിച്ചൊട്ടു സമാശ്വസിച്ചാൻ
ഭൂവല്ലഭൻ ശോകമിറക്കുവാൻപോൽ;
സ്ത്രീവർഗ്ഗമൊത്തും പിളർമിന്നലേററ
പൂവല്ലിപോൽ വാടിനിലത്തുവീണാൾ. ൨൩

താപക്കൊടുംകാററടിയേററ കന്യാ-
ദീപത്തിനെത്തന്നുടെ മുന്നിൽനിന്നും
ഭൂപൻവെളിക്കാക്കി; കൃപാംബുവാകും
കോപക്കനൽക്കട്ടയിലംഘിതന്നെ. ൨൪

വ്യാധൻറബാണം ഹൃദയത്തിലേററു
ബോധംനശിക്കും ഹരിണിക്കു മുററം
സാധർമ്മ്യമാർന്നീടിന തയ്യലാളെ-
സ്സൌധത്തിൽവച്ചാളികൾ താങ്ങിവാങ്ങി. ൨൫

ശീതോപചാരം ചിരമേററനേരം
പ്രേതോപമാവസ്ഥയെ വിട്ടുനീങ്ങി
ശാതോദരീമുത്തെഴുന്നേററു മന്ത്രി-
ക്കേതോ പുരാപുണ്യമിരിക്കമൂലം. ൨൬

പിന്നീടമാത്യന്റെ പിണഞ്ഞൊരാപ-
ത്തന്നീലപത്മാക്ഷിയെശ്ശോകമാനം
ചൊന്നീടിനാരാളികൾ, വിശ്വസ്രഷ്ടേ!
നിൻനീട്ടൊരാൾക്കും നിരസിച്ചിടാമോ! ൨൭

എൻതോഴിമാരേ! ഹതയായി ഞാനെ-
ന്നെന്തോതിയാലും വിലപിച്ചു പാരിൽ
വെന്തോരു ഹൃത്തോടു പതിച്ചു പാവ-
മെന്തോന്നു ദൈവപ്പകയോടു കാട്ടാം? ൨൮

അന്നാടുവിട്ടീടുമമാത്യവര്യൻ
തൻ നാഥയെക്കാണ്മതിനക്ഷണത്തിൽ
മന്നാളുവോൻ കല്പനനൽകി മുന്നിൽ
വന്നാൻ; വിയോഗാർത്തിയസഹ്യമാകും. ൨൯

Digitized By Kerala Sahitya Akademi

ധീരത്വമേറീടിന മന്ത്രിവന്ന
നേരത്തു ലജ്ജാഖ്യയെയേകയാക്കി
ദൂരത്തു പിൻമാറിനതാംഗിയാളം തൻ
ചാരത്തെഴും മററു സഖീകദംബം. ൩൦

ഹൃത്തിൽ ക്കിടക്കും സുഖവിത്തമാകെ-
ക്കത്തിക്കവർന്നീടിന ദുഃഖചോരൻ
അത്തിഗ്മഭാസ്സോത്തൊരമാത്യനിൽ ഭീ-
മെത്തിക്കുരംഗാക്ഷിയെയപ്പോൾ വിട്ടോ? ൩൧

ശ്രീലാസ്യഭൂവാമബലാമണിക്കു
ചേലാർന്ന നേത്രങ്ങളിലശ്രുബിന്ദു
ആലംക്കിലുൾച്ചേർന്നിതു, മഞ്ഞുതുള്ളി
നീലാംബുജപത്രങ്ങളിലെന്നപോലെ. ൩൨

അത്തയ്യലാൾ തന്നതിനിസ്സമാകും
ഹൃത്തട്ടിലാഴിക്കുകമൂർമ്മിപോലെ
ഒന്നൊന്നടിച്ചോരു വികാരവായ്പിൻ
വൃത്താന്തം വെടിപ്പായ് മുഖഭാവമോതി. ൩൩

രണ്ടായിരംനാക്കു കഴുത്തിലുള്ള
തണ്ടാർമലാക്ഷന്റെ കിടക്കകൂടി
കണ്ടാൽക്കൊതിക്കുംപടി കണ്ണുകൊണ്ടു
രണ്ടാളുമന്തർഗ്ഗതമൊക്കെയോതി. ൩൪

നാവിൻപരാതിക്കിടനൽകിടാഞ്ഞാൻ
ധീ വിങ്ങിടും മന്ത്രി നിനച്ചുകൊണ്ടോ
ആ വിശ്വസമ്മോഹിനിയോടിവണ്ണ-
മാവിഗ്നഹൃത്തായുരചെയ്തു പിന്നെ? ൩൫

“ബാലേ! വധൂടീകുലമൌലിമുക്താ-
മാലേ! മനോജ്ഞാംഗി! മരാളയാനേ!
ബാലേന്ദുഫാലേ! വിധിവൈപരീത്യ-
ത്താലേതുകല്ലാലിലയാവതില്ല? ൩൬

Digitized By Kerala Sahitya Akademi

കൊററിനുപോക്കററു വടക്കുനിന്നു
തെററിത്തെററിച്ചെത്തിയൊരെന്നെ മേന്മേൽ
പോററി, ക്കലാശത്തിലിങ്ങേശനേവം
പററിച്ചപ, ററീശ്വര! രാമരാമ ൩൭

വയ്യാക്കമോർതാൻ; നൃപനുച്ചിവച്ചു
കയ്യാൽക്കഴിച്ചാനുദകപ്രദാനം!
അയ്യാംകുമെൻ ജീവിതവല്ലിയോടോ
കയ്യാങ്കളിക്കേററ വിപത്തടിത്തേ? ൩൮

(യുഗ്മകം)

നിഷ്കാരണം വഞ്ചിയിൽനിന്നുമെന്നെ
നിഷ്കാസനംചെയ്തു നൃപൻനിമിത്തം
ദുഷ്കാലദാവാഗ്നിയിലെന്നഭീഷ്ട-
ശുഷ്കാഗമത്തെ ചുടുചാമ്പലാ ൩൯

ചേലാളവോരെൻ പുകഴ്ചുവെട്ടു മേട
മേലാകവേ താർമഷി കോരിവീഴ്ത്തി
വേലാതിഗക്ഷേമസരിത്തു ദുഃഖ-
ഹാലാഹലാംഭോനിധിയാക്കി മന്നൻ. ൪൦

ആഴത്തിലെൻനെററിയിലററമെന്യേ
വീഴുക്ഷരം ഘോരവിരിഞ്ചനിപ്പോരും
പാഴററ പീയൂഷഘടം പിടങ്ങി-
ത്താഴത്തു തട്ടിച്ചിതറിക്കളഞ്ഞു. ൪൧

പോകട്ടെ സർവ്വസ്വമുണക്കപ്പുല്ലു!
നീ കൈക്കലായാൽ ജഗദീശ്വരൻ ഞാൻ;
ഹാ കഷ്ടമില്ലായ്കിൽ നിരർത്ഥമാകും
ലോകത്രയം നേടുകിലും ദരിദ്രൻ. ൪൨

ഹേ വഞ്ചിഭൂപാലകപുത്രി! നിന്നി-
ലേവം തഴയ്ക്കുന്ന മമാനുരാഗം
ദൈവം സഹിച്ചില്ല; ലഭിച്ചിടാത്തൊ-
രാവസ്തുവിൽ കാംക്ഷ വിപന്നിദാനം. ൪൩

Digitized By Kerala Sahitya Akademi

എന്തിന്നതെല്ലാം പറയുന്നു, തറവാ-
ട്ടിൽ ചിന്തിക്കിൽ നമ്മൾക്കു പെടുന്ന ബന്ധം,
പന്തിക്കിതെൻ പൂർവ്വജനസ്സിൽ നട്ട
വൻതിന്മയാം വിത്തിന കൊയ്ത്തുകാലം. ൩൪

വേകുന്നൊരുൾത്തട്ടൊടു നിന്നെ വിട്ടു-
പോകുന്നു ഞാനെങ്കിലുമോമലാളേ!
ചാകുന്നകാലത്തവരെ നിന്നഭിഖ്യ
ത്തുകുന്ന മേനിക്കതു പീഠമത്രേ." ൩൫

ഒട്ടിത്തരം പല്ലുകടിച്ചു വല്ല-
മട്ടിന്നുമോരോന്നവനോതിടുമ്പോൾ
വെട്ടിത്തുറന്നക്ഷിയിൽനിന്നു സേതു
പൊട്ടിക്കുമാററിൻപടി നീരുവാർന്നു. ൩൬

ഭീതങ്കുമുള്ളതൊട്ടു വർത്തമാനം
ഭൂതം ഭവിഷ്യത്തിവയോർത്തനേരം
മാതംഗയാനയ്ക്കുളവാം വികാര-
ഭൂതവ്രജം നാക്കുപിടിച്ചുതാഴ്ത്തി. ൩൭

ചൊന്നാൾ പണിപ്പെട്ടവൾ വല്ലപാടു-
"മെൻനാഥ! ഞാനന്യസഹായമറ്റോൾ,
എന്നാൽ സഹിപ്പാനരുതീവിയോഗ,
മെന്നാളുമുണ്ടോ? നിഴൽ വസ്തുവെന്യേ? ൩൮

ശ്രീരാമനെ ബ്ഭൂസുത, പാണ്ഡുപുത്ര-
ന്മാരാമിള്ളാനാഥരെ യാജ്ഞസേനി,
ധീരാഗ്ര്യനാകും നിഷധേശനെപ്പ-
ണ്ടാരാമ വൈദർഭിയുമെന്തു ചെയ്തു? ൩൯

ഞാനുമതു ഞാനും പ്രിയനെത്തുടർന്നു
പോമബ്ധിപാരത്തിലു, മില്ല വാദം;
ഓമൽക്കഴൽത്താർ പണിയുന്നൊരെന്നെ-
ദ്ധീമൻ! വെടിഞ്ഞാലതു ഘോരപാപം ൪൦

(തുടരും)

Digitized By Kerala Sahitya Akademi

പങ്കം പെടാത്തൊരു ഭവാനെയിട്ടു-
ശ്ശങ്കയ്ക്കുലാക്കാക്കി വലച്ചു താതൻ
തങ്കത്തിനെപ്പിച്ചളയായ് മതിച്ചു
തൻകണ്ണു താൻതന്നെ പൊട്ടിച്ചുവല്ലോ! ൧൧

മാതാവിനെകണ്ടറിവില്ലെനിക്കു,
ഹാ! താതനോ സാധു, തുണയ്ക്കു മന്നിൽ
ഏതാണൊരാൾ നാഥ! ഭവാൻ വെടിഞ്ഞാൽ?
ജേതാവു താൻ ദുർവ്വിധി, യെന്തു ചെയ്യാം? ൧൨

ആറേഴുപത്താകിൽ വയസ്സു നിന്നിൽ
ക്രൂരേതു തമ്പാൻ മുറിനൽകുമെന്നായ്
മാറോടു ചേർത്തന്നു പിതാവു കണ്ണീ-
രാറോടുമാറോതിയതേവമായോ? ൧൩

താരാഗണംതൊട്ടു ശശിക്കു താപം
തീരാൻ പദാർത്ഥങ്ങളനേകമുണ്ടാം;
ആരാവിശം നാഥ! കുമുദ്വതിക്കു-
മാരാണൊരുത്തൻ തുണ തിങ്കളെന്യേ? ൧൪

ധീയെന്നുമാർന്നോരവിടുന്നു ശുദ്ധ-
സ്ത്രീയെന്നു ചിന്തിക്കുക, തന്ത്യനുള്ളം
ഹ്രീയെന്നിയേ നൽകി, ലുടൻ നശിപ്പാ-
നീയെന്നെ ഞാൻതന്നെ ശപിച്ചിടുന്നു. ൧൫

കഞ്ഞോക്കിലിഞ്ഞാൻ, പുകഴിൻനിറത്താൽ
മഞ്ഞൊടെതിർക്കുന്ന ഭവാൻ വെടിഞ്ഞാൽ,
നെഞ്ഞൊടു തീച്ചെന്നു കഴിഞ്ഞു; പിന്നെ
നഞ്ഞോ തുണയ്ക്കാൻ കയറോ പയസ്സോ?" ൧൬

എന്നോതിയശ്രുപ്പുഴയിൽക്കുളിച്ചു
തന്നോമനപ്പൂങ്കുലതായുഗത്തെ
അന്നോഷധീശാനന മന്ത്രിതന്റെ
മുന്നോട്ടു ചായുന്ന കഴുത്തിലിട്ടു. ൧൭

Digitized By Kerala Sahitya Akademi

ത്തുക്കിന്നുമുൻപായ്പുലപാതകിക്കു
ലാക്കിന്നു കിട്ടുന്നൊരു സദൃശപോലെ
ഉഴക്കിന്നരങ്ങാം സചിവാഗ്രഗാമി-
ക്കാക്കന്യകാലിംഗനമന്നു തീർന്നു. ൧൮

ഒന്ന പുണർന്നുള്ള വധൂപുമാന്മാ-
രന്നരമന്യോന്യമനല്പരാഗം;
പിന്നേടമെന്തോകഥ, മാനസത്തിൽ
വന്നേറിടും മാലൊട്ടു മാറിനിന്നു. ൧൯

ശ്രുതിങ്ങുമാ മങ്കയൊടൊത്തു വഞ്ചി-
ഭൂതിട്ടമന്നാൾ വെടിവാൻ കഴിഞ്ഞും
ചെയ്കില്ലതൊന്നും ക്ഷിതിപാലമന്ത്രി;
നീതിജ്ഞർതൻ പദ്ധതിയേവമല്ലോ. ൨൦

പേരാന്ന മന്ത്രിക്കെഴുമുൾക്കളത്തിൽ-
പ്പൊരാടി രാഗത്തിനെ രാജഭക്തി
ആരാൽ ജയിക്കുന്നതുകണ്ടു പോവാ-
നാരാമ കണ്ണാലനുവാദമേകി. ൨൧

നില്ലാതനന്താന്തമമാത്യഭാസ്വാൻ
വല്ലാതെ കൈവിട്ടു ഗമിച്ചിടുമ്പോൾ
ഉല്ലാസമപ്പത്മിനിതൻ മുഖത്തി-
ന്നില്ലാതെയായ്ത്തീർന്നതിലെന്തു ചിത്രം? ൨൨

സ്നേഹം വഹിക്കാതെ നൃപാലകൻ ദു-
ർമ്മോഹത്തിനാൽ മന്ത്രിയെ നീക്കിയപ്പോൾ
ഹാഹന്ത! രാവിങ്കൽ വിളക്കുകെട്ട
ഗേഹം കണക്കായിതു വഞ്ചിരാജ്യം. ൨൩

ഏകാകിയായപ്പോം സചിവന്നു സാഹ്യ-
മേകാനൊരാളില്ല വഴിക്കതോർത്താ
വൈകാതെയത്തയ്യലകമ്പടിക്കു
ശോകാഢ്യമാം തൻഹൃദയത്തെ വിട്ടാൾ? ൨൪

Digitized By Kerala Sahitya Akademi

തള്ളിക്കടക്കും വധുവിന്റെ മേനി-
ക്കുള്ളിൽ സ്ഥലം നൽകിടുവാൻ നിനച്ചോ
പുള്ളിക്കുരംഗാക്ഷിയെ വിട്ടുപോമ-
പ്പുള്ളിക്കു നേത്രാംബു വെളിക്കുചാടി? ൯൫

ഏത്തിങ്കൽമേവും കമനിക്കു വായു-
വെത്തിച്ചു ജീവൻ നിലനിർത്തുവാനോ
അത്തിങ്ങിടും കീർത്തികലർന്നമന്ത്രി-
മുത്തിന്നു താപം നെടുവീർപ്പുവിട്ടു? ൯൬

അമ്മാന്യനാം മന്ത്രിയകത്തുകേററി-
യമ്മാറു വിട്ടും നിശ്വസിതം തദാനീം
കമ്മാളനൂതുന്നൊരു ലയുത്തുപോലെ-
യമ്മാനസത്തിൽ ചുടുതീവളർത്തി. ൯൭

ക്രൂരൊത്തു വേണ്ടുംപടി ബാഷ്പവൃഷ്ടി
മാറത്തു നേത്രാബ്ജയുഗം പൊഴിച്ചും
ആറിത്തുടങ്ങീലകമെന്നു ചൂടു
പേറിത്തഴയ്ക്കും നെടുവീർപ്പുരച്ചു. ൯൮

വേകുന്നൊരുള്ളാന്ന ശിവനെയൊടസ്സു-
ലാകുന്നവഞ്ചിക്ഷിതി വിട്ടുദൂരെ
പോകുന്ന മന്ത്രിക്കഴലോടു പൌര-
രേകുന്നൊരാശിസ്സുകളും കൂടെയെത്തി. ൯൯

ഭീമാഗ്ര്യരാം കിങ്കരരാരപേര-
സ്സാമാന്യനല്ലാത്ത പുമാനെ മററം
കാമാദിഷൾക്കം മലഹീനമാകു-
മാമാനസത്തെപ്പടി പിൻതുടൎന്നു. ൱

സന്മന്ത്രിയെത്തെല്ലുമറിഞ്ഞിടാതാ
വന്മർത്ത്യർ തോവാളകടത്തിവിട്ടാർ,
തിന്മയ്ക്കു ഭവാസനമുൾക്കുവോർ മു-
ജ്ജന്മത്തിലെപ്പുണ്യഫലത്തിനെപ്പോൽ. ൱൧

Digitized By Kerala Sahitya Akademi

തഷ്ടം നിലങ്ങൾക്കു കറ, ച്ചനല്ലോൽ-
കഷ്ടം നിചോളപ്രകരത്തിനേകി,
ഹഷ്ടം കൃഷിക്കാക്കെഴുമ വന്മതി,
വഷത്തുവും വന്ധ്യയിൽ വന്നിതപ്പോൾ. ൨൨

ലോകംവിറയ്ക്കുംപടി ഘോഷയാത്ര
ഹാ കഷ്ടമേ! ചണ്ഡമരുത്തു ചെയ്തു;
കൈകണ്ടപോലാശ്രുഗബാധ മേന്തി-
ക്കാകമ്പമേവക്ഷ്മിയററുമല്ലോ. ൨൩

മങ്ങാതമാനത്തൊടു കാമനാം തൻ-
ചങ്ങാതിയെത്താണുവണങ്ങിടാത്തോർ
എങ്ങാനുമുണ്ടെങ്കിൽ വരട്ടെയെന്നാ-
യങ്ങാത്തു മന്നൊക്കെ നടന്നു വായു. ൨൪

നീരൊത്തവാതം തണുവിൽക്കടന്നാൽ
തീരെത്തരംപോര സുഖത്തിനെന്നായ്
പാരിൽത്തുലോം മാനുഷരൊത്തതേറെ-
ദ്ദൂരത്തിൽനിൽക്കുംപടി വാതൽപൂട്ടി. ൨൫

ആശാവകാശങ്ങളിലൂക്കനന്താ-
ധീശാഗ്ര്യനാദിത്യനു നീങ്ങിയപ്പോൾ
ഹാ! ശാശ്വതഖ്യാതിലഭിച്ച വമ്പു
പേശാൻ വെറും കമ്പിളിയും മുതിൎന്നു. ൨൬

പാരാണ്ടചണ്ഡാനിലശൈത്യമേകം
ഘോരാത്തിനീങ്ങിസ്സുഖമാളുവാനോ
നേരായ്ക്കുനംവാച്ച മുകില്പുതപ്പാൽ
പാരാതെ വാനും തൻവാകെ മൂടി? ൨൭

ഭൂവിന്നധീശൻെറയകീത്തിപുഞ്ജ-
മാവിണ്ണിലും വാച്ചു പരക്കകൊണ്ടോ
ദ്യോവിങ്കലെങ്ങും നിലവിട്ടു നീല-
ശ്രീവിങ്ങി,യാരോ കരിതേച്ചപോലെ? ൨൮

Digitized By Kerala Sahitya Akademi

മന്നന്റെ നന്മാളികയാം ചുരുട്ടു
മുന്നം വലിച്ചഗ്നി വമിച്ച ധൂമം
അന്നന്തരിക്ഷത്തിൽ നിറഞ്ഞുകാണായ്
കന്നൽക്കരിങ്കാർകപടത്തിനാലെ. ൯൯

മിന്നൽപ്പിണർപ്പൊന്നണിമാലപൂണ്ട-
മെന്നല്ലഘോര സജ്ജഘനനാഢ്യയായും
അന്നത്രയം തീർത്തിതു നീലകണ്ഠ-
ഖിന്നത്വമാം ദ്ര്യംവഗപംക്തിപോലെ. ൱

സംരംഭത്തോടും ശത്രുത്വപൂർണ്ണ ചക്രി
ഖേരത്തിൽ തെട്ടുന്നതു നോക്കിനോക്കി
വാരംവിനാ കേകി വഹിച്ചു മേഘ-
നാദപ്രിയത്വം ദശകണ്ഠനൊപ്പം. ൱൧

വായുംപിളന്നംബരസാഗരത്തിൽ-
പ്പായുന്ന കാളാബ്ദതിമിംഗലത്തിൽ
മീയുറവ നിർത്ത്യോഡുപകേളിവിട്ടു
പോയുള്ളിൽ മാലേന്തിന കാലദാശൻ. ൱൨

ഭൂമിക്കതാപം ഘൃണവിട്ടണച്ചോ-
രാമിത്രനെ ക്രോധഹുതാശനങ്കൽ
ഹോമിക്കുവാൻ കാറുകൾ വാനിലെങ്ങും
ത്തൂമിന്നലാം ചൂട്ടുപിടിച്ചു നോക്കി. ൱൩

ദ്യോവാകെയാദിത്യനെഴാതെ മിന്നൽ-
ക്കൈവാളുമന്നിന്ദ്രധനുസ്സമേന്തി
ആവാരിദശ്രേണിയുറക്കെ, യക്ക!
വാവാപടയ്ക്കെന്നിടിയാൽ വിളിച്ചു. ൱൪

ഇണ്ടൽപ്പെട്ടുത്തും സ്തനിതാട്ടഹാസം
പൂണ്ടത്തടിദ്ദംഷ്ട്രകൾ കാട്ടി, യാരും
രണ്ടക്ഷിയും കാണുമടയ്ക്കുമാറു
കൊണ്ടൽക്കരിങ്കാളികൾ പാഞ്ഞുവാനിൽ. ൱൫

Digitized By Kerala Sahitya Akademi

വ്യോമപ്പെരുമ്പാറയിൽ വാരിദേഭ-
സ്തോമം മദത്താൽ കൊലകൊമ്പുരക്കേ
കാമം തെറിച്ചുഴിയിൽ വന്നുവീഴും
ഭീമസ്ഫുലിംഗപ്പടി മിന്നൽ മിന്നി. ൮൬

സാമർത്ഥ്യമേറും ജലദം മിത്രേശ-
സോമഗ്രഹോഡുക്കളെ വാനിൽ നിന്നും
കാമം പറപ്പിച്ചിതു, മന്നിൽ നിന്നു
രാമൻ പുരാ ബാഹുജരെക്കണക്കെ. ൮൭

വക്രത്വമാണ്ടും, സ്വഗുണം വെടിഞ്ഞും,
തക്കത്തിൽ നാനാവിധവണ്ണമാർന്നും,
പാർക്കിൽ ഭൂലോകമിക്കലികാലമർത്ത്യ-
ന്മാർക്കൊത്തുകാണായ് മഴവില്ലുവാനിൽ. ൮൮

നന്നായിടിബ്ഭേരി മുഴക്കി മിന്ന-
ലെന്നാഖ്യയാം ദീപികയും കൊളുത്തി
സന്നാഹമോടും ജയയാത്ര വാനി-
ലന്നാരംഭിച്ചുടന്നാർ ഭുവനം ഭരിപ്പോർ. ൮൯

ആമട്ടുപോകും ഘനസാർവ്വഭൗമ-
സ്തോമത്തിനാത്മപ്രഭുഭക്തി കാട്ടാൻ
വ്യോമത്തിൽ വർഷർത്തു ചമച്ചൊരാർക്കായ്
ശ്രീമത്തമേറും മഴവില്ലുതോന്നി. ൯൦

നീലം നിറംമങ്ങി നശിച്ചുപോക-
ന്മൂലം കറുപ്പേറിടുമംബരത്തെ
വെയ്ലററ വർഷാരജകാംഗനായ്ക്കാ-
ക്കാലത്തലക്കാൻ കഴിവായതില്ല. ൯൧

ഹാ! ദംഭമില്ലാതെ രജസ്സിണങ്ങി-
സ്സാദം ഭവിച്ചോരു ധരിത്രിയാളെ
ശ്രീദം കഴിപ്പിച്ചു ജലാഭിഷേകം
കാദംബിനിത്തോഴികൾ ശുദ്ധിചെയ്പ്പാൻ. ൯൨

Digitized By Kerala Sahitya Akademi

മീനക്കു വേണ്ടും രസമേകിടാഞ്ഞാൽ
മാനത്തിൽ നൽജീവനമെന്തിനെന്നായ്
ആ നല്ല മേഘങ്ങൾ നിനച്ചുതന്നെ
നൂനം തദാ ചാതകതൃപ്തിനൽകി. ൯൩

കൂട്ടാക്കിടാതാജി തുടന്നു കൊണ്ടൽ-
ക്കാട്ടാന ഒണ്ടിന്റെ ശിരസ്സിൽ നിന്നും
തച്ചിട്ടാൻ താഴെച്ചിതറുന്ന മുത്തിൻ-
മട്ടായി മണ്ണിൽ കരകങ്ങൾ വീണു. ൯൪

ഊരക്കൊത്ത ഭൂപന്റെ കൊട്ടും കൃപാണം
സൽക്കീർത്തിപുഞ്ജം വിളയിച്ചിടുംപോൽ
ലാക്കിൽത്തുലോം കാർഷ്ണ്യമെഴും ഘനങ്ങ-
ളൊക്കെത്തദാ ശുഭ്രപയസ്സുപെയ്തു. ൯൫

ഹാ കഷ്ടമേ! നമ്മുടെ നാടുകാക്കാൻ
പാകത്തിലാരുള്ളതു മേലിലെന്നായ്
നാകസ്ഥരാം വഞ്ചിധരേശരശ്രു
ശോകത്തൊടും വർഷമിഷാൽ പൊഴിച്ചോ? ൯൬

ശ്രേയസ്കരാം നീരസയായ് ഭവിച്ചാൽ
ജായയ്ക്കു പൊയ്പ്പോം രസയെന്ന നാമം'
ശ്രീയമ്പുമാൻവിഷ്ണുവിവർണ്ണമോർത്തു
തോയം പൊഴിച്ചോ സ്വപദത്തിൽ നിന്നും? ൯൭

ഭേകങ്ങൾ ക്രുകിക്കുകവീന്ദ്രർപോലെ
ലോകത്തിനെല്ലാം ശ്രുതിശല്യമേകി;
പാകത്തിലാരും നദിയെസ്സുസാധ്വീ-
ശോകസ്തനിക്കൊപ്പമടുത്തതില്ല. ൯൮

ധാരാധരേശദ്വിപദാനവാരി
ധാരാളമെങ്ങും പ്രസരിക്കമൂലം
പാരായതിൽ ഭോജ്ജ്നിതന്നനാൾക്കു
നേരായ് വിളങ്ങി സുമനസ്സമൂഹം. ൯൯

Digitized By Kerala Sahitya Akademi

ചാരുതചേരുമെന്നോരു ജാതിതൻെറ
പേരൊത്തപുഷ്പപോൽഗമവേലയിങ്കൽ
ചാരത്തുതേന്മാവിലെഴും ശുകസ്ത്രീ-
വാരത്തിൽനിന്നുത്തമഗീതിപൊങ്ങി. ൧൦൦

വാക്കന്നനീരൊന്ന് വിയുക്തയാമാ-
മയ്ക്കണ്ണിയാംതൻ മിഴിയെന്നപോലെ
മൂകമന്നവഷ്ടത്തൊടിരുട്ടു ചുററും
വായ്ക്കുന്നതാം യാമിനി ദീർഘമായി. ൧൦൧

നല്ലാക്ക് വായ്ക്കുന്ന പയോധരങ്ങൾ
വല്ലാതെ കണ്ടാർത്തിയെഴും യുവാക്കളെ
നല്ലാക്കുവായ്ക്കുന്ന പയോധരങ്ങം
ഉല്ലാതെകണ്ടില്ല സഹായമൊന്നും. ൧൦൨

കാന്താനനേന്ദുസ്മിതചന്ദ്രരോസ്സിൽ
നീന്താത്തദ്ദൃക് ചഞ്ചുപുടങ്ങളോടും
ഹന്താധിതം ഭ്രംശസുതാചകോരി
സന്താപമന്നാളകതാരിലേന്തി. ൧൦൩

കോപത്തൊടഭ്രങ്ങൾ പൊഴിച്ച തോയ-
രോപങ്ങളേല്ലാൻ പണിയാകമൂലം
താപപ്രജം മന്നിനകം വെടിഞ്ഞു
ഭൂപൻെറ പുത്രിക്കകമേ കടന്നോ? ൧൦൪

ലോകാന്തരത്തിൽപ്പെട്ടവോക്കുക്രൂടി-
കൈകാൽവിറയ്ക്കുന്ന മഴത്തിനത്തിൽ
വൈകാതെ യാഞ്ചാലികതൻ മനസ്സിൽ-
ത്തീകായുവാൻതന്നെ കടന്നു കാമൻ. ൧൦൫

ധ്വാന്തംനിമിത്തം വഴിതെററുപററി-
ക്ലാന്തതചാവുംക്കൊണ്ടു ഹേതുവാലോ
താൻതന്നെകേഴന്നളവിൽത്തുണയ്ക്കാൻ
കാന്തയ്ക്കു നിദ്രാസഖി വന്നതില്ല? ൧൦൬

Digitized By Kerala Sahitya Akademi

പെണ്ണാകമസ്സാധു നിമേഷമൊന്നു
വിണ്ണാളുവോർതൻ ശതവർഷമെന്നായ്
എണ്ണാൻതുടന്നാൾ; പരമെന്തു ഭൃത-
ക്കണ്ണാളിയോ മന്നിൽ വിയോഗദുഃഖം? ൧൦൭

പ്രാണങ്ങളാം തമ്പിയെ വിട്ടമൂലം
ഞാണററവില്ലിൻെറ ശരിപ്പകപ്പായ്
ക്ഷീണപ്രഭാവൻ സമീവപ്രധാനൻ
കേണങ്ങമിങ്ങാം നഷ്ടചേഷ്ടകയായി ൧൦൮

ധാരാളമോരോവിധമുൾക്കമാലിൽ
മാരാർത്തി ക്രന്നിൽക്കരുതുവന്നപോലെ
പാരാതെ പൊങ്ങമ്പൊഴുമാത്യനാന്ന
ഘോരാകുലത്വം പറയാവതല്ല. ൧൦൯

മേനിക്കമുള്ളിന്നുമമന്ദദുഃഖ-
ഹാനിക്ക വേരായ മഹേന്ദ്രശൈലം
വാനിൽക്കതിക്കും ശിഖരത്തൊടാരും
മാനിക്കമാറായവനന്നുകാണായ്. ൧൧൦

ഒത്താനവൻ "തന്നമിതിങ്കലല്ലോ
പാർത്താധിപോക്കുന്നതു മാമുനീന്ദ്രർ;
ആത്തരവനംചെയ്യുമിളാഭ്രദഗ്ദ്ധൻ
പേർത്താശ്രയിപ്പാനഖിലക്ഷമഹൻ." ൧൧൧

വായ്ക്കുംരസത്താൽത്തൊഴവോർക്കഭീഷ്ടം
കായ്ക്കുന്നസത്താം ഹരിചന്ദനത്തെ
പോയ്ക്കമ്പിടാനായ് മണിസാനുവൊക്ക-
മാക്കംബിനീഭൃത്തിലണഞ്ഞു തമ്പാൻ. ൧൧൨

തീരാതെവാഴ്വോരസമാധിതീപ്പാ-
നാരാൽ സമാധിപ്രിയനായമാത്യൻ
പോരാളമാ മാമലമേൽ വസിച്ചു;
ധീരാഗ്രഗക്കെന്തു വിപദ്വിഷാദം? ൧൧൩

Digitized By Kerala Sahitya Akademi

ആമട്ടവൻ വാഴ്ചയുളവെത്തി കീർത്തി-
സ്തോമംപെടും ഗ്ഗുണമഹർഷിയേകൻ,
ഈ മന്നിൽ നാം സേവിയറെന്നു ചൊല്ലും
കേമന്റെ ശിഷ്യാഗ്രിമശിഷ്യശിഷ്യൻ; ൧൪

അടവിൽ സാത്വികഗ്ഗുണമോ,
സ്ഫുടമാം പാശ്ചാത്യകീർത്തിസമ്പത്തോ,
ഉടലാർന്നപോലെ ശുദ്ധത
തടവും മെയ്പൂണ്ട ജെസ്യുവിററ് സിദ്ധൻ. ൧൫
(യുഗ്മകം)

ചേതസ്സിനുള്ള വിമലത്വമകംനിറഞ്ഞു
ചൈതന്യമുററ വെളിയിൽപ്പടരുന്നപോലെ
ശ്രീതങ്കിടും സ്ഫടികവും തൊഴവോരവർതൻ
പൂതത്വമാളുമുടൽ കാണ്മതു പുഷ്പപുണ്യം. ൧൬

പാലാഴിയിൽ പരിണതേന്ദു ശരത്തിലംശു-
മാലാകലാപമണിയിപ്പുളവെന്നപോലെ
ചേലാർന്ന മന്ദഹസിതം നിജമാം വളർക്ഷാ-
ശ്രീലംസ്യഭ്രുതനുവിൽ വെങ്കളിയിട്ടിടുന്നു. ൧൭

ആരാന്മഹേന്ദ്രഗിരിമേൽ പ്രശമസന്നിധാന-
മാരാഞ്ഞണഞ്ഞിടുമൊരഭ്രമുകാന്തനെന്നോ;
പാരാളുമീശന്റെ നന്മകൾ വാഴ്ത്തിവാനിൽ-
പ്പാരാതെപോകുമൊരു പത്മജപുത്രനെന്നോ; ൧൮

തന്നിഷ്ടപോലെ നയനത്തിനു ശൈത്യമേകും
കന്നിച്ചിടുന്ന ഘനസാരവിശേഷമെന്നോ;
ഉന്നിദ്രമാം പരിമളം ദിവസാത്യയത്തിൽ
മന്നിൽപ്പരത്തുമൊരു പിച്ചകമാല്യമെന്നോ; ൧൯

നാളത്തിൽനിന്നുവിടരും സിതപത്മമെന്നോ;
മേളത്തിൽമീട്ടിടുമൊരോമനവീണയെന്നോ;
ക്ഷോഭംകെടുത്തു വിളുവിൻ വരവാഘമെന്നോ;
കോളുററമിന്നുമതല്ലാന്തികസിന്ധുവെന്നോ; ൨൦

Digitized By Kerala Sahitya Akademi

ഏനസ്സമിക്കുടയ ദിവ്യകുഠാരമെന്നോ;
ദീനപ്രജത്തിനിയലും നിധികുംഭമെന്നോ;
ആനന്ദവാരിനിറയുന്ന തടാകമെന്നോ;
വാനത്തു മർത്ത്യനണവാനൊരു കോണിയെന്നോ; ൧൨൧

ഓരും വിതർക്കമിയലുന്നൊരവന്റെ പുണ്യ-
ചാരുത്വമാർന്ന തനു കണ്ടു തെളിഞ്ഞു തമ്പാൻ
ചേരുന്ന മൈത്രിയൊടു തന്നുടെ പേരുമെന്ന-
ല്ലൂരും കഴിഞ്ഞ കഥയും മുഴുവൻ കഥിച്ചു. ൧൨൨.

(കുളകം)

ആജാനപാവനനപാരകൃപാസരസ്വാ-
നാജാനുബാഹുയുഗനദ്ഭുതചാരുവൃത്തൻ
രാജാർച്ചിതാംഘ്രി മുനിയും നിജമാം ചരിത്രം
പൂജാർഹനാം സചിവനോടുരചെയ്തു സർവ്വം. ൧൨൩

വൈകല്യമററിരുവരും ദൃഢസഖ്യമൊന്നു
പാകത്തിലന്നവിടെവെച്ചു മുറയ്ക്കുചെയ്തു;
ശോകം ശമിപ്പതിനു പണ്ടൊരു കാലമൃശ്യ-
മൂകത്തിൽ വച്ചിനജരാഘവരെന്നപോലെ. ൧൨൪

ധീയിൽപ്പെരുത്തുയരെനില്പമമാത നൊട്ട-
സ്സായിപ്പുമായ് സുദൃഢമൈത്രി ലഭിച്ചനേരം
ഹ്രീയിൽപ്പുരുങ്ങിവലയാതെയരാതിഹാന-
ക്കാംക്ഷിപ്പതുക്കെയവനൊത്തവിടം വെടിഞ്ഞു. ൧൨൫

മൂന്നാം സർഗ്ഗം സമാപ്തം.

—:o:—

## നാലാം സർഗ്ഗം.

അന്നിമ്മട്ടാമന്ത്രിപോകെ പ്രമോദം
കന്നിക്കും ഹൃത്താർന്നമാവാസ്യരാവിൽ
ഒന്നിച്ചഷ്ടാഗാരർ ചേർന്നാർ, ശ്മശാനം-
തന്നിൽ ഭൂതശ്രേണിപോൽ, ഗോഷ്ഠിയിങ്കൽ. ൧

Digitized By Kerala Sahitya Akademi

ആരാവിങ്കൽക്കൊണ്ടൽതൻപങ്ക്തി വാനം
സ്ഫാരാടോപം ഫേരവശ്രേണി പാരം
ആരാവത്താൽ പൂർണ്ണമാക്കിച്ചമച്ചു
പാരാവാരം വൻതരംഗവ്രജംപോൽ. ൧

വൻദർപ്പത്താലിന്ദുഹര്യക്ഷഭീവി,-
ട്ടുന്നബ്ധ്യപാന്തേഭയൂഥം ചരിച്ചു;
കന്ദർപ്പച്ചൂടേററ വേശ്യാഗണംപോൽ
മിന്നൽക്കൂട്ടം പാഞ്ഞു തെക്കും വടക്കും. ൨

ആരാവിൻവീടെത്തുവാൻ ധ്വാന്തഭീയാൽ
താരാനാഥൻ റാന്തൽകത്തിച്ചിടുമ്പോൾ
ആരാൽക്കാററിൽക്കെട്ട ദീപക്കാലിനേററം
നേരായ്ക്കൂടെക്കൂടെ വിദ്യുത്തു മിന്നി. ൩

പാരാവാരംപോലെ വാച്ചും തമസ്സിൻ
ഘോരാകാരംകണ്ട നക്ഷത്രവൃന്ദം
ആരാൽപ്പേടിച്ചക്ഷിമൂടിത്തുറക്കെ-
ന്നോരാമട്ടിൽക്കത്തി വിദ്യുത്തു മേന്മേൽ. ൪

ആലസ്യംപൂണ്ടവരും നിദ്രയാകും
ജാലക്കാരിക്കുള്ള കൺകെട്ടിലായി;
നീലക്കൊണ്ടൽസ്സൂർജ്ജിതത്തിൻകണക്ക-
ക്കാലം ഭേകം സിംഹനാദം മുഴക്കി. ൫

തീയുംതോൽക്കും കണ്ണുരുട്ടിജ്ജഗത്തിൽ
ഭീയുണ്ടാക്കിക്കൂക്കിയാർത്തങ്ങുമിങ്ങും
പായും ഭൂതം യക്ഷി രക്ഷസ്സുമാടൻ
പേയും നാരികൾക്കുള്ള ഗർഭംകലക്കി. ൬

കന്നക്കോലും ക[illegible]ിയും കയ്യിലേന്തി-
കന്നൽക്കണ്ണാൾക്കുള്ള കാതും കഴുത്തും
മന്ദം ദസ്യുശ്രേഷ്ഠർ ശൂന്യപ്പെടുത്താൻ
സന്നദ്ധതാംപൂണ്ടു ലാത്തിത്തുടങ്ങി. ൭

Digitized By Kerala Sahitya Akademi

കാമം മാവിൻ പട്ടകൊമ്പിൽ കരേറി-
ക്കൂമൻ ധ്വാന്തത്തിന്റെ വൈതാളികൻപോൽ
കേമത്തംപൂണ്ടാർത്തു പാടുന്നതാക്കും
രോമംതോറും രോമഹർഷത്തെ നൽകി. ൯

ചൊല്ലാനെന്തോന്നുള്ളു? നാട്ടിന്നു രാജാ-
വില്ലാതായാലപ്പൊഴുണ്ടാം കലാപം
എല്ലാം മന്നിൽക്കണ്ടു; സാധുക്കളെങ്ങും
ചെല്ലാൻ ഭീയാൽ വീട്ടിലുൾപ്പുക്കൊളിച്ചു. ൧൦

ഏവം വായ്ക്കും ഘോരമാമർദ്ധരാത്രം
ഭീ വല്ലോർക്കും ഭൂവിൽ നൽകാതിരുന്നാൽ
ആവമ്പന്മാർ, കട്ടി മെയ്ക്കും കരൾക്കും
കൈവന്നോരിയെട്ടുപേർ മാത്രമത്രേ. ൧൧

ഏട്ടാളെന്യേ പോയതില്ലശ്ശ്രവസ്സിൽ
പെട്ടാൽക്കൂടിപ്പേടിതോന്നും സദസ്സിൽ.
മുട്ടാളന്മാർ ബാഹ്യമാംവൻതമസ്സും-
തച്ചിട്ടാന്നീടും പൊൻവിളക്കാലകററി. ൧൨

ഭൂനാഥൻതൻ മേട ഭക്ഷിക്കമൂലം
മാനാതീതപ്രത്യയം വായ്ക്കുകൊണ്ടോ
ആനാലാശയ്ക്കാധിനൽകും പുമാന്മാ-
ർന്നാപേതം വഹ്നിയെക്കൂടെ നിർത്തി? ൧൩

ഉൾക്കിന്നേററം ചാഞ്ചലത്വം ഭവിക്കും
പുള്ളിക്കാരെത്തെല്ലു വിശ്വസ്തരാക്കാൻ
കൊള്ളില്ലെന്നോ ദുഷ്ടരോർത്താസ്സുഗത്തെ-
ത്തള്ളിക്ഷിപ്രം വാതിലൂക്കോടടച്ചു? ൧൪

കീലാലത്തിൽ പ്രത്യഹം മുങ്ങിയാലും
വേലാതീതം പങ്കമാളും കൃപാണം
കാലാഹീന്ദ്രക്രൂരമാഹസ്ഥരശ്ശുവാന്മാർ
സ്ഥൂലാഹ്ലാദം കൈയിൽ മിന്നിച്ചിരുന്നു. ൧൫

Digitized By Kerala Sahitya Akademi

കല്ലാംമാറിൽക്കല്ലനേകം ധരിച്ചാ
വല്ലായ്മക്കാർ യുദ്ധസന്നദ്ധരായി
പല്ലായ് മന്നിൽ ജീവനെക്കണ്ടു മെന്മേ-
ലല്ലാസംപൂൎണ്ണമസ്സമാജത്തിൽവാണു. ൧൬

ധീരന്മാൎക്കന്നക്കഴയ് ക്രൂട്ടമാളും
വീരൻ നേതാവെത്തിയദ്ധ്യക്ഷനായി
ഘോരം കല്പാന്താബ്ദനിൎഘോഷമിത്ഥം-
കാരം വാക്യം സ്നിഗ്ദ്ധഗംഭീരമോതി. ൧൭

ഒകേട്ടാലും ഞാൻചൊൽവു, താരെക്ഷണം നാം
കൂട്ടാക്കേണം? ദൈവവും സാരമില്ല.
നാട്ടാരെന്തും കാട്ടിനോക്കട്ടെ; കാട്ടിൻ
പാട്ടാളിക്കോ ജംബുകത്രാസമുള്ളൂ? ൧൮

പോരുസ്സോയല്ലോ! ഹന്ത! മെയ്യൂക്കം മതിക്കും
കെല്പോക്കും ദുൎമ്മന്ത്രി; മറ്റെന്തുവേണം?
ഇപ്പോഴെന്തും നോക്കു കാട്ടാം; വിരിഞ്ചൻ
വമ്പോന്നായുണ്ടെന്നമട്ടാരെതിൎക്കും? ൧൯

കാറോടൊക്കും ഘോരസൈന്യങ്ങൾ പത്തോ
നൂറോ ക്രുദ്ധിക്കൊൾകിലും പുല്ലുപോലെ
വീറോടെല്ലാം വെന്നിടും വീരനീയെൻ
വാറോലക്കിറിന്നു തീനായതില്ലേ? ൨൦

രാമാസ്ത്രത്താൽ വാനിൽനിന്നാൎത്തിപൂണ്ടോ-
രാ മാരീചൻ വാൎദ്ധിമേൽ വീണപോലെ
ധീമാനാമെൻ കൌശലത്താലമാത്യൻ
ഭൂമാവെന്ന്യേ പാഞ്ഞുപോയ്പ്പാറിയില്ലേ? ൨൧

ചൊല്ലേറും മൽസ്സൂത്രമേകം നിമിത്തം
കല്ലേറൊന്നാൽ മാങ്ങ രണ്ടെന്നപോലെ
കില്ലേശിടാതുൎവ്വരേശൻ പോയ്പോ-
യില്ലേ ധൎമ്മ്യോത്തംസവും മന്ത്രിമുഖ്യും? ൨൨

Digitized By Kerala Sahitya Akademi

പേർത്തമ്പമ്പോ! പാർത്ഥരെക്കാട്ടിലാക്കാ-
നോർത്തദ്ഭുതം സൌബലൻ ചെയ്തപോലെ
മൂർത്തം ശൌര്യംപോലെഴും മന്ത്രിതന്നെ-
ച്ചൂർത്തല്ലീഞാൻ കൌശലം ചെയ്തകററി. ൧൩

ഏതായാലും വഞ്ചിനിധ്യന്തികത്തിൽ
ഭൂതാപത്തില്ലെന്നു തോന്നുന്നു മേലിൽ;
ജാതാമോദം നോക്കു കൈകൊട്ടിയാക്കാം;
ജേതാക്കന്മാർ തിട്ടമീയെട്ടുവീടർ. ൧൪

കാററുള്ളപ്പോൾത്തൂററിടുന്നോനെയല്ലോ
മുററം ലക്ഷ്മീദേവി മാനിപ്പതെങ്ങം;
പററുന്നേരംപാർത്തു പററിച്ചിടാഞ്ഞാൽ
തെററും പിന്നെത്തായമെന്നാപ്തവാക്യം. ൧൫

കോളില്ലാത്തോരത്തരം നോക്കിവേണം
മേളിച്ചീടും കായലിൽ തോണിവയ്പാൻ;
കേളിക്കെന്നും കേളിഗേഹങ്ങളാം നാം
വാളിന്നിപ്പോൾ വിശ്രമം നല്കിടൊല്ല. ൧൬

ബാലന്നായിച്ചെട്ടി കാശെന്നപോൽ നൽ-
ക്കാലം സ്വല്പം മർത്ത്യനേകുന്നു ദൈവം;
ആലസ്യംവിട്ടപ്പൊഴാളും ശ്രമംതാൻ
മൂലം പിന്നീടുള്ള സമ്പത്തിനെല്ലാം. ൧൭

വാണിജ്യംചെയ്തത്ര ലാഭംവരുത്താ-
നാണിക്കാശെന്നോർത്തുവർത്തിച്ചിടാഞ്ഞാൽ
കോണിൽത്തള്ളും ചെട്ടിയാർ പുത്രനേയും;
ക്ഷോണിത്തട്ടിൽ വിഷ്ണുവും തിട്ടമേവം. ൧൮

ഉന്നശ്രീസഞ്ചിതം വഞ്ചിരാജ്യം;
മന്നൻ പേർത്തും ദുർബലൻ ഭീരു ശുദ്ധാൻ;
കന്നൽക്കണ്ണാൾക്കുള്ളതാരോഗ്യം ശ്രേഷ്ഠമൈശ്വര്യം
ഖിന്നം പ്രേയാൻ കഷ്ടരോഗാർത്തനായാൽ. ൧൯

Digitized By Kerala Sahitya Akademi

ചാട്ടക്കാരൻ ഒസ്സുമുണ്ടോ ധരിപ്പൂ?
മൊട്ടശ്ശീഷം മാറച്ചൂടുന്നതുണ്ടോ?
പൊട്ടുന്നുണ്ടോ ചാട്ടകേട്ടാൽ വികാരം?
പൊട്ടച്ചട്ടിക്കാരു പൊൻപൂച്ചിടുന്നു? ൩൦

ചോരും വസ്ത്രച്ഛന്ദ്രമല്ലാതെ മന്നിൽ-
ച്ചേരുന്നേരം ശോഭമത്യന്തമുണ്ടാം;
ഭൂരുട്ടെന്ന്യേ പാറമേരുന്ന മല്ലീ-
വീരുത്തുണ്ടോ വാസ്സപ്പൂക്കുന്ന തെല്ലും? ൩൧

എല്ലാംകൊണ്ടും നൂനമിബ്ഭൂമിപാലൻ
കൊല്ലാൻതക്കോൻതന്നെ സന്ദേഹമില്ല;
നല്ലാളാരും വേൾക്കുവാൻ വന്നിടാഞ്ഞാൽ
നല്ലാക്കുണ്ടോ കന്യകാഭാവദുഃഖം? ൩൨

കല്ലോ നീരോ രണ്ടിലൊന്നെന്നുവച്ചും-
ങ്ങല്ലോ നാമീവേല കൈയേററതാദ്യം;
കല്ലോടിപ്പോൾ: രണ്ടുമേട്ടിന്നു വെള്ളം,
കില്ലാതാനി,ല്ലിങ്ങു കാണാറുമായി. ൩൩

ഇപ്പോളത്തുമ്പയ്ക്കൊരു താരാട്ടുപാടാൻ
നില്ലേൻ? നൂലിൽക്കോർത്ത പത്താക്കളുക്കി
വല്ലോളുണ്ടോ ഭൂഷമറെറാന്നതിക്കാ,-
തെപ്പോഴും മാൽ മദ്ധ്യവർത്തിക്കു സിദ്ധം.” ൩൪

വെങ്ങാനൂരിൽപ്പിള്ളയപ്പോഴം കഥിച്ചാൻ,—
“ചങ്ങാതിക്കുള്ളോരു സത്താം നിദേശം
ഇങ്ങാധാരം കൃത്യമേതിന്നുമോർത്താൽ;
മങ്ങാതെന്നും ഭൃത്യമീശാജ്ഞകൈക്കൊൾപ്പൂ. ൩൫

ഊനംകൈവിട്ടേറെനാളം വഞ്ചിരാജ്യ-
ശ്രീ നമ്മെത്താൻ വേൾക്കുവാൻ വന്നിരന്നും
മൌനം മേന്മേൽപ്പൂണ്ടു നാം വാഴ്വതെന്തേ?
ദീനത്വാണോ ദൈവവും സമ്മതിക്കും. ൩൬

Digitized By Kerala Sahitya Akademi

കേമന്മാർ തൽപൂർവ്വഗന്മാരതിന്നെ-
ന്തീമന്നന്നീനാട്ട യോജിപ്പതില്ല.
കാമം ജന്മംമാത്രമോത്താദരിപ്പാൻ
നാമജ്ഞന്മാരല്ല; കൈയ്യൂക്കു കാൎയ്യം. ൩൭

ആരാൽക്കാരന്നോർതന്റെ ചൊൽകേട്ടവസ്ത്രം
നേരായ്‌വാങ്ങിപ്പോകിലെന്താണു പോട്ടെ;
ചേരാത്തമ്മേമാൻ നായരാലുപേക്ഷി-
പ്പോരാരോമൽത്തയ്യലാൾക്കെന്തു കുററം? ൩൮

നാമല്ലാതീവഞ്ചിരാജ്യം ഭരിപ്പാ-
നീമന്നിൽപററില്ല മററാരുമിപ്പോൾ;
ക്ഷേമം കാഷ്മാമണ്ഡലത്തിന്നു നല്കാൻ
സാമൎത്ഥ്യം ദിക്പാലകൎക്കെന്നു സിദ്ധം. ൩൯

വേഗംചെന്നാ വൃദ്ധനെക്കൊന്നു പൃത്ഥ്വീ-
ഭാഗം കാക്കാം; വാക്കുകൊണ്ടെന്തു കിട്ടും?
രാഗം കേട്ടാലാതുരന്നെന്തു ലാഭം?
രോഗം മാറാനൌഷധംതന്നെവേണം." ൪൦

അപ്പോൾചെന്നാനക്കുളത്തൂർ ഗൃഹേശൻ:—
"കെല്പോലും നാം മന്നനെഖഡ്ഗമേന്തി
ഇപ്പോൾ കൊന്നാൽ പന്തിയാവില്ല; സൂത്രം
വപ്പോളം നന്നല്ല നേരായ മാൎഗ്ഗം. ൪൧

ആപത്തീ നാം മന്ത്രിമുഖ്യന്നു നല്കി-
ബ്‌ഭൂപശ്രേഷ്ഠന്നന്തവും ചേൎത്തുവെന്നാൽ
തീപററുംപോൽ കാട്ടിൽനി,ന്നററമെന്ന്യേ
കോപം പൊങ്ങും പൌരവൎഗ്ഗത്തിൽനിന്നും. ൪൨

വേനൽക്കാലം കാററു ചൊവ്വിന്നടിച്ചാൽ
നൂനം കൈകത്തോടുണ്ടു വഞ്ചിക്കു കായൽ;
മാനം കാറിൽപ്പെട്ടു വൻകോളുകൊണ്ടാ-
ലൂനംപററും ലന്തതൻ കപ്പലിന്നും. ൪൩

Digitized By Kerala Sahitya Akademi

പൌരാമർഷാഗ്നിക്കു നാം ലക്ഷ്യമായാൽ
പോരാ; പിന്നെബ്ഭൂമിപൻ മത്തിടുമ്പോൾ
ആ രാജശ്രേഷ്ഠാനപായത്തിലുള്ളോ-
രാരായാലും കൂടവേ വദ്ധ്യരത്രേ. ൫൪

സ്ത്രീയാകട്ടേ, ബാലരാകട്ടെ, കാര്യം
പേയാണ്ടോകം ശത്രുശേഷത്തെ വച്ചാൽ;
നായാട്ടുണ്ടോ ജാതിയും പ്രായവും പാ,-
ർത്തീയാണെല്ലാം പാവകന്നൊന്നുപോലെ.'' ൫൫

അപ്പോഴോ മാർത്താണ്ഡാലയേശൻ കഥിച്ചാൻ:—
"നല്ലോരിന്നുള്ളോരു നാളല്ലിതൊന്നും;
ഇപ്പോൾ സ്വത്വംതന്നെ വയ്ക്കേണ്ണ, മെന്ന-
പ്പെപ്പോൾ കാര്യം തെററി കാലം മറിഞ്ഞു. ൫൬

ആലസ്യംവിട്ടുർവരാകാന്തവംശം
മൂലച്ഛേദം ചെയ്കിലേ പന്തിയാവൂ;
മേലത്തേക്കിബ്ബാധപററൊല്ല ചെററും;
കാലംനോക്കിക്കല്യർ കാണുന്നു കാര്യം. ൫൭

യോഗക്കാരാം ബ്രഹ്മബന്ധുക്കളൊട്ടു-
ക്കാഗസ്സില്ലാത്തോരു സാധുക്കളെന്നായ്
ധീഗന്ധം വിട്ടോർക്കുമീ മന്നനെപ്പോയ്
വേഗംകൊല്ക്വാൻ മററുപേർവേണ്ടതുണ്ടോ?" ൫൮

പിന്നീടല്പം ചെമ്പഴന്തിക്കു കൂടി-
ച്ചൊന്നീടാനുണ്ടസ്സദസ്സിങ്കലെന്നായ്
അന്നീടാന്നോരപ്പുമാനോതിയപ്പോൾ
ചൊന്നീടട്ടെ വേണ്ടതെന്നായി കൂട്ടർ. ൫൯

നാശംകാണ്ണോരാന്തോത്തുള്ളിലേററം
ക്ലേശംപൂണ്ടോരായുവാവപ്പൊഴോതി:—
"മോശപ്പെട്ടോരെൻെറ നാവിന്നു പൊങ്ങാൻ
ലേശംപോലും ശക്തിയില്ലിസ്സദസ്സിൽ. ൬൦

Digitized By Kerala Sahitya Akademi

കന്നൻ മന്ത്രിക്കുള്ള കൈയ്യുക്കമൂലം,
പൊന്നമ്മാമൻ-ശേഷമെന്തൊന്നു ചൊൽവൂ?
എന്നമ്മയ്ക്കും ബാലനായോരെനിക്കും
സ്വന്നം മേലിൽ ക്ഷേമമെന്നായിതല്ലോ. ൩൪

ഈ രാജ്യം വിട്ടെങ്കിലന്യത്ര പോയ-
ദ്ധീരാമാത്യൻ സൌഖ്യമായ് പ്പാർക്കുമല്ലോ;
പോരാ, തദ്രക്തത്തിലാറാടിടാതെൻ
ഘോരാസിക്കില്ലേതുമേ ചാരിതാർത്ഥ്യം. ൩൫

എന്നല്ലായുസ്സൊപ്പമാനുള്ള കാലം
മാത്രം നമ്മൾക്കുള്ള ഭാഗ്യം നിതാന്തം;
ഉന്നമ്രശ്രീമാന വാരാശിതന്നിൽ-
ച്ചെന്നല്ലാതില്ലുഴിയിൽ ഘോരാന്തമേശം. ൩൬

പിന്നീടും ഞാനൊന്നുരയ്ക്കുന്നു; നാണം
ചൊന്നീടുമ്പോളറ്റമില്ലാതെയുള്ളിൽ
വന്നീടുന്നുണ്ടെങ്കിലും വാരിജാസ്യൻ-
തന്നീടാനോരാജ്ഞ കേൾക്കേണ്ടതല്ലേ? ൩൭

ക്ഷോണിത്തട്ടിൻനായകന്നുള്ള പുത്രീ-
മാണിക്യത്തിൻ മഞ്ജുളാലിഖ്യയിന്നാൾ
ത്രാണിക്കൊട്ടും താഴ്ചയില്ലാത്തൊരെൻ കൺ-
കോണിൽത്തട്ടിച്ചത്തു ഞാൻ ചത്തിടാതെ. ൩൮

ചേലുള്ളോരപ്പെണ്ണിനവ്വിശനാഥൻ;
കാലുഷ്യത്തിൻകാതലാം മന്ത്രിയിഷ്ടൻ;
മേലും കീഴും നോക്കിയല്ലെന്റെ രാഗം;
വാലും തുമ്പും കാമനില്ലെന്തു കാട്ടാം? ൩൯

വിത്തം, കൈയ്യൂക്കാരു, സൽസാഹ്യമെല്ലാ-
മൊത്തമ്പുന്നോരെന്നെയീയൌവനത്തിൽ
അത്തങ്കപ്പെൺപൂമവലി കൈക്കൊണ്ടിടാഞ്ഞാൽ,
വൃത്തം മേലീയെട്ടുവീടേഴുവീടാം. ൪൦

Digitized By Kerala Sahitya Akademi

ആനല്ലാരിനുള്ള മോഷ്ടിച്ച കള്ള-
നൂനം ക്രൂരാത്മത്തമേകിത്തദംഗം
സാനന്ദം ഞാൻ പുൽകുവാൻ നിങ്ങളോത്താൽ
നൂനംപാപം; സംഹതിക്കെന്തസാദ്ധ്യം?" ൭൮

ഏവം വാക്യംകേട്ട പമ്മിച്ചുൽമേവും
ദേവശ്രേഷ്ഠന്നൊത്ത വീരൻകഥിച്ചാൻ:—
"ശ്രീ വമ്പിക്കുംതന്വിയെസ്സൽകൃതനായ് ത്താൻ
ദൈവം നൂനം സൃഷ്ടി ചെയ്യുന്നു മന്നിൽ. ൭൯

എങ്ങാൻനില്ക്കും ചന്ദനം മങ്കതൻ ശ്രീ-
മങ്ങാത്തുള്ളോരോമനക്കൊങ്കയിങ്കൽ
തങ്ങാൻമൂലം തൽഗ്ഗുണം; നല്ലപെണ്ണും
ചങ്ങാതിക്കൊത്തുള്ള ധന്യന്നുതന്നെ. ൮൦

ഇത്താരുണ്യക്കാതലാം ചെമ്പഴന്തി-
ക്കൊത്താരുള്ളൂ ഭൂപപുത്രിക്കുവേൾപ്പാൻ?
അത്താരേശൻ പൂനിലാവിന്നു കാന്തൻ;
നൽത്താരിന്നപ്പൊൺകൊടിക്കുന്നതൽ ഗേഹം. ൮൧

കണ്ണുണ്ടെങ്കിൽത്തിട്ടമെന്നിഷ്ടനെത്താ-
നെന്നും ഭർത്താവെന്നു രാജന്യപുത്രി;
മണ്ണും വിണ്ണും മറ്റൊരാൾ നൽകിയാലും
പെണ്ണുൾക്കൊള്ളും പ്രീതി സൌന്ദര്യവാങ്കൽ. ൮൨

ശ്രീതിങ്ങീടും തന്വി തക്കിക്കുകിൽ തൽ-
പാതിവ്രത്യം മാറവാൻ മാലനല്പം
ജാതിക്കേകാം; പോക്കമുട്ടുന്ന കാല-
ത്തോതിക്കോന്നും പച്ചമാംസംഭുജിക്കും. ൮൩

ശ്രീക്കും സ്ത്രീക്കും കാററിനും സ്ഥൈര്യമുണ്ടോ?
തീക്കുണ്ഡത്തിൽക്കാട്ടിടും വെണ്ണ മുറവും
നില്ക്കുന്നുണ്ടോ വെണ്ണയായേറെനേരം?
ഭീക്കുള്ളും നാം ലക്ഷ്യമാക്കേണ്ട ലേശം." ൮൪

Digitized By Kerala Sahitya Akademi

ഇവമട്ടാം വാക്കുക്കഴയ് ക്രൂട്ടമാളും
കേമൻ മററും കേട്ടു വീണ്ടും പറഞ്ഞു:—
"നാമന്യോന്യം ചൊല്ലുവാനുള്ളതെല്ലാം
കാമം ചൊല്ലിത്തീൎത്തുവന്നോത്തിടുന്നേൻ. ൪

രണ്ടിഷ്ടന്മാരിസ്സമാജത്തിലൊന്നും
മിണ്ടിക്കൂടെന്നാണയിട്ടേച്ചുവന്നോ?
വെണ്ടില്ലാട്ടേ മൊത്തമായ് ഞാനവൎക്കും
വേണ്ടിസ്സല്പം ചൊല്ലുവൻ വല്ലപാടും. ൫

യോഗക്കാരാം പോററിമാരുള്ളതസ്സ-
ദ്യോഗം; തെല്ലും പൌരർ ശങ്കിച്ചിടാതെ
വേഗം നാമാശ് ശൂദ്രരെക്കൊണ്ടു പൃത്ഥ്വീ-
ഭാഗം കാക്കും സാധുവിന്നന്തമേകാം. ൬

ശേഷംകാൎയ്യം പിന്നെയാകട്ടെ; രാജ്ഞീ-
വേഷം കെട്ടും തത്സഗൎഭ്യൎക്കു രാജ്യം
ഇവഷത്തുംതാൻ സ്വന്തമാവില്ല; ചുമ്മാ-
ഘോഷംകൂട്ടാൻ പൊട്ടരല്ലേട്ടുവിടർ. ൭

സ്ത്രീഹത്യയ്ക്കും ഭ്രൂണഹത്യയ്ക്കുമിഞ്ഞാൻ,
മോഹം ഏത്തിൽ പൂണ്ടിടുന്നില്ലതെല്ലും;
സ്നേഹം ഭ്രൂവോടുണ്ടതിന്നെന്തു? നിസ്സ-
ന്ദേഹം പാപം വേണ്ടതേ നേടിടാവൂ. ൮

കള്ളംവിട്ടെന്നൻപെഴും ചെമ്പഴന്തി-
പ്പിള്ളയ്ക്കുള്ളോരോമനബ് ഭാഗിനേയൻ
ഉള്ളപ്പെണ്ണിന്നേകിയെന്നുള്ള വൃത്തം
വെള്ളം ചാടിക്കുന്നു ചക്ഷുസ്സിൽ നിന്നും. ൯

എന്തോ വല്ലാത്തുള്ള ദോഷത്തിനാണ-
പ്പന്തോടൊക്കും കൊങ്കയാളോടു രാഗം;
എൻതോഴൻതൻ ഭാഗിനേയന്റെ ചേത-
സ്സെന്തോതേണ്ടൂ, ചെന്നു വേണ്ടാത്ത ദിക്കിൽ. ൧൦

Digitized By Kerala Sahitya Akademi

നെല്ലാം മോദം പോലെ പെൺ നാടിവററിൽ-
ച്ചെല്ലും മോഹം തന്നുമൊന്നിക്കയില്ല;
കല്ലും നഞ്ഞും ചേർന്നിട്ടും മാനസത്താൽ-
ക്കൊല്ലാം നല്ലാരാരെയും പാരിടത്തിൽ. ൭൨

ഏതായാലും മാമനെക്കൊന്നൊരീഞാൻ
ധീതാവും തൽഭാഗിനേയന്നു ഹൃത്തിൽ
ഹാ! താപത്തെച്ചേക്കുവാൻ തക്കതായോ-
രേതാവത്താം വാക്യമോതുന്നതില്ല. ൭൩

അമ്മാവൻ തൻമൃത്യുവോർത്തീയുവാവിൻ
വൻമാൽ തീർപ്പാൻ ജീവനെസ്സന്ത്യജിച്ചും
നമ്മാലെന്തും ഹന്ത! കർത്തവ്യ,മെന്നാൽ
ബ്രഹ്മാവിന്നെന്തിച്ഛയെന്നാരറിഞ്ഞു? ൭൪

എല്ലാം നേരേ പോയിട്ടേണം;നടക്കി-
നല്ലാർ ചാടിക്കായ്മല്ലം കഴച്ചു."
ഉല്ലാസംവിട്ടക്കഴയ് ക്രൂട്ടമേവം
ചൊല്ലാൻമൂലം കണ്ടതില്ലന്യരാരും. ൭൫

ചൊന്നാർഭിവിട്ടപ്പുമാന്മാർസരോഷം;—
"നന്നായ് കാര്യം! മന്നവൻ ചാവതെന്നോ,
അന്നാറംപ്പുത്രന്മാരൊട്ടും റാണിയിബ്‌ഭ്ര-
തൻനാഥതാം സ്വീകരിക്കട്ടെയെന്നോ? ൭൬

ചൊല്ലാമെന്നാലെന്തിനമ്മന്നനെത്താൻ
കൊല്ലാനോർത്തീടുന്നു? ചുമ്മാതിരിക്കാം.
വല്ലായ്മയ്ക്കൂറം മദ്ധ്യവർത്തിത്വമെന്ന-
ങ്ങുല്ലാസം പൂണ്ടോതിയല്ലോ, മറന്നോ? ൭൭

സ്ത്രീഹത്യയ്ക്കും ഭ്രൂണഹത്യയ്ക്കുമേതും
മോഹംവേണ്ടാ; രാജ്യവുംവേണ്ട; പോട്ടേ;
ഗേഹംതോറും തെണ്ടിടാം ഭിക്ഷുവപ്പോൾ;
ദേഹംപോയാൽ മോക്ഷവും കൈക്കലാകും. ൭൮

Digitized By Kerala Sahitya Akademi

ധർമ്മം കർമ്മം രണ്ടുമൊന്നിച്ചുനേടാൻ
കർമ്മം നൂനം മന്നിലെല്ലാർക്കുമില്ല
ശർമ്മത്തിങ്കൽ കാംക്ഷയില്ലായ്കകൊണ്ടോ
നർമ്മത്തിന്നോ ഞങ്ങളോടേവമോതി? ൯൯

പോരും പോരും! ഗുരുവിൽ കൂടിയേററം
ഗുരുത്വം പൂണ്ടങ്ങുരച്ചോരുവാക്യം
ആരും കേൾപ്പാനില്ല; സായുജ്യമിച്ഛി-
ച്ചൂരും പേരും ഞങ്ങൾ മാററുന്നുമില്ല. ൱

ശ്രീരാമന്നും ജാഹ്നവിക്കും കളങ്കം
ചേരാൻതക്കോരോമനക്കീർത്തിയോടും
സ്വാരാജ്യത്തിന്നേകനായ്പ്പോക;ഞങ്ങൾ-
ക്കീരാജ്യം താൻവേണ്ടതന്യേച്ഛയില്ല. ൱൧

കയ്യുംകെട്ടിദ്ധർമ്മവും പാർത്തിരുന്നാൽ
പയ്യും തുട്ടും നീക്കുവാനാവതല്ല;
ഇയ്യുള്ളോരെദ്ധേനുവും കണ്ണ വൃക്ഷ-
ത്തയ്യും പോററി,പ്പൂഴി വിണ്ണാകയില്ല. ൱൨

ഭ്രൂണത്രാണം ഹന്ത! നമ്മൾക്കുകാല-
പ്രാണത്യാഗത്തിന്നു ഭൈഷജ്യരത്നം.
ആണത്തം വിട്ടുള്ളവാക്യം ശ്രവിപ്പാൻ
തൂണല്ലല്ലോ ഞങ്ങ,ളെന്തോന്നുചെയ്വൂ?” ൱൩

എന്നും മററും ദുഷ്ടർചൊല്ലുന്നതെക്കേ-
ട്ടന്നുദ്വേഗാലക്കഴയ് ക്രുദ്ധമോതി:—
“എന്നും നിങ്ങൾക്കിഷ്ടമെന്തായതെന്യേ
മന്നും വിണ്ണും നോക്കിയല്ലെന്റെ കൃത്യം. ൱൪

ബാലന്മാരെക്കൊല്ലുകിൽ തൽക്ഷണം [illegible]മ-
ററാലംബം വിട്ടാർത്തയാം റാണി കായം
കാലന്നേകാം; വേനലിൽനൊന്തു പട്ടാൽ
മൂലം താനേ ശുഷ്കമാം തർക്കമില്ല. ൱൫

Digitized By Kerala Sahitya Akademi

ആരാൽച്ചെന്നബ്ബാലരെക്കൊന്നിടുന്നോ-
നാരാണെന്നേ ശങ്ക ഹൃത്തിങ്കലുള്ളു.
ധീരാഗ്ര്യന്മാരെന്നിയേ പിന്നെയാരും
പോരാ; പോയാൽ ദുർഘടം; കയ്യുറയ്ക്കം. ൭൬

മററുള്ളോരെക്കൊണ്ടു ചെയ്യിച്ചുവെന്നാൽ
തെററും കാര്യം; തിന്നതായ് നമ്മൊടോതി
മററും ശ്രദ്ധാ ബാലരെപ്പോററിയെന്നാൽ
പുററും നാമിവേലയൊക്കെക്കഴിച്ചും." ൭൭

ഇവണ്ണമപ്പുരുഷനോതവേ കട-
ന്നവർണ്ണ്യമാം ഹൃത്തൊട രാമനാമറം
ജവത്തിലപ്പൂതന കംസനോടുപോൽ
ലവം ഭയം ഹ്രീയിവ വിട്ടുചൊല്ലിനാൻ. ൭൮

"ശിശുവോ വധുവോ, ജരാത്തനോ, നൽ-
പ്പശുവോ, ഭൂസുരനോ, പിഴയ്ക്കിലാകും
അശുഭത്തെ വരുത്തിടുന്നതിങ്കൽ
പിശുനതാം മമ വാളിനില്ലതെല്ലും. ൭൯

പല്ലു മന്നിലുയി,രില്ല ഭയം ഞാൻ
കൊല്ലുവൻ നൃവരബാലരെയെല്ലാം;
കല്ലുമെൻകരളമൊക്കെമിവണ്ണം
ചൊല്ലുമാമൊഴിവികത്ഥനമാമോ? ൮൰

നാവെട്ടുനീളത്തിൽ വെളിക്കു നീട്ടി
വാവെട്ടുവെട്ടാൻ പലക്രൂരരുണ്ടാം;
ഈ വിഷ്ടപത്തിൽ ക്രിയയൊന്നു ചെയ്യാൻ
ഭീവിട്ടുറപ്പോനയുതത്തിലേകൻ." ൮൧

അതിപാപിയവൻ കടന്നിതാത്ത-
ന്നതിൽവച്ചന്യരമന്ദമോദമേന്തി,
മതിയസ്സൽസബാന്ധ് ബലേബലേരേ-
ഷിതികൈകൊട്ടിയുരച്ചു ക്രൂകിയാത്തു. ൮൨

Digitized By Kerala Sahitya Akademi

മുഷ്കാളുമപ്പുരുഷർ ഗോഷ്ഠിയു,മന്ധകാരം
തൽക്കാലമൂഴിയു,മൊരേനിമിഷത്തിൽ വിട്ടു.
രുക്കാൻ പൂർവ്വദിശ സൂര്യസമാഗമത്താ-
ലക്കാമിനീമണി നൃപാത്മജയെന്നപോലെ. ൯൩

പോരുമമ്മാരപ്പുരുഷർ കേരളരാജ്യലക്ഷ്മീ-
ചാരുസ്വയംവരസുഖത്തെ ലഭിച്ചുകൊൾവാൻ
ആരും മടിക്കുമൊരുവേലതുടങ്ങി; നാട്ടി-
ന്നാരുണ്ടു താങ്ങ,ലറിയാമഖിലേശനെല്ലാം. ൯൪

നാലാം സർഗ്ഗം സമാപ്തം.

—:o:—

# അഞ്ചാം സർഗ്ഗം.

പക്ഷമൊന്നു പരമെട്ടുവീടർ തൻ
നൽക്ഷമാഗുണമൊടൊത്തതീതമായ്;
തൽക്ഷപാതിമിരമെന്നപോൽ ധരാ-
രക്ഷകന്നു കുറവായി ഭാഗ്യവും. ൧

പുള്ളിനോണവു, മതീവമോഷക-
പ്പുള്ളികൾക്കിളവു,മേകി, മന്നിടം
വെള്ളിപൂശുമൊരു പൂർണ്ണിമാനിശ-
പ്പുള്ളിമാൻമിഴി യശശ്ശരീരയായ്. ൨

ഭൂമിഭൃദ്ദുഹിതൃവക്ത്രദർശന-
ഹ്രീ മികച്ചുമകമാന്നൂലമോ
ആ മിടുക്കു കലരുന്ന പൂർണ്ണിമാ-
യാമിനീപതി മറഞ്ഞിതാഴിയിൽ? ൩

ചത്ത കാന്തയുടെ കർമ്മമാവിധി-
ക്കൊത്തമട്ടു സകലം നടത്തുവാൻ
ചിത്തകെട്ടുകളൊടോ തരംഗമാ-
യുത്തമൻ ശശി ജലത്തിൽ മുങ്ങിനാൻ? ൪

Digitized By Kerala Sahitya Akademi

ഭൂഗതം തിമിരമാകെ മാററവേ
നാഗലോകനിബിഡാന്ധകാരവും
വേഗമോട്ട കളവാൻ നിനച്ചുതാൻ
സാഗരംവഴി ഹിമാംശു പോയിതോ? ൫

മാനമററളവു ജീവനോട്ട മേൽ-
ത്താനമന്നിടരതെന്നു തോന്നിയോ
ദീനനാം ശശി കടിച്ചു ചാകവാൻ
ന്യൂനമാഴിയിലെടുത്തു ചാടിനാൻ? ൬

'ഏവനും നിയതമന്ത്യകാലമ-
ങ്ങാവതല്ലതിനെ നീക്കിനിർത്തുവാൻ'
ഏവമോതി മൃതിയാൽ സുധാരസം
കൈവശത്തിലെഴുമോഷധീശ്വരൻ. ൭

മായമററ മൃദുവാം കരം മഹ-
ത്തായസൽപഥമണഞ്ഞു തൂകവേ
ഈയനർഘഗുണരാജനെന്തിനായ്-
പ്പായസാന്തമരുളുന്നു ദുർവ്വിധി? ൮

'ത്യക്തയായിരവിൽ ഞാൻ പരാംഗനാ-
സക്തനായ രവിയാം മദീശനാൽ'
വ്യക്തമിങ്ങനെ നിനച്ചുമൂലമോ
രക്തമായ് വിലസി പൂർവ്വദിങ്മുഖം? ൯

'നായകൻ നിരപരാധി തയ്യൽമു-
ത്തായ നിന്നരികിലെത്തുമിക്ഷണം'
ഈയവസ്ഥ പുരുഹൂതദിക്കൊടായ്
മായമററ രവിസൂതനോതിയോ? ൧൦

മാലകന്നു വിജിഗീഷുവാമുഷഃ-
കാലഭൂപനുടെ കൈനിലപ്പടി
ചേലമന്നിടുമൊരമ്പലങ്ങളിൽ-
ച്ചാലവേ വിലസി ശംഖനിസ്വനം. ൧൧

Digitized By Kerala Sahitya Akademi

താരകാധിപകലാപവൈരിയാം
മാരരക്ഷന്റെ മഞ്ജുളാഭ്യുപാരം
വീരഭദ്രനു സമം മുടക്കുവാൻ
ഘോരനാദമൊടണഞ്ഞു കക്കടം, ൫൧

കോകമൊന്നൊഴികെയന്യവർഗ്ഗമായ്
ലോകമാൎന്നമിഥുനവ്രജത്തിനെ
കാകനമ്മ കട്ടവാംരവം ശ്രവ-
ശ്ശ്ലോകസാഗരനിമഗ്നമാക്കിപോൽ. ൫൨

നാരിമാരുടെ ചുവപ്പുകൂടിടും
ചോരിവായു,മൊളിപൂണ്ട മേനിയും,
പോരിളംകളുർമുലത്തടങ്ങളും
പാരിൽവിഭ്രമമിയന്നപിന്നെയും, ൫൩

വാടിവീണമലർമാലയും,ഘ്രണം
തേടിടും കബരഭാരവും, പരം
കൂടി രാത്രിയിലെഴും യുവാക്കൾതൻ-
ക്രീഡിയാട്ടുമുരചെയ്തു മെത്തകൾ. ൫൪

ശേഷമൊക്കെയിനി നാളെ രാവിലെ-
ന്നോഷധീശമുഖിമാരുരച്ചുവെ
മോഷകപ്രിയരതീവവന്ധ്യമാം
രോഷമാൎന്ന ഹരിദശപസ്തുതന്നിൽ. ൫൫

ജാലകംവഴി കടന്നകത്തെഴും
ലീല കാണുമരുണാംശുപങ്ക്തിയിൽ
സ്ഥൂലലജ്ജയൊ, ടഭീകരെക്ഷണം
നീലവേണികൾ വെടിഞ്ഞു നീങ്ങിനാർ. ൫൬

ദ്യോവിൽവായ്ക്കുമുഡുരാജിയും, തഥാ
ഭൂവിൽമിന്നുമൊരു ദീപപാളിയും,
ശ്രീവിവസ്വദവലോകനം മടി-
ച്ചാവിരാതമതിയന്തരിച്ചുവോ? ൫൭

Digitized By Kerala Sahitya Akademi

താരഘോര, മിരുളാംകചം, വിധു-
സ്മേരവക്ത്ര,മിവപൂണ്ട രാത്രിയെ
പാരമംബരമൊഴിഞ്ഞുകാണവെ
കൈരവങ്ങൾ മിഴിപൊത്തി ലജ്ജയാൽ, ൯

ഉത്തമാളികളമീശനും വെടി-
ഞ്ഞത്തലേറിന കുമുദ്വതീമുഖം
ചിത്തമോദമൊടു കണ്ടു പത്മിനി-
ക്കൊത്തഹാസമബലാജനോചിതം. ൧൦

ചന്ദനം മലരിവററിനാൽ മണ-
ക്കുന്ന മെയ്യൊടുദബിന്ദുയുക്തനായ്
മന്ദവായു നടകൊണ്ടു കാമുകൻ
സ്വിന്നനായ് പ്രിയയെ വിട്ടുപോംവിധം. ൧൧

താന്തരായി മരുവുംയുവാക്കളിൽ-
ത്താൻതനിച്ചുടൽതലോടിനിത്യവും
സ്വാന്തമോദമരുളാനുഷസ്സിലെ-
ശ്ശാന്തവായു പടുവാം ഭിഷഗ്വരൻ, ൧൨

സ്ഥൂണയെന്ന പടി മന്നിൽ നിദ്രയാൽ
വീണ് പാരിനെ മുറയ്ക്കുണർത്തുവാൻ
ആണഹമ്മു ഖഗരുച്ശ്രമം; ജഗൽ-
പ്രാണനാമവനതൊത്തതല്ലയോ? ൧൩

ചിന്തവിട്ടു നരർ കണ്ണടച്ചപോയ്
വൻതമസ്സിൽ നിതരാം മയങ്ങവെ
സ്വാന്തബോധമരുളാൻ ദ്വിജവ്രജം
ഹന്ത! ഗീതമതിയായ്പ്പൊഴിച്ചുതെ. ൧൪

കൂടുവിട്ടു പുലർവേളറാണിയിൽ-
ക്കൂട്ടമുത്തമഗുണങ്ങൾ ഭംഗിയായ്
പാടുമോമനകളാം ശുകങ്ങൾത-
ന്നോട്ടു ചേർന്നു വിലസീ നഭസ്ഥലം. ൧൫

Digitized By Kerala Sahitya Akademi

ചെന്നു പാദപതനത്തിനാൽ തനി-
ക്കെന്നുമുള്ള കൊതി പൂർത്തിക്കൊടായ്
അന്നു രാഗമെഴുമക്കനോതവേ
വന്നു നൽത്തെളിവവൾക്കു തൽക്ഷണം. ൨൫

രാവിലെത്തിയൊളിവിൽ സ്വകാന്തയാം
ദ്യോവിനെത്തഴുകിവാണ ചന്ദ്രനിൽ
ആ വികർത്തനനമർഷമേറിയോ
കാവിപോലെ പരിരക്തമായ് മുഖം? ൨൬

'ഏത്തടത്തിലവിടേയ്ക്കു കോപമ-
ച്യുതശത്രുവൊടയുക്തമല്ലയോ?'
ഇത്തരത്തിലരുണന്റെ വാക്കുകേ-
ട്ടുത്തമൻ രവി വിളങ്ങി ശാന്തനായ്. ൨൭

ആയിരംകരമെഴുന്നമിത്രനാ-
ലായിരം ദലമൊടൊത്ത പങ്കജം
ശ്രീയിയന്നു വികസിച്ചു, തുല്യരൊ-
ന്നായിണങ്ങുവതു കാണുവാൻ രസം. ൨൮

ഗോമയംഭുവനമാകെയാകവേ
കാമമാനില ഗൃഹോദരത്തിനും
രാമമാരരുളിയുച്ഛ്രയം പെടും
കേമർപോവതിതരക്കു പദ്ധതി. ൨൯

ശാതമന്യവദിഗംസമാപ്ലുമ-
ഹ്ലാതകുംഭമണികുംഭമേന്തവെ
കാതരേക്ഷണകൾ മന്നിലും ഘടം
ജാതകൌതുകമെടുത്തു യാത്രയായ്. ൩൦

നേരമൊട്ടുകളയാതെ പൊയ്കതൻ
തീരമെത്തിയവഗാഹപൂർവമായ്
ആരണാഗ്ര്യരിനനെ സ്തുതിപ്പതാ-
മാരവം നിഖിലഭീതിതാരകം. ൩൧

Digitized By Kerala Sahitya Akademi

നിദ്രയാകുമൊരു ഘോരയക്ഷിതൻ
വിദ്രവത്തിനുപശാന്തിയേക തദാ
സദ്രസം കലരുമാറു ചൊല്ലിനാർ
ഭദ്രമന്ത്രതതി വന്ദിമാന്ത്രികർ. ൨൨

"വ്യോമചാരികൾ, ഭവദ്യശസ്സുതൻ
സീമവിട്ടൊരു വെളുപ്പു വന്നിടാൻ,
സോമനെച്ചരമവാരിരാശിയിൽ-
ക്കാമമിപ്പൊഴുതലക്കിടുന്നതേ. ൨൩

തട്ടി തൽപ്രഥ ഭവനശേഷമുൾ-
ക്കട്ടികൊണ്ടു ദൃഢമെന്നുകാണ്കയാൽ
തുട്ടിണങ്ങി നവരക്തപങ്കജ-
ത്വിട്ടിയന്നിതുദയാചലാനനം. ൨൪

വെള്ളമെന്നെയരചൻ സ്വകാന്തിയാ-
ലല്ലനീങ്ങിയെഴുനേൽക്കിലെന്നു താൻ
കില്ലുവിട്ടു നിരൂപിച്ചു മന്മഥൻ
വില്ലുവച്ചുലകിൽനിന്നു വാങ്ങിനാൻ. ൨൫

ഹേ രസാധിപ! ഭവാനു ദിവ്യകൾ-
ഹാരഗന്ധമുപഹാരമാക്കുവാൻ
ദ്വാരസീമ്നി തരമായിടാതെയീ-
ന്നേരമുണ്ടു മരുവുന്നു മാരുതൻ. ൨൬

താവകാക്ഷികുതുകത്തെ നൽകുവാ-
നാവതും ഗഗനവാരിരാശിയിൽ
ദേവദാശർ തരണിക്കളിക്കിതാ
ഭുവലാന്തക! തുടർന്നിടുന്നതേ. ൨൭

ഹന്ത! ദിവ്യഹരിപാദസംശ്രയം
വൻതമസ്സുകളുമാറു ചെയ്കയാൽ
സ്വാന്തമീശനുടെ ഏതൊടൊപ്പമായ്
ചന്തമാർന്നു തവ ഭൂമിയിങ്ങിനം, ൨൮

Digitized By Kerala Sahitya Akademi

എത്രയോവഴിയകന്നിരിക്കിലും
ചിത്രമാം തവ ഭുജാപരാക്രമം
അത്രപാർത്തു ഭയമാർന്നിനൻ കരം
മിത്രഭാവമൊടണച്ചിടുന്നതേ. ൪൦

സാരസഷ്ട്പദവികാസംമൂഴിയിൽ
പാരമെങ്ങുമരുളുന്ന ഭാൻമാൻ
സാരമാം തവ ദൃഗബ്ജപത്രവും
സ്മേരമാകിൽ നിതരാം കൃതാർത്ഥനാം." ൪൧

സാവധാനമവർ ചൊല്ലിടുന്നതാ-
മീവചസ്സു വഴിപോൽ ശ്രവിക്കവേ
'ദേവദേവ! കമലാക്ഷ! പാഹിമാ-
മേവമോതിയെഴുന്നേററു മന്നവൻ. ൪൨

മെത്തവിട്ടുഴറി വേഗമച്ഛമാ-
ഒസ്സാത്ത നല്ലൊരു സരസ്സിൽ മഗ്നനായ്
ചിത്തഭക്തിയൊടു ദേവകാര്യ്യവും
സത്തമൻ നൃപതി ചെയ്തുവേണ്ടപോൽ. ൪൩

പിൻപനന്തശയനസ്ഥമാം രമാ-
ശമ്പ പുൽകമജിതാംബുദത്തിനെ
കമ്പമററുതൊഴുവാൻ വിശിഷ്ടമാ-
മമ്പലത്തിനകമെത്തി മന്നവൻ. ൪൪

പാവനം ഭവഭയങ്കരാടവീ-
ദാവപാവകവിപാകമാസ്ഥലം
ദേവരാജനയനേർഷ്യവായ്ക്കുമ-
ബ്ഭ്രവലാന്തകനു നൽകി സമ്മദം. ൪൫

ലോകലോചനരസായനായിതം,
ശ്രീകരം ശിവദമിഷ്ടസാധകം,
ഏകമത്ഭുതമമേയവൈഭവം,
നാകനാഥവിധിശംഭുദുർല്ലഭം, ൪൬

Digitized By Kerala Sahitya Akademi

ഭോഗവൽപ്രഥിതശയ്യമേൽപരം
യോഗനിദ്രയുടയുന്ന തമ്പുരാൻ
ആഗമപ്പൊരുൾ വിളങ്ങുമമ്പലം
രാഗരോഗമഥനീയഭേഷജം. ൪൫

താൻതനിക്കമതിയെന്ന ഭാവവും,
കാന്ത കാശിവയിലുള്ള കാമവും,
ഭ്രാന്തബന്ധ,മതുതെന്നറിഞ്ഞിട്ടും
സ്വാന്തമേവനുമതേ ടടുക്കുകിൽ. ൪൬

ദേഹയുച്ഛതയറിഞ്ഞുകൊള്ളുവോർ,
മോഹമററ ശമമുററിരിക്കുവോർ,
സോഹമീശനിതി ബോധമാളുവോർ,
ശ്രീഹരിപ്രഥിതഭക്തസത്തമർ, ൪൭

വായനയ്ക്കു ചിലർ കോപ്പുകൂട്ടിനാ-
രായപോലെ ഭജനം തുടങ്ങിനാർ;
ഗേയമായതിരുനാമമോതിനാർ;
മായമററ നമനം തുടങ്ങിനാർ. (യുഗ്മകം) ൫൦

മേനിയുംമനവുമൊപ്പമായ് വ്യഥാ-
ഹാനികൊൾവതിനു സൽപ്രദക്ഷിണം
താനിയററമനവദ്യഭാഗ്യരാം
ജ്ഞാനികൾക്കമേളവില്ല തദ്ദിശി. ൫൧

ആരണപ്രവരവേദഘോഷവും
സ്സാരവാദ്യചയഗീതഘോഷവും
പൌരർതൻ ഭജനഘോഷവും തദാ
പാരമൊത്തു വിലസീ ത്രിവേണിപോൽ. ൫൨

ക്ഷേത്രതല്ലജമതിൽക്കടന്നു ചി-
ന്മാത്രരൂപമിയലും മുരാരിയെ
ഗോത്രതൻപതി കരങ്ങൾകൂപ്പി നൽ-
സ്തോത്രമാതി വഴിപോൽ വണങ്ങിനാൻ. ൫൩

Digitized By Kerala Sahitya Akademi

“കാമനീയകനിവാസഗേഹമേ!
പൂമകൾക്കുടയ പൂർവ്വപുണ്യമേ!
കോമളാംഗമസൃണപ്രകാണ്ഡമേ!
കാമമേകുക കഴല്ക്കു കൂപ്പിനേൻ. ൪൪

നെയ്യുറുമ്പുമുതലാത്മഭൂവരെ-
പ്പയ്യു, പക്ഷി, പുഴ, മീൻ, നരൻ, സുരൻ,
കയ്യുമില്ലൊരു കണക്ക, മെന്നു ഞാൻ
ചെയ്യുമിജ്ജനികളെത്ര പോക്കിയോ? ൪൫

മുററുമിങ്ങനെ ഭവാംബുരാശിയിൽ
ച്ചുററമന്ധനിവനല്പമെങ്കിലും
തെററുവിട്ടു കടവൊന്നടുക്കുവാൻ
പററുമെങ്കിൽമതി; ചാരിതാർത്ഥ്യമായ്. ൪൬

തുട്ടു പെൺ പുകളിവയ്ക്കുവേണ്ടി ഞാൻ
പെട്ടപാടു പല, തിത്തരങ്ങളിൽ
ഒട്ടുമില്ല കൊതിമേലുമെന്നനീ-
യിട്ടുവട്ടമിതുപോൽത്തിരിക്കൊലാ. ൪൭

ദേവകീതനയ! ദേവദേവ! നിൻ
സേവകൊണ്ടു ദിവസങ്ങൾപോക്കുവാൻ
ആവതും വഴിതരാതിരിക്കുകിൽ
പാവമെൻകഥ പരുങ്ങലാകുമേ. ൪൮

കല്ലുവച്ച മുടിയും പ്രതാപവും
പല്ലുപോലെ കരുതുന്നൊരെന്മനം
അല്ലുമീശ! പകലും ഭവൽപദം
തെല്ലണഞ്ഞു നിരൂപിച്ചിടേണമേ. ൪൯

കാലമേഘകമനീയകായ! നൽ-
ക്കാലമൊട്ടു വളരെത്തുലച്ചു ഞാൻ
കാലനെത്തുമളവിൽ ഭവാന്റെ തൃ-
ക്കാലണഞ്ഞു പിടികൂടിടേണമേ. ൫൦

Digitized By Kerala Sahitya Akademi

കൌസ്തുഭം, കമല, ഭൂമി, പന്നഗം,
നിസ്തുലായുധഗണം, മഹാഖഗം,
അസ്തുസവ്, മിവനൊട്ടുമിത്തരം
വസ്തുവേണ്ടെങ്ങുവിൽ മുക്തിഃപാരമേ. ൩൧

നിൻകഴൽപ്പൊടി ശിരസ്സിലേല്ക്കുവാ-
നെങ്കലുണ്ടു കഴിവെന്നിരിക്കുകിൽ
സങ്കടങ്ങൾ സകലം ശമിപ്പതിൽ-
ശ്ശങ്കയെന്തു? സരസീരുഹേക്ഷണ! ൩൨

മാനവാന്തക! ദയാപയോനിധേ!
ദീനബാന്ധവ! വിഭോ! രമാപതേ!
ഞാനസാരനസഹായനെന്നെനീ
യൂനമററു കരകേററിടേണമേ.'' ൩൩

ഏവമോതി വിധിപോൽ മുരാരിയെ-
സ്സേവചെയ്തു പരിതൃപ്തചിത്തനായ്
ശ്രീവളൎന്നനിജഗേഹമെത്തിയ-
ബ്ഭൂവലാരിയമൃതുണ്ടു ചെയ്തുതേ. ൩൪

അന്നമുണ്ടു, കളമോ? കബന്ധമു,-
ണ്ടുന്നതക്ഷിതിപയുദ്ധഭൂമിയോ?
എന്നതല്ല പലഹാരമുണ്ടു, നൽ-
സന്നതാംഗിയുടെ ചാരുകണ്ഠമോ? ൩൫

വൃത്തമു,ണ്ടമല പദ്യമോ? ഫലം
മൊത്തമുണ്ടു, ശുഭമായ കൎമ്മമോ?
ഒത്തവണ്ണമിയലുന്ന രംഗതൻ
പത്രമുണ്ടു, സുരനാഥഹസ്തമോ? ൩൬

ക്രൂരചേൻമധിയുണ്ടു, ലക്ഷ്മിയോ?
ചാരുവത്സനിയലുന്ന, ധാത്രിയോ?
ഏറുമാറു രസമോടു നല്ലസാം-
ബാരമു,ണ്ടരിയ കാശിദേശമോ? ൩൭

Digitized By Kerala Sahitya Akademi

ഒന്നുപോൽ പ്രഥമമന്നേറെയുണ്ടു;വാ-
യ്ക്കുന്ന കാളനു സുധാംശുവിൻ നിറം;
നന്നനാരകഫലത്തിലും രുചി-
ക്കുന്നമാനസ,മിതെന്തൊരത്ഭുതം? ൮

നല്ലനല്ല വിഭവങ്ങളൊത്തുചേ-
ർന്നുല്ലസിക്കുമൊരു സദ്യയിത്തരം
മല്ലവൈരിപദഭക്തനാം മഹീ-
വല്ലഭന്റെ വഴിപോലെ ലബ്ധമായ്. ൯

കൈകടന്ന രസമോടു വൃത്തിയും
പാകവും ഗുണവുമൊത്ത ഭക്ഷണം
ആകവേ നൃവരനേകി വയ്പുകാർ
ശ്രീകവിപ്രവരർ കാവ്യമെന്നപോൽ. ൧൦

സാരശോഭനേമിവണ്ണമുള്ളൊരാ-
ഹാരവസ്തുമരരീകരിക്കവേ
ആരസാധിപതി മുത്തുവേണ്ടപോൽ-
പ്പാരമാന്നതിൽ വിചിത്രമെന്തുവാൻ? ൧൧

ശ്രീയമന്ന ഭഗവന്നിവേദ്യമാം
പായസത്തിലുമൊരല്പമദ്ദിനം
മായമററ പതിവിൻപടിക്കു ഭൂ-
നായകാഗ്രമുന വിളമ്പി പാചകർ. ൧൨

കഞ്ജനാഭനുടെ നൽപ്രസാദമെ-
ന്നഞ്ജസാ നൃഭി മുഴുത്തഭക്തിയാൽ
അഞ്ജനാഭകലരുന്ന പായസം
വൻജനാധിപതി ഭക്ഷ്യമാക്കിനാൻ. ൧൩

“ നീരിൽമുക്കിയൊരു കൊന്നിപോലെയും,
മാരിപെയ്യുമൊരു കൊണ്ടൽ പോലെയും,
നാരിമാരുടെയ കുന്തൽപോലെയും,
ശൌരിതൻ വരനിവേദ്യമായിതോ? ൧൪

Digitized By Kerala Sahitya Akademi

ഇക്കരപ്പുരവണയ്ക്കു വന്നിടാൻ
തക്കകാരണമറിഞ്ഞു ചൊല്ലുവിൻ;
ശക്കരയ്ക്കു വളരെപ്പഴക്കമായ്;
തക്കമില്ല, രുചിയും കുറഞ്ഞുപോയ്. ൧൪

വേപ്പു, കൊയ്ന, കിരിയാത്തു, കാഞ്ഞിരം,
കയ്പുകൊണ്ടിവയെ വെന്ന പായസം
ചിൽപുരാനുടെ നിവേദ്യമല്ലയോ?
ഇപ്പുവാനരു,തിറക്കവാൻ പണി. ൧൫

ശാന്തിദേവനു കഴിക്കവോക്കു തൃ-
ഷ്ണാന്തിയില്ല ലവലേശമെങ്കിലും;
ക്ഷാന്തികൊണ്ടു ഫലമില്ല; ഉഷ്ണരായ്
ശാന്തിയേന്തുമവനീസുരാഗ്ര്യരും. ൧൬

നാവുതൊണ്ണയിവ തീപിടിച്ചപോൽ
വേവുപൂണ്ടു വരളുന്നു ദൈവമേ!
ആവു! പായസവിനിന്ദയപ്രിയം
ഭാവുകാബ്ധി ഭഗവാനു ചെയ്കുമോ? ൧൭

പോരു,മില്ല സുഖമെന്നുരച്ചുഴ-
ന്നോരു ഭൂപനെഴുന്നേററു സത്വരം
ചാരുവായ മണിമെത്തയേറിനാൻ;
ദാരുണം ഹഹഹ! ദുർവ്വിധിക്രമം. ൧൮

നാക്കുചൊന്നപടി കേട്ടിടാതെയാ-
ശ്രീക്കു വാസഗൃഹമാം നൃപാലകൻ
ചാക്കു ശീഘ്രമരുളുന്ന കാഞ്ഞിര-
ക്കായ്ക്കു വാച്ച വിഷമുണ്ടു കഷ്ടമേ! ൧൯

വല്ലപാടുമൊരു നാഴികയ്ക്കകം
നല്ലഭൂപതി കഴിച്ചു മെത്തമേൽ;
ഇല്ലതെല്ലു സുഖമെന്നുമാത്രമ-
ല്ലുല്ലസിച്ചു ഗദവും പ്രതിക്ഷണം. ൨൦

Digitized By Kerala Sahitya Akademi

കാസപീഡിതനു തുല്യമാമഹി-
വാസവന്നഹഹ! തെല്ലിടയ്ക്കകം
ശ്വാസരോധമുളവായനല്പമാം
ത്രാസവും വ്യഥയുമേകി മേല്ക്കുമേൽ. ൮൩

സന്നിപാതരുജയിങ്കലെന്നപോ-
ലന്നിളാധിപതി ഗോഷ്ഠികാട്ടിനാൻ;
മന്നിലാക്കൊരുമാത്രയെങ്കിലും
വന്നിടുംവിധി വഴിയ്ക്കുതങ്ങുമോ? ൮൪

കായമാകെ വിറപൂണ്ടു മൂർച്ഛയിൽ-
ത്തീയനല്പമുളവായപോലവേ;
തോയപാനമതിലാശയെത്തി, നൽ-
ച്ഛായമങ്ങി വദനത്തിനേററവും. ൮൫

നീണ്ടുകാലുകൾ; മലർന്നു മേനി; മാ-
ലാണ്ടുപാഞ്ഞു തല പിൻവശം തുലോം;
രണ്ടുനേത്രവുമുരുണ്ടുകൂടി; തീ-
പ്പൂണ്ടുകാണികൾ വിറച്ചു നിർഭരം. ൮൬

സാരസേക്ഷണനിവേദ്യസംയുതം
ഘോരമാം വിഷമശിച്ച ഭൂപനിൽ
പാരമന്തസുഖമേകി നോക്കിടും
വീരരൊക്കെയഭിമാനഹീനരായ്. ൮൭

ചൂർണ്ണമസ്ത്രഗുളികാദിയാൽ ഗുണം
നിർണ്ണയം ഗ്ലവരനെത്തിടാതെയായ്;
അർണ്ണവം കരകവിഞ്ഞുകേറുകിൽ-
ത്തൂർണ്ണമായതൊരു സേതു നിർത്തുമോ? ൮൮

ഒട്ടനേകമഗദാസ്ത്രസഞ്ചയം
വിട്ടവൈദ്യരെ രുജാനിശാചരി
പൊട്ടരെന്നപഹസിച്ചുമാറുവാൻ
വട്ടമെത്തുറിയലാതെ നിന്നതേ. ൮൯

Digitized By Kerala Sahitya Akademi

ആമതന്നുകലശേഷവും സമിൽ-
സ്സോമമാംശുഗസഖൻ കണക്കിനേ
കാമമുണ്ടു ഭയലേശമെന്നിയേ
ഭീമമാംഗദമതിപ്രവൃദ്ധമായ്. ൩൯

രണ്ടുമൂന്നു ഘടികയ്ക്കകം ദ്രുതം
കണ്ടു ഭൂമിപതി മൃത്യുലക്ഷണം;
മിണ്ടുവാൻ പണി പെരുക്കിലും കരം-
കൊണ്ടു പുത്രിയെ വിളിച്ചുമെല്ലവേ. ൪൦

രാജതക്ഷമിളപോലെ ച കണ്ണിലാ-
രാജവൎത്മനിരുബാഷ്പശീകരം
ഹാ! ജനി,ച്ചൊരു ഞൊടിക്കുനിന്നു,നി-
ർവ്യാജമാമനുശയത്തിനങ്കമായ്. ൪൧

പാവമൊന്നുമറുതാതെ ശുദ്ധമേ
പാവപോലരികിൽനിന്നപുത്രിയേ
ഭൂവലാരി തഴുകിക്കരഞ്ഞുകൊ-
ണ്ടേവമൊട്ടരുളി ഗൽഗദാക്ഷരം. ൪൨

"മൂലമെന്നിയെ മുഴുത്ത പിച്ചിനാൽ
മാഴണച്ചു മകളേ! നിനക്കു ഞാൻ;
കാലരൂപി കമലാക്ഷനീശ്വരൻ
മേലതാററുമതിനില്ല സംശയം. ൪൩

ഓമനേ! പിഴപൊറുക്കുവാൻ കനി-
ഞ്ഞാമഹാനൊടുമപേക്ഷചെയ്യണേ!"
കാമമേവമുരചെയ്തു ശാർങ്ഗിതൻ
നാമമോതി നരപാലസത്തമൻ. ൪൪

"സാരസാക്ഷ! സനകാദിവന്ദ്യ! സം-
സാരസാഗരമഹാതരേ! ഹരേ!
നീരദാഭ! നിഖിലേശ! നൽകണേ
നീ രമാരമണ! നിത്യമുക്തി മേ." ൪൫

Digitized By Kerala Sahitya Akademi

ഏവമാദി തിരുനാമമോതുമ-
ബ് ഭ്രുവലാരി, ഗരളത്തിനക്ഷണം
ദാവപാവകനു ദാരു പോൽ, ക്വഥം
ഹാ വചിപ്പൂ, തിരയായ് ഭവിച്ചതേ. ൯൬

കഞ്ജനാഭപദഭക്തനാകുമാ-
വൻജനേശനുടെ ദേഹി മൂർത്തിയേ
പഞ്ജരത്തെയൊരു തത്തപോൽവെടി-
ഞ്ഞഞ്ജസാ മുകളിലേക്കു പോയിതേ. ൯൭

വ്യാജമററു ബത! ദശ്രാത്രിയിൽ-
ത്തേജസാരഹിതമഭ്രമെന്നപോൽ
രാജഹംസവിലയത്തിനാൽത്തദാ
ഹാ! ജഗത്തിരുളിനാൽപ്പരീതമായ്. ൯൮

ആവിലത്വമതിമാത്രമാർന്നതാ-
മാവിഷാഗ്നിശിഖയിൽദ്ദഹിക്കുവാൻ
ഹാ! വിരോധമൊട്ടു ദേഹി മേനിവി-
ട്ടാവിരാമയമകന്നുപോയിതോ? ൯൯

ഹന്ത! വിഷ്ണുപദയോഗമെത്തുവാ-
നന്തരംഗമതിലാശ മുററിയോ
അന്തരായമിയലാതെ ഭൂമിപൻ-
തൻതനുസ്ഥിതിയസൂക്കരം വിട്ടുപോയ്? ൧൦൦

ആക്കബുദ്ധികലരുന്നപോററിമാർ
ചാക്കുനൽകി സ്സവരന്നു നഞ്ഞിനാൽ;
ലാക്കുവച്ച പടിപററി, യാക്കുമേ
നീക്കുവാനരുതു ദൈവകല്പിതം. ൧൦൧

സോദരീദുഹിതൃഭാഗിനേയരാൽ
സാദരം നൃപതി ദൃഷ്ടനെങ്കിലും
വേദവിത്തു ഹരിയെ സ്മരിക്കയാൽ
ഖേദമേററലകവിട്ട ശാന്തിയായ്. ൧൦൨

Digitized By Kerala Sahitya Akademi

എട്ടു ഗഹമെഴുവോരു മദ്ധ്യമമാ-
ടെട്ടുയോഗമതിലുള്ള വിപ്രരും
പെട്ടു മൃത്യു ഹൃദി; ധററപേക്ഷകം
ചുട്ടു ഭൂപമൃതിവാത്ത കേൾക്കവേ. ൨൦൩

എന്തു ചെയ്യതിനിയെന്ന ചിന്തയാൽ
വെന്തുവെന്തുരുകുമുള്ളമോടേററവും
ജന്തുവൃന്ദമിഴി തൂകി ബാഷ്പമാ-
വൻതുഷാരഗിരി ഗംഗയെന്നപോൽ- ൨൦൪

കൈകൾ മാറു തലയെന്നിവററിൽവ-
ച്ചാകവേ തനുവിലശ്രു വാർത്തുടൻ
ഭീകരാത്തനിനദം പുരന്ധ്രിമാർ
ശോകവിഹ്വലകളായ് മുഴക്കിനാർ. ൨൦൫

ഹാരസാഭിധവധൂഗളോല്ലസദ്-
ഹാര! സാരസദലാക്ഷസേവക!
ഹാ! രസാധിപഗഭീര! ദൃഷ്ടസം-
ഹാരസാംബസമ! സൽഗുണാംബുധേ!” ൨൦൬

ആത്തനാദമിതുപോൽ വളത്തി നീർ-
വാത്തനല്പമലസേക്ഷണങ്ങളാൽ
മൂത്തമായ പരിതാപമെന്നപോൽ
പ്പാത്ത നാരികളുരുക്കി പാറയും. ൨൦൭

(യുഗ്മകം)

ക്രൂരനാംവിധി ചതിച്ചുകൊന്നൊര-
ദ്ധീരനാംനിജസഹോദരന്നുടൻ
സാരസാക്ഷിയുമയമ്മറാണി സം-
സ്കാരമാം ക്രിയ നടത്തി വിപ്രരാൽ. ൨൦൮

മന്നവന്റെ മരണംനിമിത്തമാ-
യന്നനല്പരുജപൂണ്ട മേദിനി
സന്നതാംഗിയുമയമ്മറാണിയിൽ-
ച്ചെന്നണഞ്ഞു ശിലപോലെ വല്ലിയിൽ. ൨൦൯

Digitized By Kerala Sahitya Akademi

വീരരാമരികളേറെവാഴമ-
പ്പാരടക്കി വാഴിപോൽരേിക്കുവാൻ
പാരമുണ്ടുപണ്ണിയെന്നു ഭാമിനീ-
ഹീരമാമവളറിഞ്ഞു മാഴ്കിനാൾ. ൮൭

എങ്ങസാധു ബലഹീനയായതാ-
മെങ്ങുവഞ്ചിധര, നെങ്ങുവൈരികൾ?
എങ്ങുതൻ ചെറുശിശുക്കൾ,ളേവമാ-
ത്തങ്ങുരാജ്ഞി ഭയശോകപാത്രമായ്. ൮൮

കാണിപോലുമുയിരോടു വാഴവാൻ
ത്രാണിവിട്ടെഴമിളേശനന്ദിനി
റാണിതന്നുടെ ഗഭീരയായിട്ടും
വാണികേട്ടു ചെറുതാശ്വസിച്ചതേ. ൮൯

ബാലന്മാരുടെ ലാളനം, ഹരിപദാം-
ഭോജാച്ചനം, കാമിനീ-
പാലക്ലേശമവ്വൃത്തി, ശത്രുനിധനോ-
ദ്യോഗം, തുടങ്ങിപ്പരം
നാലഞ്ചാറു വിധത്തിൽവന്നെത്തിരിട്ടും
കർത്തവ്യകമ്മങ്ങളെ-
പ്പാലഞ്ചുംമൊഴി ചെയ്തുപോന്നു; പെരുമോ
ന്ന്ഞത്തുക്കൾ ബുദ്ധിക്ഷയം ?

അഞ്ചാംസർഗ്ഗം സമാപ്തം.

———:o:———

Digitized By Kerala Sahitya Akademi

# ആറാം സർഗ്ഗം.

——:0:——

ജീവിതേശനട്ടത്തെന്യേ
ജീവിതേശനട്ടതപോൽ
ആവിശാലാക്ഷിയാം കന്യ
മേവിതാതൻ മരിക്കവേ. ൧

ഉമാവാക്യൌഷധം തെല്ല
സമാശ്വാസമണസ്സിലും
ക്ഷമാധിപസുതാതങ്കം
ക്രമാൽ വേരൂന്നി വാച്ചതേ. ൨

തോഴിമാർതൻ ശ്രമം നാട്ട-
വാഴിശ്രേഷ്ഠന്റെ പുത്രിയിൽ
പാഴിലായ്ത്തീർന്നു;വാനോളം
കോഴിക്കുഞ്ഞു പറക്കുമോ? ൩

തന്നൾത്തടം പ്രിയവപു-
സ്സൊന്നുകൊണ്ടു തെരുങ്ങവേ
അന്നുമറെറാന്നിൻമതിൽ-
ച്ചെന്നുകേറാൻ പ്രയാസമായ്. ൪

ധ്യാനം രാപ്പകലാരെത്തൽ-
സൂനഗാത്രി തുടർന്നുവോ
ആനല്ലോരീശൻ വൈകാതെ
ന്നൂനം പ്രത്യക്ഷമാകുമോ? ൫

ആരോടും സല്ലപിക്കുന്നി-
ല്ലാരോമൽ പ്രിയനെന്നിയേ;
ഓരോന്നാളികൾ ചൊല്ലുമ്പോൾ
പാരോ വാരുനാ ശ്രവിക്കണം. ൬

Digitized By Kerala Sahitya Akademi

''എന്നു ഞാൻ കാന്തനെക്കാണു-
മെന്നു നാൽവരൊടൊപ്പമാം?
എന്നും പാപിക്കു പാതാള-
മെന്നുള്ള മൊഴി തെററുമോ? ൭

കളങ്കമില്ലാതത്രാന്തം
വിളങ്ങുന്ന തദാനനം
ഉളമ്പുഞ്ചിരിയാലെന്നുൾ-
ക്കളം ശീതളമാക്കുമോ? ൮

തെളിഞ്ഞു രാഗസുധയിൽ-
ക്കുളിച്ച കളശീകരം
തളിക്കും തൽകടാക്ഷത്തിൻ
കളി ഞാനേല്പതെപ്പൊഴോ? ൯

അരികത്തണയായ് പ്രേമം
സ്ഫുരിപ്പോർക്കബ്ജനാളമായ്
ഇരിക്കുമബ്ബാഹുവെന്നോ
ശരിക്കെൻ ഗളമാല്യമാം? ൰

ആക്കണ്ണാഗ്ഗന്ധമധുര-
മാക്കണ്ടം ബാഹു മാറിടം
ആക്കരം കൈവിരൽ നഖ-
മാക്കമ്രമുഖമാപ്പദം ൰൧

ആവപുസ്സായശോരാശി-
യാവചസ്സാ മനോജ്ഞണം
ആവദാന്യത ദ്രാക്ഷ്യ
മാവൻപുമവനേ വരൂ. ൰൨

(യുഗ്മകം)

നീളമേറുന്ന നിശയേ-
ക്കാളുഹന്തസ്ത മഞ്ജുളം!
കാളരാത്രിയെനിക്കോരോ
നാളതിൻ ചരമാദ്ധ്വം. ൰൩

Digitized By Kerala Sahitya Akademi

കിടക്കാമുൾമുള്ളാം വീണ്ടും
പിടയ്ക്കാമെഴുന്നേററിടാം
ഇടയ്ക്കാമിഴിതൻ പോള-
യടയ്ക്കാനെന്തുപായമോ? ൫൪

അപേക്ഷിച്ചാലൊട്ടുറക്കു-
മുപേക്ഷിച്ചാലടുപ്പതും
അപേതവ്രീളയാം ലജ്ജാ-
ക്ഷപേരാനനതൻഗുണം. ൫൫

പതിവായിപ്പൊഴുസ്വപ്ന-
സ്ഥിതിവായ്ക്കുന്നൊരെൻെറ മേൽ
മതിയിൽക്രോധമാളുന്നു-
ണ്ടതിയായാ നിശാചരി." ൫൬

ഇത്തരം വിപ്രയോഗാഗ്നി
ഹൃത്തടത്തിൽ ജ്വലിക്കവേ
അത്തയ്യൽ പലതും ചൊല്ലി-
യത്തലാൻകുഴങ്ങിനാൾ. ൫൭

ഉള്ളിൽ പ്രബലമാം രാഗം
തള്ളിത്തിങ്ങിയിരിക്കിലും
വെള്ളിപോൽ വിളറം മേനി
പുള്ളിമാൻമിഴി പേറിനാൾ. ൫൮

വട്ടണിക്കൊങ്കയാൾതൻ നൽ-
ത്തിട്ടണഞ്ഞ,ളനാൾവരേ,
കട്ടഹേമകലാപങ്ങൾ
നൊട്ടകം പൂക്കൊളിക്കയായ്. ൫൯

മുക്താഹാരം ധരിക്കാതെ
മുക്താഹാരമെഴും തന്ന
രക്താധരയ്ക്കു കണ്ണേകി
മുക്താഹാരത്തെയക്ഷികൾ. ൬൦

Digitized By Kerala Sahitya Akademi

മിഴിയും തനവും പൂന്തേൻ-
മൊഴിക്കനൎത്ഥമാംപടി
കഴിയുംമട്ടു കാമൻപോം-
വഴിമുട്ടിച്ചു തല്ലിനാൻ. ൨൧

സ്നേഹംവിടുകിൽ മങ്ങും സ-
ന്ദേഹം വിട്ടേതുദീപവും;
സ്നേഹം വാച്ചു,തുപോലുള്ള
ദേഹം മങ്ങിയതത്ഭുതം. ൨൨

ഗരളത്തിന്നെഴിയാം ദോഷാ-
കരൻെറ കരജാലവും;
ഉരഗങ്ങൾ വമിച്ചീടു-
മൊരമ്മലയവായുവും; ൨൩

തന്നാനനാരിയെത്താങ്ങി-
ട്ടുന്നാപ്പങ്കജനാളവും;
നന്നായ്പ്പാമ്പിൻ വിഷംചേൎന്നി-
ട്ടുന്നാമാലേയതൈലവും; ൨൪

നേരായ് സ്വഭാവമോതുന്ന
പേരാളും പനിനീരതും,
ക്രൂരാനംഗഭടന്നുള്ള
നാരാചങ്ങൾ സുമങ്ങളും, ൨൫

മററും ശീതോപചാരാൎത്ഥം
പററും പല പദാൎത്ഥവും
മുററമാവധുവിന്നൾത്തി-
പററുവാൻ വിറകായിതേ. ൨൬
(കുളകം)

വീണയെത്തൊടുവോരാളി
വീണയായ്, പാട്ടിലാഗ്രഹം
വേണമെന്നരുളുംതോഴി-
ക്കാണന്നാൾപ്പാട്ടിൽ നിന്നടി. ൨൭

Digitized By Kerala Sahitya Akademi

കളിക്കുമുണ്ണിനും തീരെ
ക്കളിക്കും കൊതിയററുപോയ്;
വെളിക്കു യാത്രയും തീൎന്നു
വിളിക്കലെല്ലാതമൂളലും. ൨൮

'തവാധരാമൃതം വേണം
ജവാ'ലെന്നവളോതവേ
ശിവാനന്ദയോഗം ചെയ്തില്ല
നവാധിയൊടു റാണിയും. ൨൯

കാമജ്വരൌഷധം മന്നിൽ
പ്രേമപാത്രാധരാമൃതം;
ഓമലാൾക്കതു കിട്ടാതെ
ഭീമമായ്ഗദമെത്രയും. ൩൦

"വരുണ! നീയെൻെറ വരനെ-
ക്കണ്ടെന്നെന്നുരചെയ്യുകിൽ
ഭണ്ഡത്തിലധികം മാധ്വി-
ക്കണ്ഡനം തവനിൎണ്ണയം. ൩൧

മരമേ! നായകൻവാഴും
പുരമേതെന്നുരയ്ക്കുകിൽ
വരമേകും തരാം; മൌനം
ചിരമേവം ഭജിക്കൊലാ." ൩൨

പിടഞ്ഞിവണ്ണം പ്രലപി-
ച്ചുടനഞ്ചിന്ദ്രിയത്തെയും
അടച്ചവൾ മനസ്സിങ്കൽ
സ്ഫുടം പായിച്ചു നോക്കിനാൾ. ൩൩

ഒന്നിലും ഫലമില്ലാതെ
നിന്നിരുന്നു കിടന്നവൾ
വന്നിടുംമാറിൽ വെട്ടേററ
കന്നിനൊപ്പം പിടച്ചതേ. ൩൪

Digitized By Kerala Sahitya Akademi

ഏത്തിങ്കലമരും മന്ത്രി-
മുത്തിനായുസ്സിരിക്കുവാൻ
അത്തിങ്കറംമുഖി ചിന്തിച്ചോ
ചത്തില്ലാധി മുഴക്കിലും? ൯൫

വിഷപ്പടി പടർന്നോരീ
വിഷമവ്യാധി നീങ്ങുവാൻ
ഭിഷഗ്വരർ പണിപ്പെട്ടാർ;
ദുഷം കാററിനെ നിൎത്തുമോ? ൯൬

കേണിവണ്ണം കഴിക്കും തേൻ-
വാണിമുത്തിനുറങ്ങുവാൻ
കാണിക്കുണ്ടാം കടൽക്കാററാൽ
ത്രാണിയെന്നേകനോതിനാൻ. ൯൭

“എന്നാലതു പരീക്ഷിക്കാം:
ചെന്നാലും കടൽവക്കിൽനീ;
അന്നാരായണനാധാരം
നന്നായ് മുത്തേകുവാൻ ക്ഷമം. ൯൮

നിമിത്തംനന്നാക്കിഞാൻ; കൊള്ളും
ശമിക്കുമഴലൊക്കെയും;
ക്ഷമിച്ചപാർത്താൽ പ്രത്യുഷം
തമിസ്രയ്ക്കപ്പുറം വരും.” ൯൯

എന്നരാജ്ഞികഥിക്കും വാ-
ക്കന്നു കേട്ടാളിമാരുമായ്
ചെന്നു സിന്ധുതടത്തിങ്കൽ-
ക്കന്നുതോൽക്കുന്ന കൊങ്കയാൾ. ൱

പാരംകാട്ടാതെ ഗാംഭീൎയ്യം
പാരം കാട്ടുന്നൊരാഴിയെ
ആരമ്യ ഭംഗമില്ലാത-
ന്നേരംകണ്ടു സഭംഗമായ്, ൱൧

Digitized By Kerala Sahitya Akademi

തടംതല്ലിത്തകൎക്കുന്ന
കടലിൻ മേന്മ തോഴിമാർ
സ്ഫുടമിമ്മട്ടിലന്നന്ന-
നടയാളോടു ചൊല്ലിനാർ. ൰൧

"കണ്ടാനന്ദിച്ചു കൊണ്ടാലും
വണ്ടാർപൂവേണിമാർമണേ!
പണ്ടാസ്സഗരപുത്രന്മാ-
രുണ്ടാക്കിത്തീർത്ത പൊയ്കയെ. ൰൨

രമ്യഹൎമ്മ്യതാതൻ, തൽക്കാന്ത-
നമരും മണിമന്ദിരം;
സമം തരംഗിണീയുഗളം
ഭ്രമം തീൎക്കുന്ന താവളം; ൰൩

മെച്ചം വിധികരത്തിന്നു;
കച്ചപ്പുറമിരിക്കുവിവൻ;
പച്ചക്കർപ്പൂരമക്ഷിക്കു;
കൊച്ചുപെൺജനത്തിന്റെ പാവയും; ൰൪

കാറാം വേഴാമ്പലിൻ ദാഹ-
മാറാൻ പാഥസ്സു നല്കുവോൻ;
മാറാതെത്തിബ്ബജിക്കുന്നോൎക്ക
ക്രൂരദൈന്യശമിപ്പിക്കുന്നോൻ. ൰൫
(വിശേഷകം)

നല്ലവിസ്താരമിവന്നു-
ണ്ടുല്ലസിക്കുന്ന ജീവനം;
ചൊല്ലുന്നു തുല്യരായ് സ്സിന്ധു-
വല്ലഭപ്രൗഢിവാകരെ. ൰൬

ഇവൻ ജലേശനെന്നാലും
ധ്രുവം സർവാപഗാനുകൻ;
ലാവണ്യംതന്നെ നോക്കുന്നു
ധ്വനിൽ ചാരുവേണിമാർ. ൰൭

Digitized By Kerala Sahitya Akademi

പരമൈരവാഗ്നിഭീപൂണ്ടു
പറക്കും ഭംഗപക്ഷികൾ
അരം തച്ഛിഖയാൽത്താഴെ
മരണംപൂണ്ടു വീഴ്കയോ? ൪൯

നിലയില്ലാത്ത കടലി-
ന്നലയും നിലയെന്നിയേ
ഉലകിൽച്ചാടി വീഴുന്നു;
ഫലം ബീജസമം ദൃഢം ൫൦

വൻകടൽത്തന്നകൈക്കൊണ്ടും
നിൻകചാഭ വരാഞ്ഞയാൽ
ശങ്കവിട്ടശ്രുവാർക്കുന്നോ
തിങ്കൾനേർമുഖി! കാറുകൾ? ൫൧

നിന്നാമനഭ്രൂലതകൾ
വെന്നോരീയബ്ധിവീചികൾ
ഇന്നോർക്കിൽത്തലതാഴ്ത്തിക്കൊ-
ണ്ടൊന്നോടേ കരയുന്നുവോ? ൫൨

നിൻകണ്ണുകൾക്കെഴും ഭംഗി
ശങ്കവിട്ടണവാൻ ധ്വാഷം
കാൺക നിന്നിദ്രമായ് തീര-
ത്തിങ്കൽ ചെയ്യുന്നുവോ തപം? ൫൩

നിൻഗളംപോലിരിക്കാത്ത
ശംഖം വേണ്ടെന്നു വാരിധി
തുംഗവ്യഥയോടിത്തീര-
ത്തിങ്കലേക്കെറിയുന്നുവോ? ൫൪

നിൻകചത്തെ നിനച്ചുള്ളിൽ-
ത്തങ്കും ലജ്ജനിമിത്തമോ
വൻകവാദ്രി സരസ്വാനി-
ലെൻകരം ശാക്ഷി! മഗ്നമായ്? ൫൫

Digitized By Kerala Sahitya Akademi

വിലയേറ്റോ വെറുതേ താനോ
ജലപാനമൊരാൾക്കുമേ
ഉലകിങ്കൽ കൊടുപ്പീല;
ഖലൻതാൻ ലുബ്ധനംബുധി. ൯൬

നാരത്തിന്നമ്മൊരർത്ഥം താൻ
നീരത്തിന്നെന്നു കാൺകയാൽ
ക്ഷാരത്തെ ക്ഷീരമെന്നോതി-
പ്പാരം വഞ്ചിക്കയോ ബുധർ? ൯൭

പാരുവസ്തുക്കൾ വാനോർക്കു
ചോരുമാറായി മുന്നമേ;
നീരുമെയ്യുങ്ങുമാഴന്നാനെ-
യാരുക്രൂട്ടാക്കമൂഴിയിൽ? ൯൮

ഗുണമേറും കടൽക്കാറേറ!
തുണമേലാലിവർക്കുനീ;
ചുണമേളിക്കുമുള്ളോടി-
ക്ഷണമേ മാലകററണേ!" ൯൯

എന്നിവണ്ണം സഖീവൃന്ദം
ചൊന്നിട്ടും വാക്കു കേൾക്കവേ
അന്നിളേശജതന്നാധി
മുന്നിലും വലുതായ് പരം. ൱

"ഈയ നല്ലവരനോടൊന്നി-
ച്ചാനന്ദിക്കും സരിത്തുകൾ
ഫേനഫുല്ലത്താലിയെന്നോ
ന്നുനമിപ്പാൾ ഹസിക്കയാം. ൱൧

കാമൻെറ കേതനങ്ങൾക്കു
ഹാ! മമവ്യഥ സമ്മതം
കാമമേകാസ്സിലവചേ-
ന്നിമട്ടു വിളയാടുമോ? ൱൨

Digitized By Kerala Sahitya Akademi

മാരന്നു മുഖ്യസേനാനി-
യാം, രവന്നു പിതാവിവൻ
നീരജാക്ഷികളേ! പാർക്കിൽ-
പ്പാരമെൻ ശത്രുവല്ലയോ? ൱൩

ശ്രീനന്ദനൻ പഞ്ചശരൻ;
നൂനം ശ്രീയാഴിതൻ മകൾ;
ഹാ! നമുക്കഴലിൻ ബീജ-
മൂനം വിട്ടിവനല്ലയോ. ൱൪

വെള്ളപ്പൂകളോടൊത്തുന്നു-
മുള്ളത്തിൽവിധു വാസമായ്
ഉള്ള കാന്തനോടൊക്കുന്നു
കള്ളം വിട്ടിപ്പയോനിധി. ൱൫

അനുകമ്പ കുറഞ്ഞുള്ളി-
ലനുകൻ പോകയാലിനി
അനുക്രൂലം വരും വീചി-
യനുക്രൂലം പതിക്കുവാൻ. ൱൬

ശംബരാരിയെ വെന്നിടാൻ
ശംബരാധിപനോർക്കുകിൽ
കിംബലം? നിങ്ങളെക്കാളും
സ്തംഭവും ബുദ്ധിമത്തുതാൻ." ൱൭

ഏവമോതി വിഷാദിക്കും
ശ്രീവലാരിതനൂജയെ
ആ വരാളികൾ പിന്നീടു
സാവധാനപ്പെടുത്തിനാർ. ൱൮

ക്ഷമതൻ വക്ത്രമാം ചന്ദ്രൻ
തമസ്സിൻ വായിൽ വീഴവേ
ഭൂമഗാത്രികൾ ഭീതിപ്പെ-
ട്ടമന്ദം കേറി മഞ്ചലിൽ. ൱൯

Digitized By Kerala Sahitya Akademi

ചെമ്പഴന്തിപ്പിള്ള തന്റെ
വമ്പനും വീട്ടിൽ വാഹകർ
ശമ്പതോൽക്കും മേനിയാളെ-
ക്കമ്പം കൈവിട്ടിറക്കിനാർ. ൬൦

പാതതെററിയതാണെന്നാ-
പ്പാന്തകിക്കൂട്ടരോതവേ
വീതശങ്കം യുവാവേകൻ
വാതലിൽക്കൂടിയെത്തിനാൻ. ൬൧

കോപാശ്ചര്യഭയങ്ങൾക്ക
ഭൂപാലസുത പാത്രമായ്
ഹാ! പാപ്പുമവിലീമട്ടാ-
മാപാപിയുരിയാടിനാൻ. ൬൨

“വരുവിൻ! പാതതെററിച്ച
പെരുവിഡ്ഢികൾ വാഹകർ;
മരുവിക്കൊൾവിനെൻ വീട്ടി-
ലൊരു വിഘ്നമില്ലതിൽ. ൬൩

രണ്ടു നാഴിക പോയെങ്കി-
ലുണ്ടു ചന്ദ്രികയിട്ടിനം;
തണ്ടുകേററിഗ് ഗൃഹത്തിങ്കൽ-
ക്കൊണ്ടുചെന്നപ്പൊഴാക്കുവൻ.” ൬൪

ഇത്തരം വാക്കു കേട്ടൊന്നു-
മുത്തരം ചൊല്ലിടാതവൾ
ചിത്തരംഗത്തിൽ വൻത്രാസ-
മൊത്തരം വിട്ടു വാഹനം. ൬൫

വമ്പുലിക്കൂട്ടിനുള്ളിൽ ചെ-
ന്നമ്പുമാനെന്ന പോലവേ
വെമ്പുമുള്ളോടവൻ തന്റെ
പിമ്പുപോയ് മത്തകാശിനി. ൬൬

Digitized By Kerala Sahitya Akademi

മലമ്പാമ്പിന്റെ വായ്ക്കുള്ളിൽ-
ത്തലയിട്ടീടുമാഖുപോൽ
അലക്ഷ്യേക്ഷണ വല്ലാതെ
വലഞ്ഞാൾ നിസ്സഹായയായ്. ൬൭

കരുത്തുഭയമുൾത്തട്ടിൽ-
പ്പെരുത്തു വലുതാകവേ
കരുത്തു സതികൾക്കീശൻ
വരുത്തും ചില വേളയിൽ. ൬൮

അതുപോൽ വിപദിസ്ഥൈര്യ-
മതുലം പൂണ്ട സുന്ദരി
കതുകം നൽകിടാതുള്ളാ-
പ്പൂവീട്ടിങ്കലെത്തിനാൾ. ൬൯

ആരിയല്ലാതെ സഖിമാ-
രരികത്താരുമെന്നിയേ
ഹരി! നമ്മുറിയൊന്നിൽ പോയ്
ഹരിണേക്ഷണ കേറിനാൾ. ൭൦

സ്സാരപ്രഭയെഴും ദീപ-
വാരത്താലഗ്ഗൃഹാന്തരം
താരവ്രജത്താൽ വാനംപോൽ
പാരം ശോഭിച്ചിരുന്നതേ. ൭൧

ആ മുറിക്കകമാരോമൽ-
പ്പൂമുഖിത്തയ്യലാൾ ദിവി
ശ്രീമുറവമ്പിയലും പവ്-
കൌമുദിക്കൊപ്പമെത്തിനാൾ. ൭൨

ചാതകത്താൽ നവാംഭോദ-
ജാതമാം വാരിധാരപോൽ
ജാതരൂപാംഗിതൻ കാന്തി
പീതമായ് കാമുകാക്ഷിയാൽ. ൭൩

Digitized By Kerala Sahitya Akademi

ഉരച്ചു കാമി: "കേട്ടാലും
ശരച്ചന്ദ്രനിഭാനനേ!
പരമീ ത്തപ്പുഴം കണ്ടു
ഗരമെന്നോർത്തിടൊല്ല നീ. ൮൪

ശരിക്ക ഫലകത്തിങ്കൽ
സ്ഫുരിക്കും ചിത്രമെന്നപോൽ
ഇരിക്ക മണിമന്ദിരത്തിൽ;
ചിരിക്ക ചെറുതെൻപ്രിയെ! ൮൫

ചിന്തയാം തീയിൽ മലർമെയ്
വെന്തല്ലോ പോയി കഷ്ടമേ!
എൻതനപി ചുവരില്ലാഞ്ഞാൽ
ഹന്ത! മേൽ ചിത്രമെങ്ങനെ? ൮൬

ഓമനേ! നിന്റെ തനുവി-
ങ്ങ് ഭീമവ്യഥ സഹിക്കുമോ?
കാമം പൂപ്പോലെ മലയെ-
ത്താമരത്തണ്ടു താങ്ങുമോ? ൮൭

കഥയെന്തി, തണ്ണിക്കൊറ്റപ്പിൽ-
ക്കഥമേവമനാദരം?
അഥവാ പൊൻകടത്തിൻ നൽ-
പ്രഥ പൊട്ടാലുയർന്നിടാ. ൮൮

നിന്നാസ്യാബ്ജം ബാഷ്പവർഷം
വന്നാരാലഴകററതായ്
എന്നാലരയ്ക്ക,മെൻ കണ്ണി-
ന്നൊന്നാന്തരമതാമനേ! ൮൯

കരച്ചിൽ മതി, വേധസ്സു
വരച്ചാലാക്കഴിച്ചിടാം?
വരട്ടെ വരുവോന്നെല്ലാം;
നരക്കഴൽ നിസർഗ്ഗജം. ൯൯

Digitized By Kerala Sahitya Akademi

എത്രനാളീവിയോഗാത്തി-
സത്രം ദീക്ഷിപ്പതോമലേ!
പുത്രന്മാരായ് നിനക്കെന്നും
നേത്രവാരികൾ പോരുമോ? ൯൧

ഒരാളെപ്പാൎത്തു ഭൎത്താവായ്
സരംഗം സ്വീകരിക്ക നീ;
വരാംഗി! വിധുവില്ലാഞ്ഞാൽ
വരാതെല്ലൊളി രാവിനും. ൯൨

മാനിയാം സചിവൻ തേജോ-
ഹാനി പററുക കാരണം
താനിളാന്തമഹോ വിട്ടു;
വാനിനൻപോലെയന്തിയിൽ. ൯൩

കുലശീലകലാരൂപ-
ബലകീൎത്തികളൊക്കെയും
നലമേറും സചിവനൊ-
ത്തുലകം വിട്ടതായ് വരാ. ൯൪

ഇവയെല്ലാം തികഞ്ഞോരു
നവയൌവനയുക്തനിൽ
ജവമോടനുരഞ്ജിക്ക;
വേനിൽ ശൈലപുത്രിപോൽ. ൯൫

ആരും തന്നെ ഭുജിക്കാതെ
താരുണ്യം കളയായ്കനീ,
വാരററ വനമദ്ധ്യത്തിൽ
വീണുത്തു മലരെന്നപോൽ. ൯൬

നീയാലോചിക്ക! മെയ്യേന്നു-
മീയാളെ നിലനിൽക്കുമോ?
പോയാൽ വരില്ല മൃതനാം
പ്രേയാനെപ്പോലെ യൌവനം. ൯൭

Digitized By Kerala Sahitya Akademi

ചേലേറും മുടിയുമാരോമന്നും
ചാലേ! ഹന്ത! വെളുത്തു പോം;
പ്രാലേയാംശുവുദിച്ചിട്ടും
കാലേലിക കണക്കിനേ. ൯൮

അലം രാഗംവിട്ടും ഞാനും
വിലയേറിടുമോഷ്ഠവും;
മുലയും ശുഷ്കമാവു-
മുലഞെട്ടൊന്നിച്ചു വീണുപോം. ൯൯

ചുക്കിച്ചുളിഞ്ഞിടും മേനി;
മൂക്കിൽ മുത്തി കിടന്നിടും;
ത്വക്കിന്റെ ഭംഗി മങ്ങീടും;
വിക്കിക്കുര മുഴുത്തിടും. ൧൦൦

അന്തിക വേഷം കെട്ടീടിൽ-
പ്പന്തിക്കേടാം; വെളുക്കുകിൽ
എന്തിനതക്കാപ്പു കൊള്ളിക്കാം?
ചിന്തിക്കു ജീവനായികേ! ൧൦൧

ചത്തുപോയ് മന്ത്രി, പോകട്ടേ;
മുത്തുപ്പെണ്ണെന്നെ വേൾക്ക നീ;
അത്തുഷാരാംശുവെക്കാന്തി-
മെത്തും രാകകണക്കിനി. ൧൦൨

ചാരുസൌധത്തിൽ ഞാനൊത്തു
ഹേരുക്മാംഗി! രമിക്ക നീ
മേരുമലിന്ദ്രനോടൊപ്പം
പേരുറ്റ ശചിപോലവേ. ൧൦൩

ചരണം കൂപ്പുമീയെന്റെ
മരണം നീ വരുത്തൊലാ;
തരണം മാരതാപാബ്ധി
തരണം ചെയ്യുവാൻ തരം." ൧൦൪

Digitized By Kerala Sahitya Akademi

ഏവം ഭാരതി കേട്ടൊന്നു
ഭാവംമാറി മനസ്വിനി
ആവങ്കുന്നാട്ടരൻ ചൊന്നാൾ:
“ദൈവം കേൾക്കുമിതൊക്കെയും, ൧൦൫

ഭൈമിക്കരണ്യചരണം,
ഭൂമിജയ്ക്കശോകാസ്യന്തം,
ഭാമിനീമണി കൃഷ്ണയ്ക്ക
കാമി കീചകനും, പുരാ ൧൦൬

എന്തുചെയ്തെങ്ങുപോയ് ചേൻ?
വെന്തുപോം നീയുമാവിധം;
പിന്തുണയ്ക്കപ്പൊഴും സാധു-
ജന്തുവിന്നീശനന്നില്ലയോ? ൧൦൭

(യുഗ്മകം)

തീയാഹാരം തനിക്കെന്നോ-
ർത്തീയാനെത്തുന്ന രീതിയിൽ
പായാതെ നിന്റെ പാട്ടിന്നു
പോയാൽ നന്നോർത്തുകൊൾക നീ. ൧൦൮

വടക്കുനോക്കിയന്ത്രത്തിൽ
വടക്കേ സ്സൂചി നോക്കീട്ടു;
സ്പുടം സതികളമ്മട്ടു
ത്തുടരും കാന്തർതൻപദം. ൧൦൯

ഇരിക്കിലിരുന്നീടും;
മരിക്കുകിൽ മരിച്ചിടും;
വരിക്കില്ലന്യനെ,പ്പിന്നിൽ
ചരിക്കും പ്രിയനൊത്തു ഞാൻ. ൧൧൦

മതി നിൻ ധാർഷ്ട്യ”മെന്നോതി
മതിയിൽ ക്രോധവായ്പോടും
മതിനേർമുഖി തൽപാർശ്വ-
മതിശീഘ്രം വെടിഞ്ഞുത. ൧൧൧

Digitized By Kerala Sahitya Akademi

എഴുന്നേററു നടന്നീടും
മുഴുചന്ദ്രാസ്യയോടവൻ
പാഴതിൽപ്പിന്നെയും ചൊന്നാൻ
കഴകൻ ഹാസിയോടുപോൽ. ൧൧൧

ആരു ഞാനെന്നു നന്നായി-
ബ്ഭീരുവാം നീ ധരിച്ചുവോ?
പോരും ഗർവ്വു, വെറും ശുഷ്ക-
മാരു തീയോടെതിർക്കുമോ? ൧൧൨

ഇന്നു നീയെന്നെ വേറാക്കണ്ട;
ചെന്ന കാര്യങ്ങളൊക്കെയും
ഒന്നുകൂടി വിചാരിക്ക:
തന്നു തൊണ്ണൂറഹസ്സു ഞാൻ. ൧൧൩

മൂന്നു മാസം കഴിഞ്ഞിടി-
ലന്നു ഞാൻ പിന്നെയും വരും;
അന്നുമീവണ്ണമോതീടിൽ—
ഇന്നു ചൊല്ലേണ്ടതിൻ ഫലം. ൧൧൪

രണ്ടാം കാർക്കോടകൻ പോലെ
കണ്ടായോ കൈയിൽ വാളു നീ?
കണ്ടാലുമറിയാത്തുള്ളോർ
കൊണ്ടാൽ താനറിയും ദൃഢം. ൧൧൫

സൂക്ഷിച്ചാഴ്ക നീ, നിന്നെ
രക്ഷിപ്പാനെന്നപോലവെ
ശിക്ഷിപ്പാനുമെനിക്കുണ്ടു
ഭക്ഷിപ്പാനും ദൃഢം തിറം. ൧൧൬

എന്നെനീ നിണ്ണയം മാരൻ-
തന്നെക്കൊണ്ടു വധിച്ചിടും;
പിന്നെപ്പാതകമെന്തുള്ളു
നിന്നെയും ഞാൻ വധിക്കകിൽ? ൧൧൭

Digitized By Kerala Sahitya Akademi

ഒന്നുകിൽ തങ്കമേ! നിന്നെ-
ക്കൊന്നു കൂടി മരിച്ചിടും;
നിന്നുടൻകാമ്പു പുൽകിടു-
മന്നതൊ,ട്ടല്ലയെങ്കിൽ ഞാൻ. ൧൧൯

ഓണമോ പുലയോ ക്രൂരർ
വേണമെന്നു കൊതിക്കുവോർ?
കാണട്ടെ; നിന്നെ ഞാൻ വിട്ടാ-
ലാണല്ലന്നു നപുംസകം.” ൧൨൦

ഇവണ്ണമോതിബ്ബത! തണ്ടിൽ വീണ്ടു-
മവൻ നൃപാലാത്മജയെക്കരേററി
അവർണ്ണ്യമോദത്തൊടു വാണു; പത്മ-
ഭവൻ നൃശംസൻ; കഴിവെന്തു പിന്നെ? ൧൨൧

സ്വരത്തിനെക്കൂട്ടിനകത്തു വാണിടു-
ന്നൊരക്കിളിപ്പെൺമണിപോലെയാസ്സതി
സ്സ്മരച്ഛുരികാഹതിയെക്കുറിച്ചു നി-
ർഭരം തപിച്ചാൾ; ഫലമെന്തുമങ്ങകിൽ? ൧൨൨

കാമഭോഗിയുടെ ഭീതിദമാം തീൻ-
വേളകാക്കുമൊരു വെള്ളെലി പോലെ,
ചേലകന്ന നിജസൗധതലത്തിൽ
സ്ത്രീലലാമമണി മാലൊടു വാണാൾ. ൧൨൩

ഉഴഴികാക്കുമൊരുറാണിയൊടും തൻ
തോഴിമാരൊടുമുരച്ചു സമസ്തം
നാഴികയ്ക്കൊരുവിപത്തിനുലാക്കാ-
യാഴിപോലെയവളശ്രുപൊഴിച്ചാൾ. ൧൨൪

തന്നാലവൾക്കഭയമേകുവതിന്നു തെല്ലു-
മന്നായിടാതെ ബത രാജ്ഞിയുമത്തലാർന്നാൾ;
ചെന്നായടുത്തു കരളും പശുവെത്തുണപ്പാൻ
സന്നാഹശക്തികുറയുന്നൊരു ഗോപിപോലെ. ൧൨൫

ആറാം സർഗ്ഗം സമാപ്തം.

Digitized By Kerala Sahitya Akademi

# ഏഴാം സർഗ്ഗം.

കുലശേഖരനാട്ടിലുർവ്വരാഭൃൽ-
കുലതന്തുക്കൾ കുമാരരാറുപേരും
നലമോടു വളൎന്നു കാന്തിപൂരം
കലരും സിന്ധുവിൽ മൌക്തികങ്ങൾപോലെ. ൧

ജനതയ്ക്കുരുമോദമോടു,മെന്നാൽ
വിനചെയ്യും വിമതൎക്കു ഭീതിയോടും,
ദിനവും പരിവൃദ്ധിതേടി രാജ്ഞീ-
തനയന്മാർ സിതപക്ഷചന്ദ്രതുല്യം. ൨

അകളങ്കഗുണൌഘരത്നകന്മാ-
രകതാർവാടിയ റാണിയാൾക്കു നിത്യം
പ്രകടം തെളിവേകി, കാന്തികോഡു-
പ്രകരം ദ്യോവിന്നു രാവിലെന്നപോലെ. ൩

പുരുമാധുരിപൂൎണ്ണ ഗീരിനാല-
പ്പുരുഷാധീശ്വര,രമ്മതൻവിഷാദം
വിരുതിൽച്ചുവടേ പറിച്ചു, മുന്നം
ഗരുഡൻ ദിവ്യസുധാരസത്തിനാൽ പോൽ. ൪

നലമാൎന്ന സുതാനനം പ്രഹൃഷ്ടാ-
കുലയായ് ത്തീൎത്തു സവിത്രിയെ പ്രകാമം,
സുലദ്യുതിപൂണ്ടുദിച്ചു ചന്ദ്രൻ
കലശാബ്ധിത്തിരമാലയെക്കണക്കെ. ൫

പ്രവിനഷ്ടനൃപന്നുമേൽ സുതന്മാർ
ഭുവി രാജത്വമെഴാൻ കൊതിച്ച റാണി
രവിപോയ് വിധുവെപ്രതീക്ഷചെയ്തു-
ദ്ദിവി മേവീടിന സന്ധ്യപോൽ വിളങ്ങി. ൬

Digitized By Kerala Sahitya Akademi

ധരണീശരണക്രമത്തെ നീക്കി
നരനാഥയ്ക്കു തന്തുജലാശനങ്ങൾ.
ജ്വരമെങ്ങു സവിത്രിമാർക്കടക്കൻ-
ത്തരമൊത്താത്മജരാം മരുന്നിരിക്കെ? ൭

അവർതൻ ശരിയാം വളർച്ചകണ്ട-
ന്നവനീനാഥ നിതാന്തമാശ്വസിച്ചാൾ,
നവമാം ജലദത്തെ വർഷകാല-
ത്തവലോകിപ്പൊരു ചാതകിക്കു നേരായ്. ൮

കനലിൻപടി വൈരികൾക്കുഭീമാമൽ-
ക്കനകക്കട്ടകണക്കു ബാന്ധവർക്കും
ജനനായകർതൻ തനൂജകളുന്നം-
ളനവദ്യാഭയോടേററവും വിളങ്ങി. ൯

ഛവിയാർന്ന കുമാരരാറിൽ വർഷ്മം
രവിവർമ്മാഭിധപൂണ്ട മൂത്തബാലൻ
സവിശേഷമശേഷഹൃദ്യഭാവം
ഭുവിപൂണ്ടാൻ, മധുരം രസങ്ങളിൽപോൽ. ൧൦

മുഴുനന്മ കലർന്ന ബാലരാച്ചോ-
ല്ലെഴുമൃഷിക്കു ലഘൂകരിച്ചു താപം;
പഴുതററ ഗുണത്തൊടാറുപങ്കാ-
യൊഴുകും പഞ്ചനദോദകങ്ങൾ പോലെ. ൧൧

കളിർപുഞ്ചിരിവെണ്ണിലാവിനാല-
ത്തളിരൊക്കും തനുപൂണ്ട ബാലചന്ദ്രർ
വെളിവിൽജ്ജനമാനസേന്ദുകാന്ത-
ങ്ങളിലാർദ്രതയമന്ദക്ഷണം കലർത്തി. ൧൨

മതി,ശീല,മഹിഷ്യ,മൂന്നുമന്നാൾ
മതിയിൽ സ്സൽ പരസ്പരം പെറുംപോൽ
സതിതൻ സുതരെസ്സ്വയം ഭജിച്ചു;
കൊതി സമസ്സുവിലാർക്കൊഴിക്കയില്ല ? ൧൩

Digitized By Kerala Sahitya Akademi

കളിവിട്ടു പഠിപ്പതിന്നു പിന്നീ-
ടൊളിപൂണ്ടെഴുമക്കുമാരരുദ്യമിച്ചാർ,
വിളിയേന്തിന ശാസ്ത്രമാറിനേയും
വെളിവിൽ ഗാത്രസമേതമാക്കുവാൻ പോൽ. ൧൪

ഉരുവാം ധിഷണാവിലാസമുള്ളിൽ-
പ്പെരുകും ബാലകർതൻ നവാനുയോഗം
ഗുരുവിന്നൊരു ശിക്ഷയായ്‌ഭവിച്ചോ
വിരുതിൽ ശിക്ഷയതെന്നുരച്ചു വാദ്ധ്യാർ? ൧൫

പ്രമദാത്തുതളിതീമിശ്രമാമുൾ-
ക്കമലം പൂണ്ടൊരു ദേശികൎക്കു പാരം
വിമലം നിജശാസ്ത്രബോധമെല്ലാം
ശ്രമമററന്നു കൃതാൎത്ഥമായ്‌ഭവിച്ചു. ൧൬

അകളങ്കഗുണങ്ങളാന്ന ബാല-
ക്കതാർ, കാണികൾതൻ മുഖാബ്ജമാട്ടം,
വികസിച്ചു പരം ഗുരുത്തമാൎക്ക-
പ്രകടോദിതചാരുഗോഗണം നിമിത്തം. ൧൭

ശ്രുതിയും സ്മൃതിയും ലഭിച്ചു വഞ്ചി-
ക്ഷിതിപാലാൎഭകരെഗ്ഗുരുക്കൾ മേലാൽ
ശ്രുതിയും സ്മൃതിയും ദ്രുതം പഠിപ്പി-
പ്പതിലുത്സാഹമിയന്നു വാണിരുന്നു. ൧൮

മതിവിസ്തര,മാക്കുമാരരാകും
ദ്യുതി വായ്ക്കുന്നൊരു യൌവനം ഗ്രഹിച്ചാൽ
അതിയായ്‌ ഗ്രഹഷൾകമുച്ചമാം തൽ-
ക്ഷിതിഭാഗത്തി,നിവണ്ണമോൎത്തു പൌരർ. ൧൯

പുതുതായ്‌ നിധി കൈവശം വരുമ്പോ-
ളതുസൂക്ഷിപ്പതിൽ നിസ്സ്പൃഹനല്ല യതാം
അതുലാഭകമാരപോഷണത്തിൽ-
ച്ചുമരക്ഷ്മാതലനാഥ പൂണ്ടിരുന്നു. ൨൦

Digitized By Kerala Sahitya Akademi

വഴിപാടുകഴിക്ക, മന്നവന്മാ-
ക്കഴിവറ്റുണ്ണൊട്ട ദാനമെന്നമേകം,
വഴിപോൽത്തൊഴുമീശനെ,ശ്ശ്രമപ്പെ-
ട്ടുഴിയും, ഭസ്മമിടും, ഞെരുക്കുകെട്ടും. ൨൧

പരിചാരകനൊന്നുവേണ്ട ദിക്കിൽ-
പ്പരിചാന്റിടിന പത്തുപേരെയാക്കും;
പരിതോഷമവക്കു ചിത്തരംഗോ-
പരി തോന്നുന്നതിനും പ്രയത്നമാളും. ൨൨

ഒരുമട്ടിനുകീർത്തി പാരിൽ വായ്ക്കു-
ന്നൊരു കാർത്താന്തികർ, വൈദ്യർ, മാന്ത്രികന്മാർ.
ഒരുമിച്ചിവരെ ക്ഷണിച്ചു മേന്മേ-
ലരുളും പാർത്തു കുമാരഭദ്രമാതാൻ. ൨൩

ശരിയൊക്കെയുമെന്നുരയ്ക്കുവോര-
പ്പരിഷയ്ക്കാനിമിഷത്തിൽ വേണ്ടതെല്ലാം
ഹരിണാക്ഷി കൊടുക്ക,മെന്തുചെയ്യാ-
മെരിയുംവിട്ടിലെ ചട്ടത്ത കൊള്ളി ലാഭം. ൨൪

നരപാർഥകർത്തൻ രസജ്ഞയെപ്പോൽ-
പ്പരമാ വഞ്ചിധരിത്രിയും തദാനീം
ഉരപൊങ്ങിന ശാരദാഗമത്താൽ
സ്ഫുരദൈശ്വര്യപ്രപൂർണ്ണ ലാലസിച്ചു. ൨൫

ഘനപീനപയോധരാഢ്യവക്ഷാം-
ഗനതൻ ബന്ധമകന്നനന്തരമദ്രം
കനമാന്നമുമുക്ഷുവാം ജനത്തിൻ
മനതാരിൻ പടിനിമ്മലതചമാൻ. ൨൬

അവിളംബിതമായ് ശതഹ്രദാഗ്ര്യ-
ച്ഛവികൈവിട്ടു നദങ്ങളും നദസ്സും;
കവിയുന്നവിധം പ്രസാദമുണ്ടായ്
സവിശേഷം ജനതയ്ക്കുമിന്ദുവിന്നും. ൨൭

Digitized By Kerala Sahitya Akademi

ഇടിവെട്ടുകൾനീക്കി ലോകമെല്ലാം
വടിവിൽക്കാത്തു ശരത്തു വാണിടുമ്പോൾ
ഝടിതി ത്രപപാരമുള്ളിലേന്തും-
പടി തൻവില്ലു വലാരി പിൻവലിച്ചു. ൨൮

ഉലകിൽശ്ശുചിയായ് നിജാഭിധാനം
കലരും ഹംസമനല്പമോദമോടേ
വിലസുന്നതു കണ്ടസൂയവാച്ചോ
നിലവിട്ടന്നു രവിക്കു താപമേറി? ൨൯

പുതിയോരഹിമാംശുപോലെ മഞ്ഞ-
ക്കതിരാർന്നീടിന ശാലിതല്ലജങ്ങൾ
മതികട്ടു വിളങ്ങി; ഹാരിഭാവം
പതിവായ്സ്സൽഗുണശാലികൾക്കു സിദ്ധം. ൩൦

അതുലപ്രഭമായ് വിടർന്ന പാലാ-
പ്പുതുപൂങ്കൊത്തിനെഴും മണം സമീരൻ
കൗതുകേന പരത്തി നാലുപാടും
ചതുരക്ഷ്മാപതി സദ്യശസ്സുപോലെ. ൩൧

ധവളാംബര,മുജ്ജ്വലേന്ദുവക്ത്രാം,
നവനീലോല്പലദൃഷ്ടി,താരഹാരം,
ഇവയൊത്ത ശരന്നിശയ്ക്കെഴും മെയ്
പവനൻ കണ്ടു കടന്നുകൂടി മന്ദം. ൩൨

വിടരും പുതുമല്ലിതൻ പരാഗം
വടിവോടന്നു വിയോഗികൾക്കു ഹൃത്തിൽ
പിടികൂടിന തീക്കു കുന്തിരിക്ക-
പ്പൊടിയാക്കിക്കുസുമാശുഗൻ ജയിച്ചു. ൩൩

അളിമഞ്ജുളകേശ,മബ്ജവക്ത്രം,
പുളിനാഭോഗനിതംബമന്നയാനം,
ഒളിപാരമിവററിനാലിണങ്ങും
നളിനിപ്പെണ്ണൊടു ഭാനുമാൻ രമിച്ചു. ൩൪

Digitized By Kerala Sahitya Akademi

തടിനിക്കു പയസ്സു വററി മേന്മേൽ
കുടിമാറുന്നൊരു ഗോവിനെന്നപോലെ;
വടിവിൽ ധനി ദുർവിധത്വമാർന്നാൽ-
പ്പടി തൽപങ്കവുമപ്പൊഴെഴ്കുകുന്നു. ൩൫

പതിവായരയന്നമങ്ക ചെയ്യോ-
രതിവൈദഗ്ദ്ധ്യമെഴുന്ന ശിക്ഷയാലോ
ഗതി മന്ഥരമഞ്ജുവാക്കി മററും
പതിയെത്തേടിന നിമ്നഗാവധൂടി? ൩൬

കലഹിച്ചു കവിഞ്ഞമാനമേന്തി-
ച്ചിലനാൾപ്പാർത്തു വിയോഗശക്തിമൂലം
നിലവിട്ടു ചടച്ചപോൽ സ്രവന്തീ-
കലമോടൊത്തു ജനങ്ങൾ കൂടിയാടി. ൩൭

മലർതെണ്ടി മരന്ദമുണ്ടു കോലാ-
ഹലമായ്ക്കൂകി മദിച്ചപോൽ ദ്വിരേഫം
ലലനാവദനം മുകൻ്റു ചേലാ-
ഞ്ചലരോധം വകവച്ചിടാതെ തെല്ലും. ൩൮

തരമററളവും ജനത്തിനേററം
വിരസത്വം വരുമാറു കേകി കൂകി,
സ്വരമാണു കലാപമല്ല കാര്യം
ധരയിൽ ഗായക,നെന്ന തത്വമോതി. ൩൯

ഒരുനാൾ, പ്രിയയാകുമൈന്ദ്രിതന്നെ
ത്തരുണാംബുജൻ പൂണരുന്ന കാഴ്ചകാണ്മാൻ
അരുതാഞ്ഞു വിവർണ്ണരൂപനായി-
ട്ടരുണൻ ചെന്നു പയോധിയിൽപ്പതിച്ചു ൪൦

പതിയാകുമഹസ്കരന്നു പററും
ച്യുതികാണ്മാൻ കരളിന്നു കട്ടിമയന്യേ
സതി പത്മിനി ഭൃംഗകാളകൂടം
ഗതികെട്ടുണ്ടു സരോജദൃക്കടച്ചു ൪൧

Digitized By Kerala Sahitya Akademi

വരുണൻ പ്രിയയെന്ന്വലാൽപ്പുണർന്നോ-
രരുണന്നന്തമണച്ചു വാണിടുമ്പോൾ
പരുഷത്തൊടു പശ്ചിമാശ മേന്മേ-
ലരുണാസ്യത്തെ വഹിച്ചു ധൂർത്തപോലെ. ൩൨

തരണിക്കടരിൽപ്പരിക്ഷരിക്കും-
പ്പുരമസ്രം പുഴപോലൊലിക്കയാലോ
ചരമാചലപാർശ്വഭൂമിയപ്പോൾ
വിരവിൽക്കോകനദാഭമായ് വിളങ്ങി? ൪൩

നിജയാത്ര ദിനാന്തവേത്രിമൂലം
ദ്വിജരാജൻ വെളിവാക്കിടുന്ന നേരം
ദ്വിജപങ്ക്തി നഭസ്ഥലത്തു ഭക്ത-
പ്രജകൾക്കൊപ്പമൊഴിഞ്ഞൊതുങ്ങിനിന്നു. ൪൪

ഇരുളെന്ന നിശാടി വന്നുകേറി-
പ്പൊരുതുമ്പോളൊരു മിത്രസാഹ്യമെന്ന്യേ
മരുവൊല്ല വെളിക്കു നൂനമെന്നോ
കരുതി പ്പക്ഷികൾ സാലഗർമ്മാന്ദു? ൩൫

തരണിക്കിയലുന്ന ഗോക്കൾ തത്സ-
ഞ്ചരണംതീൻ നിജാലയം ഗമിക്കെ
പരമങ്ങനെതന്നെ മററുഗോവിൻ-
നിരയുംചെയ്തിതു; ഗോക്കളേവമല്ലൊ. ൪൬

മലമററമനസ്സോടാലയിൽപ്പോയ്
വിലസും നൽപ്പശുപങ്ക്തിയെജ്ജനങ്ങൾ
പലമട്ടു സപര്യചെയ്തു; മാഹാ-
കുലശുശ്രൂഷ മനുഷ്യധർമ്മമല്ലൊ. ൩൭

കടലിന്നക,മാഗമപ്രജം ത-
ന്നടലാം ഭാസ്കര,നസ്തമിച്ചനേരം
തടവററ തമസ്സു തന്മുഖത്തിൽ
സ്ഫുടമെങ്ങും കരിതേച്ചു ക്രുതിനെത്തി. ൩൮

Digitized By Kerala Sahitya Akademi

പുരുതുക്കകലന്നു ലോകചക്ഷു-
സ്സുരതിപ്പെട്ടു കഴിഞ്ഞതിന്നുമേലോ,
ഇരുളാകുമൊരഞ്ജനത്തെ മേന്മേൽ-
പ്പെരുമാറുന്നു ദിനാന്തമൂഢവൈദ്യൻ? ൪൯

വെളിയിൽ പശുപത്യസന്നിധാനം
തെളിവായ്ക്കണ്ടു തദീയബന്ധുപൊങ്ങോയ്
ഒളിമങ്ങിയ ലോകമൊക്കെ വെല്‌വാൻ
നളിനാസ്ത്രൻ ദ്രുതമെത്തി കാലവേദി. ൫൦

പെരുകും മധുവാൻ പൂത്തുന്നിൽക്കു-
ന്നൊരുമുല്ലപ്പുതുപ്പൂക്കൾ ദിഗ്ജയാർത്ഥം
വിരുതൻ സ്മരനെണ്ണയിട്ടു തേച്ചു-
ള്ളൊരു ക്രൂരമ്പുകളെന്നപോൽവിളങ്ങി, ൫൧

മലരിൻമണമേന്തി മന്ദമന്ദം
നിലയംതോറുമണഞ്ഞ മഞ്ജുവായു
ലലനാജനമാനശാഖി വേരോ-
ടുലയാനുള്ളൊരു ചണ്ഡവാതമായി. ൫൨

നറുമാധ്വിനുക,ന്നതിൻസ്വഭാവം
പെറു,മോമൽസ്വരമാർന്നിടും ദ്വിരേഫം
മുറുകുന്ന ധനുസ്സിൽനിന്നനംഗൻ
ചെറുതായുള്ളൊലിചേർത്ത മൌർവി തന്നെ. ൫൩

രതിവല്ലഭവഹ്നിയുള്ളിൽനിന്നും
പ്രതിബിംബിച്ചു വെളിക്കുകണ്ടപോലെ
ദ്യുതിപൂണ്ടു വിളക്കു വീടുതോറും
മതിമുഗ്ദ്ധാനനമാർ കൊളുത്തി മന്ദം. ൫൪

തടവററു വെളിക്കു വീട്ടിലെങ്ങും
സ്ഫുടമായ് കത്തിന ദീപപങ്ക്തി കണ്ടാൽ
ഉട, നപ്പുരിമങ്കമാർ ചാർത്തിടും പൊ-
ന്നരഞ്ഞാണെന്നു നിനച്ചുപോകുമാരും. ൫൫

Digitized By Kerala Sahitya Akademi

സുമസായകനാടകപ്രയോഗം
സമയാതിക്രമമെന്നിയേ തുടങ്ങാൻ
പ്രമദാനടിമാരശേഷലോക-
ഭ്രമമേകം നവവേഷമാന്നൊരുങ്ങി. ൫൫

മലരമ്പുവിടൊല്ല ഞാനവരെറ-
ത്തലയാൽത്താങ്ങി വണങ്ങി നിന്നെയെന്നായ്
അലസാക്ഷികൾ കാമനോട്ടണത്തി
നലമമറും കഴലിങ്കൽ മാലചൂടി. ൫൬

വളയുമ്മകരങ്ങളുൾന്ന പെണ്ണിൻ-
വളയും ഭ്രൂലതകണ്ടു തൽഗൃഹത്തിൽ
വളരും കൊതിയാൽ വിടൻകടന്നു
വളരുംതോട്ടിയുമറെറാരാനപോലെ. ൫൭

അരികത്തരികാമ്പ് ജനെത്തുമെന്നായ്
തരിതം ദ്ര്യോവുമകംതെളിഞ്ഞു മേന്മേൽ
പരിചോട്ടു മുഖംമിനുക്കി മേനി-
ക്കരിമപ്പെട്ടൊരു താരഭൂഷ ചാർത്തി. ൫൮

മുഴുതിങ്കളിനംബരപ്രദേശ-
ത്തെഴുനള്ളത്തു പെരുത്തുമോടിയാവാൻ
പഴുതററുഡുദീപയഷ്ടി വൻമു-
ത്തെഴമാടിത്വർ കൊളുത്തി നൂറുലക്ഷം. ൫൯

ഉരപൊങ്ങിന രാജവേഷമന്തി-
ത്തിരനീക്കിദ്രുതമഭ്രരംഗഭൂവിൽ
വരുവ വിബുധാഗ്ര്യരേകി മുററും
വരപുഷ്പാഞ്ജലി താരകാമിഷത്താൽ. ൬൦

കരയുന്നതിനങ്ങു ചക്രവാകം
സരസം ചന്ദ്രികയുണ്ണുവാൻ ചകോരം
പരമിപ്പതഗങ്ങൾ രണ്ടുമപ്പോൾ
വിരവിൽച്ചുഞ്ചുപുടം തുറന്നുനിന്നു. ൬൧

Digitized By Kerala Sahitya Akademi

ഉടനെത്തി വിയത്തിലോമനപ്പൂ-
വുടലാൽ കാണികൾതൻമനം മയക്കി
കടലിൽകളിയാടിടുന്ന വീചീ-
മടവാർമുത്തിലനട്ടവൻ മൃഗാങ്കൻ. ൯൨

പതിവാംകടിലതമസ്സകററ രാത്രീ-
പതി നൽക്കാന്തിയെഴും കലാകലാപം
പതിനാറുമണിഞ്ഞു തന്നിലുള്ളം
പതിയും ദ്യോവിനെ മേൽക്കുമേൽ പുണർന്നു. ൯൩

വിലസൽസിതദീധിതിച്ഛലത്താ-
ലലർബാണപ്രഭുവിൻ യശഃപ്രകാശം
നലമോടുപരത്തി നാട്ടിലെങ്ങും
ബലവാൻ തൽഭടനായകൻ ശശാങ്കൻ. ൯൪

അമിതദ്യുതിചന്ദ്രഹാസമേന്തി-
ത്തിമിരത്തെക്കലചെയ്തു പർവരാത്രി
സമിതിപ്രിയ ഭദ്രകാളി മുന്നം
നിമിഷത്താൽ മഹിഷാസുരേന്ദ്രനെപ്പോൽ. ൯൫

തരുണർക്കു മനോഭവന്റെ നേക്ക-
ള്ളൊരുരക്തിസ്ഥിതി നോക്കി നിന്നുരയ്പ്പാൻ
വരുമിന്ദുമയൂഖചാരർ ജാലം
വിരുതിൽത്തേടിയകത്തണഞ്ഞു മന്ദം. ൯൬

വിലയേറിന ചന്ദ്രകാന്തശയ്യാ-
തലമേറിക്കളിയാടിടും യുവാക്കൾ
ജലകേളികൊതിച്ചു പോയിടായ്വാൻ
നലമോടായതു ചന്ദ്രനാർദ്രമാക്കി. ൯൭

അവനീതനവിന്നുദിച്ച താപൽ-
ഭവമാമാതപതാപമോഷധീശൻ
ജവമോടു നിജാംശുനാമമേന്തും
നവനീതംതടവിക്ഷണത്തിൽ മാററി. ൯൮

Digitized By Kerala Sahitya Akademi

വളരെദ്ദിനമായ് പിരിഞ്ഞിരുന്നോ-
രിളയെ ശ്ശ്വശുരപാർശ്വമന്ത്രികാളി
അളവററരികത്തണഞ്ഞു പുൽകു-
ന്നളവമ്മാനിനിതൻ മുഖം തെളിഞ്ഞു. ൨൦

ഇനിയും വിവരിപ്പതില്ല; മന്നിൽ-
ജ്ജനിയാർന്നുള്ള ജനത്തെയാകമാനം
കനിവാർന്നൊരു ചന്ദ്രനന്നു സൌഖ്യ-
പ്പനിനീർപ്പൊയ്കയിൽ മുക്കിനിന്നിരുന്നു. ൨൧

ഉലകിന്ദുമയൂഖവാപിയിങ്കൽ-
ജ്ജലകേളിസ്പൃഹകോലുമാക്ഷണത്തിൽ
ലലനാമണിവഞ്ചിറാണിതന്ന-
ഞ്ചലർമെയ്ക്കുട്ടികളായതിൽക്കളിച്ചു. ൨൨

മണിയഞ്ചുന്നമുമ്പു ഭുക്തിചെയ്തു-
മ്മണിപോലുള്ള കുമാരരങ്കണത്തിൻ
അണിതിങ്കളിനുള്ള വെള്ളിനൂലും
പണിയുംപാൽക്കതിരേററു കൊണ്ടിരുന്നു. ൨൩

സുമനസ്സുകണക്കു വെണ്മയേന്തും
ഹിമരുക്കിൻപ്രഭകൾക്കു കായഭാസ്സാൽ
രമണീയത നൂറിരട്ടി കൂട്ടി-
ക്ഷമതൻപുണ്യഫലങ്ങൾ കേളിയാടി. ൨൪

ഒളിയും പിടിയും തുടങ്ങിയോരോ
കളിതേടിപ്പലനർമ്മവാക്യമോതി
കുളിരമ്പിളിയിൽ ദൃഗന്തമോടി-
ച്ചൊളിപൂണ്ടുള്ള കുമാരർ വാണിരുന്നു. ൨൫

ജനനീമുഖരാം ജനങ്ങളെന്തോ
ജനനാഥാർഭകപഞ്ചകത്തിലപ്പോൾ
നിനവററവസിച്ചു; കാലദോഷ-
ക്കനൽകത്തുമ്പൊഴുതിൽ ദഹിക്കുമാരും. ൨൬

Digitized By Kerala Sahitya Akademi

പരിചാരകരൊക്കെയും വിരോധി-
പ്പുരിഷയ്ക്കുള്ള പണം കരസ്ഥമാക്കി
പരിണാമഹിതജ്ഞനാർക്കുകൾക്കു സാദ്ധ്യം
പരിചിൽത്തീരെയണിച്ചിടാതിരുന്നു. ൭൭

വരുമിപ്പൊഴുതേട്ടനെന്നു ചിന്തി-
ച്ചുരുരക്കുട്ടികളങ്കണത്തിൽനില്ക്കെ
ഒരമാത്ത്യനണഞ്ഞു കൃഷ്ണസർപ്പം
കരുവിക്കുട്ടിനകം കടന്നപോലെ. ൭൮

ഇള ചാർത്തിന രത്നപഞ്ചകത്തെ-
ക്കളവേറും രിപു രാമനാമധേയൻ
കളവാക്കുകളാൽ മയക്കിനിന്നാ-
നിളമീൻകുഞ്ഞിനു ചൂണ്ടലെത്രവേണം? ൭൯

"തിരുമേനികൾ പൂനിലാവിലെന്താ-
ണരുളീടുന്നതു? കേളിയാടുവാനോ?
വരുവിൻ; തുണ ഞാനുമുണ്ടു; നമ്മൾ-
ക്കരുമത്തിങ്കളെ നല്ലപോലെ നോക്കാം. ൮൦

ഇരവിങ്ങനെമുന്നമില്ല; ചന്ദ്രൻ
വിരവിൽപ്പാരിതുപാലുപോലെയാക്കി;
പരമെന്തൊളിയാണു? കണ്ണിനുണ്ടോ
തരമിമ്മട്ടൊരു നല്ല കാഴ്ച കാണ്മാൻ? ൮൧

ഉരുകാന്തികലന്നു വാനിൽമിന്നു-
ന്നൊരു നക്ഷത്രമിതത്ര കാണുമാറോ?
വരുവിൻ തലപൊക്കിയൊക്കെ നോക്കാം;
വിരുതുള്ളോൻവിധി; വിഷ്ടപം വിചിത്രം. ൮൨

മലതൻമകൾ മാലയിട്ട ദേവൻ
തലയിൽത്താങ്ങിടുമെൻെറ തമ്പുരാനെ!
പലനാളു കളിക്കിടങ്ങളഞ്ചും
മലയാളത്തിനു മന്നരായിടട്ടെ. ൮൩

Digitized By Kerala Sahitya Akademi

ലയമറെറാരു രാജരാ,സ്സനന്താ-
ലയവാസം,കല,വെണ്മ തൊട്ടതെല്ലാം
നിയമേന നിനക്കു മാത്രമല്ലി-
ജ്ജയമാളും തിരുമേനികൾക്കുമില്ലേ? ൮൪

മതിയായന്നിനക്കു കൈയെടുക്കാം,
മതി ഞാണിൽക്കളി, താഴെവന്നുചേർന്നാൽ
മതിശാലികൾ കൊച്ചുതമ്പുരാന്മാർ
മതിയാകുംപടി വേണ്ടതൊക്കെനൽകും. ൮൫

പകവിട്ടിവരൊത്തു കേളിചെയ്യാ-
മകലും നിൻെറകളങ്കമാകമാനം;
ശകലം ത്രപവേണ്ട,തിങ്കളേ!വാ;
സകലം സത്സഹവാസസാദ്ധ്യമല്ലോ." ൮൬

ഞൊടികൊണ്ടിതുമട്ടുരച്ചവക്കം-
കുടിലൻ പ്രത്യയപാത്രമായ്ഭവിച്ചു;
പൊടിയിട്ടുമയക്കിടുന്ന നാവി-
ന്നടിമപ്പെട്ടിടുമൂഴിയിങ്കലാരും. ൮൭

ചതിയൻ ബത! വീണ്ടുമോതി: "നമ്മൾ-
ക്കിതിലും നല്ലൊരിടത്തിലേക്കുപോകാം;
ക്ഷിതിചാർത്തിന പട്ടുപോലെ മിന്നും
മതി വർഷിപ്പൊരു പൂനിലാവിൽ മുങ്ങാം. ൮൮

അരനാഴികദൂരമില്ല; ചെന്നാൽ-
ക്കരതിങ്ങിക്കവിയുന്ന വെള്ളമോടും
പരമുണ്ടൊരു രമ്യമാം തടാകം
ധരണിപ്പെണ്ണിനു ദർപ്പണം കണക്കെ. ൮൯

അടിയൻെറ പഴങ്കിടാങ്ങൾ തൃക്കാൽ-
പ്പൊടിയെന്നും തലമേലണിഞ്ഞിടേണ്ടോർ
മടിയാതെയകമ്പടിക്കുകൂടി-
പ്പൊടിപാററും വെടി; വെണ്മകൂത്തടിക്കും. ൯൦

Digitized By Kerala Sahitya Akademi

മലർ,പാല,വിൽ,സേവ,വത്സ,നപ്പം
പലമട്ടിൽപ്പുഴമെന്നിതൊക്കെമേന്മേൽ
നിലവിട്ടവിടത്തിലുണ്ടു,നാവിൽ-
ജ്ജലമൊന്നോക്കുകിലൂറിടും വിധത്തിൽ. ൯൧

കളവല്ലവിടത്തിൽനിന്നു തൂക്കെ-
വിളയാട്ടത്തിനു വേണ്ട കോപ്പുശേഷം
ഇളമത്തിരുമേനികൾക്കെടുക്കാം;
കളമെന്നാൽ കളമല്ല കല്പവൃക്ഷം. ൯൨

പൊളിചൊല്ലുകയല്ല; രാമനാട്ടം,
കിളിയൻതട്ടു,മറിച്ചി,ലിന്ദ്രജാലം,
കളിവേറെയുമേറെയങ്ങുകാണാം;
നളിനിക്കണ്ടു നവോത്സവം നടപ്പു. ൯൩

കൊലകൊമ്പരൊരാരൻപതുണ്ടു തങ്ക-
ത്തലയിൽക്കെട്ടുമണിഞ്ഞു നിന്നിടുന്നു;
പലമാതിരി വാദ്യമുണ്ടുകേൾപ്പോർ
തലയാട്ടുന്നവിധം മുഴങ്ങിടുന്നു. ൯൪

വരുവിൻ വരുവിൻ! മുറയ്ക്കുമുൻചെ-
ന്നൊരുനൽജ്യേഷ്ഠനമമ്മതമ്പുരാനും
തിരുമേനികളെപ്പൊഴെത്തുമെന്നായ്-
ക്കരുതിക്കാത്തുകഴിച്ചിടുന്നു കാലം." ൯൫

കളവാക്കിതുകേട്ടു, മേൽക്കളിപ്പാൻ.
കള,മെന്നാഖ്യലഭിച്ച വാപിയിങ്കൽ
ഇളതൻഗളസൂത്രപഞ്ചകം പോയ്
വിളയാടുന്നതിനായ് നടന്നു മന്ദം. ൯൬

കനയാംബുധി രാമനാമമാം ത-
ത്തനയന്മാർ ചിരബാലരെത്തരത്തിൽ
ജനനായകർതൻ വയസ്യരാക്കി-
ഗ്ഗണനസന്തുഷ്ടികലർന്നു പിൻതുടർന്നു. ൯൭

Digitized By Kerala Sahitya Akademi

കുറവററകളങ്കമുള്ളിലേന്തി-
പ്പുറമേ പുഞ്ചിരിതൂകുമക്കരോരൻ
കുറവിട്ടനിലാവൊടങ്കമാളും
നിറതിങ്കൾക്കൊരു തോഴനായ് വിളങ്ങി. ൯൮

കമനീയഗുണംകലന്ന ശീമ-
ക്കമലത്തിൽപ്പണിചെയ്തൊരാതപത്രം
ശ്രമമററുപിടിച്ചു കൊച്ചുമന്ന-
ക്കമലാഭ്രം ഹിമദീധിതിച്ഛലത്താൽ. ൯൯

പ്രമുഖദ്യുതികൊണ്ടു യാമിനീശൻ
കുമുദാമോദമിയററിരണ്ടുമട്ടിൽ
സമുദഞ്ചിതദീപമദ്ധരിത്രീ-
നമുഖിശ്രേഷ്ഠികുമാരകൾക്കു കാട്ടി. ൧൦൦

അതുമട്ടിനു തിങ്കളെന്ന വെള്ള-
പ്പുതുമത്താപ്പു തെളിഞ്ഞു കത്തിനില്ക്കേ
അതുലപ്രഭർ ബാലർ വാപിയെക്ക-
ണ്ടിതു വൈവസ്വതവക്ത്രമെന്നപോലെ. ൧൦൧

വടിവൊത്തതറയ്ക്കു നല്ല ശീമ-
സ്ഫടികക്കല്ലു പതിച്ചു വച്ചപോലെ
അടിയപ്പടി കാണുമാറു വാപി
മുടിമുക്താമണി മുററുമന്നു മിന്നി. ൧൦൨

ഒളിയാർന്ന വിയൽപ്പടത്തിനാമൽ-
ക്കുളിർകണ്ണാടിയിൽ മൂടിയിട്ടപോലെ
നളിനീമണി, തന്നടിക്കു താരാ-
മിളിതാബ്ജാദിപദാർത്ഥമേന്തിമിന്നി. ൧൦൩

ദിനവൃത്തികഴിഞ്ഞു നിദ്രയിൽത്താൻ
നിനവായ് ശയ്യയണഞ്ഞവൻ കണക്കെ
അനഘപ്രഭമത്തടാകമേതും
സ്വനമില്ലാതെയനക്കമററിരുന്നു. ൧൦൪

Digitized By Kerala Sahitya Akademi

ഇളകൊല്ലുഗഭീരരാകിലെന്നോ
വിള യാട്ടത്തിനതല്ല കാലമെന്നോ
ഇളതൻവരരോടു നിശ്ചലശ്രീ-
വിളയും വാപി കഥിച്ചപോലെതോന്നി. ൧൦൫

നളിനാനനമാകെവാടിയോള-
ക്കളിവിട്ടത്തൽമുഴുത്തു ചത്തമട്ടിൽ
കുളിർവാപി കുമാരർതന്നുടക്കം
തെളിവായ്ക്കണ്ടതുപോൽ മയങ്ങിവാണു. ൧൦൬

ഖലനെത്തി കരസ്ഥവൻ തുടങ്ങും
പലദുഷ്കൎമ്മവുമായതൊക്കെനോക്കാൻ
ബലമില്ലമനസ്സിനെന്നു വച്ചോ
ജലജന്തുക്കളകത്തു പോയ്മറഞ്ഞു? ൧൦൭

അഗമങ്ങളനങ്ങിയില്ല ലേശം;
മൃഗവും പക്ഷിയുമൊച്ചവച്ചതില്ല;
ഗഗനത്തിനുമുവ്വരസ്സുമൊപ്പം
വിഗളത്തായ് ധൃതിയെന്നപോലെതോന്നി. ൧൦൮

നൃവരാഭകർ വാപിനോക്കിടുമ്പോ-
ളവർതന്നോലകൾ നോക്കി ചിത്രമുഷ്ണൻ;
ജവമോടവർ നീററിലേക്കിറങ്ങീ
ദിവസേശാത്മജദൂതർ ഭൂവിലേക്കും. ൧൦൯

ഒളിയേന്തിടുമക്കിടാങ്ങളേയും
കുളിർതിങ്കൾക്കിയലും നിലാവിനേയും
നളിനം വിരിയാത്ത പൊയ്കയേയും
വെളിവിൽകണ്ടരി നീചനേവമോത്താൻ. ൧൧൦

"ശിവനേ! മതിയായി; ശുദ്ധജീവ-
ച്ഛവമായ് ഞാൻ; തരമില്ല പോക്കമേട്ടി;
ഇവരെത്തൊട്ടുവാനെനിക്ക പററി-
ല്ലിവരെന്നോക്കലചെയ്യുമില്ലവാരം. ൧൧൧

Digitized By Kerala Sahitya Akademi

നവകൌമുദിയെന്നകൈതവത്താ-
ലിവനെപ്പൊഴുതും ഹസിച്ചിടുന്നു ചന്ദ്രൻ;
ലവവും ചലനം പെടാതെ പാർശ്വം
പവനൻ ചേതസി ഭീതി നൽകിടുന്നു. ൧൧൨

അരുതിപ്പണി, ശുദ്ധവൈരമെന്നോ-
ർത്തൊരുമച്ചിത്തമുരച്ചു നോക്കിടുമ്പോൾ
പെരുവേനലിൽ മഞ്ഞുകട്ടിയെപ്പോ-
ലുരുകീടുന്നു; നിവൃത്തിയില്ല, ചുററി. ൧൧൩

ഇലപോലുമനങ്ങിടാത്തതാകും
നിലയേന്തി ക്ഷിതിചിത്രതുല്യയാക്കി
വിലസും പ്രകൃതിക്കെഴും പ്രതാപം
ചലമാക്കുന്നു മദീയഹൃത്തുമാത്രം. ൧൧൪

മദയക്കണിമെയ്വലി ശുദ്ധപേടി-
ക്കടലെന്നൊക്കെയുമെന്നെ വേണമെങ്കിൽ
സ്സുമന്യർ ഹസിച്ചിടട്ടെ; പച്ച-
ച്ചുലപ്പേച്ചുമിതിന്നു കൈയറയ്ക്കും. ൧൧൫

കുഴൽ നീണ്ടു ചുരുണ്ടിരുണ്ടഴിക്കെ-
ക്കുഴൽപററിത്തറമേലിഴഞ്ഞിടുന്നു;
അഴകിൽക്കമലം കുളിർപ്പുതുത്തൻ-
മഴപോൽ തൂമൊഴിതൂകിടുന്നു വക്ത്രം. ൧൧൬

അളകങ്ങൾ കളിച്ചിടുന്ന നെററി-
ക്കളരിത്തട്ടു വിയത്തിലന്തിയായാൽ
ഇളതാം കരികൊണ്ടൽവന്നു മൂടും
വളർതിങ്കൾപ്പൊളിപോൽ വിളങ്ങിടുന്നു. ൧൧൭

വരിവണ്ടുകണക്കിരുണ്ടു രോമം
പെരികെത്തിങ്ങി വളഞ്ഞ ചില്ലിയോടും
അരിയോരു കുമാരകർക്കു കാതി-
ന്നരികോളം മിഴി നീണ്ടു കണ്ടിടുന്നു. ൧൧൮

Digitized By Kerala Sahitya Akademi

ഉരുകാന്തിയെഴും രദങ്ങളാകു-
ന്നൊരുതാരങ്ങളെനേക്കു നോക്കിടുമ്പോൾ
ഇരുളൊക്കയുമുള്ളിൽനിന്നു നീങ്ങി-
പ്പുരുവേഗത്തൊടു കണ്ണിലെത്തിടുന്നു. ൧൧൯

മുടിയട്ടെ മുടിഞ്ഞു,തീയിലുഞ്ഞൊ-
ഞ്ഞൊടിതൊട്ടുള്ളവകോലുമാസ്യമഞ്ഞും
മടിവിട്ടിവനമ്മവയ്ക്കയല്ലാ-
തടിതട്ടി,ല്ലിവ കള്ളുകപ്പിയല്ല. ൧൨൦

ഇളതാംകുളിർകാററടിച്ചിടുമ്പോ-
ളിളകുംതാളിന പററമ'ഗ്ഗളങ്ങൾ
ഇള ചുട്ടുപൊടിക്കുമെൻെറ കൈവാൾ-
പ്പിളർമിന്നൽപ്പിണരേറ്റുററു തീണ്ടും? ൧൨൧

കരമെങ്ങനെ കത്തിടയാങ്ങുമോ? ഞാൻ
കരയാറാ,യിവർ കാന്തിസാഗരത്തിൽ
കരവിട്ടു കടന്നിവൻെറ കണ്ണും
കരളും കട്ടു കളിച്ചിടുന്നുവല്ലോ." ൧൨൨

ഇതി ചിന്തകളാർന്നു ഹന്ത! ദുഷ്ടൻ
മതിയിൽ ഭ്രാന്തുപിടിച്ചവൻകണക്കെ
മതി ബാലകർ താൻ കുളം സമീപ-
ക്ഷിതിവാനെന്നിവ നോക്കിനോക്കിനിന്നാൻ. ൧൨൩

തടവറെറാരു വാസനാബലത്തോ-
ടിടയും മാനസസാക്ഷിയാൽ തദാനീം
സ്ഫുടമക്കുടിലൻെറ ഹൃത്തു മേഷ-
പ്പടയിൽ ജംബുകമെന്നപോലെ തീർന്നു. ൧൨൪

തിരുവുത്സവമാട്ടമാന കേളി-
ക്കളി വാദ്യം പലഹാരമിന്ദ്രജാലം
ഒരുവസ്തുവുമക്കുമാരർ കാണാ-
ഞ്ഞുരുവാം ശങ്കയൊടീവിധം കഥിച്ചു. ൧൨൫

Digitized By Kerala Sahitya Akademi

“ഇനിയെത്ര നടന്നിടേണ്ണ,മയ്യോ!
തനിയേ പോന്നതിനമ്മ തല്പമല്ലോ;
പനിയും കുളിരോ പെടാതെയങ്ങേ-
ക്കനിവുണ്ടെങ്കിലുടൻ തിരിച്ചുപോകാം. ൧൨൬

കണികാണുമതിനില്ല കാഴ്ചയൊന്നും;
ഉണ്ണിയാമേട്ടനൊടമ്മയെങ്ങിരിപ്പൂ?
മണി പത്തു കഴിഞ്ഞു; നൂനമേതോ
പണിപാറുന്നതുപോലെ തോന്നിടുന്നു. ൧൨൭

വളരുന്നു ഭയം; കഴൽക്കു മുന്നോ-
ട്ടിളകാൻ വയ്യ; മിഴിക്കു മങ്ങൽ പററി;
തളരുന്നു വിയത്തുമെയ്; പെരുത്തുൾ-
ക്കളമാടുന്നു; കിടാങ്ങളെന്തു കാട്ടും! ൧൨൮

മതികാഴ്ചകൾകണ്ടു,തമ്മപോരു-
ന്നതിനായെന്തിനു താമസിപ്പൂ ഞങ്ങൾ?
പതിവിൻപടിചെന്നുറങ്ങിടട്ടേ;
ചതി സാധുക്കൾ ശിശുക്കൾ പോര താങ്ങാൻ.” ൧൨൯

ററിമായമശേഷമിന്നമട്ടെ-
ന്നറിയാതേവമുരച്ചിരിക്കെനേരേ
ചെറിയോരുകിടാങ്ങൾ ധാരതെല്ലാ-
മുറിയാതശ്രുവഴിഞ്ഞു കണ്ണയച്ചു. ൧൩൦

കരുണതമൊടാസ്യമൊട്ടുയത്തി-
പ്പെരുകും മാലൊടു മാൻകിടാങ്ങൾ പോലെ
മരുവും നൃപബാലരെക്ഷണം ഹൃ-
ത്തുരുകിക്കണ്ടുരിയമ്പരന്നു നിന്നു. ൧൩൧

“കഴിയില്ലൊരു വസ്തു, വന്നതാകും
വഴിയേ ബാലരുമായ് തിരിച്ചുപോകാം,
പഴിക്രൂരരൊടേൽക്കിലെന്തെനിക്കി-
ത്തൊഴിൽ ചെയ്യാൻ പണി”യെന്നവൻ നിനച്ചു. ൧൩൨

Digitized By Kerala Sahitya Akademi

നൃപമാരണ്ണമഗ്നിസാക്ഷിയായ് ഞാൻ
ശപഥംചെയ്തു ചെററ തെററിയെന്നാൽ
കൃപവിട്ടിടുമിഷ്ടരെന്നു പിന്നീ-
ടുപലംപോലെഴുമുള്ളിലാർത്തു പാപി. ൧൩൩

“ഉദിതം കലയെങ്കിലെ,ന്തതെല്ലാം
ശരി,ഞാനേററതു ചെയ്കതന്നെവേണം,
വരികില്ലൊരു തെററെനിക്കു മൊന്നാ-
ലെരിതീക്കുണ്ഡിലൊടുത്തു ചാടുവാനും. ൧൩൪

ഒരുസംഗതിയൊന്നു ചേർന്നുറച്ചാൽ
കരുതുംഞങ്ങളതന്നു തീർന്നുവെന്നായ്;
വിരുതുള്ളവരൊട്ടുവീട,രിഞാ-
നൊരുവൻമാത്രമിവണ്ണമാകയെന്നോ? ൧൩൫

ഇതിലപ്പുറമുള്ള കൃത്യവും ഞാൻ
മതിചെയ്യുന്നതിനെന്നു ക്രൂരരൊക്കെ
ഗതികെട്ടൊരു പെൺകിടാവുപോൽ പാ-
പ്പതിനന്തഃകരണം കഥിച്ചിടുന്നോ? ൧൩൬

കഥമില്ലയ, നല്ലകാര്യ,മെന്തോ-
കഥ,ഞാനാ,രിവരാ,രിതെന്തുകഷ്ടം?
പ്രഥനം കലതൊട്ടവയ്ക്കു പാരിൽ
പ്രഥമൻ ഞാൻ പഴുവെന്നു വന്നുപോയോ? ൧൩൭

വിടുവിഡ്ഢിസദസ്സിൽ ഞാൻ വെറും കൈ-
യൊടു ചെന്നെത്തി മുരിക്കുപോലെ നിന്നാൽ
കൊടുതാമസികർക്കു ശീഘ്രമെന്മെയ്-
ച്ചുടുചോരപ്പുഴുകാപ്പി ക്രൂരരേകാം, ൧൩൮

അതിനല്ലിരുനാൾവരയ്ക്കുമോരോ
ചതിയും ദൌഷ്ട്യവുമഭ്യസിച്ചതീഞാൻ;
മതി ശങ്കയബദ്ധമെന്റെ കൈയാൽ
ക്ഷിതിപാലാർകർ ചത്തുതന്നെപോട്ടെ, ൧൩൯

Digitized By Kerala Sahitya Akademi

മലിമ്ലുചജഠരത്തിൽ നീ നടത്തും
സവിശേഷനമണച്ചിടുന്ന സൌഖ്യം;
ഹ്യദി നീ കനിയും ദിനം നിതാന്തം
സുദിനം മർത്ത്യനു സൂക്ഷ്മതത്വമോർത്താൽ. ൧൪൦

മറയത്തു മറഞ്ഞു മാറി മായും
മറ മർത്ത്യന്നരുളുന്ന മാലശേഷം;
പറയുന്നതുപോൽ പ്രവൃത്തിചെയ്യാൻ
തിറമുണ്ടാം ദൃഢമേതു ഭീരുവിന്നും. ൧൪൧

ധര മാനവർ നാകമെന്നു ചൊൽവാൻ
തരമാക്കോപ്പൊക്കെയൊരുക്കുമോ മദന! നീ
പരമാരെയുമിട്ടു മുക്കിടുന്നു
പരമാനന്ദപയഃപയോധിതന്നിൽ. ൧൪൨

പലമട്ടുഴൽവാച്ച നാളുമീയെൻ
നിലമുട്ടാത്തതു നീ നിമിത്തമല്ലോ;
നലമെട്ടുഗ്രഹത്തിനും വരുത്താൻ
ബലമൊട്ടല്ല നിനക്കു ജീവനാഥേ! ൧൪൩

മലതൻമകൾപോലുമിപ്പതിന്നാ-
ലുലകിന്നും പ്രസു! കന്നിനേത്തുകണ്ണോ?
കുലദൈവതമേ! തുണയ്ക്കു നീയി-
ത്തലത്താഴ്ത്തുന്നൊരു രാമനാമധേയം. ൧൪൪

അരികത്തുവരൂ! വിചാരവായ്പാ-
ലെന്നരിയും ഹൃത്തു സുധാഭിഷിക്തമാക്കൂ!
ചരിതം പടവെട്ടിയുള്ളിലുള്ളോ-
രരിയന്തഃകരണത്തിനന്തമേകൂ!" ൧൪൫

ഇതിരസ്ഥനവൻ നിനച്ചു ജീവ-
പ്രതിമാമഗ്നമനല്പമുള്ളിലാക്കി
ക്ഷിതിപാൻകമാരണം നടത്താൻ
മതിയിൽ ഭീതിവെടിഞ്ഞുറച്ചുരച്ചാൻ, ൧൪൬

Digitized By Kerala Sahitya Akademi

"കരയേണ്ട, കളത്തിനപ്പുറത്തെ-
ക്കരയിൽക്കാത്തരുളുന്നു തമ്പുരാട്ടി;
വിരവോടവിടത്തിലെത്തിവേണം
നിരവദ്യോത്സവഘോഷധാടികാണ്മാൻ, ൧൪൭

ഭയമെന്തിനു, നിങ്ങളെന്റെ തോളിൽ-
ക്കയറിക്കൊള്ളുകിലൊററയൊററയായ് ഞാൻ
അയഥാർത്ഥമുരയ്ക്കയല്ല; തോയാ-
ശയപാരത്തിലണയ്ക്കുമിക്ഷണത്തിൽ." ൧൪൮

ചതുരാസ്യകരോരുദുഗ്ദ്ധശസ്സിൻ
പൃഥുവിത്താപ്പുരുഷാധമൻ നയത്തിൽ
ഇതുമട്ടവരോടുരച്ചു കാല-
ക്രതുവിന്നുള്ളൊരു കാപ്പുകെട്ടിനിന്നു. ൧൪൯

കളംകടത്തുന്നൊരു കൈതവത്താൽ
ജളൻ ജലത്തിൽ ശിശുപഞ്ചകത്തെ
മിളന്നമദം താഴ്ത്തി, രുജാർണ്ണവത്തി-
ലിളയ്ക്കുകം വാഴ്വർതന്മനസ്സും. ൧൫൦

വാപിക്കകം ഭൂപകുമാരരെ മുക്കിനിന്ന
പാപിക്കു ചിത്തമൊരു ലേശമലിഞ്ഞതില്ല;
വേപിച്ചിടാതെ നിജപുത്രരെ നീററിനുള്ളിൽ-
ക്ഷേപിച്ചപാർത്ഥ സുരശൈവലിനിക്കുപോലെ. ൧൫൧

ആരോമലാമൊരു സരസ്സിൻ മദ്ധ്യഭാഗ-
ത്തോരോ കുമാരരെയുമൊററതിരിച്ചു മുക്കി
ഹാ! രോദനത്തിനിളയെബ്ബത! പാത്രമാക്കി-
സ്സാഘ്രാജതൻ ഭൂവരശത്രു കൃതാർത്ഥനായാൻ. ൧൫൨

"ഒരു വിധമവസാനം കണ്ടു ഞാൻ; വേണ്ടുകില്ലി-
പ്പെരുവഴി; ധൃതിനൽകാൻ ചോരകാണാതെ പററി;
ഒരുവനുമറിയില്ലെൻ കള്ളി; കൂട്ടർക്കു വായ്ക്കും
പുതരസമിവനോളം ധന്യനായന്യനുണ്ടോ?" ൧൫൩

Digitized By Kerala Sahitya Akademi

എന്നും മറ്റും നിനച്ചും, ഹൃദി ഭയമൊഴിവാ-
നേറെമദ്യം കഴിച്ചും,
മുന്നും പിന്നും മറന്നും, മുഴുമതിയെ ഹഠാൽ-
പ്പോക്കുനക്കാൻ വിളിച്ചും,
പിന്നും ഹാസം കലർന്നും, ചില പൊഴുതിളമേൽ
വീണു, മപ്പാപി പിന്നി-
ട്ടുന്മത്തൻ കർണ്ണകേസ്സുതയൊടുമൊരു-
മിച്ചാത്മഗേഹം ഗമിച്ചാൻ. ൧൭

ഏഴാം സർഗ്ഗം സമാപ്തം.

:o:

# എട്ടാം സർഗ്ഗം.

സതിറാണിയെയൊന്നു കാണുവാൻ
മതിയിൽശ്ലേഷ്മിയെഴാത്തമൂലമോ
ക്ഷിതിപാൾകൃത്യസാക്ഷിയാം
മതി വാൻവിട്ടു മറഞ്ഞിതാഴിയിൽ? ൧

വിരുതിൽപ്പല ചായമുദ്രമാ-
മൊരു നീലക്കടലാസിലക്ഷണം
അരുണാഭിധചിത്രകൃത്കലാ-
പ്പെരുമാൾ തേപ്പതിനായ്ത്തുടങ്ങിനാൻ. ൨

മടിവിട്ടു വിശിഷ്ടമാനസ-
ക്കുടികൊണ്ടുള്ളൊരു മന്ദഗാമിനി
വടിവോടെഴുനേററു പത്മിനീ-
മുടിമുത്താകിന രാജഹംസിയാൾ. ൩

പതിവിൻപടി തൻ സുഹൃജ്ജരെ-
സ്സുതി പിന്നീടരികത്തു ചൊല്ലുവാൻ
കൊതിപൂണ്ടു വിളിച്ചു. ശത്രുവിൻ
ചതിയസ്സാധ്വി ധരിപ്പതെങ്ങനെ? ൪

Digitized By Kerala Sahitya Akademi

വരു കേരള! രാമ! ശീഘ്രമെ-
ന്നരുളും പെൺമണിയാളൊടുത്തരം
വരു കേരള! രാമ! ശീഘ്രമെ-
ന്നരുളീനൽകിയുരച്ചു മാറ്റൊലി. ൭

പരിചാരകരോടുചൊന്നു ത-
ന്നരികിൽ ബാലരെയാനയിക്കുവാൻ
ത്വരിതം സതിയോതി; യെങ്ങുവാൻ
ഹരിശേഖരാത്മജസത്മ,മെങ്ങവർ? ൮

ഭവനംമുഴുവൻ തിരഞ്ഞുമാ-
ശ്ശിവരാം ബാലരെ നേരിടായ്കയാൽ
അവരേറെ മനം കലങ്ങിയാ-
വിവരം സ്വാമിനിയോടുണർത്തിനാർ. ൯

രവിവർമ്മകുമാരനെക്കഴി-
ച്ചിവിടെബ്ബാലകരാരുമില്ലയോ?
എവിടെയ്ക്കുഗമിക്ക,മിങ്ങുതാ-
നവിതർക്കം വിളയാടുമുണ്ണികൾ. ൧൦

ജനയിത്രിയിവണ്ണമോർത്തുതൻ
തനയന്മാരെ വിളിച്ചു പിന്നെയും.
ജനപുത്രഗൃഹത്തിൽമേവിടും
ജനമന്നാവിളികേൾപ്പതെങ്ങനെ? ൧൧

സതി തൊണ്ടവരണ്ടു മാലിയ-
ന്നതിയായ് നാവുകുഴച്ചിടുംവരെ
മതിശാലികൾ ബാലർ വന്നിടാൻ
കൊതിയാന്നേറെവിളിച്ചുനോക്കിനാൾ. ൧൨

ഫലമില്ലതിലെന്നു കാൺകയാൽ
നലമേറുന്നൊരുമക്കരെയ്ക്കുകം
അലസാക്ഷി തിരഞ്ഞു ബാലരെ-
ത്തിലഖണ്ഡങ്ങൾ കണക്കു സൂക്ഷ്മമായ്. ൧൩

Digitized By Kerala Sahitya Akademi

അതിപാതകമാൎന്നൊരന്നധി-
ക്ഷിതി പഞ്ചാക്ഷരബോധമെന്നപോൽ,
പതിവിൻപടി പുത്രവീക്ഷണം
സതിയാൾക്കന്നു ലഭിച്ചിടാതെയായ്. ൧൨

ഭയശങ്കകളാൻ പിന്നെയും
കയൽക്കൂപ്പുംമിഴി തൻ തനൂജരെ
ജയമോടു വിളിച്ചു നോക്കിനാൾ;
ദയയില്ലാത്തൊരനല്പ ദുൎവ്വിധി? ൧൩

‘‘മണിമേഴകഴിഞ്ഞുമേമാശി-
ല്പണി! പാൽക്കഞ്ഞി തണുത്തു ചീത്തയായ്!!
മണിയുണ്ണികളെങ്ങു? നിങ്ങളെ-
ക്കണികാണാതെയിരിപ്പതെങ്ങനെ? ൧൪

മതിയെന്തു കുറുമ്പി,തെങ്ങുമാൻ
ചതിയിൽപ്പോയ് മറയുന്നു മക്കളേ?
ഗതികെട്ടു തിരിഞ്ഞു തള്ള; സ-
മ്പ്രതിവന്നപ്പൊഴൊരുമ്മ നൽകുവിൻ. ൧൫

ഒളിയെന്തിന നിങ്ങൾ വീണ്ടുമീ-
യൊളിയേന്തുന്നതു പിഷ്ടപേഷണം;
കളിയല്ലരികത്തു വന്നക-
ക്കളിരേകീടുവി,നമ്പരന്നു ഞാൻ. ൧൬

അരുതിങ്ങനെ ജാലവിദ്യ,യെ-
ന്നരുമപ്പെട്ട കിടാങ്ങളല്ലയോ?
വരുവിൻ മടിവിട്ടടുക്കൽ; ഞാൻ
തരുവൻ വേണ്ടതു; തക്കമെന്തതിൽ?" ൧൭

പലതിത്തരമോതിനോക്കിയും
ഫലമില്ലാതെ ഭവിക്കകാരണം
മലപോലെഴുമുള്ളമാലിനാ-
ലിലപോലാടിവിറച്ചു തള്ളവാൾ. ൧൮

Digitized By Kerala Sahitya Akademi

"ശിവനേ! കഥയെന്തു, കാണ്മതി-
ല്ലിവരെ, ദ്ദുർഘടമെന്തു പററിയോ?
ഇവൾ ദുർഗ്ഗ, വീണ്ടുമീശ്വരൻ
നവദുഃഖത്തെ വരുത്തിവച്ചുവോ? ൧൯

ഇതുനാൾ ബത! ശയ്യയിൽ കിട-
ന്നതുപോൽ തോന്നുവതില്ല കട്ടികൾ;
പുതുമെത്തവിരിപ്പുടഞ്ഞു കാ-
ണ്മതുമി,ല്ലീശ്വര! ചെയ്വതെന്തു ഞാൻ? ൨൦

മുനിബാലരെ യാതുധാനർപോൽ-
ത്തനിയേവാണകിടാങ്ങളെ ക്ഖലർ—
ഇനിയെങ്ങനെ ശേഷമോർപ്പു ഞാൻ
ശനി ജന്മത്തിലിതും വരുത്തുമോ? ൨൧

ഗുവരാനപായകല്പശാഖിതൻ
ചുവടേ പാപികൾ വാളുവച്ചുവോ?
ശവമെന്നെയെടുത്തുപിന്നെയും
നവമാം ദുഃഖമരത്തിലേററിയോ? ൨൨

നഗനന്ദിനി! ഭദ്രപുണ്യമേ!
നിഗമാനോകഹമൂലകന്ദമേ!
ജഗദീശ്വരി! നീയൊഴിക്കിലീ-
യഗതിക്കാരൊരു താങ്ങലംബികേ? ൨൩

ഇതുമട്ടു ദുരന്തചിന്തയാൽ-
പ്പുതുപൂന്തേൻമൊഴി മാഴ്കി വാഴവേ
അതുലവ്യഥപൂണ്ടൊരാപ്തനാം
മതുവൃദ്ധൻ സവിധത്തിലെത്തിനാൻ. ൨൪

ഉരുകുന്നൊരു മാനസത്തൊടും
പെരുകീടുന്നൊരു കണ്ണുനീരൊടും
ഒരുമട്ടവനോതി പൊയ്കമേ-
ലരുമബ്ബാലശവങ്ങൾ കണ്ടതായ്. ൨൫

Digitized By Kerala Sahitya Akademi

തടി വെണ്മഴുവാൽ മുറിച്ചുടപാ-
ഞ്ഞിളിവെട്ടേറ്റൊരു മുല്ലവല്ലിപോൽ
കടിലാളക നഷ്ടചേഷ്ടയായ്-
ഝടിതിക്ഷോണിയിൽ വീണു കഷ്ടമേ! ൨൬

പരവഞ്ചിതപുത്രവൃത്തമാം
ഗർളം കാതുവഴിക്കകത്തുപോയ്
മരണത്തെയണച്ചപോലെയ-
ദ്ധരണീനാഥ കിടന്നു മൂർച്ഛയിൽ. ൨൭

സുതർതൻ പിറകേ ഗമിക്കയോ
ബത! മാതാവുടനെന്നു കാണികൾ
ശതധാ പൊടിയുന്ന ഹൃത്തൊടും
ഗതധൈര്യം നിരുപിച്ചു മാഴ്കിനാർ. ൨൮

“ജലജാസന! പണ്ടു ശൂലി നിൻ
തലനാലെണ്ണു പറിച്ചിടാഞ്ഞുവോ?”
പലരും പലതേവമോതി;യ-
ക്കലകേട്ടാൾ മനസ്സടങ്ങുമോ? ൨൯

കനിവാൻ തലോടി വീശിയും
പനിനീർ മെയ്യിൽത്തളിച്ചുമാളികൾ
ജനിതപ്രതിബോധയാക്കിനാർ
വനിതാമൌലിയെ വല്ലവണ്ണവും. ൩൦

അതുകൊണ്ടൊരുപേക്കിനാവുക-
ണ്ടതുപോൽ, നെഞ്ഞൊടു തോക്കടുത്തപോൽ,
പുതുവൈദ്യുതശക്തി മെയ്യിലേ-
റ്റതുപോൽ, ഞെട്ടിയുണർന്നു രാജ്ഞിയാൾ. ൩൧

പെരികെജ്ജനമാന്മിന്നിടും
പുരി ഭൂകമ്പമിയന്നപോലവേ
ഹരിണേക്ഷണതൻ ഹൃദന്തരം
തരളിതം ഹന്ത! കഴഞ്ഞു മേൽക്കുമേൽ. ൩൨

Digitized By Kerala Sahitya Akademi

വഴിമുട്ടി വലഞ്ഞു ചുററി വൻ-
ചുഴിയിൽപ്പെട്ടിടുമാററുവഞ്ചിപോൽ
മിഴിനീർകൊണ്ടു മുഖങ്ങളാം കൊണ്ടുതേ-
ന്മൊഴിമാരൊഴുകി ഗോഷ്ഠികാട്ടിനാർ. ൩൩

കിളിപോൽപ്പറന്നും പുലമ്പിയും,
വെളിവററും ബത ദർശരാത്രിപോൽ,
ചളിയാക്കിയുമൂഴിയശ്രുവാ,-
ലളിനേർവേണിയുതണ്ടുമൂഴിയിൽ, ൩൪

തല, വാ, വയർ നെഞ്ഞിവയ്ക്കുമേൽ-
പ്പലവാട്ടുകൊട്ടു തണ്ടുകൈകളാൽ
അലസാക്ഷി തൊഴിച്ചുമല്പവും
നിലയില്ലാതെ വിളിച്ചുകൂകിയും, ൩൫

ഇടനെഞ്ഞുപൊടിഞ്ഞുമങ്ങിയും,
തടവെന്ത്യ തലയിട്ടുതല്ലിയും,
മടവാർമണി പുത്രശോകമാം
കടലിൽപ്പെട്ടു വലഞ്ഞു കഷ്ടമേ! (വിശേഷകം) ൩൬

ഒരുമട്ടെഴുനേററു മൂർത്തി-
പ്പെട്ടവമാം വാണ കളത്തിലെയ്ക്കുടൻ
ഉരുവാമഴലാൻ പാഞ്ഞിതാ-
മരുമുഗ്ദ്ധേക്ഷണ പേപിടിച്ചപോൽ. ൩൭

ചിതപോലെരിയുന്നൊരുള്ളോട-
സ്സുതൻശ്രേഷ്ഠ സരത്തിലെത്തിനാൾ.
സുതരാം വ്യഥയാക്കു ഭൂമിയിൽ
സുതശോകം ജനനിക്കുപോലവേ? ൩൮

അവിടെ—ശ്ശിവനേ! കഥിക്കുവാൻ
പവിയോ നാവു? നിനയ്ക്കുവാൻ മനം
അവിതക്കമതല്ല പാറയോ?
കവിയും ഹന്ത! മനുഷ്യനല്ലയോ? ൩൯

Digitized By Kerala Sahitya Akademi

തലനാൾവരെയോമനിച്ച തൻ-
കലതന്തുക്കളെ, നഷ്ടജീവരായ്
ലലനാമണി കണ്ടു. ശേഷമുൾ-
ള്ളവരുണ്ടെങ്കിൽ നിനച്ചുകൊള്ളുവിൻ. ൪൦

(കുളകം)

വളർനീർമുകിലിന്റെ വന്മദം
കളയും കചശിഖാകലാപവും,
അളകഭ്രമരങ്ങൾ തൻ കളി-
ക്കളമായുള്ള ലലാടപട്ടവും, ൪൧

വിളയാടി വിയർപ്പുതേൻ വെളി-
ക്കിളകും മഞ്ജുമുഖാരവിന്ദവും,
പുളകപ്രസരം ശ്രവിക്കുവോ-
ർക്കുളവാക്കും കളവാഗ്വിലാസവും, ൪൨

ഒരുമുക്തകൾ തൻ സിതാംശു നി-
ർഭരമേററും നറുമന്ദഹാസവും,
പരമീക്ഷണമാക്കുകൾക്കെഴും
കരൾ കക്കുന്ന കടാക്ഷവീക്ഷയും, ൪൩

അളവററണി ചാർത്തി മിന്നിടും
ഗളവും, കോമളബാഹുവല്ലിയും,
കളധൌതശലാകയിൽപ്പരം
ഗുളഹസ്തക്കളിച്ചുണ്ട മേനിയും, ൪൪

വളരെപ്പറയുന്നതെന്തി, നൾ-
ക്കളമെല്ലാക്കുമലിഞ്ഞിടുംവിധം
അളവററ ഗുണാഢ്യമൌക്തികം
വിളയും ശുക്തികയായ ചിത്തവും, ൪൫

ഒരുമിച്ചെഴുമക്കിടാങ്ങളെ-
ക്കരുതൻ ദുർവ്വിധി ദുസ്സഹാക്രമൻ
തിരുവിണ്ണുന്നിവൃക്ഷകങ്ങളെ-
പ്പുരുരോഷാൽപ്രളയാഗ്നിപോലവേ, ൪൬

Digitized By Kerala Sahitya Akademi

കഥയോർത്തുവ, തെൻറ ദൈവമേ!
കഥതീർത്തിടിന കാഴ്ചകാണവെ
വ്യഥയാൽ മൃതതുല്യരായ് ഖല-
പ്രഥമന്മാർ; പുനരെന്തു പെററവൾ? ൪൭

(കളകം)

മതിയിൽബ്ഭൃത! ശുഷ്കപത്രസം-
ഹതിയിൽ ദാവകൃശാനപോലവേ
അതിയായ്പ്പടരുന്ന മാലില-
സ്സുതി നഞ്ചിൽപ്പുഴപോൽ പിടച്ചുതേ. ൪൮

ഹതകൻ വിധിതന്നെയാത്തമാ-
സ്സുതർതൻ സുന്ദരമൂർത്തിനോക്കിയും
നിതരാം വിലപിച്ചു ദീനയായ്-
ഭ്ഭൃത! മട്ടും മതിയും മറന്നവൾ. ൪൯

"പരമെന്തൊരു കാഴ്ചയാണിതെൻ
കരൾകത്തിപ്പൊരു ദുഷ്ടദൈവമേ!
വരയെൻറ ശിരസ്സിലേവമോ?
ഹര! ശംഭോ! ഹതയായി സാധുഞാൻ. ൫൦

അവനിക്കു മണാളരാകുവാൻ
ജവമായ്പ്പാഷ്തി പാത്ഥജാപനം
ഇവൾ പെററവളത്ത മക്കളെ—
ശ്ശിവനെ! ശേഷമുരപ്പതെങ്ങനെ? ൫൧

ഒരു മട്ടു പൊറുക്കുവാൻ തരം
വരുമോ? ഞാൻ പ്രസവിത്രിയല്ലയോ?
അരുതിത്തരമെട്ടുകണ്ണിലും
കരുവോ നാന്മുഖ! പാടകേറിയോ? ൫൨

നിധിയെബ്ഭൃത! ശസ്ത്രപോലെ ദു-
ർവ്വിധി നീയെൻറയിളങ്കിടാങ്ങളെ
അധിരാത്രി ഹരിച്ചതെന്തുമാ-
മധികാരിക്കിതി ചിന്തയില്ലയോ? ൫൩

Digitized By Kerala Sahitya Akademi

ദുരിതം! ദുരിതം! വിരിഞ്ച! നിൻ
ചരിതം ഹന്ത! ദുരന്തദുഃഖദം!
എരിയുന്നു മനം, നിനക്കു ഞാൻ
ശരിയോ? കോഴിയൊടോ കുറുന്തടി? ൩൪

പകയെന്തിവരോടു നിന്റെ മേൽക്കുമേൽ-
പ്പകരം വീട്ടുവതിത്തരത്തിൽ നീ?
അകവും പുറവും നിനക്കു താർ-
മകനേ ഏതിനു കട്ടിയൊരമ്മയോ? ൩൫

മതി, വഞ്ചനിനയ്ക്കതിന്നു; നിൻ-
ചതിയെൻ നെഞ്ഞു പൊരിച്ചു ദൈവമേ!
കൊതിവല്ലി കരിഞ്ഞു ചാമ്പലായ്
ഗ്ഗതിയില്ലാശ്ശവമായ്ച്ചമഞ്ഞു ഞാൻ. ൩൬

ഒരുമിച്ചു യമപ്പിശാചു തൻ
കരുതിക്കയ്യു കിടാങ്ങളെബ്ഭവാൻ
അരുളി, ത്തവ വഞ്ചിഭൂമിയെ-
ത്തെരുവും തിണ്ണയുമാക്കിയോ? ഹരേ? ൩൭

അടിയൻ കുരുടന്റെ കൈയ്യെഴും
വടിപോൽക്കൊണ്ടു നടന്ന മക്കളെ
പിടികൂടിയതത്ര നീതിയോ?
കടിയിൽത്തന്നെ കടിക്ക ഭംഗിയോ? ൩൮

മലർ പായസമപ്പമെന്നതൊ-
ട്ടുലകിൽക്കണ്ടവയൊക്കെ നൽകി ഞാൻ
കുലദൈവപദത്തിൽ വച്ചു നീ
കുലദൈവം ദൃഢമെന്നു വന്നുവോ? ൩൯

അനിശം തവ കാൽവണങ്ങിയി-
ജ്ജനിപോക്കിട്ടുമൊരെന്നിലെന്തു നീ
കനിയാത്തതു? കൊട്ടക്കൊള്ളുവാൻ
കനിയും മണ്ണു വിശേഷമെന്നതോ? ൪൦

Digitized By Kerala Sahitya Akademi

മൃതമാരണലോലനെന്നപോൽ
ഹതകൻ ദുർവ്വിധി ഘോരരാക്ഷസൻ
ബത! പഞ്ചതപൂണ്ടുവാഴുമെൻ
സുതരിൽപ്പുനരുത്തവീണ്ടുമേകിനാൻ. ൩൧

മതിയാക്കുകയില്ല പാതിയിൽ-
ധ്ധൃതിയുള്ളോർ പണിയെന്നു,മെന്നുനീ
ഹതിയെൻതനയർക്കണയ്ക്കവേ
മതിനൽകാതതെനിക്കുമക്ഷണം? ൩൨

ബത! കാന്തനമേട്ടൻം കഴി-
ഞ്ഞിതരംലംബനഹീനയായഞാൻ
സുതരൈവർ മരിച്ചുമിപ്പൊഴും
മൃതയാകാത്തതു സങ്കടം ഹരെ! ൩൩

ശില മങ്കയുമാം ചവിട്ടുകിൽ-
ശ്ശിലയാം മങ്കയുമെന്നവാസ്തവം
ഉലകിൽബ്ബത കാട്ടിടുന്ന നീ
ബലവാനായിടുമൈന്ദ്രജാലികൻ! ൩൪

അരുതിച്ചതി! പൊന്നുമക്കളേ!
വരുവിൻ! കണ്ണുതുറന്നു നോക്കുവിൻ!
ഒരുമിച്ചെഴുനേല്പി,നോമനി-
പ്പൊരു പെററമ്മ വിളിക്കയല്ലയോ? ൩൫

ഉരുവാം ഗുണമാർന്ന നിങ്ങളു-
ള്ളുരുകം തള്ളയെ വിട്ടിരിക്കുമോ?
വിരുതുള്ളകിടാങ്ങളെങ്കിൽ വ-
ന്നൊരുനൂറായിരമുമ്മ നൽകുവിൻ! ൩൬

ഒരുമാത്ര ഗൃഹത്തിൽ വേർപെടാ-
തരുളും നിങ്ങളെനിക്കു നഷ്ടരായ്
വരു,മെത്തിടുമന്യലോകമെ-
ന്നൊരുതെല്ലേതുകിനാവിലോർത്തു ഞാൻ? ൩൭

Digitized By Kerala Sahitya Akademi

ക്ഷണനേരമിരുട്ടുപോക്കിടും
ക്ഷണമാലേഖ മിഴിക്കു രണ്ടിനും
ഇണയററിട്ടുമാന്ധ്യമേകി നിർ-
ഘൃണമെന്നെപ്പടുകുണ്ടിൽ വീഴ്ത്തിയോ? ൮

മലരും തടയുമ്പൊഴും മെത്തമേൽ-
കലരും പാ,ടതുമൊട്ടെഴും തനു
ശിലതിങ്ങിടുമൂഴിമേൽപ്പെടും
നില ഞാനെങ്ങനെ കാൺമു ദൈവമേ ? ൯

അഴകിൽപ്പുതുപൂക്കൾ ചൂടിടും
കുഴലദ്യോബത! കാളഭോഗിപോൽ
കഴലും വെടിയുന്ന പൂഴിമേ-
ലിഴയുന്നുണ്ടിതു കാണ്മതെങ്ങനെ? ൧൦

കളവററുപചാരമുള്ളഴി-
ഞ്ഞിളതാം തെന്നൽ നിതാന്തമേകിയും
അളകങ്ങളൊഴിഞ്ഞു കട്ടികൾ-
ക്കിളകുന്നീല ശരീരമേതുമേ. ൧൧

സുതരാം ധൃതിപൂണ്ടൊരോമന-
സ്സുതർതൻമണികമ്മളുമട്ടിലോ
ബത! വച്ചു ശങ്കവിട്ടു ഞാൻ
ചിതമേൽ, കൊള്ളിയടുപ്പിലെന്നപോൽ? ൧൨

വിരുതേരുമിളങ്കിടാങ്ങളോ-
ടൊരുമിച്ചൻപൊടു ഭുക്തിചെയ്യവേ,
കരുതീലതൊരന്ത്യഭുക്തിയായ്
വരുമെന്നിന്നലെ,യിന്നിവണ്ണമായ്. ൧൩

തിലതോയമെനിക്കുനേർക്കുമെൻ
കുലതന്തുക്കളൊടുക്കമെന്നു ഞാൻ
അലമോർപ്പുളവെൻറെ കൈകളാൽ
ഖലവേധസ്സുതവർക്കു നൽകിയോ? ൧൪

Digitized By Kerala Sahitya Akademi

നലമേറിടുമിക്കിടാങ്ങളാൽ
വിലസും രാജ്യമിവണ്ണമോർത്ത ഞാൻ
ഇലവിൻപഴമുണ്ണുവാൻ രസം
കലരും ശാരികതന്റെ തോഴിയായ്. ൨൫

കിതവൻ വിധിയെന്റെയാശയാം
ലതതൻ വേരിനു വച്ചു വെണ്മഴു;
ബത! നെഞ്ചഴലഗ്നികത്തിടും
ചിതമേലേറി; വരേണ്ടതെന്തിനി? ൨൬

ഇളയിൽസ്സുതനൊന്നു മച്ചികം-
കളവാകാത്തതുകൊണ്ടു സങ്കടം!
മുളയിൽക്കരിയും നിലത്തിലും
വിളവില്ലാത്തരിശെത്ര മേത്തരം? ൨൭

ഒരുപാട്ടു പണത്തെ നേടിവ-
ച്ചൊരുനാൾകൊണ്ടതു കൈവിടുന്നവൻ
ഒരു കാശറിയാത്തസാധുവിൻ
പുരുസൌഖ്യത്തെ ലഭിപ്പതെങ്ങനെ? ൨൮

പിരികെന്നതുവന്നു ഹന്ത മാം
ത്വരിതം പ്രാണസമീരപഞ്ചകം;
മരിയാതെ കിടന്നിടുന്നു ഞാൻ
ഹരി! പിന്നീടു,മിതെന്തൊരത്ഭുതം? ൨൯

ഛവിതൻ സദനങ്ങളേ! ഗുണം
കവിയും കല്പമഹീരുഹങ്ങളേ!
എവിടേയ്ക്കു ഗമിപ്പു തള്ളയെ-
ബ്ഭുവിവിട്ടെന്നുടെപൊന്നുമക്കളേ? ൩൦

മമ നേത്രരസായനങ്ങളേ!
മമതാലാസ്യമണീഗൃഹങ്ങളേ!
കമനീയകലാങ്കുരങ്ങളേ!
യമലോകത്തിനു നിങ്ങൾ പോയിതോ? ൩൧

Digitized By Kerala Sahitya Akademi

ഒരുമിച്ചുപിരിഞ്ഞതെന്തു ഞാ-
നൊരുലേശം പിഴയാതിരിക്കവേ?
അരുതിച്ചതി,യെന്റെ ജീവിതം
മരുവായ്ത്തീർന്നു; നശിച്ചു സർവ്വവും. ൯൨

നിലവിട്ടു കളിക്കു വെയ്ലുകൊ-
ണ്ടലയൊല്ലെന്നു തടുത്തതോർക്കയോ?
പലഹാരമനല്പമെന്നു ഞാൻ
ചിലനാളേച്ചൊല്ലിയതുള്ളിൽ നിൽക്കയോ? ൯൩

മണിഭൂഷകളെച്ചുമന്നിടം
പണി ഞാൻ നൽകി മുഷിച്ചിൽ വാച്ചുയോ?
അണിതിങ്കൾമുഖത്തു ചാന്തുപൊ-
ട്ടണിയിച്ചേനതു കുറ്റമാകയോ? ൯൪

മലപോലപരാധമെപ്പൊഴും
പലതെന്നാൽക്കൃതമെന്നിരിക്കിലും
വിലവച്ചതതു,മ്മയല്ലയോ
ഖല ഞാൻ? നിങ്ങൾ കിടാങ്ങളല്ലയോ? ൯൫

തലമണ്ടയിലെന്തു താരമാ-
മുലകിൻനാഥനതിൽക്കുസാഹസം
നിലവിട്ടു വരച്ചുകൂട്ടിയോ
മലയാളക്ഷിതിമന്ദഭാഗ്യയായ്. ൯൬

മമപീഡ കിടന്നിടട്ടെ,യി-
ക്ഷമതൻ സങ്കടമാക്കു കാണുകിൽ
ക്ഷമവന്നിടുമോർത്തുവിൻ,ഗത-
ക്രമമെന്തൊന്നു പിഴച്ചുപോയവൾ? ൯൭

എരിതീക്കനലെന്ന ശങ്കയാൽ
ഹരി ഖദ്യോതഗണത്തെടുത്തപോൽ
പരിചോടു നിനച്ചു നിങ്ങളാൽ
ത്വരിതം ഭൂമി സനാഥയാകുവാൻ. ൯൯

Digitized By Kerala Sahitya Akademi

മൃഗതൃഷ്ണയെ വാപിയെന്നു താൻ
മൃഗണം മൃത്തിൽ നിനച്ചിരുന്നുപോയ്!
ശൈവൽകന്നണാംബുഹന്ത! ദു-
ർഗ്ഗർ പൌരർക്കൊരു കാളകൂടമായ്!! ൯൯

ഇവർതൻ ജഠരത്തിൽ മണ്ണടി-
ച്ചുവനിക്കൊങ്കയെ വന്ധ്യമാക്കുവാൻ
ജവമോടു കിടാങ്ങളോർക്കിൽ-
ശ്ശിവനേ! പിന്നെയിരിപ്പതെങ്ങനെ? ൱൦

പുരുനന്മികലർന്നു നിങ്ങൾതൻ
തിരുനാമങ്ങളുരച്ചു ചുററമേ
വിരുതററു തിരഞ്ഞുനോക്കിട്ടു-
ന്നൊരുതത്തമ്മകളാശ്വസിക്കുമോ? ൱൧

അരുണോജ്ജ്വലമേചകംകെഴു-
ന്നൊരുമുററങ്ങളിലുച്ചനേരവും
ഇരുൾ ദർശനിശപ്പെടിക്കിനി-
പ്പെരുകം; ഞാനതുകണ്ടതെങ്ങനെ? ൱൨

ഉരപ്പുണ്ടൊരു കേളിവസ്തുവിൻ
നിരയെൻകുട്ടികൾ വിട്ടുപോയിതുവാൽ
പരമാർദ്ദവെടിഞ്ഞുപോം ദ്രവ്യം
ചരടററുള്ള വധൂഗളങ്ങൾ പോൽ. ൱൩

നലമേറിന നിങ്ങൾ കൈവിട്ടാ
മലർമഞ്ജങ്ങൾ മനോജ്ഞബോധരേ!
ജലമററ വാരണ വാപികൾ-
കലകിൽസ്സ്വൈരമാവമേന്തിടും. ൱൪

ജലമററൊരു വാപിയോ ഹരേ!
ജലമേറന്നൊരു വാപിയല്ലയോ
നലമാർന്നകിടാങ്ങൾ തൻ കൊട്ടാ-
കലചെയ്തീടിന ദുഷ്ടരാക്ഷസി! ൱൫

Digitized By Kerala Sahitya Akademi

കളമേ! കളമേ! നിനക്കുമേറ്റം-
ക്കളമാർദ്രതയെഴാത്ത പാറയോ?
അളവററിട്ടമശ്രു വീഴ്ത്തി നീ-
യിളയും നിന്നൊടു തുല്യമാക്കിയോ? ൯൬

വെളിയിൽ സ്ഫടികാപ്പേണ്ടകം
ചളിയും താഴ്ച്ചയുമന്ന്യമായ്
കളിയാട്ടകകാരണത്തിനാൽ-
പ്പൊളിയല്ലൻെറ കിടാങ്ങളേവമായ്. ൯൭

തിരി കത്തി പടർന്നു കത്തവേ
തരിതാകെട്ടിയ ദീപപാടക്കം;
കരിപോലിതളായ് കുറിക്കകം:
പൊരികെപ്പൊങ്ങിയെഷിച്ചു വായുവും. ൯൮

എഴുനേൽക്കുവിനെന്നുറക്കമി-
പ്പൊഴുതെട്ടായ് മണി; കൺമിഴിക്കുവിൻ;
വഴകാതെ ധരിത്രി മക്കളെ!
മുഴകീടട്ടെ മുദംബുരാശിയിൽ. ൯൯

ഫലമില്ല വൃഥാവിലാപ,മെൻ
കലതന്തുക്കൾ കഴിഞ്ഞു തന്നെപോയ്;
മലയാളമതീവശൂന്യമായ്-
ത്തലതല്ലുന്നിതു താങ്ങലെന്നിയേ. ൧൦൦

ഒളിയമ്പുതറച്ചുമാറിടം
പൊളിയും വേദന ഞാൻ പൊറുക്കുമൊ?
കളിയോ ഭഗവൻ! നിനക്കിതെൻ
വിളികേൾപ്പാനൊരു കാതുമില്ലയോ? ൧൦൧

കഴിയിൽബ്ഭുത! വീണുകാലൊടി-
ഞ്ഞുഴിയിൽതാണ കടുത്തുവഞ്ചിപോൽ
കഴിവററുകിടക്കുമെമ്മയും,
വഴികാണിക്കുവി,നന്തു ക്രൂരവേ. ൧൦൨

Digitized By Kerala Sahitya Akademi

സുതരേ! സുതരേ! സുധാശുചി-
സ്മിതരേ! മഞ്ജുളവാഗ്വിലാസരേ!
ഋതരേ!ഷ്ഠയിവർക്കു സൽഗ്ഗുണാ-
ന്വിതരേ! നാസ്തി; വരുന്നു കൂടെ ഞാൻ. ൧൦൩

കരയാൻ മിഴിയില്ല, വാർക്കുവാൻ
പരമില്ലശ്രുകണം, പഴിക്കുവാൻ
സ്വരമില്ല, കടപ്പു,തെന്തിനി-
ശ്ശരണം പാരിലെനിക്കു ദൈവമേ? ൧൦൪

എരിതീക്കനലിങ്കലെണ്ണപോൽ-
പ്പൊരിയും നെഞ്ഞൊടിവണ്ണമൊക്കയും
ഹരിണാക്ഷി കഥിച്ചു; വിശ്വസ്യ-
ട്ടരിയാണൊക്കെയരണ്യരോദനം. ൧൦൫

മൃത്യുമഹാവ്യസനമെന്നുകണക്കു മററു-
മാർത്തസ്വരത്തിൽ വിലപിപ്പൊരു റാണിതന്നെ
പാർത്തശ്രു നിർത്തുവതിനായ് പണിചെയ്തു പാരം
കാർത്തസ്വരാഭകലരും രവിവർമ്മബാലൻ. ൧൦൬

ഒരുവിധമതുകൊണ്ടൊട്ടാശ്വസിച്ചോൾകണക്ക-
പ്പുരുധൃതിമതി പിന്നെപ്പുത്രസംസ്കാരകർമ്മം
ഗുരുവരരെവരുത്തിത്തത്ര ചെയ്യിച്ചുവീണ്ടും
പെരുകുമൊരഴലാററിൽപ്പെട്ടു നട്ടംതിരിഞ്ഞാൾ. ൧൦൭

എട്ടുവീട്ടരുടെ ദുഷ്ടതമൂലം
പെട്ടു തൻ തനയരെന്നു ധരിച്ചും
ഒട്ടുമായതറിയാത്തതുപോലെ-
മ്മട്ടുതോററമൊഴി ധീയൊടു വാണാൾ. ൧൦൮

പുത്തൻകോട്ടയിൽ വിലസീടു-
മുത്തമസൌധത്തെ വിട്ടു തൽക്ഷണമേ
അത്തലിൽ നെടുമങ്ങാട്ടേ-
യ്ക്കു തന്വി ഗമിച്ചു മൃതപുത്രനൊടും. ൧൦൯

Digitized By Kerala Sahitya Akademi

ഛിന്നത്വവിട്ടണ്ഡത്തെ-
പ്പന്നഗി സുഷിരത്തിലെന്നപോൽ ഗ്രദ്ധം
തൻനന്ദനനാം ബാലനെ-
യന്നല്ലൂർമെയ്വലി പോററിയവിടത്തിൽ. ൧൧൦

മൃതരൊട്ടുസമർ കാന്ദിശീകരെന്നോ-
ത്തുതന്നബലോദ്ധതരാകമെട്ടുവീടർ
ധൃതരസമഥ രാജധാനിയെപ്പോ-
ലിതരപുരങ്ങളെയും വശപ്പെടുത്തി. ൧൧൧

ചാവാതെ ചാവുമൊത്ത സോദരനന്ദിനിക്കും
ധീവായ്പ്പുപൂണ്ട രവിവർമ്മകുമാരകന്നും
ഭൂവാകെയില്ലൊരുവരും തുണയെന്നചിന്ത
ജീവാതുവായവനിമർത്തി കഴിച്ചു കാലം. ൧൧൨

എട്ടാം സർഗ്ഗം സമാപ്തം.

---

## ൯-ാം സർഗ്ഗം.

---

ഇതി കഴിപ്പുട ഹിന്ദുജനങ്ങൾ വെ-
ട്ടതിനിടയ്ക്കു പടിപ്പടിയായ്ക്ഷണാൽ
അതിബലിഷ്ഠർ മഹമ്മദർ ഭാരത-
ക്ഷിതിയെ നീതിയെ നീക്കിയടക്കിനാർ. ൧

സ്ഫുടതരം ശരദംബുധരങ്ങൾ വ-
ന്നുടയ സാന്ധ്യമരുത്തുകളോടുപോൽ
ഉടമപൂണ്ട മഹമ്മദയോധരോ-
ടട്ടുപ്പിലാലെലിഞ്ഞാധവർ തേടിനാർ. ൨

Digitized By Kerala Sahitya Akademi

മലയമാലയമായ തപോധനൻ
തലകുനിച്ചു ധരത്തിനു താഴെയും
ബലമൊടെത്തുമറാക്കിരുകൈയിലും
വിലസി വേലസി വേറെയുമായുധം, ൩

കനമെഴുന്നൊരു ദക്ഷിണദിക്കിലെ-
ജ്ജനപദങ്ങളിലും പലതമ്പ്രടർ
ജനമഹസ്സൊടു വേല്‌വതിന്നേററമ-
ട്ടിനമൊരേനമൊരേതരമേന്തിനാർ. ൪

തമിഴുനാട്ടുമുഴുക്കെയടക്കമ-
ശ്ശമിതശത്രുകർ തുരുഷ്കഭടാഗ്ര്യരെ
അമിതമാലൊടു നോക്കി ഭയാത്തുര-
സ്തിമിതരാമിതരാവനിപാലകർ. ൫

മതിധരാംഗന വാഴ്‌വൊരു പാണ്ഡ്യമാം
ക്ഷിതിവിഭാഗവുമാരിപു സേനയാൽ
അതിരുവിട്ടു പലിച്ചു കലക്കമാ-
ന്നതിരയാൽ തിരയാൽക്കടലെന്നപോൽ. ൬

വരകൃപാമഴ സുന്ദരമൂർത്തി നാ-
ഥചരമുതിർപ്പൊരു നായ്ക്കുറ്റുചാലരും
പുരമണഞ്ഞ മഹമ്മദനേകിനാർ
കരമുദാരമുദാത്തതയെന്നിയേ. ൭

അവനിയാകെ വിറയ്ക്കുമൊരുക്കതൻ-
ഭവനമായ തുരുഷ്കചമൂപതി
നവയശസ്സുവളർത്തി വസിച്ചിത-
ബ്ഭവനപാവനപാണ്ഡ്യപുരിക്കകം. ൮

കൊടിയതന്നനയായികൾ ശമ്പള-
പ്പടികൾ താണതുകൊണ്ടു ശഠിക്കവേ
ഝടിവിലിത്തരമ്പോതിയൊരിക്കലെ-
ഞ്ഞടിലനീടിലനീകിനിതന്നൊടായ്, ൯

Digitized By Kerala Sahitya Akademi

"അരുതിവണ്ണമൊരല്ലൽ നമുക്കു വൻ-
പെരുമതിങ്ങിന പാണ്ടിയിലിട്ടിനം
ഉരുമയത്തൊടു കപ്പമണച്ചിടാ-
തൊരുവനാരു വനാന്തരഭൂവിലും? ൧൦

അകിൽമണം കലരും പുകഴായ വെൺ-
മുകിലിലിമ്മയും മറയും വിരിച്ചു നാം
പകിതരല്ല രണത്തിനു;പാരിലീ
മുകിലനാകിലനാദൃതശാത്രവൻ. ൧൧

അരികിൽ വന്നിരുകാല്കളിൽപ്പതി-
ച്ചരികൾ സേവകരാകിലനന്തരം
അരിയവർക്കു വിലക്കുവതെന്തയോ
ഒരിത,മാരിതമായമിയററിടും.? ൧൨

അതിതരാം ദ്രവിണത്തൊടടക്കലായ്
പ്പതിയതാമൊരു രാജ്യമിരിക്കകിൽ
ധൃതിയിലിന്നതുവെന്നു സുഖം തരു-
ന്നതിനുമേതിനുമേററ;കഥിക്കുവിൻ." ൧൩

സമരവും ധനവും നിജകാംക്ഷപോൽ
ശ്രമമകന്നരുളും മൊഴിയിത്തരം
വിമതകാലനരച്ചുള്ളവേററവും-
പ്രമദമാ മരമാണവർ തേടിനാർ. ൧൪

തഹരിതമുൾക്കുളിർ നൽകി വചസ്സുധാ-
ഝരിയൊഴിച്ചു ഒടക്കൊരു സൈനികൻ,
പെരികെ വേനലെഴുന്നള വംബുഭൃ-
ത്തരിയമാരിയമാന്തമകന്നപോൽ. ൧൫

"സമരയോഗ്യമടുത്തൊരു ദേശമു-
ണ്ടമലമാമതുമായുപമിക്കകിൽ
സുമഹിതം തമിഴ്നാടറബിക്കകെ-
ത്തമരമാ മരു മാന്ദ്യചമൂപതേ! ൧൬

Digitized By Kerala Sahitya Akademi

അതിൻപേർ മലയാള,മഹിജഞരി-
ക്ഷിതിലലാമമതെന്നുരചെയ്യുവോർ;
അതിനകം ലവമില്ല ഘനങ്ങൾ തൻ
ചതിയുമീതിയുമീശവരത്തിനാൽ. ൧൭

അഹിതമർദ്ദനനാം ഭൃഗുരാമനാൽ
പ്രഹിതമാം മഴവേററ സരിൽപതി
മഹിയതേകി; നമുക്കു കരസ്ഥമാം
മഹിതമീഹിതമീവഴി പോകകിൽ. ൧൮

അകലുഷപ്രഭപൂർണ്ണതിലുണ്ടു വൻ-
പുകൾ നിറഞ്ഞൊരു വാനവനാടുപോൽ;
സുകരമായ് ധനമെത്തുകയാലതിൽ
സകലരും കലരുന്നു സുഖം സദാ. ൧൯

പരമതിങ്കലനന്തപുരാഖ്യയോ-
ടുരപെറുന്നൊരു പത്തനമുണ്ടുപോൽ.
തരമൊടും നടനത്തിനു നൂനമ-
പ്പുരമരം രമ രംഗമതാക്കിനാൾ. ൨൦

നവയശസ്സുരുപത്തിടുമപ്പുര-
പ്രവരമെത്തി വസിച്ചു സുഷുപ്തിയിൽ
അവധിവിട്ടു ലയിച്ചുലകങ്ങൾ ത-
ന്നവനമാ വനമാലി നടത്തുവോൻ. ൨൧

ബുധരടുക്കിൽ മിടുക്കൊടടക്കമാ-
വിധമെഴും ഗുണമുള്ളൊരു നാടിതിൽ
അധമരാം പല കാഫർകുലങ്ങൾ തൻ
നിധനവും ധനവും സുലഭം തുലോം. ൨൨

വിലപെറുന്നൊരു കോവിലിലൊക്കെയും
പലതരം രിപുദേവർ നിരന്തരം
വിലസിടുന്നു സുവർണ്ണപരീതമാം
ശിലയിലാലയിലാടുകയെന്നപോൽ. ൨൩

Digitized By Kerala Sahitya Akademi

ഛവിനിറഞ്ഞൊരു ഫൌറികൾ പോലെഴും
സുവിമലാംഗികൾ തിങ്ങുകമൃലമായ്
ഭുവി തുലോം കൊതിപൂണ്ടു ഗണിപ്പതു-
ണ്ടവിടെമാ,വിടെമാനഷർ നാകമായ്. ൩൪

ശബരിമാർ വലയാൽപ്പറവയ്ക്കപോൽ
സ്വബാഹുകാന്തി കളിപ്പൊരു ദൃക്കിനാൽ
സ്തബക ചാരുപയോധരമേന്തുമി-
യബലമാർ ബലമാക്കമകററുവോർ. ൩൫

വിരവിലിങ്ങനെ ധർമ്മവുമർത്ഥവും
സരസകാമവുമുത്തമമോക്ഷവും
പരർ കഥിപ്പതുപോലെ ലഭിക്കവേ
സുരതിയാരതിയായിതിലാന്നിടാ?" ൩൬

സകലമിമ്മൊഴി കേട്ടു പടയ്ക്കരി-
പ്രകരമാഥി കൊടുത്തൊരു സമ്മതം
പുകളെഴുന്ന ഭടക്കു വിളക്കിയ-
ന്നകമലം കമലം രവിരശ്മിപോൽ. ൩൭

വടിവിലീച്ചുകൾ തേനിനു പാഞ്ഞിടും-
പടി മഹമ്മദയോധരനന്തരം
കൊടിയ തൽപ്രഭുവൊത്തു ജയേച്ഛയാൽ-
ഝടിതി നാടിതിനായ് നടകൊണ്ടുതേ. ൩൮

പഴിപെടാത്ത ഹയങ്ങളൊടൊരുവാ-
മൊഴി കടന്നുവരും രിപുസേനയെ
വഴിയിൽ നോക്കുകിൽ വീചികൾനൽക്കമ-
ങ്കൊഴിയുമാഴിയുമാടലിയന്നിടും. ൩൯

ഉരപെരുന്നൊരു പോക്കളെമെത്തിടും
കരബലം കലരുന്ന പദാതികൾ
മരണമാളുകിൽ മാത്രമിമയ്ക്കുവോർ
ചരണമാരണമാവതിൽ മുന്നമേ. ൪൦

Digitized By Kerala Sahitya Akademi

ശിഥില മനസ്സു, ശരീരമിരിമ്പു, കൈ
പലകയേവമെഴും ഭടപംക്തിയെ
ഉലകിൽ നോക്കുകിലാടിട്ടുമവനും
നില ഭയാഖരയാലിലപോലവേ. ൩൧

ഹൃദി മദത്തൊടരാതിഗണത്തെയാ
വിദിതവൃത്തരടിച്ചുപൊടിച്ചുതേ,
ഉദിതവേഗഭരത്തൊടു പാഞ്ഞിടും
ഹ്രദിനി മേദിനിമേൽച്ചിറയെന്നപോൽ. ൩൨

ചൊടിയുമൂക്കമുണർച്ചയുമൊത്തു വൻ-
പൊടിയുയർത്തിയണഞ്ഞതുരുഷ്കരെ
ഝടിതി കണ്ടൊരു മാനവർ പേടിപൂ-
ണ്ടിടിവിളോടി വിഹ്വലഹൃദന്തരായ്. ൩൩

അനഘവഞ്ചിധരിത്രിയിലെങ്ങുമേ
കനമെഴും രിപുസേന മഥിക്കയാൽ
ഇനകരങ്ങൾ വരട്ടിന വാപിപോൽ-
ഘനരസം നരസന്തതി വിട്ടുതേ. ൩൪

അധിപനൊത്തു കടന്നു കരുത്തുതൻ-
നിധികളാം ഭടർ കൊള്ളയടിക്കവേ
അധികമാം വിധമന്തണമുഖ്യരാം
സുധികളാധികളാണ്ടു നിരന്തരം. ൩൫

ഭയമൊടബ്ദരോടമരിൽപ്പരാ-
ജയമണഞ്ഞു മുടിഞ്ഞിതു നാട്ടുകാർ;
ഭയദവഹ്നിയിൽ വീഴുവതില്ല മാ-
ലിയലുമീയലുമീവിധമെങ്ങുമേ. ൩൬

അഗണിതാരി മുഗൾപ്രബല നാട്ടിനെ-
സ്സുഗണമെത്തിമുടിച്ചു തുടങ്ങവേ
വിഗതവിത്തതപൂണ്ടു കുബേരരും
ജഗതി ഹാ! ഗതിഹാനിയെ നേടിനാർ. ൩൭

Digitized By Kerala Sahitya Akademi

"ശരണമേവനമേകരു,തൊന്നുകിൽ-
ത്തരണമാരണമാരണമാരണം;
ത്വരയൊടൊത്തശ്രവം ജനമമ്മതൻ-
ചരണമോരണ,മോടരുതാരുമേ." ൩൮

കനമെഴുംഭടരിത്തരമോർത്തു വൻ-
വിന മുറയ്ക്കു തുടന്നു കാണവേ
മനസി ഭീയൊട്ടു കാട്ടിയനല്പമാം
വിനയമാ നയമാരണ്ടൊരു നാട്ടുകാർ. ൩൯

കടിലരാത്രിപചിഹ്നമെഴും പടം
വടിവിലാണ്ടു ദിനാന്തസമീരനിൽ
ഇടിവുതേടിന ദേവഗൃഹങ്ങൾമേൽ-
ക്കൊടികളാടി കളാരയൊടെങ്ങുമേ. ൪൦

തെരുവുതോറുമണഞ്ഞു നിരന്തരം
പുരുമദം പുലരും മുകിലപ്രഭ
അരുളിനാൻ പലപുണ്യജനങ്ങൾതൻ-
കരുതി മാരുതി മാറിട്ടുമൃക്കൊട്ടും. ൪൧

തെരുതെരെച്ചുടുചോര കഴുത്തിൽ നി-
ന്നരുവിപോൽ മറിവേറെറാഴുകീടവേ
വിരുതുവിട്ടു പുലത്തി പശുക്കളും
പുരുതമം രുതമന്നു ധരിത്രിയിൽ. ൪൨

പറവയിൽസ്സുബരക്കു സമം ഭയ-
ക്കറവു മർത്ത്യരിലേറിന ഭാവവും
തിറവുമാജിയിലാശയുമില്ലകം-
നിറയുമീറയുമീവിധമാക്കുമേ. ൪൩

അധിരണാവനി ഭസ്സഹദംഷ്ട്രതാ-
നിധികളഷ്ടഗൃഹേശചരർ നേക്കിലും
അധികമാം മദമോടരുളീടിനാർ
യുധി പരാധിപരാധ്യബലാന്വിതർ. ൪൪

Digitized By Kerala Sahitya Akademi

അവിരതം മലയാളമഹിക്കു ഹൃ-
ത്തവിയുമാറു മഹമ്മദവാഹിനി
ഛവി നിതാന്തമെഴും സികതാടവീ-
സവിധമാവിധമാശു ഗമിച്ചതേ. ൪൫

അതിലണഞ്ഞൊരു കൈനില തീർത്ഥഹ-
മ്മതിയൊടാബ് ദടപ്പാളി വസിക്കവേ
ഇതി വചസ്സു തദീശനിനാത്മജ-
പ്രതിമനോതി മനോരസമേറുവാൻ. ൪൬

"കരകവിഞ്ഞൊഴുകും കനിവാരുത-
ന്നരപെറും മല,യമ്മ തുണയ്ക്കുകിൽ
വിരവിൽ നമ്മളെ വെന്നൊരു മർത്ത്യനും
സരസമീ രസ മീണ്ടിടുവാൻ പണി. ൪൭

ശ്രമമകന്നു കലദ്രുവിൽ നൽപ്പുകൾ-
സ്സുമമിണക്കിയിതിൻപടി മേലിലും
അമലനാം നബിതൻ കൃപകൊണ്ടു നാ-
മമരണം മരണംവരെ മാന്യരായ്. ൪൮

പരർ കഥിപ്പൊരു കാഞ്ചനകാശ്യപീ-
ധരസമം പൊരുൾകിട്ടി;മുറയ്ക്കിനി
വിരവിലിന്നു പിടിപ്പിനൊരോമലിൻ-
കരതലം രതലംപടരാം മടർ. ൪൯

ചിരതിലുള്ളിനിണങ്ങിയ നാലു നൽ-
ത്തരുണിമാരെ വരിച്ചു യഥാസുഖം
ഒരുമപൂണ്ടു ഭുജിക്കണമേവരും
ഗുരുവരോരുവരോമിതമാം ഫലം." ൫൦

ഇതിമഹമ്മദസൈനികരോടു തൽ-
പതി കഥിച്ചതു കേട്ടു ഭയത്തൊടും
ക്ഷിതിമരിപ്പൊരു റാണിയൊടെത്രയോ
സതികളോതി കർമ്മോക്തിയിലിങ്ങനേ. ൫൧

Digitized By Kerala Sahitya Akademi

"ക്ഷിതിയിതിങ്കൽ വസിക്കുമിവക്കു നി-
ഷ്കൃതിമമാം കൃപവാഞ്ഞൊരു നിന്നോടായ്
സതി! പരം പറയേണ്ടിവരുന്നു സം-
പ്രതി പരാതി പരാശ്രയഹാനിയാൽ. ൧൨

സമരരക്ഷർ ഭടക്കിഹ വാണിടും
സുമഹിളാവലിയെപ്പിടിക്കുടുവാൻ
ക്ഷമയടക്കുമൊരമ്മുകിലാഢ്യനാം
കുമതി സമ്മതി സമ്പ്രതി നല്കിപോൽ. ൧൩

ത്രിഭുവനങ്ങളിലും കിടയററിടും
സ്വഭുജവൈഭവമിമ്മടവാർകളിൽ
കളുജഗപ്പടി ദൃഷ്ടതവാച്ചിട്ടും
പ്രഭുവിവൻ ഭുവി‌വൻപൊട കാട്ടുവോൻ. ൧൪

വിനയിതെങ്ങനെ ഞങ്ങൾ തടുക്കു; മി-
ജ്ജനമനാഥമസാരവധൂകുലം;
മനസി നിർദ്ദയനായ ഖലാഗ്രിമൻ
പുനരവൻ നരവന്ദ്യകലേശരി!. ൧൫

ശമനദൂതർകണക്കരിയോധരി-
പ്രമദമാരൊടെതിക്കിലിവക്കിനി
ക്ഷമയിൽ നിൻകൃപവിട്ടൊരുവസ്തുവേ-
തമരമാമരമാധിപയോധിയിൽ? ൧൬

പകയെഴുന്ന മഹമ്മദസൈനിക-
പ്രകരമേകിടുമീയഴലാകവെ
അകലുവാൻ തവ പത്തിവർ, ദേവി! മം-
ഷ്പകലിതാ കചിതാദരമോക്കുവോർ." ൧൭

അവധിവിട്ടഴലാൻതമനല്പമാ-
യവനിമേൽ മിഴിനീർമഴവീഴ്ത്തിയും
അവരുരച്ച ഭയങ്കരമായിടും
വിവരമാ വരമാംനിനി കേട്ടതേ. ൧൮

Digitized By Kerala Sahitya Akademi

പ്രവരസൽഗുണനായ് സികതാടവീ-
ഭവനനായ് വിലസുന്നൊരു തങ്ങളേ
ജവമൊടങ്ങുവരുത്തിയിതോതിനാ-
ളവനതാവനതാന്ത ധരേശ്വരി. ൯൯

"പുകളെഴുന്ന ഭവാൻ മമ വംശമോ-
ടകലുഷപ്രിയമാണ്ടമരുംവിധൌ
ശകലമിവ്യസനത്തിനു മൽപ്രജാ-
നികരമാകരമാകരുതെങ്ങനെ? ൱

വനിതമാർക്കുമനല്പനിവർണ്ണമൂം-
പ്പനിയണച്ചമഹമ്മദസേനയാൽ
ജനിയ നാടിതു കാന്തിവിഹീനമാ-
മനിശമാ നിശമാറകിവിന്ദുപോൽ. ൱൧

സുമതിമാരൊടു പോരിടുവാൻ മതി-
ന്നമയമാമുകിലപ്രഭുവാഹിനി
മദമൊടിന്നു ചരിപ്പതിനോർക്കുമി-
പ്പുരി മോദവിരാമചനാഥമേ." ൱൨

ഗുണിനി റാണി പറഞ്ഞതു കേട്ടു സ-
ന്മണി മഹമ്മദമുഖ്യപുരോഹിതൻ
കണിശമായുരചെയ്തു ഗഭീരമാം
ഭണിതി താണിതി താമസമെന്നിയേ. ൱൩

"മനസി വേണ്ട ഭയം; മുകിലന്റെയീ
വിനകളം ഞാനതിശീഘ്രമൊഴിക്കുവൻ.
അനഘയാം ഭവതിക്കു നിനയ്ക്കിലി-
ജ്ജനതയാനതയാണനിശം ദൃഢം. ൱൪

പ്രജകളായിവരുള്ളളവിൽ ബലിഷ്ഠൽ-
ഭുജബലം തുണമെന്നു ധരിക്കണേ!
സുജനസംശ്രയദേ! തുടരുന്നു നിൻ
ജനനമിജ്ജനമിച്ഛയൊടെപ്പൊഴും." ൱൫

Digitized By Kerala Sahitya Akademi

സുധിയിവണ്ണമുരച്ചു പദം യഥാ-
വിധി നമിച്ചുവിട്ടുന്നു തിരിച്ചുടൻ
അധിപനാം മുകിലാഖ്യപുരാക്രമാം-
ബുധിയൊടാധിയൊടാറ്റു ചൊല്ലിനാൻ. ൬

"അവികലം പതിദേവതമാക്കെം-
കവിയുമാധി വളപ്പതിനോക്കിൽ
ഭുവി പൊഴിക്കുമവൾ തദീയമാ-
മവിനയം വിനയംബുദമംബുപ്പോൽ. ൭

ക്ഷമയിലിന്നിഷിതൻമതമേവനും-
ഭ്രമദമാണു ഭജിപ്പതസംശയം,
ശ്രമമകന്നവനെങ്ങനെയാകിലും
വിമലമാമലമാശയമക്ഷണം. ൮

ഭയമൊടാജിയിലന്യമതസ്ഥരെ-
ബ്ഭയമൊഴിഞ്ഞു വധിച്ചു ഭേവർ
ജയരവത്തെ മുഴക്കിയതില്ലയോ?
നിയതമായതമാനുഷപൌരുഷം. ൯

നരരനേകവിധത്തിലെഴുന്നൊരി-
ദ്ധരയിലിങ്ങനെ സാധുപരാഭവം
അരമണയ്ക്കുകയില്ല കദാനന്ദ്യം
പരമസാരമസാരമറിഞ്ഞവൻ. ൧൦

മതരഹസ്യമറിഞ്ഞു ഭവാൻ പതി-
വ്രതകളെത്തുണചെയ്യുകിലെന്നിയേ
അതനകീർത്തിവധൂടിവരിപ്പതി-
ന്നിതരമാം തരമാണ്ടിട്ടുവാൻ പണി. ൧൧

വിരുതൊട്ടും നിജപാണികരംകൊണ്ടു ന-
ട്ടുരുഫലങ്ങൾ പൊഴിപ്പൊരുവേളയിൽ
ചെരുമയേന്തി വിളങ്ങിന സദ്രുശ-
സ്തരുവിനാരു വിനാശമണച്ചിടും? ൧൨

Digitized By Kerala Sahitya Akademi

അകലുഷം കടൽ നല്കിന തിങ്കളിൻ
സുകലയെന്നതു! ദശ്ദിനപ്പടി
ഇകലിൽനിന്നു കലങ്കനലബ്ധമാം
പുകളുയോ! കളയേണ്ടവനല്ല നീ. ൧൨

അമലനാം നിബിതൻ കൃപാഹേതുവാൽ
കുറമാണ്ട ഭവൽഭടർതൻ ബലം
ക്ഷമയിതിൽ പൊലിയുമെന്ന പയോധിയിൽ
ദ്യുമണിയാം മണിയാറിനു പിൻപുപോൽ." ൧൩

അറിവെഴും മൊഴിയിങ്ങനെ നീതിയും
നെറിയുമൊത്ത പുരോഹിതനോതവേ
മറിവുവിട്ടു മനസ്സിന്നു ധാർഷ്ട്യവും
തെറിയുമാറിയുമാരിപ്പു ചൊല്ലിനാൻ. ൧൪

"ഗുണഗണങ്ങൾ തികഞ്ഞുലകിൽത്തനി-
ക്കിണപെടാത്ത പുരോഹിതരത്നമേ!
ഘൃണവരാൻ തുടരുന്ന ഭവൽപദ-
പ്രണതി താണതിതാമസബുദ്ധി ഞാൻ, ൧൫

സ്ഫുടമിതിൻപ്രതി! ഞാനളവററ ന-
ല്ലുടയ നാടിതിൽ മേവിടുവോളവും
വിടർ നടപ്പൊരു പാതകമൊന്നുമെൻ
മടയു തേടരുതേവമുരയ്ക്കുവൻ." ൧൬

ഒരുവിധത്തിലിവണ്ണമവങ്കൽനി-
ന്നൊരുവചസ്സു ലഭിച്ചൊരു തങ്ങളാൽ
പെരുത്തു സൌഖ്യമിയന്നു മതിക്കകം
പുരുജയാം രുജയാണ്ട ധരേശ്വരി. ൧൭

ഒഴിയാതൊരു ബാധപോലെ മേലും
വഴിമുട്ടിക്കമരാതിസേനതന്നെ
കഴിവെന്നു ജയിപ്പതിന്നിതോർത്തും
മിഴിനീർവാർത്തു മഹസ്സു പോക്കി റാണി ൧൮

Digitized By Kerala Sahitya Akademi

സ്ഥൂടമരിവിജയത്തിൻ സ്മാരകസ്തംഭസമ്പ-
ത്തുടമയൊട്ടുലഭിപ്പാനെന്നുപോൽ സൈന്യനാഥൻ
ഉടനരുമയമുമ്മിൽത്തഞ്ചിട്ടം വഞ്ചിനാട്ടാ-
ക്കുടയണിയിവക്രൂടിച്ചേററു ഭേപ്പെട്ടുത്തി. ൭൦

ഒൻപതാംസഗ്ഗം സമാപ്തം.

# പത്താം സഗ്ഗം.

:0:

ആയിടയ്ക്കൊരുദിനാന്തസവാരി-
ക്കായി നൽക്കുതിരമേലൊരുനാളിൽ
സ്ഥായിപൂണ്ട മുകിലപ്രഭവയ്യൻ
പോയിതുത്തരഗിരിത്തിനെനോക്കി. ൧

വങ്കരപ്പിയലുമജ്ജവനാശ്വ-
ത്തിങ്കലേറിയവനേറെ വിളങ്ങി;
ശങ്കവിട്ടരിയ മന്ദരശൃംഗ-
ത്തിങ്കലേറിയൊരു കാർമുകിൽപോലെ. ൨

ക്ഷോഭമുലിപ്തമതിതിക്ഷ്ണവുമാകും
വാളരയ്ക്കുവനിടത്തുപുറത്തായ്
കാളക്രൂടമിയലും രമമാളും
കാളകണ്ഠലികണക്ക വിളങ്ങി. ൩

“തന്നസിക്കപരർ പിൻതുണയായാ-
ലുന്നതാവമതി വന്നു ഭവിക്കും."
എന്നതോർത്തിട്ടമവന്നു സമീപം
ചെന്നതില്ല പരിചാരകരാരും. ൪

Digitized By Kerala Sahitya Akademi

ചട്ട,കാൻശര, മെരിപ്പു തലച്ച്രാ-
തൊട്ടതൊക്കയുമണിഞ്ഞൊരവങ്കൽ
പെട്ട ഭീതി നിമിഷത്തിൽ വളന്ന-
പ്പട്ടണം മുഴുവനൊന്നുവിറച്ചു. ൫

അന്തകൻ മഹിഷമേറിവരുന്നോ?
ഹന്ത! കല്ക്കി ജയയാത്ര തുടന്നോ?
ചിന്ത കാണികളിലേവമുയത്തി-
ച്ചന്തമോട്ട കതികൊണ്ടു തുരുഷ്കൻ. ൬

ശ്യാമളദ്യുതി പരസ്പരമേററി-
ബ്ഭീമമാം ഹയവുമാബ്ഭടരൊട്ടും
ഭാമബാണതുലപൂണ്ടു ഗമിക്കും
രോമഹഷകരവേഗമവർണ്ണ്യം. ൭

വാട, വാടി, മല, തോട്ട, തടാകം,
മേട, മാളമിവ പിൻപുറമാക്കി
ഘോടകം പെരിയ ചണ്ഡമരുത്തിൻ-
പാടവപ്പൊലിമപൂണ്ടുപറന്നു. ൮

ആമനുഷ്യനരനാഴികയോടി-
ച്ചാമഹാഹയമണിക്കിളവേകാൻ
കാമമോത്തുവളി; നൽപ്പടയാളി-
ക്കോമനക്കതിര ജീവനതുല്യം. ൯

കട്ടിക്കൂട്ടമരയാൽമരമൊന്നിൽ-
കെട്ടിവാജിയെയവൻ മരുവുമ്പോൾ
തട്ടിട്ടിണങ്ങുമൊരു നന്ദനഭൂവിൻ-
മട്ടിലുള്ള മലർവാടിക കണ്ടാൻ. ൰

ആളിനീശനവനെബ്ബലമോട-
ന്നാളിലാസ്സുരഗമാം സുമവാടി
കേളികോലുമൊരു കാന്തമിരുമ്പിൻ-
ധൂളിപോലെയതിലേക്കു വലിച്ചു. ൰൧

Digitized By Kerala Sahitya Akademi

ആ നവോഢയുടെ നർത്തനഭൂവാം
സൂനവാടി മുകിലൻ ചിലരോതി
മാനവാക്ഷ്ണഴമുമാളിധയാകും
മാനവാഗ്ര്യയുടയെന്നു ധരിച്ചാൻ. ൧൨

ഒന്നുനോക്കിടേണമില്ല തരക്കേ-
ടെന്നുറച്ചു പടയാളി പതുക്കെ
അന്നു നല്ലൊരു മലർത്തൊടിതന്നിൽ-
ച്ചെന്നു ചേർന്നു കുതുകത്തൊടുകൂടി. ൧൩

മുന്നമേ ഗുണമിണങ്ങി വസന്തം
വന്നണഞ്ഞ മലർവാടികയപ്പോൾ
പൊന്നനല്പതരഗന്ധമിയന്നാ-
ലെന്നപോലെ നിലവിട്ടു വിളങ്ങി. ൧൪

പേരുവായ്ക്കുമൊരു മാധവയോഗം
ചേരുമുത്തമവധൂനന്ദിതലക്ഷ്മി
ചാരുചൂതശരസൂതികയായി-
ത്തീരുമെന്നതിനു സംശയമുണ്ടോ? ൧൫

കാലമെങ്ങനെയതിൻപടിവേണം
കോലമെന്നു കരുതും സുമജാലം
ആ ലസൽസുരഭിയാമൃതുവിങ്കൽ-
ച്ചാലവേ സുരഭിയാം നിലയേന്തി. ൧൬

മന്നടക്കിയ മഹാൻ മലരമ്പൻ
തന്നനല്പബലകല്പനമൂലം
അന്നവോപവനഭൂമിയിലന്തി-
ത്തെന്നൽ തന്നരിയ റോന്തു തുടങ്ങി. ൧൭

പത്രവും കുസുമഭൂഷയുമാളാ-
പാത്രമാം സ്തബകവാർമുലതാനും
തത്ര കണ്ടളവു പൂണ്ടുടു വല്ലീ-
ഗാത്രമൻപൊടു സമീരകുമാരൻ. ൧൮

Digitized By Kerala Sahitya Akademi

കണ്ടു കണ്ടു പുതുതാർനിരതൻമെയ്
പൂണ്ടവയ്യൂടയ നന്മണമേന്തി
അണ്ടർകോനമരവേശ്യകളിൽപ്പോൽ
വേണ്ടമട്ടു വിഹരിച്ചു സമീരൻ. ൧൯

കാണിയും ഹരിതസൂക്ഷ്മപടത്തിൽ-
ത്താണിടാതെ വിലസുംദലവായ്പും
ഏണിതൻ മുഖമൊടൊത്തൊരുപൂവും
ചേണിയന്ന പനിനീർച്ചെടിയേന്തി. ൨൦

കണ്ടകത്തെയുടലെങ്ങുമണിഞ്ഞും
കൊണ്ടതിന്നുപരി റോസസുമത്തെ
പൂണ്ടഹൊ! ജനിയിൽനിന്നു ലഭിച്ചീ-
ടേണ്ട മുക്തിയുടെ മാതിരികാട്ടി. ൨൧

വണ്ടു, രാഗ, മൊളി, മാർദവവും കൈ-
ക്കൊണ്ടുവാണപനിനീർക്കുസുമത്തെ
കണ്ടു വാടിയി,ലിളമ്മടവാറിൻ
ചുണ്ടു കാമിപടി, തന്മധുവുണ്ടു. ൨൨

ചിത്തജന്റെ പരമാത്ഭുതമാകും
വൃത്തമോത്തുമൊരുപാട്ടുകറംപാടി
ഒത്തമട്ടു നവമാലികതോറും
മത്തരാം മധുപർ കേളികളാടി. ൨൩

ഒത്തുനല്ലൊരു വസന്തമൊടോരോ
ക്രുത്തുകാട്ടിന വനസ്ഥലിതന്റെ
മുത്തുമാല ചിതറും പടി മാസ്സിൻ
സത്തുവാച്ചു കടമുല്ല വിരിഞ്ഞു. ൨൪

Digitized By Kerala Sahitya Akademi

ആ മലർക്കരയിൽ മുല്ല തനിക്ക-
ക്കാമമുൎപ്പനതുളീടിനപോലെ
ഓമനപ്പുതുമണപ്പുകളേന്തി-
ശ്ശ്രീമദത്തിനൊടു മുല്ല വിരിഞ്ഞു. ൨൫

ഉന്നതസ്ഥിതിയൊടുത്തമവൎണ്ണം
വന്നണഞ്ഞുമസുഗന്ധതമൂലം
കൊന്നതൻമലർ പഠിപ്പുചുരുങ്ങും
മന്നനൊപ്പമയശസ്സുവഹിച്ചു. ൨൬

ഇത്തിരിക്കനിറമററിളമേൽ വി-
ണ്ണൊത്തിടും പൊടിയിലും ചലിയാതെ
പുത്തിലഞ്ഞിമലർ ദ്ദൃവിധികോലും
സത്തിനൊപ്പമഴുതൻ ഗ്ഗുണമേന്തി. ൨൭

നാലുപേർ യവമുണക്കിടുകിൽത്തൻ-
വാലുണക്കമെലിപോലെ മുരിക്കും
ചേലുചെററ ബത! കാഴ്ച്ചയിൽ മാത്രം
ഒകാലുവോരു മലരേന്തി ഞെളിഞ്ഞു. ൨൮

സ്തോകമല്ല ഗ്ഗുണമെങ്കിലു,മേറെ-
സ്സ്തോകമറെറാരധികാരികണക്കെ
ഹാ! കവിഞ്ഞു മണമാൻറ ചിലക്കാ-
ട്ടുകലക്കിയഴൽ ചമ്പകമേകി. ൨൯

വേരുതൊട്ടു മുടിയോളമശോകം
ചാരുവാം മലരണിഞ്ഞു ജഗത്തിൽ
ആരുമേ വിരഹിസംഹതിയിൽത്തൻ
പേരു നേടിടരുതെന്നു ശഠിച്ചു. ൩൰

ആററിലുള്ള കനകപ്പൊടിനന്നായ്
നീററിനേടിയൊരു ഭസ്മമൊടൊപ്പം
മാററിയന്നു മണമേന്തിന മാന്താർ
മാററി മാരനു മഹാസ്ത്രഗമായി. ൩൧

Digitized By Kerala Sahitya Akademi

ഉല്ലസൽസ്തബകവാർമുലയോമൽ-
പല്ലവാധരമിതൊക്കെയിണങ്ങി
നല്ല ചൂതവനി പൂങ്കുയിലിന്നു-
ള്ളല്ലൽതീൎത്തു വധു കാന്തനുപോലെ. ൩൨

വാടിടാതെ കുയിൽ പഞ്ചമരാഗം
പാടി; വണ്ടു വഴിപോൽക്കുഴലൂതി;
മോടിയിൽപ്പവനലാസകനോടൊ-
ത്താടി വല്ലികൾ ദലാംഗുലികാട്ടി, ൩൩

ചൂടിടും മലർ നിലത്തുതിരുംമ-
ട്ടാടിടുന്ന പുത്തുതാം ലതതന്നെ
ജാടിൽനോക്കിയ തരുപ്രജമാപ്പൂ-
വാടിയിൽ തലകുലുക്കി രസിച്ചു. ൩൪

താരുതന്റെ പുതുതേൻ പനിനീരാ
മാരുതക്കളിർകരങ്ങളിലേന്തി
പേരുവാച്ചു മധു സംഗമഖേദം
തീരുമാറുപവനോപരി തൂകി. ൩൫

തൂമവാച്ച വിലസുമന്നൊരു മാധി-
ന്നോമനപ്പുതുമലപ്പൊടിയാലേ
കോമളൻ പവനമാണി കന്നക്കിൽ-
ക്കാമദേവനു നിവേദ്യമണച്ചു. ൩൬

ചാരുവാംമധുവനസ്ഥലികൾക്കു-
ള്ളോരു കേളിനിലയത്തിനു ചുററും
ഭൂരുഹപ്രസവധൂളികൾ മൃഷ്ടം
മാരുതൻ വെളിയടത്തുണിയിട്ടു, ൩൭

ശൎമ്മമേന്തുമൊരു മാധവലക്ഷ്മീ-
നൎമ്മഗേഹമതു പാൽക്കടൽപോലെ
ഉൾമദന്നു മിഴിയിൽപ്പെടവേ തൻ-
മൎമ്മമൊക്കെ മലരമ്പുകൾ കൊണ്ടു. ൩൮

Digitized By Kerala Sahitya Akademi

"കഷ്ടമല്ലിതു മൃഗങ്ങൾപ്പോലുമാക്കാം-
ക്കിഷ്ടനല്ലൊരു മഹോലുകളേയും
പൊള്ളയാക്ക, മിതിനൊപ്പമൊരേട-
ത്തുള്ളയാണോ മലർവാടികയില്ല. ൩൯

സൂനവാടിക മഹമ്മദയോഷാ-
ധീനയെന്നതു നിരർത്ഥകവാക്യം;
ഊനമറ്റൊരിതു ഹൌറികളേയും
മാനഹീനകളിലഗ്ര്യകളാക്കും. ൪൦

മക്കൾ ചത്ത വിധവയ്ക്കു രമിപ്പാൻ
തക്കതല്ലിതതിനില്ല വിതർക്കം;
ഇക്കണക്കുപവനത്തെ വളർപ്പോ-
രക്കൃലശമുഖി മറ്റൊരു നാരി." ൪൧

കൂലമറ്റൊഴുകിടും പുഴവെള്ളം-
പോലകത്തു പല ചിന്തകളേവം
സ്ഥൂലനാണ്ടിളകിടാതെ മഹായ-
സ്സാലഭഞ്ജികകണക്കിനു നിന്നു. ൪൨

താരകൊണ്ടു നെടുനീളെ വിതാനി-
ച്ചോരു ചൂതരഥമേറിയനംഗൻ
മാരുതപ്രഥിതസൂതസമേതം
പോരുചെയ്തു മുകിലപ്രഭുവോടായ്. ൪൩

അത്തരത്തിലൊരു നൂപുരനാദം
ചിത്തരമ്യമതിമാർദ്ദവയുക്തം
ഉത്തമോപവനസീമനി ജനിച്ചു-
ന്മത്തനാശു സുധ കാതിലൊഴിച്ചു. ൪൪

ശങ്കവിട്ടു മലർവാടിയിലേതോ
മങ്കതൻ വരവതെന്നു ധരിക്കെ
വങ്കരത്തെഴുമവൻ തരുഷണ്ഡാ-
ത്തിങ്കൽ മുത്തൊടു മറഞ്ഞുവസിച്ചു. ൪൫

Digitized By Kerala Sahitya Akademi

ചിത്രലേഖയൊട ചേൎന്ന മൃണാളീ-
ഗാത്രമേന്തുമുഷപോലെ തദാനീം
തത്ര തൻ സഖിയൊടൊത്തൊരു തന്വീ-
ഗോത്രരമൌലിമണി മന്ദമണഞ്ഞു. ൬൬

മുന്നിൽവന്ന കുസുമങ്ങൾ പറിപ്പാൻ
നിന്നിടും സുദതി പിൻപുറമൊന്നാൽ
തന്നിൽനിന്ന മിഴിയും മനതാരും
തോന്നിയോദ്ധന പറിച്ചതുപോലെ. ൬൭

"അന്നിദാഘമതകന്ന തുഷാര-
ക്കുന്നിൽനിന്നിനജ വാച്ചൊഴുകുന്നോ?
പിന്നിൽമിന്നുമൊരു മിന്നലൊടും മൽ-
സന്നികൎഷമവി കൊണ്ടുമൽ വരുന്നോ? ൬൮

ഓമനക്കനകപട്ടമതിന്മേൽ
ശ്രീമഹേന്ദ്രമണി പങ്ക്തിപതിച്ചോ?
ശ്യാമതാമരസകോമളദാമം
കാമനൻപിൽ മധുലക്ഷ്മിയണച്ചോ? ൬൯

കൈവിടാതെ പുതുതേൻ നുകരാൻ കാൽ-
പ്പൂ വിരിഞ്ഞു വരിവണ്ടിളകുന്നോ?
ആവിദഗ്ദ്ധമദനന്റെ നവാബ്ജ-
ശ്രീവിളഞ്ഞ തഴ മുന്നിലെഴുന്നോ? ൭൦

കണ്ടിവാർകുഴൽ ചുരുണ്ടിടതിങ്ങി-
ക്കൊണ്ടിരുണ്ടിതു കണങ്കഴലോളം
നീണ്ടിലഞ്ഞിമുതലാം മലർചൂടി-
ക്കണ്ടിടുന്നു; ശരി കാമിനിതന്നെ. ൭൧

ഒക്കമൊക്കമിവൾ ഭൂപജയാമ-
ത്തൈക്കരംഗമിഴി, യെന്നിവൾമൂലം
മൂക്കു കണ്ണു ചെവിയെന്നിവയെപ്പോൾ
തക്കമെൻ രസനയും സുഖമാളും? ൭൨

Digitized By Kerala Sahitya Akademi

മാററിനില്ക്ക കഴലെ! ലവമൊന്നെൻ
ഹൈമവതിതൻ കനകസന്നിഭഗാത്രം
കൂററിൽനോക്കണമെനിക്ക പുറംപോൽ-
ച്ചൂററിടായ്കയി കരപ്പുകമേയും." ൫൩

എന്നുരച്ചുമവു കാഞ്ഞ നിലത്തിൽ-
ച്ചെന്നുചേൎന്ന മഴപോലെ ചിരിച്ചെൻ
കുന്നുതോററകചയാളെ നിബിപ്പുൺ-
പിന്നുനേൎക്ക മുഖമാക്കി നിറുത്തി. ൫൪

കാലുതൊട്ടുതലയോളമതപ്പോൾ-
ച്ചേലുവാച്ച മുടിതൊട്ടടിയോളം
മേലുകീഴ പലവാറിതുനേത്ര-
ത്താലുമജ്ജനയെ നോക്കി ഭടാഗ്ര്യൻ. ൫൫

ഒന്നിനൊന്നധികമാമൊളിമേന്മേൽ
മിന്നിമിന്നിവിലസും തനുനന്നായ്
മുന്നിൽനോക്കിയതുമട്ടൊരുപെണ്ണേ-
തെന്നിവണ്ണമവനോൎത്തു പകച്ചു. ൫൬

തിണ്ണമന്നില,നിറം,നട,നോട്ടം,
വണ്ണ,മാംസ്യ, മുയരം, മുഖഭാവം,
എണ്ണമററിനിയുമേറെവഴിക്ക-
പ്പെണ്ണവന്റെ ഹൃദയത്തെ ഹരിച്ചു. ൫൭

മൊട്ടയും ശിഖയുമെന്നൊരുഭേദം
മൊട്ടലക്ഷണവഹിപ്പവനുണ്ടോ?
വട്ടമിട്ടു വഴിപോലെ കറക്കി-
ക്കൊട്ടയാട്ടമവനാരെയുമൊപ്പം. ൫൮

ഏകനായുപവനത്തിനകത്ത-
ത്തീകലന്ന ഭടനന്തിയിൽ വേഗാൽ
പോകവേ തരമറിഞ്ഞൊരുനീച-
പ്പേകണക്ക പിടികൂടിയനംഗൻ. ൫൯

Digitized By Kerala Sahitya Akademi

"പണ്ടുമിപ്പൊഴുമിവണ്ണമൊരംഗം
കണ്ടുമില്ലറിവു കേട്ടുമശേഷം;
രണ്ടുപക്ഷമിതിനില്ലതുപുണ്യം
കൊണ്ടു ഞാനിവിടെ യിപ്പൊഴുതെത്തി. ൩൦

ഒത്തുനീണ്ടിമഞെരുങ്ങി മഷിച്ചാ-
ത്തൊത്തു കാതിനവതംസകമായി
മെത്തുമാരകേളിയാട്ടമപാംഗ-
സചത്തുതിത്തമിഴി രണ്ടുമവർണ്ണ്യം. ൩൧

ലോലമായ ചിലപോലെ വളഞ്ഞും
നീലരോമമിടതിങ്ങി വിരിഞ്ഞും
ബാലതന്റെ പുരികക്കൊടിരണ്ടും
ചേലമൻജയമാന്നരുളുന്നു. ൩൨

കാററിലാഞ്ഞിളകുവോരളിവൃന്ദം
തോററിടും കറുനിരക്കതിരോട്ടം
മാററിവന്നതിലകത്തൊട്ടുമൊക്കം
നെററികണ്ടു മനതാരിളകുന്നു. ൩൩

ഫാടകത്തിൽ മണിപണ്ട്കതിയിണങ്ങും
തോടകൊണ്ടു വദനത്തെ വിളക്കി
കേടകന്നു വിലസുന്നൊരുകാതിൻ
ജാടകണ്ടു ഹൃദയം തകരുന്നു. ൩൪

ഭ്രാന്തണച്ചുതരുണക്തിമാത്രം
കാന്തമായ് മിനുസമായ് മൃദുവായി
ഹന്ത! കാണ്മൊരു കപോലയുഗത്തിൽ
ചിന്ത ചെററു വിട്ടുവാൻ പണി പാരം. ൩൫

ഞാതിനുള്ളൊരു പകിട്ടതിമാത്രം
മെത്തിടും രുചിരനാസിക കണ്ടാൽ
വൃത്തിനമ്മ ബലമീശനുക്രുടി-
ഷ്പത്തിനണ്ടു പണയപ്പെട്ടുമല്ലൊ. ൩൬

Digitized By Kerala Sahitya Akademi

കോപ്പിണങ്ങിയ മുഖക്കനിമിത്തം
ചോപ്പിരട്ടിയെഴുമീയധരോഷ്ഠം
ഷാപ്പിലുള്ളൊരു പറങ്കിവയിൻപോൽ-
കാപ്പിയാക്കുവതിനെന്നിടകിട്ടും? ൩൭

ശ്രീതഴച്ചകളർപ്പുഞ്ചിരിതൂകി-
ശ്വേതരക്തതയൊടും വരിയൊത്തും
കാതരാക്ഷിയുടെ പല്ലുകൾ പുത്തൻ-
മാതളങ്കുരുകണക്കു ലസിപ്പൂ. ൩൮

നൂലു,കണ്ഠശര,മസ്സ്ലിയൽ,പുത്തൻ-
നാലുപന്തി,മണിമാല,പതക്കം,
ചേലുയർന്ന പലഭൂഷകൾ മററും
കോലുമിഗ്ഗളമതീവ മനോജ്ഞം. ൩൯

തങ്കമിട്ടുപണിചെയ്തൊരു കട്ടി-
ക്കങ്കണങ്ങൾ വിലസും കരയുഗ്മം
ശങ്കവിട്ടു മമ മെയ്യിലണച്ചി-
ട്ടങ്കയൊന്നുപുണരും ദിനമേതോ? ൪൦

റെയ്ക്കയാം ഹരിതസൂക്ഷ്മപടത്താൽ
മേൽക്കണിഞ്ഞ കളർകൊങ്കകൾ രണ്ടും
അർക്കകാന്തിയിൽ വിളങ്ങിന ശീമ-
ച്ചക്കപോലെ ഹൃദയംകവരുന്നു. ൪൧

ഉത്തമാംഗിയുടെ മദ്ധ്യമിതേല-
സ്സോത്തനൽകനകകാഞ്ചിയണിഞ്ഞും
മേത്തരം കസവുപാവു ധരിച്ചും
ചിത്തജാർത്തിനിലവിട്ടരുളുന്നു. ൪൨

രോമപങ്ക്തി, ജഘനം, തരുണിക്കു-
ള്ളോമനത്തുട, കണങ്കഴൽ, പാദം,
കോമളാവയവമിങ്ങനെമററും ,
കാമനററ വളമായ് വിലസുന്നു. ൪൩

Digitized By Kerala Sahitya Akademi

ചുററിഞാ,നടവിതൊത്തു, കണക്കിൽ-
പററികാഴ്ച,മൊരുപോംവഴിയില്ല,
മററിനിപ്പുറവതെന്തു മുറയ്ക്കോ
തെററിയോ ഝടിതി കാണണമററം." ൩൪

ഇത്തരം ഹൃദി നിനച്ചു മടാഗ്ര്യൻ
ചിത്തഹർഷമൊടു നേത്രപുടത്താൽ
തത്തടിത്തനുവപുസ്സു നുകന്നാൻ
മത്തനാം കരി കരിമ്പുകണക്കെ. ൩൫

ചുണ്ടു,റെയ്ക്ക,കുഴൽ, മെയ്,പട,മഞ്ചും
പൂണ്ടു മിന്നുമൊരു തദ്രധുവിങ്കൽ
ഉണ്ടു പഞ്ചവിധവർണ്ണങ്ങൾ കപ്പെണ്‍
മണ്ടമുകതിഗുണമെന്നവനോർത്തു. ൩൬

തെല്ലുമില്ലതിലസംഗതമെന്നായ്-
ച്ചൊല്ലുമാറു സഖിതന്നുടെ മുന്നിൽ
അല്ലതോററകുഴലാൾ ചെറുതോമൽ-
പ്പുല്ലുതന്നിണ പതുക്കെവിടുർത്തി. ൩൭

"കുട്ടി! നിൻെറ രുചിപോലൊരുവേഷം
കെട്ടി ഞാനിതു വെള്ളിക്കുകടന്നു;
പാട്ടിലെന്നെയൊരു പാവകണക്കി-
ട്ടാട്ടിയാലു, മതിനെന്തു വിളംബം? ൩൮

പോയതാംവഴിയടിക്കണമെന്ന്യേ
നീയടിച്ചവഴിപോകുകയില്ല;
ആയതാട്ടെ, യിനിയും സഖി ചുമ്മാ
തായമാട്ടരുതു; മേൽപ്പുണർനോക്കാം. ൩൯

വൻചതിയ്ക്കുപരിപാടിമരിപ്പാ-
നഞ്ചിടാതെസതിമാരണയുമ്പോൾ
അഞ്ചിതാംഗതതിമണ്ഡനമേവം
തഞ്ചിടുന്നതു നിസർഗ്ഗജമല്ലേ. ൪൦

Digitized By Kerala Sahitya Akademi

അക്കണക്കിവളുമന്തിമമാകും
മെയ്യലങ്കരണമാൎന്നു മരിപ്പാൻ
ഇക്കളോപവനഭൂവിലിദാനീം
പുക്കഹോ! പുരുജയാം രുജപൂണ്ടു. വൃ ൧

രാമമാൎക്കു തനുമണ്ഡനമെന്ന്യേ
കാമപൂജയരുതെന്ന മതത്തിൽ
നീ മഹാരസിക ചേൎന്നിഹ തീരെ-
പ്രേമമററിവളെയിങ്ങനെയാക്കി. വൃ ൨

ആട്ടെ, കീഴ്ക്കട കഴിഞ്ഞതശേഷം
പോട്ടെ, വേണ്ടതിനിയെന്തതുചെയ്യാം;
ചീട്ടെനിക്കു മരണത്തിനു നൽകീ-
ട്ടെട്ടെ മാരനതനുഗ്രഹമത്രേ." വൃ ൩

ആഴിപോലെ മിഴിനീരളവില്ലാ-
തൂഴിയിൽ പെരുകവേ മൊഴിയേവം
തോഴി കേട്ടബലമാൎക്കൊരു തങ്ക-
ത്താഴികക്കുടമൊട്ടുത്തരമോതി, വൃ ൪

"ഘോരംവസന്തസമയത്തിൽ മനസ്സോ-
ദേവരും ചൂതശരപൂജകഴിപ്പോരും
ആവധൂടിയനവദ്യഗുണൌഘം
കൈവരുന്ന കമിതാവൊടു ചേരും. വൃ ൫

എന്ന ശാസ്ത്രവചനം പഴുതാവി-
ല്ലെന്നറിഞ്ഞുപവനത്തിലിദാനീം
വന്ന നമ്മളും വഴിപോലതിശീഘ്രം
കന്നൽവില്ലനുടെ കാലിണകൂപ്പാം." വൃ ൬

ഏവമോതുമളവങ്ങനെയെന്നാ-
യാവരാംഗിയരുമച്ചെയ്തു പതുക്കെ,
പൂവരുത്തു തളിർമാമരമൂട്ടിൽ-
സ്സേവചെയ്തു മലരമ്പനെ മററും. വൃ ൭

Digitized By Kerala Sahitya Akademi

വമ്പനല്പമിയലുന്ന യുവാവാം
ചെമ്പഴന്തിയനുയായികളോടും
ചമ്പകാംഗിയുടെ മുന്നിലൊരാട്ടിൻ
മുമ്പഴൊ! വൃകനൊടൊപ്പമണഞ്ഞു. ൪൮

"മുന്നിനാറുമുഴമാസമുറയ്ക്കാൻ
തന്നിവൻതലവണങ്ങിയുമേതും
നിന്നിലില്ലലിവു; വീണ്ടുമിതാ ഞാൻ
മുന്നിലെത്തി,യിനിയെന്തു വിളംബം? ൪൯

മേലിൽ നിന്നെ വിടുകില്ല പറങ്കി-
സ്ഥാലിയിൽക്കയറിയെന്നൊടു കൂടി
ചേലിലിന്നുനടകൊൾക,മടിച്ചാൽ-
പ്പാലിടഞ്ഞമൊഴി! കെട്ടുകൾ മാറും." ൫൦

എന്നദൃഷ്ടനരനെയ്യൊരു വാക്യം
കന്നതോററകചമാർമ്മനികേൾക്കെ
വന്നുവന്നിടുവതെന്നനിനയ്ക്കാൽ
നിന്നുനിന്നനിലവിട്ടിളകാതെ. ൫൧

വായിലപ്പൊഴുതുശീലനിറച്ചാ-
സ്ഥായിയുള്ള സഖിതന്നൊടുകൂടി
ശ്രീയിയന്ന വധുവെപ്പിടികൂടി-
പ്പോയിടാനരിമുതിർന്നുജവത്തിൽ. ൫൨

ഓമലിൻ വലതുകൈക്കു പിടിപ്പോ-
രാമനുഷ്യനവർക്കിടയ്ക്കായ്
ഭീമരിഷ്ടിയൊടൊരാളുടലേന്തും
കാമനെന്നവിധമുക്കൊടണഞ്ഞു. ൫൩

രണ്ടുവെട്ടിലരിതന്നുടൽ വാഴ-
ത്തണ്ടുപോലരിയുമമ്പലവാനെ
കണ്ടു തൽക്ഷണമനല്പമമർഷം
കൊണ്ടുചുററിലുമെതിർത്തമർചെയ്തു. ൫൪

Digitized By Kerala Sahitya Akademi

ഝട്ടനല്പമിയലുന്ന കടന്നൽ-
ക്രുദ്ധമക്കരടിയോടു കണക്കും
വേട്ടനായൊടു മൃഗങ്ങൾ കണക്കും
മുട്ടരത്തരുണനോടമർ ചെയ്തു. ൯൫

കത്തി വെട്ടിയരിപങ്ക്തിയെ വീരൻ
പത്തിനെട്ടു കലചെയ്തു യുവകൻ
മെത്തിടുന്നൊരു നിരാശതമൂലം
കത്തിയോങ്ങി കളവാണിയെ നോക്കി. ൯൬

തണ്ടുതപ്പിയുടെ വാളെഴുമക്കൈ-
ത്തണ്ടുയർത്തിയതു താഴ്വതിൽമുന്നേ
കണ്ടുനിന്ന മുകിലൻ നിമിഷാർദ്ധം-
കൊണ്ടു വെട്ടിയതു വീഴ്ത്തി നിലത്തിൽ. ൯൭

ഓമലാളുടെ കഴുത്തിനു നേർക്ക-
ബ്ഭീമമാമസി പതിച്ചതു നോക്കി
ഹാ! മരിച്ചു സതിയെന്നു വിചാരി-
ച്ചാ മഹാൻ മഹിയിൽ മൂർച്ഛയിൽ വീണു. ൯൮

ശേഷമുള്ളരികളെ കുലചെയ്താം-
ത്തോഷമേന്തിന മഹമ്മദവര്യൻ
യോഷമാർമണിയെ വാജിയിലേറ്റി-
ശ്ശ്രേഷ്ഠശായിനഗരത്തിലണഞ്ഞു. ൯൯

ബോധമാർന്നളവടക്കലെളിഖ്യാ-
സൌധമാം പ്രിയ പെടായ്കനിമിത്തം
ഹാ! ധരോപരി പതിച്ചു കരഞ്ഞാൻ
യോധമുഖ്യനൊരുശിശുകണക്കെ. ൧൦൦

കണ്ടുകട്ടിയെരസജ്ഞതയുടസ്സം
മുണ്ടുനീക്കമളവായവരം വേഗാൽ
വണ്ടുതോററകുഴലാളെ മുസൽമാൻ
കൊണ്ടുപോയകഥയോധനൊടോതി. ൧൦൧

Digitized By Kerala Sahitya Akademi

അമ്പാർന്നോരവരൊടുതാനമാത്യനാകും
തമ്പാനെന്നരുളി മഹീശ്വരിക്കുമുന്നിൽ
വമ്പാളും വരഭടനെത്തി വൃത്തമന്നാ-
ളെമ്പാടും പുരുതരശോകമോടുണർത്തി. ൧൦൨

ഭ്രാതാവിൻസുതതന്റെയാഹരണവും
തൽപ്രാണസർവ്വസ്വമാം
ശ്രീതാവും സചിവന്റെയാഗമനവും
യോജിച്ചുകേട്ടീടവേ
ജാതാതങ്കസുഖം ഭവിച്ച സതിയാൾ
തന്മാനസം വേനലോ-
ടേത്താനും മഴയൊത്തുചേർന്നൊരു
നിദാഘാഹസ്സുപോലായിതേ. ൧൦൩

പത്താം സർഗ്ഗം സമാപ്തം.

---

## പതിനൊന്നാം സർഗ്ഗം.

---

ചേലഞ്ചുംതൻമരുമകളൊടും നാട്ടമാററാൾക്കുകീഴായ്-
ബാലന്മാരും ബത! ദയിതനും ബാന്ധവന്മാരുമേന്യേ
മാലത്യന്തം മനസി മധുരനേർവാണിയാം റാണിപൂണ്ടാൾ;
കാലക്കേടിൻ കടുതയിൽ നരൻ കാററിലെപ്പഞ്ഞിതന്നെ. ൧

വിശ്വസ്തത്വംപെരുകുമൊരു സഗർഭ്യാത്മജയ്ക്കാന്തതാപം
വിശ്വസ്തത്വംതടവിന വിശാലാക്ഷി വീണ്ടുംനിനച്ചു
അശ്വസ്ത്രീ തൽപ്രഥമപൃഥുകാന്തത്തിലാംപോലെതീർന്നാൾ;
വിശ്വം നൂനം വിപദി നരകം വിഘ്നമില്ലെങ്കിൽനാകം. ൨

ദൈവത്തിനും ദയ മനുജനും തീരെ വേററു പാതി-
ജ്ജീവൻവേറായ് കൃശമബലയായ് ഭീരുവായേകയായി
ഭാവത്തിച്ചും ഹരിണസദൃശാക്ഷിക്കു നൈരാശ്യമേറ്റും
കൈവന്നീലാക്കമനിമണിയും ക്ഷത്രഗോത്രോത്ഥയല്ലേ? ൩

Digitized By Kerala Sahitya Akademi

പാരാവാരപ്പടി പെരുകിടും പീഡയിൽപ്പെട്ടിരിക്കെ-
സ്സാരാധിക്യക്കളരി സചിവൻതന്റെ സാന്നിദ്ധ്യമന്നാൾ
ആരാജസ്ത്രീക്കലിവൊടരികിൽച്ചെന്നു ഖണ്ഡിക്ക ദൈവം
കാരാഗാരക്കതകകലംതുറന്നിട്ടിടുംമട്ടു തോന്നി. ൪

പാരം ശുദ്ധപ്രകൃതിയൊടു നൽപ്രത്യയം ചേർന്നൊരർത്ഥ-
ശ്രീരഞ്ജിക്കും പെരിയപദമാർന്നുള്ളൊരാ നല്ല രാജ്ഞി
സാരൻമന്ത്രീശ്വരനൊടൊരുനാൾ സൽക്രിയാപൂർവമിത്ഥം-
കാരം ചൊന്നാൾ കരളലിവിയറ്റുന്ന സന്ദേശവാക്യം. ൫

അല്ലേ മന്ത്രിപ്രവര! മതിമന്മൌലിയിൽച്ചേർന്ന വൈര-
ക്കല്ലേ! നിന്നെസ്സവിധഭുവി ഞാൻ കണ്ടതെൻ നല്ലകാലം;
ഇല്ലേ വന്നും മുഴുവനഴലായ് മന്നിൽ; വർഷാഘനത്താ-
ലല്ലേശീട്ടും നടുനിശയിലും കൊള്ളിമീനുള്ളതല്ലോ. ൬

എന്നോ നീയെൻസചിവ! തനതീനാടുകൈവിട്ടതന്നേ
നിന്നോടൊപ്പം നിയതമതുതൻ ലക്ഷ്മിയും പോയ്മറഞ്ഞു;
ഒന്നോർക്കുമ്പോളതു ശരി, യമാവാസ്യനാൾതിങ്കൾ പോയാ-
ലിന്നോളം നാമുലകിലൊരിടം ജ്യോത്സ്നയെക്കാണ്മതുണ്ടോ? ൭

വേലിക്കെട്ടറ്റൊരു വിളവിനെ സ്വേച്ഛപോൽതിന്നഴിക്കും
കാലിക്കൂട്ടത്തിനുകിടയിൽ, നീ ദൂരെയായോരു കാലം
മാലാക്കാണും മഹിയെ മുഴുവൻ മർദ്ദനം ചെയ്തുവല്ലോ;
വെയ്‌ലിൽച്ചെന്നേ മനുജർ തണലിൻ മേന്മയോർമ്മിക്കയുള്ളു. ൮

എന്താപത്താണതുമുതലെനിക്കെന്റെ മന്ത്രീന്ദ്ര! ചൊൽവാ-
നെൻതാപത്തിന്നെലുകയെളുത, ല്ലെന്തുദ്യോഗവാസ്സോ,
ഹന്താപത്യങ്ങളുമവനിയും ഹാ! ഭവൽഭാഗ്യസത്തും
വെന്താളുംഝഷത്തെഴുമിവളെവിട്ടാശുവേ പോകയായി. ൯

കന്യാലോകം കഴൽപണിയുമക്കാറണിക്കുന്തലാൾത-
ന്നന്യാഗാരസ്ഥിതി ഹൃദി നിനയ്ക്കാവതല്ലാവതുണ്ടോ!
ധന്യാത്മാവേ! സചിവ! തുടരെദ്ദൈവമെന്നോടുചെയ്തോ-
രന്യായത്തിന്നവധിയുമതിന്മേലൊരപ്പീലുമില്ല. ൧൰

Digitized By Kerala Sahitya Akademi

ഈ വഞ്ചിശ്രീവസുമതിയുമെൻ ധന്യയാം കന്യയാളും
ദൈവം നേരേ വരികിലിനിയും കൈക്കലാം തർക്കമില്ല;
ഏവം ചിത്തവ്യഥയൊടു വസിച്ചീടിലെന്തുള്ള ലാഭം?
യാവജ്ജീവം മഹിയിൽ മനുജർക്കുദ്യമം ഹൃദ്യമല്ലോ. ൧൧

നേരം വൈകേണ്ടിനിയു,മുടനേ കോട്ടയത്തോളമൊന്നെൻ
സാരജ്ഞന്മാർക്കണിതിലകമേ! സത്വരം പോയ് വരേണം;
വാരംവാരം വളരുമഴലാൽ വാടിഞാൻ വാഴ്വതെല്ലാം
ധീരൻ തൽക്ഷ്മാരമണനറികിൽത്തീർത്തിടുമെൻ കഷ്ടമററ. ൧൨

ഭാവം മാറ്റൊല്ലയി സചിവ! നീ ദൂതനായീടിലെന്ത-
ശ്രീവത്സാങ്കൻ തിരുവടിയുമിവ്വേല പാർത്ഥന്നു ചെയ്തു;
ധീവന്ദ്യക്കും പുരുഷർ മടിവിട്ടെന്തു വേഷം ധരിച്ചും
പാവങ്ങൾക്കായ്പ്പകലുമിരവും പാടുപെട്ടീടുമല്ലോ. ൧൩

പ്രാണിക്കൊന്നീ ഭവജലധിതൻ പാരമെത്താൻ കഴിഞ്ഞാൽ
ക്ഷോണിത്തട്ടിൽ സ്സുലഭത ചുരുങ്ങീടുമാ മുക്തിപോലെ,
കോണിൽച്ചേർത്താലരികളെ മുറയ്ക്കീയെനിക്കും ഭവാനും
പ്രീണിക്കും മട്ടരികിലവനിശ്രീയുമാസ്ത്രീയുമെത്തും. ൧൪

ഈ രാജ്യത്തിൻ നിലയുമിവർതൻ ശക്തിയും മററുമെല്ലാം
ധീരാത്മാവേ! സചിവ! നിതരാം നീയറിഞ്ഞുള്ളതല്ലോ!
ധാരാളം ഞാൻ പറക ശരിയ,ല്ലാൾത്തരം നോക്കിടാഞ്ഞാൽ-
പ്പോരാ, കൊല്ലക്കുടി കയറുകിൽത്തൂശിവില്ക്കാൻ ഞെരുക്കം. ൧൫

വാവിൽ ജൈവാതൃകനു വഴികാണിക്കുവാൻ കൈവിളക്കോ
രാവിൽപ്പൊട്ടിച്ചിറകൊടു പറക്കുന്ന മിന്നാമിനുങ്ങോ
ഭാവിക്കുമ്പോൾപ്പരിചൊടയി! തേ പാത ചൊല്ലിത്തരാം ഞാൻ
ഭോ വിദ്വൻ! നീ കൃപയൊടു പൊറുത്തീടുകെൻ ചാപലത്തെ.

പാലാഴിപ്പെൺകൊടി പുണരുമപ്പത്മനാഭന്റെ പാദം
ശ്രീലാഭാർത്ഥം ചിതമൊടു നിനച്ചുത്തരാശാമുഖത്തെ
ചേലായ് നോക്കിച്ചെറുവഴി നീ ചെല്ലണം; മുന്നിലപ്പോൾ
വേലാതീതപ്രഥജഗതിയിൽപ്പൊങ്ങുമാററിങ്ങൽ കാണാം. ൧൭

Digitized By Kerala Sahitya Akademi

ആരുംകണ്ണിന്നകളുഷമെലശ്രീവിഭൂതിപ്പുഷ്ടം
പോരുന്നോരപ്പുരിയനഘം ഭർഗ്ഗനെപ്പോലെസേവ്യം;
ഏറുംമാലാന്നിടുമതിനിണങ്ങുന്നശൂന്യതകളെല്ലാം
മാറുംകാലം മമകുലമിതിൽ സ്ത്രീകളുണ്ടാകിലല്ലോ! ൧൮

പത്രംകാണാത്തൊരുവിടപിയോ പാലുനൽകാത്തമാടോ
ചിത്രംചേരാത്തൊരുഫലകമോ ജീവനില്ലാത്തമെയ്യോ
തത്രസ്ഥംമൽഗൃഹമിതുവിധം ലോകരോതീടുമാറായ്-
ക്ഷത്രശ്രേഷ്ഠാന്വയമിതു വധൂരിക്തമായ്ത്തീർത്തുദൈവം. ൧൯

നിന്നാലുള്ളംപൊടിയുമവിടംവിട്ടു മുന്നോട്ടു വീണ്ടും
ചെന്നാൽക്കാണാമിളയിലതിവിഖ്യാതമാം ദേശമേകം;
അന്നാട്ടിന്നും ശരണമൊരിളാഭർത്തൃതാൻചെയ്തതില്പ്പോ-
ളെന്നാലെന്തസ്സുമതി സുകൃതക്കൂമ്പു; ഞാൻ പാപരംഗം. ൨൦

തെന്നൽക്കാറും തെളിവെഴുമിളന്തേനുമുന്മത്തഭൃംഗം
തൻനൽപ്പാട്ടും നറുമലർമണച്ചാർത്തുമൊത്തസ്ഥലത്തിൽ
ഉന്മുദ്രാഭംപെടുമൊരുമലർക്കാവിനാലിന്ദ്രിയങ്ങൾ-
ക്കന്നഞ്ചിന്നും സാഫലത കലാവൃദ്ധിയാലേ സിദ്ധമാകും. ൨൧

അന്നൽക്കായങ്കളമെഴുമിളാഭർത്തൃ ഗോവർദ്ധനംപോ-
ലിന്നപ്പൂരിന്നിനിയ ഘനവാഹാരിഭീഹാരിയത്രേ;
എന്നല്ലെങ്ങുംപ്രജകൾവഴിപോലൈക്യപാശത്തിനാല-
മ്മിന്നൽക്കൊപ്പം മറയുമുദധിക്കട്ടിയെക്കെട്ടിയിട്ടാർ. ൨൨

വാണീദേവിക്കുടയ നടനപ്പന്തലാം പന്തളാഖ്യ-
ക്ഷോണീഖണ്ഡം സുതചിരമതിന്നപ്പുറത്തുള്ളതല്ലോ;
നാണീയസ്സാം നൃപരുടെ സുധർമ്മാദരം തത്രകണ്ടാൽ
താണീടുംപോൾ നിജഹൃദി സുധർമ്മാദരം യാതൊരാൾക്കും. ൨൩

കണ്ണത്തിങ്കൽകളയൊരിടമി,ല്ലൊക്കെയുള്ളിക്കുകാർതൻ
മണ്ടയുള്ളം,ണരികൾ വരികിൽച്ചാക്കിലുംപ്പെട്ടുപോകും;
ഉണ്ടങ്ങെങ്ങുംജഗരമൊടഹോ കുണ്ഡലംചക്രവുംകൈ-
ക്കൊണ്ടബ്ഭോഗിപ്രജ,മഹിഭയം തെല്ലുമൊന്നില്ലതാനും. ൨൪

Digitized By Kerala Sahitya Akademi

താമൽസതപ്രബലതമയോടുംവിദ്രുമശ്രീവിളങ്ങി-
ക്കാമം നന്മുത്തുകളി വനമോസ്സ്വാത്ഥു വൎത്തിക്കമൂലം
ആമന്നിന്നില്ലണവുമുദധിച്ചേച്ച്യയെന്നാലുമെന്നും
ധീമൽപ്രൈന്ദം നിയതമതതിൽക്കണ്ടിടുന്നുണ്ടു നിത്യം. ൧൫

ചെണ്ണാന്നേവം വിലസുമവിടം വിട്ടു മുന്നോട്ടുചെന്നാൽ
കാണാംകാഴ്ചയ്ക്കരിയ തിരുവല്ലാഖ്യകൈക്കൊണ്ടദേശം
ആണായുള്ളോൎക്കധിവസതിയായഗ്ര്യമാം കേരളത്തിൻ
ഉണ്ണായുള്ളോരതിനുശരിയായ്ട്ടരെയും രാജ്യമില്ല. ൧൬

പത്തിൽക്കൂടുന്നവരെയവനംചെയ്യുവോ,രെത്രഘോരം-
പത്തിൽപ്പോലും പുകൾപുലരുവോർ, വീരലക്ഷ്മീകചത്തെ
പത്തിക്കീററാൽപ്പരിലസിതമാക്കീടുവോ,രീടുവായ്പോർ,
പത്തില്ലത്തിൻ പതികളവിടെപ്പാൎത്തിടുന്നുണ്ടു വിപ്രർ. ൧൭

മുന്നാൾ വിപ്രക്ഷിതിദയിതനാം ഭാർഗവൻ വീണ്ടെടുത്തോ-
രിന്നാട്ടിങ്കൽദ്ധരണിസുരർതാൻ ക്ഷത്രവൃത്തിക്കു യോഗ്യർ;
എന്നാലോചിച്ചവരെയവിടെ ഭൂപരാക്കിച്ചമച്ചോ-
രന്നാലാസ്യന്നിയലുമുചിതജ്ഞത്വമത്യന്തരമ്യം. ൧൮

തെക്കുംകൂറെന്നഭിധകലരുന്നോരു ചാതുൎത്വമേറും
ദിക്കുണ്ടങ്ങേപ്പുറമതുവേദ്ദൃഷ്ടിസന്തുഷ്ടിനല്കും;
മുക്കും നൂനം മുളകുകൊടിതൻ മൂലമന്നാട്ടിൽമുററും
മുക്കും ചിത്തം മുഴുവനെവനും മുൽപയോരാശിതന്നിൽ. ൧൯

അന്താപേതം പരധരണിഭൃൽപക്ഷവിച്ഛേദമേകി-
സ്സന്താനം പൂണ്ടഖിലസുമനസ്സേവ്യനാ,യപ്പ്രദേശം
വന്താപംതീൎത്തുലകിനു,ജയന്തന്റെ കൂട്ടാൻനിത്യം
ഹന്താത്യന്തം ഗുരുധിഷണനാം ഭൂമഹേന്ദ്രൻ ഭരിപ്പൂ. ൨൦

മാറാതേററംമഹിമയെഴുമള്ളിക്കുവിട്ടാൽ വടക്കും
കൂറാംനാട്ടിൻപതികൾ കുതുകം കൂട്ടുമാറത്തട്ടിലാക്കും;
ആറാംശത്രുക്ഷതജമെഴുമപ്പൂരിനുംശോണിതത്തിൽ-
ക്കൂറാൎന്നീടും കുലഗിരിസുതാകാമുകൻ കാവലല്ലോ. ൨൧

Digitized By Kerala Sahitya Akademi

ദീനക്കായിട്ടിനമൻ നിജസപത്നീ ദീപാളിവച്ചി-
ട്ടാനത്തോൽമൃണ്മരവണി,വിഷക്കാപ്പ്,ഭിക്ഷാന്ന,മേവം
ഊനം ചേരും നിലയിൽ മുടിയാറായ വയ്ക്കത്തുദേവൻ
സാനന്ദം, തേ സചിവ! സതതം സദ്ധ്യു സാധിക്കമിഷ്ടം. ൩൧

ശ്രീവത്സക്കോപ്പ്,രവണയുമാർന്നാശ്ശു, വൈകുണ്ഠമോടും,
കൈവന്നന്നപ്പടകൾ നിതരാം മാനസപ്പൊയ്കയോടും,
ആവന്മുക്താവലിയൊടുകലർന്നുന്നതത്തോടുമൊക്കും
ശൈവക്ഷേത്രം ഭുവനവിദിതം വയ്ക്കമിന്നാർക്കു വർണ്ണ്യം? ൩൨

ഭക്തക്കൂട്ടം വിഭവമൊടു വന്നെത്തുമഷ്ടിക്കിലെന്നും
ഭക്തക്കൂട്ടം വിഭവമൊടൊടുങ്ങുന്നതോർക്കുന്നനേരം
യുക്തം പാരം; മനുജനരസജ്ഞാഖ്യ നാക്കിന്നു പററാൻ
വ്യക്തം മാർഗ്ഗം സുദൃഢമതിലെസ്സദ്യയൊന്നുമാത്രം. ൩൩

കാണാമങ്ങേപ്പുറമുരുഗുണം പൂണ്ട ഭൂമണ്ഡലത്തിൻ
പൂണാം പൂണിത്തുറ, പുരമതപ്പുമഹർക്കുത്തരങ്ങളാ
ചേണാർന്നർത്ഥിക്കളിധശരിയാകുന്നൊരമ്മാടഭൂമി-
പ്രാണാധീശക്കുടയ പെരുതാം പൂർവ്വപുണ്യപ്പുളപ്പോ? ൩൪

ചൂടുന്നില്ലേ തലയിൽമതിയെ? പ്പിന്നെനിത്യം വൃഷത്തെ-
ത്തേടുന്നില്ലേ? പരപുരമദം തീർത്തുവയ്ക്കുന്നതില്ലേ?
കൂടുന്നില്ലേ വിബുധർപതിവായ്ശ്ശസ്സവചെല്ലാൻ? നിനച്ചാ-
ലീട്ടുററിട്ടുംനഗരമിതിൽനിന്നീശനെന്തോ വിശേഷം? ൩൫

ഭൂമാപിന്നെപ്പുകളെഴുമനന്തരാജശ്രേഷ്ഠരും ചേ-
ന്നാമാന്യശ്രീപുരിയിൽവരവേ തദ്വിയോഗംനിമിത്തം
ഹാ! മാലേറും മനമൊടവിടത്തിങ്കൽ വൈകുണ്ഠലോക-
പ്രേമാവേശംമുഴവനമകന്നെത്തി പൂർണ്ണത്രയീശൻ. ൩൬

ഉള്ളംതൃപ്തിപ്പെടുമൊരുകരം, സൽഗുണം ചേർച്ച, മററും
വെള്ളക്കാർതൻപ്രിയത, കുമുദാമോദസന്ദായകത്വം,
കള്ളംവിട്ടപ്പുരിയിലിവയെപ്പൂണ്ടു നല്ലോരു രാജാ-
വുള്ളപ്പോൾമാധുരയുമിയനന്താഖ്യയന്വർത്ഥതന്നെ. ൩൭

Digitized By Kerala Sahitya Akademi

മാട്ടംമാതംഗങ്ങളുമധികമാം മാടഭൂപാലർവർത്തി-
ച്ചീടുന്നോരന്നഗരമതിലാഘോഷിച്ചു മുന്നോട്ടുചെന്നാൽ
വാട്ടം വപ്രത്താൽ വലാരിപുപുരത്തിന്നുമേറ്റു മെച്ചം-
ഏറ്റും വെള്ളപ്പൂമുഖകളിയന്നോരു ഹർമ്യശ്രേണി കാണാം. ൩൯

വെണ്മാടങ്ങൾക്കൊഴുകുമഴകോ, തത്ര
വർത്തിക്കുമോമൽ-
പ്പെണ്മാൻകണ്ണാർമണികൾതടവുംകാന്തി-
യോ, തൽഗുണത്താൽ
അമ്മാരന്നാട്ടുടയപ്പുകളോ,ഹന്ത!
തദ്ദൈവം വാഴും
സമ്മാന്യശ്രീപരിലസിതമാം ക്ഷേത്ര-
മോ, വാഴ്ത്തീടേണ്ടു? ൪൦

എന്നാലും വൈശ്രവണസുഖദം പിന്നെയീയക്ഷിമോദ-
ത്തിന്നാലംബം നിരവധിലസൽപുഷ്പകം തൽപുരത്തെ
മുന്നാലെനോക്കിപ്പുണ്ടിതൊരമ്മകയ്ക്കന്തികത്തിങ്കലല്ലാ-
തന്നാഗാലങ്കരണമതുള്ളന്നില്ലിതിങ്കൽകണക്കെ. ൪൧

കാമംനൽകാൻ കഴിവു കലരും കാമദാതാവിൻമേലാ-
രോമൽപ്പാദംതൊഴുതവിടെനിന്നൊട്ടുനാൾയാത്രചെയ്താൽ
ധീമൻ!കാണാം സവിധഭുവി തേ കക്കടക്രോഡദേശം
ഭൂമദ്ധ്യത്തിൽപ്പൂമ്പുകൾമരം പൂത്ത പൂങ്കാവുപോലെ. ൪൨

ഭൂചലാന്നീടും തദധിപർ കനാവാച്ചു നിശ്ചഞ്ചലത്വ-
ശ്രീലാസ്യത്താൽ ശിഖരികളെയും ഭൂരിഗാംഭീര്യയോഗാൽ
വേലാതീതപ്രഥപുലരുമാറാഴിയേയും ജയിക്കെ-
ശ്ശൈലാംഭോധീശ്വരപദവിയിൽപ്പ്രാപ്തതാശ്ചര്യമാണോ?

അംഗംകണ്ടാലവികലമനംഗാഭമോ,യധരത്തിൽ-
ത്തുംഗപ്രേമംപെരുകിയൊരുതെല്ലധരപ്രേമമെന്ന്യേ
ഭംഗംവിട്ടപ്രജകളെയിണക്കീട്ടുവൈരംനിറയ്ക്കും
വൻഗംഭീരക്ഷിതിപവരരാക്കുള്ളതാൽ ഭൂതിനൽകാ? ൪൪

Digitized By Kerala Sahitya Akademi

അപ്പുഖ്യാഖ്യൻപാടി കുവലയാനന്ദമുണ്ടാക്കിട്ടന്നോ-
രൊപ്പംപററില്ലമരന്നമതിൻറ കോശംചമച്ചോർ,
കപ്പംനൽകും കവിമണി ജഗന്നാഥനമ്മട്ട ശാസ്ത്ര-
വ്യൽപത്തിശ്രീവിലസിയവനീകാന്തയെപ്പുൽകിട്ടന്നോർ. ൪൫

മങ്ങാതെന്നും മലർമകൾ തന്നംവച്ചു മാനിച്ചു മാനി-
ച്ചുങ്ങാടിക്കൊണ്ടമരുമൊരരങ്ങാകമങ്ങാടിതന്നിൽ
എങ്ങാനും ചെന്നെതിരിട്ടവതിന്നേനമെത്തിടിലന്നൻ
ചങ്ങാതിക്കളൊനപതിസഹസ്രാക്ഷതാകാംക്ഷയുണ്ടാം. ൪൬

നേരംപോകാൻവഴിപലതുമുള്ളോരങ്ങാടിക്കിൽക്കടന്നാൽ
നേരംപോകുംവഴിയറികയില്ലായ്കയാൽ വേഗമായ് നീ
ആരമ്യശ്രീനഗരമതിലംഘിച്ചു മുന്നോട്ടൊല്ലം
ദൂരംപോയ്ച്ചെന്നണയുക പുരശ്രേഷ്ഠമാം കോട്ടയത്തിൽ. ൪൭

ആമഞ്ജുശ്രീപുരിയെ വരണത്തിന്നു യോജിച്ചതാകും
ക്ഷേത്രമംപൂർണ്ണം, നിരവധി നിശാഭന്താപഭോഗ്യതമാൻനും,
ശ്രീമത്താക പലപലപരിഷ്കാരമോടൊത്തു,മപ്പോ-
ളോമൽക്കന്യകയ്ക്കതിർവടിവിൽ നീ കണ്ടുകൊണ്ടാട്ടമല്ലോ. ൪൮

കാമംകോട്ടയ്ക്കകമതിലെഴും സ്ത്രീകൾതൻചാരുവക്ത്ര-
സ്തോമത്തോടേററവടനടിബഹിഷ്കാരയോഗംനിമിത്തം
ഓമൽത്തണ്ടാർനിരവികചമായ് ഖേദമദ്ധ്യത്തിൽമുങ്ങി
ഛിമൻചാകുന്നതിനുമതിരും കാഴ്ചകാണേണ്ടതത്രേ. ൪൯

തീനിന്നായ് തൽപരിഖയിലെഴും ത്യാഗനക്രങ്ങളോരും-
മാനിക്കുംതൻമകുടമത്തുടയ്ക്കുമ്പൊഴൻപററശേഷൻ
ആനിശാസശാസനനിഃവയ്ക്കുന്നുമേകീട്ടവററിൻ
മേനിക്കുൾച്ചേർന്നൊരുമൃഗമദം മൃത്തിരമൽച്ചാർത്തിടുന്നു. ൫൦

നാത്തുക്കൾക്കുള്ള കലുഷവിചാരങ്ങൾപോൽപ്പൊക്കമെമ്പാ-
ടൊത്തും,തത്സൽക്രിയകൾപടിനല്ലസ്ഥിവാരം കലൻനും,
തുംഗശ്രീഹൃദയസമമായ് സ്ഥൈര്യമാൻനും,മഹത്വം
മെത്തും വപ്രം വിമതഭയദം തത്ര വർത്തിച്ചിട്ടുന്നു. ൫൧

Digitized By Kerala Sahitya Akademi

തെല്ലുംഭ്രൂസാദൃശമതമെഴും വൈജയന്തത്തെ ഞാൻഞാൻ
വെല്ലും മുൻപെന്നതിനൊടമരിന്നോർത്തു മേല്പോട്ടു ചാടി
കല്ലുംപൊന്നുംപൊതിയുമെവിലാസം കരുകൂടങ്ങളോടും
ചൊല്ലുറ്റുംകൊണ്ടുണ്ടവിടെയധികം രമ്യയാംഹർമ്മ്യപങ്ക്തി.

ശ്രീമത്താകും സലിലമിരവിൽ ചന്ദ്രശാലേന്ദുകാന്ത-
സ്തോമം വർഷിപ്പുളളവടിയിൽനിന്നായതുണ്ണും ഘനങ്ങൾ
ഭീമഗ്രീഷ്മത്തിലുമുദധിയെത്തന്മളി നീലാശ്മദംഭാ-
ലാമഞ്ജുശ്രീസദനനിരതൻ ഭിത്തിമേൽപ്പാർത്തിടുന്നു. ൫൩

വൈരക്കല്ലാൽപ്പണിത മുറികൾക്കുള്ളിലക്കപ്രകാശം
വൈരമ്യംവിട്ടിരവുപകൽവാച്ചൊന്നുപോൽമിന്നിയാലും
ശ്രീരഞ്ജിപ്പോം കലശനിരമാരത്തിനേരത്തു ലോകാ-
ചാരംചിന്തിച്ചുണിമണിവിളക്കതു കത്തിച്ചിടുന്നു. ൫൪

ആരാൻ,ഗുച്ഛസ്തന,മളികമാ,പല്ലവച്ചുണ്ടു,പിന്നെ-
ത്താരാരോമത്തന,മുദ്ദലതയെന്നു,യിതെല്ലാംതരംപോൽ
പാരാതന്തിപ്പുരനകത്തുകം പൊന്മഠരിൽച്ചേർച്ചമാരു-
ള്ളാരാമാഭയ്ക്കുകമടിമയാമാക്കമേ തക്കമില്ല. ൫൫

ശ്രീമാന്മാരാ തരുണരൊടുചേർന്നുത്തമാഭിഖ്യകോലും
വാമാവർഗ്ഗംവളരെവിലസീടുന്നൊരാ വായ്പുകൊണ്ടും
പൂമാതിൻനൽപ്പുതുമപുലരും പുഞ്ചിരിക്കൊഞ്ചൽകൊണ്ടും
ഭൂമാവോർത്താൽപ്പുരമതി പുരികൾക്കുള്ള പൊൽപ്പൂണുതന്നെ.

ദ്രുമാവേററംപെരുമളകയെപ്പിച്ചുതെണ്ടിച്ചിടുന്നോ-
രാമാന്യശ്രീനഗരിയെ ഹരിശ്ചന്ദ്രവംശാബ്ധിചന്ദ്രർ
സീമാതീതപ്രഥയൊടവനംചെയ്തു ചൈതന്യമേറും
കാമാരാതിക്കുടയ കഴലുൾച്ചേർത്തു വർത്തിച്ചിടുന്നു. ൫൭

ആരാജന്യക്കരിനിര പരാഭൂതിനൽകാൻ ബലത്തോ-
ടാരാൽ നേരിട്ടടർത്തുടരവേ പോക്കലിബ്ഭദ്രകാളി
സ്ഫാരാസൂയാനചിതഹൃദയയായ്ത്തീർന്നു മട്ടിൽതളർന്നും
പാരാതെത്തിച്ചതിനെയരുളീടുന്നു താൻതന്നെ ശീഘ്രം. ൫൮

Digitized By Kerala Sahitya Akademi

വാണീടുന്നുണ്ടവിടെയരിവംശാന്തകൻ, കേരളാബ്ധ്യ-
ക്ഷോണീപാലൻ,യുവനൃപ,നസാമാന്യസൌജന്യപൂർണ്ണൻ,
വാണീലക്ഷ്മീധരകളെ വശത്താക്കിയോൻ,കീർത്തിപീന-
ശ്രോണീനേത്രാഞ്ചലമധുകരാരാമദേശായമാനൻ, ൯൯

വാളിൻവായും നയനവുമൊരേനേരമാരക്തമാവോൻ,
കാളിപ്പെണ്ണിൻ കടമിഴി കളിക്കുന്ന കല്യാണരംഗം,
കേളിക്കോപ്പ്രോന്നരിയവിജയശ്രീയുമായ്,വാനിൽവാഴും
ധൂളിക്കൂട്ടം ദിശിദിശി പുകഴ്ത്തുന്ന ദോർവീര്യമുള്ളോൻ, ൱

സർവ്വജ്ഞാംഘ്രിദ്വയമനുദിനം കൂപ്പുവോൻ, പൂക്കളമ്പാം
സർവ്വജ്ഞാരിക്കുടയൊരുമദം മൂർത്തിയാൽത്തീർത്തിടുന്നോൻ,
സർവ്വജ്ഞാഗ്രേസര,നവനിതൻ ഗണ്യമാം പുണ്യലക്ഷ്മീ-
സർവ്വസ്വം,മേ കുശലമരുളാൻ തക്കവൻ തർക്കമില്ല. ൱൧

(വിശേഷകം)

ആമന്നൻതന്നരമനയണഞ്ഞാശുകില്ലാതനേരം
ധീമൻ! വഞ്ചിപ്രഥിതധരണീനാഥതൻ ദൂതനെന്നായ്
ആമന്ദം ചെന്നരികിലുറിയിക്കേണമക്ഷീണകീർത്ത്യാ
സാമഞ്ജസ്യത്തിനു സദനമായുള്ള സാരസ്വതത്തിൽ. ൱൨

സ്മേരാസ്യത്തോടമിതകരുണാബദ്ധനാമദ്ധരിത്രീ-
സ്വാരാട്ടാത്മശ്രവണയുഗളം സാവധാനം ഭവാനായ്
ആരാലേകുന്നളവിൽ വെളിവായെൻെറ സന്ദേശവാക്യം
പേരാർന്നീടും പെരിയസചിവോത്തംസ! ശാസിക്കണം നീ.

"ദീനത്രാണത്തിനു ദിവസവും ദീക്ഷ ചെയ്യോരിലഗ്ര്യ-
സ്ഥാനം നേടിടുമരയിലരുള്ളും ധന്യസൌജന്യരാശേ!
സ്യാനന്ദൂരം നഗരമവനം ചെയ്തിട്ടും റാണി മാലാർ-
ന്നൂനം കൈക്കൊണ്ടഴറിയറിയിക്കുന്നു സന്ദേശമേവം. ൱൪

പാരം കംസപ്രഭൃതിദിതിജാധീശപാശർക്കു വായ്ക്കും
ഭാരം താങ്ങാൻപടുതയൊഴിവായ് പ്പണ്ടു പാഥോധികാഞ്ചി
ശ്രീരംഗേശൻതിരുവടിയൊടായ് സങ്കടം ചൊന്നതില്ലേ?
ധീരത്വംവിട്ടിവളുമധുനാ ത്വന്നമാസ്ഥാനദമററു. ൱൫

Digitized By Kerala Sahitya Akademi

മന്നക്കെല്ലാം മകുടമണിയാം മാന്യകീൎത്തി ഭവാൻതാ-
നെന്നല്ലല്ലാഖിലമകലാൻ മാൎഗ്ഗമുണ്ടാക്കിടേണം;
ഇന്നന്യക്കില്ലതിനുതര,മാവശ്യകാലം വരുമ്പോ-
ളുന്നപ്പെണ്ണിന്നരിയശരണം മാനസപ്പൊയ്ക്കമാത്രം. ൯൦

നല്ലാർ,ശോകാകുല,യബല,ഞാൻ ഭീരു,വാരുംതുണയ്ക്കാ-
നില്ലാത്തോളമ്മാൾ,സ്വജന,മവനീഭൎത്തി,ശത്രുക്കൾവാഴ്വോരം,
എല്ലാംചിന്തിച്ചിടണ,മഗതിക്കെത്തുമാപത്തുതീൎപ്പാ-
നല്ലാതെന്തിന്നരചർ കണയും വില്ലുമേന്തുന്നു കൈയിൽ? ൯൧

സേതുസ്നാനപ്രവണമതിയായ്പ്പണ്ടുരാമേശ്വരത്തേ-
യ്ക്കാത്തുങ്ഗശ്രീതടവിനഭവാൻ പോകവേ,വഞ്ചിനാട്ടിൽ
ചാതുൎയ്യത്തോടരുളിയ മമ ജ്യേഷ്ഠനാദിത്യവൎമ്മാ—
വേതുംവഴ്യേ കരുതുവതിനും ദുൎവ്വിധിപ്രക്രമങ്ങൾ! ൯൨

ആവഞ്ചിക്ഷ്മാഗ്രഹവളഭിയിൽത്താമസാക്രാന്തിനീക്കി-
ശ്രീവൎദ്ധിപ്പിച്ചരുളിയ മഹത്താകുമാരത്നദീപം
ജീവസ്നേഹസ്പൃ ടഗുണശോഭാശാലിയായിട്ടുമയ്യോ!
ദൈവദ്വേഷോൽക്കടപവനനിൽപ്പെട്ടുപെട്ടെന്നു കെട്ടു. ൯൩

ഉള്ളിൽത്തിങ്ങും വിഷമൊടു ജഗൽപ്രാണനെന്ന ലക്ഷ്യമാക്കി-
ത്തള്ളിക്കേറുംമദമൊടു മഹാദുഷ്ടരാമെട്ടുവീരർ
കൊള്ളില്ലാക്കുംപുലരുവതിനമ്മട്ടിലീവഞ്ചിഭൂമി-
ക്കുള്ളിൽപാൎക്കുന്നിതു ബലിഗൃഹത്തിങ്കൽ നാഗാഷ്ടകംപോൽ.

ആരാണവർകളവനിയിതിൽ ഞാനമ്മയായ്ത്തീൎന്നിതെന്നാൽ
വീരാന്ദുഷ്പുരുഷരതിൽവച്ചഞ്ചിനും മൃത്യുനൽകി;
ആറാത്തുമ്മോരഴലെരിപൊരിത്തീയിൽ വീണോരെനിക്കി-
ന്നാറായ്നിൽക്കുന്നതു മിഴിപൊഴിപ്പോരു കണ്ണീരുമാത്രം.

ചൊല്ലേറീടുംപ്രഫലമുതകുമാരെന്റെ സന്താനമയ്യോ
കില്ലേശീടാതരുളിന ഗുണംതഞ്ചുമീയഞ്ചുപിഞ്ചും
ചൊല്ലേണ്ടൊന്നും ശിവശിവ! ശഠൻ പൂമകൻതൻകടുങ്കൈ-
ക്കല്ലേറേൽക്കെക്കരുമനയിലാപ്പെട്ടു ഞെട്ടറ്റുവീണു. ൯൭

Digitized By Kerala Sahitya Akademi

ശേഷിച്ചുള്ളോരാസ്സൂതനെ നെടുമങ്ങാട്ടുകൊട്ടാരമെത്തി-
പ്പോഷിച്ചിട്ടിക്കാലിവരൊത്തുടരവേ, നമ്മളൂതൻ നന്മതത്തെ
ദ്വേഷിച്ചീടും മുകിലനൊരുവൻ ദിഗ്ജയത്തിന്നു കൊട്ടി-
ശ്ശേലാഷിച്ചുറെബ്ബലമിരുതരപ്പെണ്ടൊരുമ്പെട്ടണഞ്ഞാൻ.

എൻനാട്ടെല്ലാമവനവശമായ് തീർന്നു ധൂർത്തൻ തരത്തി-
ന്നെന്നാരോമൽസഹജസുതയെത്തന്നെയും ബന്ദിയാക്കി;
എന്നാലാവില്ലിതിന്നു പകരംവീട്ടുവാൻ, കാട്ടുതീതൻ
സന്നാഹത്തെക്കരിമുകിലുപോൽത്തോട്ടു നിർത്തുന്നതുണ്ടോ?

എന്നാലാംമട്ടവനൊടു സമാധാനമോരോന്നുരച്ചേ-
നെന്നാലെന്താശ്രമമൊരടവീരോദനംപോലെതീർന്നു;
എൻനാവിന്നുംക്ലമമധികമായ്; വെട്ടപ്പോത്തോടു വേദം
ചൊന്നാലുണ്ടോഫല,മതുടനേകേറിമാറിന്നുപായം. ൩൫

മുന്നേ ദുഷ്ടൻ, പ്രതിഭടനൊരാൾ
കീഴടക്കാനടക്കാ-
തിന്നേരത്തിൽബ്ബലിതനയനോ-
ടൊത്തൊരൗദ്ധത്യമുള്ളോൻ,
പിന്നേടംവൻകൊതിയിളയിലും
പെണ്ണിലുംപെട്ടണഞ്ഞിട്ടുന്നോ-
നെന്നേ കാര്യംവിഷമമിവനെ-
ങ്ങെത്തുമോർത്താൽവിവേകം? ൩൬

കൊള്ളേണം ചെററലിവബലയിൽ,ക്കാലിൽ
മുള്ളൊന്നുകൊണ്ടാൽ
മുള്ളേപറിച്ചിട്ടതുപുറത്താക്കവാം-
നെന്നപോലെ
ഉള്ളവന്നോരിവനെയുടനേ ശാന്ത-
മൽസ്വന്തമിക്കിൽ-
ത്തള്ളേണം ഭോശനൊടുചിതം ശാസ്ത്ര-
മെന്നാപ്തവാക്യം, ൩൭

Digitized By Kerala Sahitya Akademi

ഞാനോ,ബാലൻമമ തനയനോ, പണ്ടുപണ്ടേ തുടങ്ങി-
സ്ഥാനോച്ചൃതപാകലരാജാമാരുമൻഗോത്രമോ,ശാത്രവാഗ്നേ!
ഈശന്നൊക്കെല്ലാം മമതസമമായ് വേണ്ടൊരീ വഞ്ചിരാജ്യം
താനോ രാജൻ!തവ കരുണതൻ പാത്രമല്ലാതതിപ്പോൾ? ൭൮

ആണായാത്തപ്രഥിതമതസന്മന്ദിരം താങ്ങിനില്ക്കും
തൂണായ് രാജർഷിപദവികൈക്കൊണ്ടിരിക്കും ഭവാനെ
താണാലംബിച്ചമരുമൊരു ഞാൻ ധന്യയല്ലേ; പരോപ-
കാരിണാകാൻതന്നുദയമതിലോ പട്ടിണിച്ചാക്കുപാരം? ൭൯

ദേവന്മാരും പശുനികരവും വിപ്രരും കൂടിയൊന്നായ്-
ദ്ദാവത്തീപോലെരിയുമഴലിൽപ്പെട്ടു ശിഷ്ടൻ ഭവാനെ
ഹാ!വന്നീടാൻ പലവഴി വിളിക്കുന്നതു കേൾക്കുന്നതില്ലേ?
ഹേ വന്ദ്യാത്മൻ! നിയതമവർതൻ നാവുതാൻ കേവലം ഞാൻ'

വീത്തുള്ളതൽക്കൊട്ടുമരുളൊരുമട്ടോതിടനൻ; ശേഷമെല്ലാ-
മോത്തുള്ളത്തിൽക്കൃപയൊടു ഭവാനെന്നെ രക്ഷിച്ചിടേണം;
നീത്തുള്ളിക്കായ്ക്കരയുവതുതാൻ ചാതകിക്കുള്ള ധർമ്മം:
പേത്തും തത്തൃട്ടിൻ ശമനമോ കൊണ്ടലിൻ കൈയിലല്ലോ."

ഈമട്ടോതുന്നളവലിവു തന്നുള്ളിൽ വാഴും പാണിയിൽപ്പോ-
ലാമന്നൻ പൂണ്ടരിമദമഹാശാഖിതൻ വേരറുക്കാൻ
കാമം കൈക്കൊണ്ടുടനടിപുറപ്പെട്ടു നിന്നോടു കൂടി-
ദ്ധീമൻ! പോരും; സ്വജനകദനം ധീരരുണ്ടോ സഹിപ്പൂ?" ൮൦

ആവർണ്ണനീയഗുണയാമുമയമ്മറാണി-
യേവം വചിച്ചവനു പോവതിനാജ്ഞ നൽകി;
ദൈവം പ്രമാണമഖിലത്തിനുമെന്നുറച്ചു
കൈവന്ന ധൈര്യമൊടു മന്ത്രിയുമങ്ങിറങ്ങി. ൮൧

ആരോമൽക്ഷിതിഭർത്രി തന്റെ യശസ്സു പ്പാടെന്ന ചേരാന്നിട്ടും
താരോജോവിനയങ്ങളും പൂണ്ടു തലമേൽവാടാതെ ചൂടത്തഭാ
ധീരോദാത്തനമാത്യനന്നവരിയെക്കൈവിട്ടു ശീഘ്രാഗമി-
ച്ചോരോ ദേശമതിക്രമിച്ചൊടുവിലന്നൽക്കോട്ടയത്തെത്തിനാൻ,

Digitized By Kerala Sahitya Akademi

അനവധിവിഷയങ്ങൾക്കപ്പുറത്തുല്ലസിപ്പോ-
രനഘരുചി വടക്കൻകോട്ടയംപട്ടണത്ത
വിനയനിധിയമാത്യൻ ബ്രഹ്മനിഷ്ഠമായ-
ട്ടിനമെത്തിയതിൽ നിരീക്ഷിച്ചെത്രയും ധന്യനായാൻ. ൮൭

പതിനൊന്നാം സർഗ്ഗം സമാപ്തം.

---

## പന്ത്രണ്ടാം സർഗ്ഗം.

വിശാഖവൽ ബലനിധി കേരളാഖ്യനാം
വിശാംപതിക്കുടയ വിശിഷ്ടമന്ദിരം
വിശാലഹേമമണിമയമൌലിയാം കലാ-
വിശാരദൻ സചിവനു ദൃഷ്ടിലക്ഷ്യമായ്. ൧

അനന്തതൻ കുറവുമര തന്തിനിൽക്കുഷവോ-
രനന്തനമ്മെല്ലാരുമദവും തകപ്പതായ്;
അനന്തമാന്നിട്ടമൊരു ശൃംഗപങ്ക്തികൊ-
ണ്ടനന്തമായിട്ടമൊളിപൂണ്ടിടുന്നതായ്; ൨

കദർത്ഥൻ കരഗതകല്പശാഖിയായ്-
ക്കദർത്ഥിതക്കെയഭദേവപാണിയായ്;
സദംഘ്രത്തുടയ ഖലക്കു ഭർഗ്ഗമായ്;
സദഗ്ര്യർതൻ സതതനിയുദ്ധരംഗമായ്; ൩

പരസ്പരം പകവെടിയും പയോധിജാ-
സരസ്വതീസഖികൾ സദാ കളിപ്പതായ്;
നരക്കേഴും നയനപുരാണപുണ്യമാം
സുരദ്രുവിൻ സുമഹിതസൂനമാധ്വിയായ്; ൪

കടക്കവാനരിയ ഗിരിക്കുമുള്ളൊരു-
കടക്കിടും പുറമതിൽചുററിടുന്നതായ്;
കടൽക്കകം തിരനിരപോലെ കാളിതൻ
കടക്കയൽക്കരിമിഴിയാടിനിൽപ്പതായ്; ൫

Digitized By Kerala Sahitya Akademi

ഉരയ്ക്കുവായ്പുടയ കലയ്ക്കുഴന്ന മാ-
റ്ററയ്ക്കുവാൻ നികഷദൃഷൽപ്രകാണ്ഡമായ്;
പരംപരാജിതപരിപന്ഥിഭൂമിഭൃൽ-
പരംപരാപരിചരണൈധിതാഭമായ്; ൬

മയൂരന്റെയും മനതളിർ ഝില്ലശൈലിയാൽ
മയക്കിടും മനുജമഹേന്ദ്രമന്ദിരം
വിയത്തിലും വിളിവിളയുന്ന മട്ടിനാ-
ലുയർത്തിയസ്സചിവനുദഗ്രസമ്മദം. (കുളകം) ൭

പടയ്ക്കു കെല്പുടയൊരു പാണിയാൽ ദ്രുതം
നടയ്ക്കുഴും നരപതിസൌവിദവ്രജം
കടക്കവാനനുമതിനല്കിയുള്ളിലേ-
ക്കടക്കമൊന്നമലനമാത്യനെത്തിനാൻ ൮

പരപ്പെഴും തളജിരഭൂവിൽ വീരർതൻ
കരപ്പയിററരിയൊരമാത്യനദ്ദിനം
ഒരല്പവുംകുറവുപെടാത മേനിമേൽ
നിരപ്പിലുൽപുളകതനുത്രമിട്ടതേ. ൯

ഇരുമ്പിനാൽപണിതൊരു കട്ടിയുണ്ടയെ-
ത്തിരിമ്പിനും ശ്രമമിയലാതെ കൈകളാൽ
വരിഷ്ഠനാമൊരുഭടനാശുധൂളിയായ്
ഞെരിച്ചു കെല്പൊടു റവലഡ്ഡുപോലവെ. ൧൦

മലന്നിടുന്നൊരുകുടമല്ലയെന്നപോ-
ലലക്ഷ്യമാ,യരിയൊരു ഹീരലക്ഷ്യകം
ബലംപെടും പരഭടനെയ്തുവിട്ടനൽ-
ക്കലംബമൊന്നതിരഭസാൽത്തുളച്ചതേ. ൧൧

ഒരാൾ വിടുന്നൊരു ഗളലിപ്തമാം ശരം
തുരാനുചിതം നിടിലതടത്തിലേൽക്കവേ
പാരദമാം മൃഗമദചിത്രകം ധരി-
ച്ചൊരാവിധം വിലസി നിരാകുലം പരൻ. ൧൨

Digitized By Kerala Sahitya Akademi

വലാഹകപ്പടി വരുമാനതൻ മഹാ-
ബലാന്വിതം ഉദനമുരസ്സിനാൽ സ്ഫുടം
ഖലാത്തിദൻ പരട്ടനേററു കട്ടിയാം
ശിലാതലം ചെറിയൊരു സൂചിപോലവേ. ൧൩

പിണങ്ങി നേൎത്തിചപലം കുതിച്ചുപാ-
ഞ്ഞണഞ്ഞിടും കുതിരയെയന്യസൈനികൻ
ക്ഷണം കടുത്തൊരു ചെറുദുനാക്കിനാൽ വെറും
തൃണംകണക്കതിനുടെ പാട്ടിൽ നിൎത്തിനാൻ. ൧൪

പരന്തപൻ പരനസികൊണ്ടലക്ഷ്യമായ്-
പ്പുരപ്പെഴും കഠിനദൃഷത്തുവെട്ടുവേ
തരത്തിലശ്ശില നടുവിൽപ്പിളൎന്നുപോയ്
നിരന്തരം വെടിനിരയേററപോലവെ. ൧൫

നവായുധപ്രജവു,മതിൻപയിററിനാ-
ലവാപ്തമാംപുകളെഴുമബ്ഭടൌഘലവും,
ജവാലവന്നരുളി വിഹാരയോഗമ-
ന്നവാച്യമാം ഹൃദയകുതൂഹലാബ്ധിയിൽ. ൧൬

കടന്നുതൽസ്ഥലു,മവനൊട്ടുദൂരമേ
നടന്നുചെന്നളവു,തെളിഞ്ഞുജിഹ്മമേൽ
സ്ഫുടം നടിപ്പതിനജകാന്ത സന്തതം
ഝടന്നിടുംകവികുലമക്ഷിലക്ഷ്യമായ്. ൧൭

സുപൎവ്വവധൂധരസുധാമദസ്ഫുടാ-
വിപദ്ഭയം വിരവിൽ വരുത്തിടുന്നതായ്;
സുപൎവിധൂതിമൃദുശിതളാംശുവിൻ
വിപക്ഷധൂൎവ്വഹത വിശങ്കമുററതായ്; ൧൮

പുരാരിതൻ ജടയെ വെടിഞ്ഞു പാഞ്ഞിടും
സുരാപഗയ്ക്കെഴുമൊരൊഴുക്കുതാററതായ്;
പരാഭമാം പ്രകൃതിവധൂഗൃഹാന്തരം
ത്വരാന്വിതം മനുജനുകാട്ടിടുന്നതായ്; ൧൯

Digitized By Kerala Sahitya Akademi

ശരിക്കു നൽസഹൃദയർതൻ ശിരസ്സോടും
വരിഷ്ഠമാംഹൃദയമിളക്കിടുന്നതായ്;
ധരിത്രിയിൽപ്പുകളുടൽതീ,ത്തവന്ധ്യമാം
വിരിഞ്ചിതൻ വിധിയെ വിലക്കിടുന്നതായ്; ൧൦

ദിനംവിലും കദനമൊഴിച്ചു ദേഹികൾ-
ക്കനാരതം നിഭൃതസുഖംകൊടുപ്പതായ്;
ഘനാഘനം ചൊരിവൊരു വാരിധാരയോ-
ടനാമയം സകതുകമോതിടുന്നതായ്; ൧൧

സരത്തിൽ വാഃസ്സൊരു വരമൌക്തികൌഘവും
ശരത്തിൽ മിന്നിടുമൊരു താരജാലവും
ഉരത്തതാം മധുവിലെഴും മധൂളിയും
തരത്തിൽ വന്നടിയിണകൂപ്പിടുന്നതാം; ൧൨

മഹോദധിക്കഴയ തരംഗമാലതൻ
സഹോദരസ്ഥിതിയെ വിളിച്ചുചൊൽവതായ്
അഹോ!ലസിച്ചരുളിന സൂക്തിപങ്ക്തിതൻ
ഗൃഹോൽഘമാം രസനയവർക്കുകൈവശം.(കുളകം) ൧൩

അനാരതം കൃതികളുതിർത്തു സദ്യശോ-
ധനാർജ്ജനംതുടരുവൊരക്കവീന്ദ്രരെ
ഘനാദരത്തൊടു പരിപന്ഥിവാഹിനീ-
വിനാശനക്ഷമനവനാശു കൂപ്പിനാൻ. ൧൪

ക്വചിൽത്രയീപടുതപെടും ദ്വിജാതിമാർ;
ക്വചിൽ കളസ്വരമിയലുംകുശീലവർ;
ക്വചിൽ കലാകുശലതയാന്നശില്പിമാർ:—
വിചിത്രമക്ഷിതിപവിശിഷ്ടമന്ദിരം. ൧൫

ധനസ്സൊട്ടത്തവരുടെ മുന്നിൽ നിൽക്കുമാ-
മൻഷ്യർതൻ പതിയൊരുവേത്രിമൂലമായ്
അനക്ഷണം കുതുകമുയന്നൊരപ്പുമാ-
ന്നരങ്ങത തന്നരികിൽവരാൻ കൊടുത്തുതേ. ൧൬

Digitized By Kerala Sahitya Akademi

നരോത്തമൻ മരുവുകകൊണ്ടു ധന്യമാ-
മൊരോരോമനപ്പുത്തുമണിമാളികയ്ക്കകം
വിരോധമററനുചരവാക്കിനാൽ ധിഷ-
ന്നിരോധകൻ സചിവനോടൻ കരേറിനാൻ. ൨൭

മഹസ്സുവായ്പൊരു പുരളീപുരന്ധ്രിയാം-
ക്കഹന്തതൻ വിലസിതമാകുമന്നൃപൻ
സഹർഷനാം സചിവനടിച്ചുയർന്നിട്ടു-
ന്നഹപ്പ്തിക്കടയൊരു ലീലകാട്ടിനാൻ. ൨൮

അനാദരം സ്വതനവിലാസൻ കന്ദുക-
സ്തനാഢ്യയാം ശിവയെ വശീകരിയ്ക്കുവാൻ
വിനാശമുററൊരു വിഷമേഷുവിൻെറ മെയ്
പിനാകിപൂണ്ടതുപടി മിന്നി മന്നവൻ. ൨൯

ഹലാഹലംപെട്ടമഹിതോററബാള്ളവും
കലാചലക്കൊട്ടുമുടിയൊത്തചിത്തവും
ശിലാതലം പണിയുമുരസ്സുമദ്വിഷൽ-
കലാകുലസ്ഥിതിദനിൽ മന്ത്രികണ്ടുതേ. ൩൦

തടിച്ചുനീണ്ടൊളിയൊടുരുണ്ടുരുക്കകൊ-
ണ്ടടിച്ചുതീർത്തൊരു പരിഘത്തൊടൊപ്പമായ്
ഘടിച്ച ദോർയ്യുഗമതുകാൺകിലാശു കൈ-
കടിച്ചിട്ടും ഹരിഹയസൂനുപാർത്ഥനും. ൩൧

പിണങ്ങുവോർക്കശനിശനിതമാൻ കൈ-
വണങ്ങുവോർക്കമരമരത്തൊടൊപ്പമായ്
കിണങ്ങളാമണികളണിഞ്ഞു വൻകൊഴു-
പ്പിണങ്ങുമബ്ഭുജയുഗമുല്ലസിച്ചുതേ. ൩൨

ശരിയ്ക്കുതന്നരിഹതിയാൽപ്രസിദ്ധനാം
ധരിത്രിതൻപതി പുരുഷോത്തമൻ ജവാൽ
വരിച്ചിടുന്നൊരുജയലക്ഷ്മിയാം 'സഖി-
ച്ചിരിപ്പതിന്നരുളിയവൻെറമാറിടം. ൩൩

Digitized By Kerala Sahitya Akademi

പരക്ഷമാപതിശരവും പ്രസൂനമാ-
മുരസ്സു തദ്ധരണിവധൂടി താന്തയായ്
നിരന്തരം രഹസി രമിച്ചുറങ്ങിടു-
ന്നൊരന്നവപ്രസവവിശാലമഞ്ചമായ്. ൩൪

വിരിഞ്ഞുയൎന്നുജ്ജ്വലിന ഫാലപട്ടവും
ശരിക്കനൽശ്രവണമണഞ്ഞ നേത്രവും
വരിഷ്ഠമാം ഗളവുമിയന്നൊരന്നൃപൻ
ഹരിച്ചിതാസ്സചിവവരന്റെ മാനസം. ൩൫

അസഹ്യമാം നിലയിലുമല്പമാഴ്കല-
റ്റസംശയം വിലസുമവന്റെ കാഴ്ചയാൽ
പ്രസന്നനാം യുവനൃവരൻ തദാഗമ-
പ്രസക്തികേൾപ്പതിന്നു കൊതിച്ചു ചൊല്ലിനാൻ. ൩൬

ഭവാനിതാരൊരു യുവദൂതനെന്നുചൊ-
ന്നൊരാളധീശ്വരപുരരാജമന്ത്രിയോ?
പുരാ പരം പരിചിതനായിടും ഭവാ-
നൊരാപ്തനെന്നിവനെ നിനച്ചിടേണ്ടയോ? ൩൭

ഭവാടവീതടദവവഹ്നിഹേതിയാം
ഭവാനിതൻ പരമകൃപാബലത്തിനാൽ
ഭവാനിരിപ്പൊരുവിഷയം ദ്വിഷൽപരാ-
ഭവാദിചേർത്തഴകിൽ വിളങ്ങിടുന്നുവോ? ൩൮

അടക്കമുററിവനൊരു സേതുയാത്രപോ-
മിടക്കുപണ്ടവിടെയമൎന്ന മന്നവൻ
കടക്കുവാൻ പണിപെരുത്തുള്ള മാററലർ-
ക്കടൽക്കെഴും മരുകര കണ്ടിടുന്നുവോ? ൩൯

അനാവിലപ്രകൃതിപത്രുക്ഷമാസുര-
ക്കനാമയം നിയതമിയന്നിടുന്നുവോ?
അനാരതം പ്രജകളവാപ്തകാമരാ-
യനാകുലസ്ഥിതിയെ വഹിച്ചിടുന്നുവോ? ൪൦

Digitized By Kerala Sahitya Akademi

ദ്വിഷൽഭുജഹരിദ്രുകുഠാരമാം ഭവാൻ
ദ്വിഷൽഭുജപ്രഥയെ രണത്തിൽ നേടവേ
വിഷണ്ണതയ്ക്കൊരുവഴിയെന്തു? ഭോഗിതൻ
വിഷത്തിനാൽ ഗരുഡനു വീര്യനാശമോ? ൪൧

തമസ്സുതൻ വദനമണഞ്ഞ തിങ്കളിൻ
സമത്വമാർന്നിടുമൊരു താവകാനനം
അമംഗളം ഹതവിധി കൈവളത്തിയെ-
ന്നമന്ദമായരുളുവതുണ്ടു സാമ്പ്രതം.” ൪൨

ജയംലഭിപ്പൊരു ജഗദീശനിത്തരം
നയത്തൊടും നവരസഭാഷിതത്തിനാൽ
കയത്തിൽ നിന്നകമലർ കുന്നിലേററവേ
ഭയത്രപാവിവശത വിട്ടു മന്ത്രിയേ. ൪൩

അമാത്യനപ്പൊഴുതുമയമ്മറാണിത-
ന്നമായമായിടുമൊരപേക്ഷയാകവേ
അമാഗ്രണെവിലസിടുമക്ഷിതീശനോ-
ടമാന്തമററഹഹ! കഥിച്ചു ഖിന്നനായ്. ൪൪

പുരാത്യയത്തിനു തുടരുന്നവേളയിൽ-
പുരാൻ ഹരൻ ഹരിപുരുഹൂതപൂജിതൻ
പുരാ തുറന്നൊരു നിടിലാക്ഷിപോലെ തൽ-
പുരാവനപ്രിയസ്വപദൃഷ്ടി തീർന്നതേ. ൪൫

രദങ്ങൾകൊണ്ടധരപുടം കടിച്ചുകൊ-
ണ്ടദംഭമാമരിശമിയന്നൊരന്നൃപൻ
ഉദഞ്ചിതഭ്രുകുടിഭയങ്കരാസ്യനായ്
വിദഗ്ദ്ധനാം സചിവനൊടോതിനാനുടൻ. ൪൬

“ചരാചരസ്ഥിതികരനംബുജേക്ഷണൻ
പരാൽപരൻ പ്രകടിതയോഗനിദ്രനായ്
നിരാകുലം വിലസിന വഞ്ചിയെദ്ദുഷ്ട-
ദുരാപമെന്നനലിനമോർത്തിരിപ്പു ഞാൻ. ൪൭

Digitized By Kerala Sahitya Akademi

ദയാപയോനിധി ദനുജാരി ശേഷനിൽ
ശയാനനാം സരസിജനാഭനോക്കുകിൽ
ജയാപ്തി കൈവരുവതിനുന്നതദ്ദീനനും
പ്രയാസമി,ല്ലവനുടെ പാദമാശ്രയം. ൪൮

തിരിക്ക നാമുടനടി പോരി,നൊന്നുകിൽ
സ്ഫുരിക്കു കീൎത്ത്യബല കളത്രമാകണം;
മരിക്കണം സമിതിയിലല്ലയെങ്കിലെ-
ന്തിരിപ്പിവൎക്കിതുമതുമററിടയ്ക്കിനി? ൪൯

അനാഥയാമവനിതലേശപുത്രിക്കു ഞാ-
നനാമയം വരുവതിനാഗ്രഹിക്കുകിൽ
അനാൎയ്യമെന്നതിനെ നിനയ്ക്കയില്ലൊരാ-
ളനാരതം ഹരിയുമനുഗ്രഹിച്ചിടും. ൫൦

കലാപമൊന്നഹഹ! ഭൃഗ്രദപഹക്ഷമം-
കലാപമായ് വിലസിനവഞ്ചിയംഗളകിൽ
കലാശമിദ്ധരയുടെജീവനാശമായ്-
ക്കലാഢ്യരും കരുതുമശങ്കമജ്ഞരും. ൫൧

ശരിക്കുനാമഖിലരുമൈകമത്യമാ-
ൎന്നിരിക്കിലേ ധരണി നമുക്കിണങ്ങിടൂ;
ഒരിക്കലൊന്നിടയുകിലക്കണേരുക-
ണരിക്കുകീഴ്പ്പെട്ടുമതു നിർവിവാദമായ്. ൫൨

കടുത്തതാം ഗ്രഹണിയിൽ നാവിനും രസം
മടുത്തുപോയിടുവതിലെന്തൊരത്ഭുതം?
അടുത്തവീടെരിയുകിലാരുചെന്നു തീ
കെടുത്തുകി,ല്ലൊരുമ ജഗജ്ജയായുധം. ൫൩

തെരിക്കനെഗ്ഗുണവതി റാണിയെത്തുണ-
ച്ചിരിക്കിൽ ഞാ,നിനി വരുമെൻെറ വംശ്യരേ
ധരിക്ക തൽകുലജരുമെപ്പൊഴെങ്കിലും
ശരിക്കു കാത്തിടുമതിനില്ല സംശയം." ൫൪

Digitized By Kerala Sahitya Akademi

ഇവണ്ണമസ്സചിവനൊടോതി മേദിനീ-
ധവൻ നിജാഗ്രജനൊടുണൎത്തി സംഗതി,
ധ്രുവം പുരാ പശുപതിവാൎത്ത ഫല്ഗുനൻ
ഗുവൎണ്ണനം യമജനൊടെന്നപോലവേ. ൯൫

"ഇതിന്നു ഞാനനുജന തന്നിടുന്ന സ-
മ്മതിക്കുമേൽ സുരസമാജത്തെ കൂടിയും;
മതിക്കുറപ്പൊടു ജയമാൻ വഞ്ചിയാം
ക്ഷിതിക്കെഴും കദനമൊഴിക്ക സത്വരം.'' ൯൬

ഇദം വചസ്സുരുളിട്ടമഗ്രജന്റെ തൃ-
പ്പദം നമിച്ചു നാലയുവക്ഷമാധവൻ
സമഗ്ര്യനാം സചിവനൊടൊത്തു രാജ്ഞിതൻ
മുദർത്ഥമപ്പൊഴുതിലിറങ്ങി യാത്രയായ്. ൯൭

അനന്തരം നിജകുലകാമധേനുവായ്
മനന്തെളിഞ്ഞരുളിന ഭദ്രകാളിയെ
അനന്തഭാസ്സുടയ തദാലയം ഗമി-
ച്ചനന്തതന്നധിപതി കൈവണങ്ങിനാൻ, ൯൮

'കരാഞ്ചിതപ്രതിഭയഖഡ്ഗതല്ലജേ!
പരാസ്തതാകലിതപരാസുരവ്രജേ!
ചരാചരാവനചണ പാദവീക്ഷണേ!
പരാൽപരേ! ഭഗവതി! പാഹി പാഹി മാം. ൯൯

അടിക്കടിക്കടിയനിഹാധിവീചി വ-
ന്നടിക്കുമാറരുളുമജന്റെ ശാസനം
അടിക്കുതൊട്ടൊഴിയണമായതിന്നു നി-
ന്നടിക്കുതാണയി ജഗദംബ! കൃപ്പുവൻ. ൱

അനാഥനാമടിയനനാസ്ഥയെന്നിയേ
വിനാ ഭയം വിമതവിനാശനത്തിനായ്
അനാമയേ! തുനിവതനാരതം ഘനാ-
ഘനാഭനിന്നുടയ ഘനാനുകമ്പതാൻ. ൱൧

Digitized By Kerala Sahitya Akademi

കരാളദോർദ്ധൃതകരവാളികേ! മനോ-
ഹരാളകേ! മമ നൃപവംശപാലികേ!
ഒരാളുമില്ലൊരുതുണ ഹേ! കൃപാസരോ-
മരാളികേ! കനിയുക ഭദ്രകാളികേ!" ൩൨

ഇവണ്ണമബ് ഭഗവതിയെസ്തുതിച്ചിളാ-
ധവൻ മഹാബലനിധി മന്ത്രിയുക്തനായ്
ജവത്തൊടും നിജപുരിവിട്ടു രാജ്ഞിതൻ
ശിവത്തിനായ് ത്തപോവനിതന്നിലെത്തിനാൻ. ൩൩

വേഗാതിരേകമൊടു വൈരിഭടാസൃപങ്ക്തി-
ക്കാഗാമിയായ വിജയത്തെ വിളിച്ചുചൊല്ലി
നാഗാരി കീഴലകിലെന്നകണക്കു ഗംഭീ-
ര്യംഗാരമാം നൃപതി ദക്ഷിണദിക്കിലെത്തി. ൩൪

തൽക്കാലമുൾക്കളിരെഴും ക്ഷിതിഭർത്തൃചെയ്യും
സൽക്കാരമേല്പതിനുകൂടിയുമൊട്ടുനേരം
നില്ക്കാതെ പോരിനു നൃപാലകമൌലി ഹൃത്തിൽ-
ച്ചിൽക്കാതലാം കമലനാഭനെയോർത്തിറങ്ങി. ൩൫

ആ നന്ദനന്ദനനെഴും കുഴലൂത്തുകേട്ടി-
ട്ടാനന്ദമാർന്നരികിലെത്തിന ഗോപർപോലെ
മാനത്തിൽ മന്നനുടെ ശംഖൊലികേട്ടു പൌരർ
ദീനത്വമററവനു ചുററുമണഞ്ഞുകൂടി. ൩൬

നൂനം നടുക്കൊരു കനൽപ്പൊരിവീണിടുമ്പോൾ
വേനൽക്കുകാഞ്ഞ വിപിനം മുഴുവൻ ദഹിക്കും;
ഊനംവെടിഞ്ഞു നൃവരാഗമമക്കണക്കി-
ലാനല്പ പൌരരെ രണോത്സുകരാക്കിയെങ്ങും. ൩൭

ആ രാജഭക്തി കരളിൽപ്പെരുകുന്ന നായ-
ന്മാരാകെയന്നിമിഷമേ തദുപാന്തമെത്തി
പോരാടിടുന്നതിനു സജ്ജതപൂണ്ടുനിന്നു;
വൈരാകരാഷ്ട്രഗൃഹർ മാത്രമകന്നുവാണു. ൩൮

Digitized By Kerala Sahitya Akademi

മററുള്ള ക്രൂരരുമൊരുങ്ങിമുററയ്ക്കുവക്ക
പററുന്നമട്ടരിയെ വെന്നിളവീണ്ടെടുപ്പാൻ
മുററും കുതൂഹലമൊടെത്തി; നരേന്ദ്രന്റെ
ചുററും ക്ഷണത്തിലൊരു വൻപട യങ്ങു വാച്ചു. ൬൯

ആരാജവര്യസചിവാഗമനം നിമിത്തം
പാരാതെയന്നു മുകിലന്നു ഭയം വളൎന്നു;
ശ്രീരാമലക്ഷ്മണപയോനിധിലംഘനത്താൽ
ഘോരാശരാധിപതി രാവണനെന്നപോലെ. ൭൦

ശീയാന്നു പാൎപ്പിടമെടുത്തു പെട്ടം മണക്കാ-
ടായാലതത്രതരമല്ലിനിയെന്നു തോന്നി
കായാവനേല്പയൊടു ദക്ഷിണദിക്കുനോക്കി-
പ്പായാൻതുടങ്ങി പരമപ്പരദേയാധനാഥൻ. ൭൧

കൊല്ലക്കുടിക്കടയൊരാലയിൽ നട്ട കൊച്ചു-
മല്ലയ്യകുല്യമവനെത്തിയ ദിക്കിലെല്ലാം
പല്ലക്കിലുണ്ടരികിൽ വഞ്ചിവലാന്തകന്റെ
ചെല്ലക്കുമാരി, ശിവനേ! ശിവരാമരാ?! ൭൨

പാടുന്നു, പാഴനൊടുപോയ് പ്പകിടക്കളിക്ക-
ക്കൂടുന്നു, കൂത്തു പലതങ്ങനെ കാട്ടിടുന്നു;
തേടുന്നു പുഞ്ചിരി, നിനയ്ക്കുള്ള വാക്കുമുറക്കാ-
മ്പാടുന്നു, പെണ്ണു പണമുള്ളിടമെന്നതോൎത്തോ? ൭൩

സൂക്ഷിക്കുകിൽ കൊടിയതാമൊരു വാളരയ്ക്കു
ഭൂക്ഷിൽകുമാരികയണിഞ്ഞതു നോക്കു കാണാം;
വീക്ഷിക്കുമോളകറം പഴിക്കുകിൽ വീശുവാനോ?
സാക്ഷിക്കു ദൈവമിവനൊന്നുമറിഞ്ഞുകൂടാ. ൭൪

ഇതരഗതിലഭിക്കാഞ്ഞതന്തിന്നും താൻ തയാറായ്
ശിതമതിതിരുവട്ടാറെറത്തി യുദ്ധത്തിനായി
പൃതനയൊടു വസിച്ചാൻ; ശൂരനാം കേരളക്ഷ്മാ-
ശതമഖനമമന്ദം തത്ര താൻ യാത്രയായാൻ. ൭൫

പന്ത്രണ്ടാം സർഗ്ഗം സമാപ്തം.

Digitized By Kerala Sahitya Akademi

# പതിമ്മൂന്നാം സൎഗ്ഗം.

വിധുരതകലരാതെ കീൎത്തിയാകും
വിധുകലപൊങ്ങുമൊരാപ്പുരാൎണ്ണവത്തിൽ
മധുരിപു മഹനീയഭോഗനിദ്രാ-
മധുമൊഴിയോടൊരുമിച്ചു വാണിരുന്നു. ൧

പരിണതരുചി പൂണ്ടനന്തതല്പോ-
പരി വിധു ശാരദപാൎവ്വരാത്രിയിലെപ്പോൽ
പരിചൊടു ഫണരത്നതാരജാലം
പരിസരമാൎന്നു പരം ലസിച്ചിരുന്നു. ൨

അരിയൊരു നിജനാമമന്യനാൎന്നാ-
ലരിശമതിൽപ്പെട്ടമാറുമെന്നു കാട്ടി
അരികളുടെ വപുസ്സരിഞ്ഞിടുന്നോ-
രരിയരികത്തതിഥായ്ത്തെളിഞ്ഞിരുന്നു. ൩

തനതുകുലഗുണം വിടില്ല വമ്പൊ-
ട്ടനവധിവാശ്ശിലുമാരുമെന്നുകാട്ടി
കനമുടയൊരു പാഞ്ചജന്യമുക്കേ-
ന്തിന പുരുഷോത്തമനരചഹിച്ചിരുന്നു. ൪

പരപുരുഷനിലാശവിട്ടു നിത്യം
പരപുരുഷങ്കൽ നിലീനചിത്തയായി
പരമരുളിനലക്ഷ്മി ഭൎത്തൃസേവാ-
പര ഹരിപാൎശ്വമലങ്കരിച്ചിരുന്നു. ൫

പതിരിനഹി ശരിപ്പെട്ടും ഗരുത്മൽ-
പതിയുടെ പത്രയുഗം പതുക്കെനോക്കി
പതിവിനു ഭഗവൽപ്രശസ്തി വായി-
പ്പതിനു ജളപ്പെൎമാൎക്കുമൊത്തിരുന്നു. ൬

Digitized By Kerala Sahitya Akademi

ഗരുഡരഥഗളത്തിലുല്ലസിക്കു-
ന്നൊരു തുളസീദളമാലയോടുരുമ്മി
പൊരുളുടയൊരു പേരിയന്നു മോദം-
പെരുകിന ഗന്ധവഹൻ കളിച്ചിരുന്നു. ൭

കമലനയനനെസ്സദാ വണങ്ങും
സുമതികൾതൻ ഹൃദയങ്ങളെന്നപോലെ
അമലകനകദീപമൊട്ടനേകം
സമധികഭാസ്സോടു കത്തിനിന്നിരുന്നു. ൮

മഹി മലമിയലാത്തതാക്കുവോനാം-
മഹിമണിമഞ്ജുനെയേന്തിനില്ലുമൂലം
മഹിമയിലവിടം തമസ്സു സത്താം-
മഹിമകരാംശുകണക്കെററിവാണു. ൯

അവനിയുടെ മദത്തിനാണിവേരായ്,
ഭവഗദത്തിനു ഭദ്രമാം മരുന്നായ്,
ധ്രുവമവിടമനല്പമുല്ലസിച്ചു,
നവമരസത്തിനു നാട്യശാലപോലെ ൧൦

അജനമലനനന്തനാദിതേയ-
വ്രജനതനംബുജപത്രമൈത്രനേത്രൻ
ഭജനപരസുരദ്രു പത്മനാഭൻ,
സുജനസുഖത്തിനു ശുദ്ധസൂതിഗേഹം; ൧൧

ദിതിജഗള,മമരഭക്തദൈന്യം,
ക്ഷിതിഭര,മിന്ദിരതൻ നിസർഗ്ഗമാനം
പതിവിനിവയരുത്തു പന്തടിക്കു-
ന്നതിനുഴറുന്ന ചതുർഭുജങ്ങളോടും, ൧൨

ദ്യുതിയൊടു യമുനാതടത്തിൽ മിന്നും
മതികരമാർന്ന തമാലകാനനത്തെ
സ്മൃതികഥഗതമാക്കിടും സ്മിതപ്പാൽ-
ക്കതിരിൽവെളുത്ത കറുത്തമേനിയോടും, ൧൩

Digitized By Kerala Sahitya Akademi

ഭുവനനിഖിലകർമ്മസാക്ഷിയായും
കവലയമോദദമായുമേററമെച്ചം
ധ്രുവമിയലിനലോചനദ്വയത്തിൻ
നവകരുണാർദ്രകടാക്ഷമാലയോടും, ൧൪

കരിമുകിലിനെയാടിയിൽച്ചിലപ്പോൾ
പരിചൊടു ചുററിടുമന്തിവെയ്ലുപോലെ
അരിയൊരുതിരുമേനിമേൽ ചേർന്ന കാന്തി-
ത്തരിവിതറീടിന പീതചേലയോടും, ൧൫

ദിതിജരുടെയുരസ്സിലും ദിവൗകഃ-
പതിയുടെ മൌലിയിലും ദിനങ്ങൾതോറും
യതിവരഹൃദയത്തിലും കളിക്കു-
ന്നതിനണയുന്നൊരു തൃപ്പദങ്ങളോടും, ൧൬

ത്രയിയുടെ മുരടാം മുകുന്ദനവ്വീ-
ദയിതനുമുന്നിൽ വിളങ്ങി ദീനബന്ധു;
വെയിലിലിലകമുലഞ്ഞു വാനിൽനോക്കും
മയിലിനുമുന്നിൽ വലാഹകം കണക്കെ. (കുളകം) ൧൭

പെരുമഴയിൽ മലയിടുക്കിൽനിന്നും
വരുമരുവിക്കൊരു പൌനരുക്ത്യമേകി
തുരുതുരെ മിഴിരണ്ടിൽനിന്നുമപ്പോൾ
പുരുഷവരിഷ്ഠനു സമ്മദാശ്രു പാഞ്ഞു, ൧൮

എഴുതുവതിനു ഞാനശക്തനമ്മ-
ട്ടെഴുമൊരു ഭക്തിയിലുള്ളലിഞ്ഞ മന്നൻ
തൊഴുകരമൊടു താണു വീണു നിന്ന-
പ്പൊഴുതു മുകുന്ദനൊടിക്കണക്കുണർത്തി. ൧൯

“അരുമറയുമറിഞ്ഞിടാത്ത പാരിൻ
പെരുമുരടെന്നു പുകഴ്ത്തിടും പുരാനേ!
തിരുവടികളിയാടിടുന്ന കാൽത്താർ
കരുതിടുവോന്റെ ഹൃൽക്കളത്തിലെന്നും. ൨൦

Digitized By Kerala Sahitya Akademi

നളിനനയന! നീ, കിടാങ്ങൾ മുററ-
ങ്ങളിൽ വരിയായ് മണലപ്പമെന്നപോലെ
ക്ളിയൊടുലകിടങ്ങൾ തീർത്തു കാത്തുൾ-
ത്തളിരിൽ നിനച്ചു കണക്കഴിച്ചിടുന്നു. ൨൧

കതിരവനരുളുന്ന ചൂടമാററു-
ന്നതിനിടവത്തിൽ വരുന്ന കൊണ്ടൽ പോലെ
പതിവിനൊപ്പെടുമാടൽ പാരിനാററു-
ന്നതിനവിടുന്നുഴറുന്നിതപ്പൊഴപ്പോൾ. ൨൨

ഉലകിനു ഹിതിനാൽ തനിക്കുമുണ്ടാ-
മലഹൃതരശ്രുതിനാശമാശു തീർപ്പാൻ
കലയുടെ പൊരുളായ പോററി ശുദ്ധം
ജലനിലപൂണ്ടൊരു മത്സ്യമായതില്ലേ ? ൨൩

ഉരഗശയനനായ് ഇജ്ജഗന്മലത്തെ-
പ്പുരമൊഴിവാക്കിടുമങ്ങതിന്നുതന്നെ
ഉരഗയുതമലച്ചുമട്ടിലാശാ-
രമലമാമൊന്നൊരു കൂർമ്മമായതില്ലേ? ൨൪

യതികളുമറിയാത്ത ദിവ്യകോല-
സ്ഥിതിയെഴു,മങ്ങുലകിന്നു നന്മനൽകാൻ
ക്ഷിതിയിതിലതിനിന്ദ്യമായ കോല-
സ്ഥിതിയെ വഹിച്ചതു സുപ്രസിദ്ധമല്ലേ? ൨൫

ഉരപെരുമൊരുദേവരാജനും ത്വ-
ച്ചരണയുഗം തൊഴുമങ്ങു ശങ്കയെന്ന്യേ
ധരയുടെ ഹിതമോർത്തു തുച്ഛമാകും
നരമൃഗരാജതപോലുമാർന്നതില്ലേ? ൨൬

ബലികുലമണിയായ് ത്രിലോകി കൈതാ-
വലിയിലണച്ചിടുമങ്ങു നിസ്സഹനെപ്പോൾ
വലിയൊരു നിലവിട്ടു വൈരിയാകും
ബലിയൊടു മൂവടിമണ്ണിരന്നതില്ലേ? ൨൭

Digitized By Kerala Sahitya Akademi

ജയജയ ഭുജഭൃതധ്വമകേതോ!
ജയജയ നിർമ്മിതവാരിരാശിസേതോ!
ജയജയ വിവിധപ്രണാശഹേതോ!
ജയജയ കൃഷ്ണ! ഭവന്മഹത്ത്വമേതോ!! ൨൮

പലപല വടിവേന്തി നന്മ പാരി-
ന്നലമരുളും തിരുമേനിതൻ പ്രഭാവം
ഖലരിവരറിയുന്നതില്ല തെല്ലും
ജലനിധിനിന്മന്നത നെയ്യുറമ്പുപോലെ. ൨൯

ചുട്ടുകനൽമിഴിയൻ തുടങ്ങി മുന്നിൽ-
പ്പെട്ടുമിമയോരെവെറുത്ത തയ്യലാളെ
വിട്ടുപണി പണിവോർക്കു ചെയ്യതിന്നൻ-
പൊട്ടുമവിടുന്നു വീട്ടുന്നു വിട്ടതോറും. ൩൦

അടിയനടിപിഴച്ചു മുൽക്കൊടുങ്കാ-
റ്റടിയിലൊരാലില പോലെയാടിടുന്നു;
അടിമലരിണവിട്ടു താങ്ങലൊന്നി-
ല്ലടിയുമൊരററവുമററ തമ്പുരാനേ! ൩൧

മറുതല തലപൊക്കി വഞ്ചിരാജ്യം
പൊറുതികെടുന്നതു പോററി കാണ്മതില്ലേ?
ചെറുതൊരു തുണചെയ്കിടായ്കിലെല്ലാ-
മറുതിവരുന്നതിനല്പമല്ല യോഗം. ൩൨

കഴിവൊരുവക വിട്ടു പോയിടേണ്ടും
വഴിയറിയാതെ കുഴങ്ങിനിൽക്കുമെന്നെ
മിഴിമുനയിണകൊണ്ടു പോററി തെല്ലാ-
നുഴിയുകിൽ ഞാനടന്തുഴിയൊക്കെ വെല്ലും. ൩൩

തുണതിരുവടിയെങ്കിലെൻെറ വാളി-
ന്നിണ ഹരിതൻ ശതകോടി കൂടിയല്ല;
ക്ഷണമതുവെടികിൽപ്പവിക്കുണക്ക-
ത്തുണവുമറപ്പതെളുപ്പമല്ലൊരല്പം. ൩൪

Digitized By Kerala Sahitya Akademi

തിരുവടി കുലവില്ല, വില്ലെടുക്ക-
ന്നൊരുകര,മക്കരമാളുമാളു, മേനായ്
കരുതിട്ടമടിയന്റെ കൈയ്യുഗത്തി-
പ്പൊരുതുക വെല്ലുക പോററിതന്നെ പോരിൽ." ൩൫

നരപതി നരകാരിയായ ദാമോ-
ദരനെ നിനച്ചിതുപോൽ സ്തുതിച്ചനേരം
നിരവധിബലശാലിയായ് ഭവിച്ചാൻ
വരസുധയുണ്ട വലപ്രമാഥിപോലെ. ൩൬

ദിതിജരിപുകൃപാഭിധാനമാകും
ക്ഷതികലരാത്തൊരിരിമ്പുചട്ട മാർത്തി
ക്ഷിതിപതി രണഭൂവിലെത്തി കോടി-
ക്കതിരവർ തന്നൊളി പോംവഴിക്കു വീശി. ൩൭

പടരുമൊരരിശത്തൊടൊത്തു സേനാ-
പടലികൾ മത്സരബുദ്ധിപൂണ്ടു തമ്മിൽ
പടപൊരുതുവതിന്നുറച്ചുകേറി-
പ്പടഹമടിച്ചുമുഴക്കി പാരമപ്പോൾ. ൩൮

വളരുമൊരു മദത്തൊടൊത്ത ദന്താ-
വളനിരതൻ ചെവിയാട്ടിടുന്ന കാററാൽ
ഇളകിയപൊടി,യായതിന്റെദാന-
പ്രളയപയോനിധിപങ്കമായ്ച്ചമഞ്ഞു. ൩൯

ഗജപരിവൃഢപങ്ക്തി,കണ്ണുതാല-
വ്യജനപരമ്പരവീശിയെത്തിടുമ്പോൾ
നിജചിറകുകൾവീണ്ടുമാൻപുശൈല-
വ്രജമതിനയുംപടി ജിഷ്ണുയോധരോത്തു. ൪൦

തുരഗഖുരമടിച്ചുടിച്ചുയർത്തി-
സ്സുരപഥമോളമണഞ്ഞ രേണുജാലം
തരണികരശരംതറച്ചിടാതാൻ
ധരണിയണിഞ്ഞൊരു ചട്ടപോലെ തോന്നി. ൪൧

Digitized By Kerala Sahitya Akademi

ഒളിപെരുകിന വിണ്ണിലുള്ള പച്ച-
ക്കിളിമൊഴിമാർ പടകാണുവാൻ വരുമ്പോൾ
ഒളിവിനു പൊടിയെന്ന കൈതവത്താൽ
വെളിയടയിട്ടു വിദഗ്ദ്ധനാം സമീരൻ. ൪൨

വിയദബലകളെപ്പുണർന്നു വാഴ്‌വാൻ
നിയതമുറച്ചൊരു സാദികൾക്കുവേണ്ടി
ഹയതതി പൊടിയാൽ ക്ഷണം ചവിട്ടി-
ക്കയറുവതിന്നൊരു കോണിതീർത്തുവച്ചോ? ൪൩

ഇളകി രയമെഴും ഹയങ്ങൾ പായു-
ന്നള,വുയരുംപൊടി ചുററിലും പരക്കെ
ഇള ഭയമൊടു ഘോഷകേട്ടു മെയ്യിൽ-
പ്പുളകനിചോളമണിഞ്ഞ പോലെ തോന്നി. ൪൪

വിളിപെരുകിന വീരർ വില്ലിൽനിന്നും
മിളിതരയം വിടുമമ്പുകൊണ്ടിടായ്‌വാൻ
ഒളിവതിനുഴന്നു ഭാനു തങ്ക-
ത്തളികകണക്കു രജോർണ്ണവത്തിനുള്ളിൽ. ൪൫

അതിരഥർ കരിപങ്ക്തിയാം കരിങ്കൽ-
ത്തതിയിലിയററിന കോട്ടകൾക്കു മുന്നിൽ
കുതിരയുടെ കുളമ്പുകൊണ്ടു നിമ്ന-
ക്ഷിതികൾ കിടങ്ങുകളെന്നപോൽ വിളങ്ങി. ൪൬

കൊടിയ രഥകുലത്തിൽ മിന്നിനിൽക്കും
കൊടിമരമംബരമാക്രമിച്ചു വിണ്ണിൽ
കുടിലകചകൾനട്ട പാരിജാത-
ക്കൊടി പടരുന്നതിനുള്ളൊരാശ്രയകമ്പായ്. ൪൭

അമലതരമതിൽപ്പെട്ടും പതാകാ-
ത്തമനിരതട്ടിവരുന്ന മന്ദവായു
അമരസമുദയത്തെയഭ്രയാന-
ക്ലമമറുമാറു സപര്യചെയ്തു മേന്മേൽ. ൪൮

Digitized By Kerala Sahitya Akademi

ഉരപെരുകന്ന തേർ ചലിച്ചിടുമ്പോൾ-
പ്പുരമിളതാഴ്ത്തിന നേമിതൻ നിനാദം
നിരവധികപയോദഗർജ്ജിതംപോ-
ലുരഗമയം ബലിപത്തനത്തിൽ നല്കി. ൪൯

കഴൽ,പടഹ,മിടയ്ക്ക,കാളമോടും
തഴ,കുട,ചാമര,മാലവട്ടമോടും
അഴകുടയ ചമൂക്കളാജിഭൂവിൽ-
പ്പുഴകൾ കടൽക്കകമെന്നപോലെ പാഞ്ഞു. ൫൦

ത്വരിതമിഷു,ശതഘ്നി,ഭിണ്ഡിപാലം,
ചുരിക, ധനുസ്സ്, പരശ്വധം, കൃപാണം,
അരി,ഗദ,മുസലംതുടങ്ങിയോധ-
പ്പരിഷ ചലേതരമായുധങ്ങളേന്തി. ൫൧

ഇരുകരമരികത്തെഴുമ്പോൾ വേറി-
ട്ടൊരുപരിഘാത്തയജാഗളസ്തനം പോൽ
കരുതി,യതു വെടിഞ്ഞു കൈകൾ വീശി-
പ്പൊരുതിടുവാൻ ചിലയോധവീരർ പോന്നു. ൫൨

പടരുമരിശമാർന്നു പാഞ്ഞിടുമ്പോൾ
സ്ഫുടമുയരും ഭ്രുകുടിക്കു തുല്യമായി
ഭടപരിവൃഢർ കയ്യിൽമിന്നിടുന്നോ-
രുടമപെരുത്ത ശരാസനം വളച്ചു. ൫൩

പരമെഴുമരിശത്തിനാൽ സ്ഥലിംഗോൽ-
ക്കരമതിരുംപടി കാണുമക്ഷികോണം
കരമതിലിടുമാറു യോധർ കല്ലിൽ-
ത്ത്വരയൊടു തേച്ചിടുമമ്പു മൂർച്ചയേന്തി. ൫൪

അരിയൊരുമഷിയാൽത്തെളിഞ്ഞൊരോമൽ-
പ്പുരികഴലാളുടെ കൺകടയ്ക്കുനേരായ്
അരിവരനികരം ശരത്തിലഗ്രം
പരിചൊടു മൂക്കിന ബാണപങ്ക്തി തീർന്നു, ൫൫

Digitized By Kerala Sahitya Akademi

പടുഭടരുടെ നേർച്ചയാൽ വെളിച്ച-
പ്പെട്ടുമൊരു യുദ്ധപിശാചികോഗ്രമൂർത്തി
കടുതരമലറുന്നപോലെ ഘോഷ-
ത്തൊടു ചെറുഞാണൊലി ചുററിലുംമുഴങ്ങി. ൫൬

തരിതമുറയിൽനിന്നെടുത്തുയോധ-
പ്പരിഷയിളക്കിയ ഘോരഖഡ്ഗപങ്ക്തി
അരിമയൊടുമഴിച്ചുവച്ചൊരാജി-
ക്കരികുഴലാളുടെ കുന്തലെന്നുതോന്നി. ൫൭

മതിയിലതുലമായ് വളർന്നധൂളി-
ക്കൊതിയിൽ വെളിക്കു വിലം വെടിഞ്ഞുമേന്മേൽ
ഗതിയെഴുമൊരു കൃഷ്ണപന്നഗത്തിൻ
ദ്യുതി,യുറവിട്ട കൃപാണമേന്തിനിന്നു. ൫൮

അരിഹതി മറയാത്തമാറിടത്താൽ-
ശരിവരെനിന്നു തടുക്കുവാനുറയ്ക്കെ
പരിച കടകമെന്നമട്ടു യോധ-
ക്രിയകരത്തിനു ഭൂഷമാത്രമായി. ൫൯

ധരയൊരുപടി,യേന്തുകൊണ്ടുതൊട്ടാൽ
തരയൊടു താണഹിരാജനാടലേകം;
പരമിരുവിരലാൽച്ചുഴററിനാര-
പ്പരശുവെട്ടത്തു ഒടോഗ്ര്യരീക്കിൽപോലെ. ൬൦

ഉടമയൊ,ടെന്തുകയ്യിൽനിന്നു ചാടു-
ന്നടവിലരിക്കുളു കണ്ണിൽനിന്നു ചാട്ടം;
ഒടകരമതിലാക്കനെത്ത കുന്തം
സ്ഫുടമൊരുങ്ങിയ നായ്ക്കണയ്ക്കു പററി. ൬൧

വടിവൊടു വിധി തന്ന ശക്തി കൊല്ല-
ക്കടിയൊടു കൊള്ളുവതേവനെന്നു ചൊല്ലി
ചൊടിതടവിന യോധർ പാഞ്ഞു ബാണ-
പ്പടി നിജശക്തികരത്തിലേന്തിടാതെ. ൬൨

Digitized By Kerala Sahitya Akademi

അടർനിലമിഗർജ്ജിതത്തൊടപ്പോൾ-
കടതരഘോഷിതവേല്യമായിരിക്കെ
ഭടർ പടഹമടിച്ചു പണ്ടുപണ്ടേ-
നടപടി തെററരുതെന്നു വച്ചമാത്രം. ൩൩

ഒരു മനുജഹരിക്കുമംബുജാക്ഷൻ-
തിരുവടിയന്നവതാരമാർന്നിടാഞ്ഞും
ഉരുതരനരസിംഹനാദഘോഷം
തെരുതെരെയെങ്ങുമഭംഗമായ് മുഴങ്ങി. ൩൪

അവനിയിലഖിലസാക്ഷിമാക്കു ഗർ-
വ്വമരുളുന്ന കഠോരകംബുനാദം
നവസമിതിനന്താംഗിയിൽക്കൊതിക്കു-
ന്നവർ മധുവിൽപ്പികഗീതിപോലെ കേട്ടു. ൩൫

കനിവൊടു പുണരാൻവരും ജയശ്രീ-
വനിത ഭയത്തൊടു മാറിടാഞ്ഞതിന്നോ
തുനിവൊടു ചിലയോധരെത്തി യുദ്ധാ-
വനിയിലൊരായുധവും ധരിച്ചിടാതെ? ൩൬

അതിബലികൾ ഭടാഗ്ര്യർ പോക്കളത്തിൽ
ക്ഷതികലരാതൊരു മെയ്യിൽ ചട്ടപോലും
അതിനെ വിജയിയെന്നു ലോകരോതു-
ന്നതിനിടവന്നിടുമെന്നുവച്ചൊഴിച്ചു. ൩൭

എതിരിലെഴുമരിപ്പെണ്ണ്കതിയാകും
പുതിയശിലാവരണത്തിലെത്തി മേന്മേൽ
ധൃതിയൊടു തഴഘാതലീലചെയ്തു-
ന്നതിനു മുതിർന്നു മതംഗജാധിപന്മാർ. ൩൮

കരിവരരുടെ ക്രുത്തകൊ,മ്പെതിർപ്പോ-
രരിഭടർതൻ ശിലാതോററ മാറിടത്തിൽ
പരിണതകദലീഫലത്തിനുള്ളിൽ
ച്ഛുരിവരെ രാജതസൂചിപോലെ കേറി. ൩൯

Digitized By Kerala Sahitya Akademi

പ്രതിഭടതനുശോണിതത്തിൽ മുങ്ങി-
ട്ട്യുതി കരിതന്റെ രത്തിനൊന്നുമാറി,
പുതിയൊരു മഴനാളി,ലാത്തധാതു-
ക്ഷിതിധരനിഗ്ഗതനിഝ്ധരത്തിനൊപ്പം. ൬൦

ക്ഷണമതിനുടെ കൊമ്പു തുമ്പിനോളം
പിണനിരകൊണ്ടു നിറഞ്ഞുപോയിടുമ്പോൾ
ചുണയൊടത്തുവലിച്ചെടുപ്പതിന്നായ്-
ക്കണപധരോപരി വെച്ചു തേച്ചു ദന്തി. ൬൧

കരിഗളമുട്ടവിയന്ത്യഹസ്തമേന്തും
പെരിയകൊടിക്കരിബാണമേററ ഭംഗം
വരികിലുമത്തു തോന്നിടാത്തമട്ടിൽ-
ത്തരിതമുയന്നു തദീയദീഘപുച്ഛം. ൬൨

നിരവധി രിപുരോപമേററനേരം
ഭിരദശിരസ്സു വമിച്ച മൌക്തികാളി
പരഹതഭടരെപ്പുണന്നു പൊട്ടും
സുരവധുവിൻ കുചഹാരമെന്നു തോന്നി. ൬൩

ദൃതതരമിഭമസ്തകത്തിൽ നിന്നും
ക്ഷതജകണത്തെയുതിത്തിടും ശരങ്ങൾ
ചിതമൊടു ചെവിമൂലതന്നിൽവായ്ക്കും
പതകരികൾക്കു ചുവപ്പുചായമിട്ടു. ൬൪

നവരുധിരപടങ്ങൾമൂടുമാന-
ച്ചുവടുകളാം ഗജബന്ധിനീശ്മശാനത്തിൽ
ശിവശിവ! രിപുയോധകുഞ്ജരന്മാർ
ജവമൊടണഞ്ഞു മറിഞ്ഞടിച്ചു വീണു. ൬൫

അരികിലടിനായ് വരുന്ന യോധ-
പ്പുരിഷകളെക്കഴൽപൊക്കിയൂഴിമേലും,
കരി,യതിനുടെ പേരുതേച്ചു സേനാ-
പരിവൃഢർതൻമുഖപങ്ക്തിമേലു,മൊപ്പം ൬൬

Digitized By Kerala Sahitya Akademi

അമരിലരികളെജ്ജയിക്കവേ തൽ-
ക്ഷമയുടെ നാഥത തന്നധീശ്വരങ്കൽ
ശ്രമരഹിതമണഞ്ഞതോൎത്തു ചെയ്തു
വമഥുവിനാൽക്കരി മംഗലാഭിഷേകം. ൯

പടുതരയൊടു ഗജം ദ്വിഷൽബലത്തിൻ
നടുവിൽ വരാൻ കുതിരയ്ക്കു പാതവെട്ടി;
ചടുചടെ റയിലിന്നു പായുവാൻ വ-
മ്പൊടു മലകൾക്കകമിഞ്ചിനീയർപോലെ. ൧൦

ഉടമയൊടു ഹയം പുറത്തു കേറും
ഭടനൊടേറ്റൊടു വച്ച പന്തയത്തെ
അടവിൽ നിജകരസ്ഥമാക്കുവാനോ
പടനിലമെത്തി നിനയ്ക്കുതിന്നു മുന്നേ ? ൧൧

എതിരിൽവരുമരിക്കു തൻഖുരത്താൽ
ക്ഷതിയരുളി,ക്കടുഹേഷിതച്ഛലത്താൽ
കുതിരകൾ യജമാനർ കാഴ്ച കണ്ടാൽ
മതി,യിവർ പോരിന്നു പോരു,മെന്നുരച്ചു. ൧൨

അശനിസമശരാളിഘാതമേറ്റ-
റ്ററശരണമാം പിണമായ യോധദേഹം
ഭൃശമിളയൊടു ചേൎപ്പതിന്നു വജ്ര-
പ്പുശയുടെ ലീലയതിൻനിണം വഹിച്ചു. ൧൩

പരിസരമുഴറി വീണ യോധനെ തൻ-
കരി കരശീകരശീതളോപചാരം
ശരിവരെയരുളിത്തളച്ചുമാറ്റി-
ത്തിരിയെ രണത്തിനു ശക്തനാക്കി നിൎത്തി. ൧൪

അപരനു കരി കൎണ്ണതാലവൃന്തം
കൃപയിലിളക്കി,യസൃക്കൾ നൽകിയപ്പോൾ
ത്രപയൊടു കചശാടി നാകക്രമ്മ-
പ്രപകൾ വീണതു വീണ്ടുമിട്ടുമാറിൽ. ൧൫

Digitized By Kerala Sahitya Akademi

പരമൊരുവന തന്റെ മെയ്യുയൎത്തി-
ദ്വിരദവരൻ ബലമോടെറിഞ്ഞനേരം
സുരയുവതികൾ തൻ മുഖങ്ങൾ കാണ്മാൻ
തരമുള്ളവായി മരിപ്പതിന്നുമുന്നേ. ൮൪

പരനവനിയെയോ സുകീൎത്തിയെയോ
വിരവൊടു പുൽകിടുവാൻ തരപ്പെടാതെ
ദ്വിരദരദനിവിഷ്ടനായ് ത്രിശങ്കു-
സ്മരണമിയന്നു നടുക്കു ബുദ്ധിമുട്ടി. ൮൫

പരിചൊടു ഭടവീരർ കാൎമ്മുകത്തെ-
പ്പുരികമൊടൊത്തു വള,ച്ചതിങ്കൽനിന്നും
അരിതനുവിലയച്ചുമ,മ്പു വക്ഷ-
ജ്ജരിയമിഴിക്കുസമാനമായ്,ച്ചവന്നു. ൮൬

ഇട ശകലമിടാതെ വില്ലിൽനിന്നു-
ള്ളടയ നിഷംഗികൾ വിട്ടിടും ശരൌഘം
അടവൊടുമിരുകൈകനിലയച്ചു തമ്മിൽ-
ഘടനമിയററിയ കമ്പിപോലെ തോന്നി. ൮൭

ശരമിഷുധിയിൽനിന്നെടുപ്പതും തൽ-
പരമതുവില്ലിലണച്ചതും ധരിപ്പാൻ
പരനയനമശക്തമായ് പ്രയോഗ-
ത്വരയിൽ മഹാത്ഭുതജാലവിദ്യയിൽപ്പോൽ. ൮൮

ഒരുവനരിഹയവ്രജത്തെ വെട്ടി-
ത്തെരുതെരെ വീൎത്തികൃപാണപാണിയായി,
അരുണജനുടെ കിങ്കരൎക്കു ശീഘ്രം
വരുവതിനേകിയ വാഹനങ്ങൾ പോലെ. ൮൯

ഒരുഭടനൊരുഘോരകുഞ്ജരത്തി-
ന്നിരുകരവും കഴലും മുറിച്ചു ശീഘ്രം
വിരുതൊടു കതിനസ്തു തീ കൊളുത്തും
പുരുഷനൊടൊപ്പമകന്നു വാങ്ങിനിന്നു. ൯൦

Digitized By Kerala Sahitya Akademi

ഇതരഭടനടക്കളത്തിലൊററ-
ക്ഷതവുമെഴാത്ത തനിക്കു ദൃഷ്ടിദോഷം
ബത! വരുവതൊഴിപ്പതിന്നു വേണ്ടി-
ദ്രുതമധരം രദനങ്ങളാൽ മുറിച്ചു. ൪൧

ഘൃണയെഴുമപരൻ ദ്വിഷൽപൃഷൽക്ക-
വ്രണഗതരക്തകണവ്രജത്തെ നൂനം
ക്ഷണമരികൾ പഠിപ്പതിന്നു തൻമെയ്-
ക്കിണലിപിമേൽ മഷിയിട്ടപോൽ നിനച്ചു. ൪൨

പരനൊരുവനരാതിതൻതനുത്രം
നിരവധി കീറി,യതിൻ വളർക്ഷതൂലം
ത്വരയൊടു നിജകീർത്തിപോലെ വിശ്വം-
ഭരയിലടിച്ചുപരത്തി നാലുപാടും. ൪൩

അടരിട്ടമപരൻെറ മെയ്യിലത്യുൽ-
കടശരമൊന്നുമശേഷമേററതില്ല;
സ്ഫുടതരമൊരുപുത്തനായ ശില-
ക്കുടയുടെമേൽ മഴവെള്ളമെന്നപോലെ· ൪൪

പരനൊരുവനുരസ്സിലേററൊരമ്പാൽ
മരണമണഞ്ഞുമവൻെറ വാജിയിന്മേൽ
പരമസി കടിഞ്ഞാണിവററയേന്തും
കരമൊടു മേവി സജീവനെന്നപോലെ, ൪൫

കുതുകമൊടു യമൻ മറച്ചതാം ത-
ന്നതുലഹയത്തിനെ വീണ്ടുകൊൾവതിന്നോ
ചതുരനൊരുഭടാഗ്ര്യനശ്വമേധ-
ക്രതുതുരഗരോസ്സിലുമോടിയെത്തി പിൻപോ? ൪൬

പരനരിയുടെ നെഞ്ചു ജീവനെന്യേ
സുരതരുണീപ്രണയം തനിച്ചു താങ്ങാൻ
സരഭസമവതൻ ഗതാഗതാർത്ഥം
ശരമുനകൊണ്ടതിൽ വാതിലൊന്നു തീർത്തു. ൪൭

Digitized By Kerala Sahitya Akademi

തെരുതെരെയെതിരാളിമാരയച്ചു-
ന്നൊരു ഖഗപങ്ക്തിയൊടുള്ള ചേർച്ചമൂലം
ഒരുമയൊടുയരെപ്പറന്നുപോവാൻ
വിരുതു വിശ്രുംഖലമായസൃക്കൾനേടി. ൯൮

എതിരിലണയുവോൎക്കു വാനിലേറു-
ന്നതിനു ശരാസമെളുപ്പമേററമേകി;
പതിവിനു ഗുണി നൂനമാൎമ്മുഖൈച്ചെ-
യ്തിയരുളുന്നു സമക്ഷമന്നിടുമ്പോൾ. ൯൯

ഉരുവിലൊരിഷു പാഞ്ഞിടുമ്പൊഴെന്തി-
ന്നിരുതരമാശുഗമായതിങ്കലെന്നായ്
കരുതി,യതിഥിയെത്തനിച്ചുവാഴ്കെ-
ന്നരുളി വെളിക്കു കടന്നു ജീവവായു. ൧൦൦

തൊലി, കുടൽ, വപ, യസ്ഥി, മജ്ജ, ഗുന്മാ-
വലി തല കൈ കരൾ കാ,ലസൃക്കു മാംസം
കലിതരസമിവററപൂണ്ടു കാണായ്
കലികളിയാടിന കാശ്യപീവിഭാഗം. ൧൦൧

തരുണികൾ ദിവി സംഭരിച്ചുവച്ചു-
ള്ളൊരു ഹരിചന്ദനമാല തീരുവോളം
അരുളുണമിഷു തന്റെ യോധനെന്നായ്-
ക്കരുതി നിഷംഗമഭംഗമായ് വിളങ്ങി. ൧൦൨

കതുകമൊടു തനിക്കൊരൊററയമ്പേൽ-
പ്പതുമെളുതല്ലതുകൊണ്ടുരസ്സതന്മേൽ
അതുലപരിഭവംകലൎന്നു മററം
മതുക ഒടക്കുവിരിഞ്ഞുനെപ്പഴിച്ചു. ൧൦൩

നിണമുടലിൽ മുഴുക്കെയാൎന്നു മിന്നൻ-
പ്പിണരൊളിപൂണ്ടൊരു വാളിളക്കി യോധർ
ചുണയൊടരികൾശിര,സ്സിരമ്മദത്തി-
ന്നിണപെടുമൊച്ചയൊടൊത്തു വീഴ്ത്തി മന്നിൽ. ൧൦൪

Digitized By Kerala Sahitya Akademi

അടർത്തുടരുമിടയ്ക്കുമുന്നിൽനിൽക്കും
ഭടർ മൃതരായൊരുകാഴ്ച പിന്നിൽനിൽപോർ
പടനടുവിലവർക്കു കൈക്കലായോ-
രിടമേകതാരിൽ നിനയ്ക്കയാൽ സഹിച്ചു. ൧൦൩

ജയമുടയ ഭടൻെറയല്ല, വാന-
ക്കയൽമിഴിയാളുടെ, കൈകൾതാൻ കഴച്ചു;
നിയതമവനിലല്ല വാച്ചതന്ത-
ർഭയമിളതാങ്ങിന സപ്പ്രരാട്ടിലത്രേ. ൧൦൪

അടരിട്ടമിനജന്മ മണ്ഡലയോടാ-
മുടമപെരുത്തൊരു വീരപാണപാത്രം
സ്ഫുടമരുളി വിശിഷ്ടരക്തമദ്യം
ഭടരതിൻഉള്ളിൽ നിറച്ചൊഴിച്ചുവച്ചു. ൧൦൫

ഇരുവശവുമിളച്ചിടാതിവണ്ണം
തെരുതെരെ യോധരെയാജിദേവതയ്ക്കായ്
തിരുതകൃതിയിൽ മത്സരിച്ചു തമ്മിൽ-
ക്കരുതികൊട്ടത്തു ഭടാഗ്ര്യർ ഘോരഘോരം. ൧൦൬

എരിയുമൊരു കടുത്ത കാട്ടുതീയിൽ-
ക്കരിയിലകൾക്കസമം രണാങ്കണത്തിൽ
കരിഹയരഥപത്തിയുക്തസൈന്യം
വരിവരിയായ് വളരെപ്പതിച്ചൊടുങ്ങി. ൧൦൭

കൊടിയൊരു പടയിത്തരത്തിലെത്തും
പിടിയുമെഴാതെ കുറക്കഴിഞ്ഞശേഷം
ഇടിവു പുരളിതൻപതിക്കു പറവും
പടി ചില കാഴ്ചകൾ കാണുവാൻതുടങ്ങി. ൧൦൮

അധികമകമുലഞ്ഞു ശക്തിപോരാ-
ഞ്ഞധിസമരാവനി നിന്ന തൻബലത്തെ
വിധിവിധുരത പാർത്തുമബ്ബലാംഭോ-
നിധിപ്പൂവരൻ വ്യസനം പെടാതെ കണ്ടു. ൧൦൯

Digitized By Kerala Sahitya Akademi

വെടിയുമിന്നപാററിടാതെ മുന്നിൽ-
ച്ചെന്നാടിയൊടു ചാടിന കാട്ടുപോത്തുപോലെ
ഞൊടിയിടയിലിളാധിപൻെറനേരേ
പടിമപെട്ടും മുകിലൻ കുതിച്ചിടുന്നു. ൧൧൨

അശനിഹൃദയനാമവൻെറ പാതി-
ശ്ശശധരചിഹ്നാമിയന്ന വൈജയന്തി
ഭൃശമരിയുടെയൽകീൎത്തിയെത്തൻ
വശഗതമാക്കിയപോലെ മിന്നിടുന്നു. ൧൧൩

പിടിമുതൽ മുനയോളവും നിണത്തിൽ
ത്ധടിതി കുളിപ്പതിനാശപൂണ്ട ഖഡ്ഗം
തടിയനവനിളക്കിടുന്നു മേന്മേൽ-
ക്കൊടിയൊരു പേയുടെ നീണ്ട നാക്കുപോലെ. ൧൧൪

മഴയിലണയടിച്ചുടച്ചപായും
പുഴയൊടു തുല്യമവൻെറ ഘോരസൈന്യം
അഴകിലെതിരിടുന്നു മുന്നിൽ മുന്നിൽ-
ക്കഴലുകറവച്ചു; തടുക്കുവോൻ പരേതൻ. ൧൧൫

ദവദഹനനെ നേക്കുകണ്ടു പിന്നിൽ-
ജ്ജവമൊടു മാറുമിളമ്മൃഗാളിപോലെ
അവനെയരികിലന്നു നോക്കിയന്ത്യോ!
നൃവരബലം പുറകോട്ടു നിങ്ങിടുന്നു. ൧൧൬

പലതരമശുഭങ്ങൾകണ്ടുമബ്ഭ്ര-
വലമഥനന്നു മനസ്സിടിഞ്ഞിതില്ല;
ജ്വലമുഴവനിളക്കിടുന്ന കാററും
ചലദലമൂലമുലച്ചിടുന്നതുണ്ടോ? ൧൧൭

സ്ഫുടമേകമലർ ദൈവചിന്തയെന്ന്യേ
ചുടലനിലപ്പെടി ശൂന്യശൂന്യമേതോ,
നടനമവിടെയാണു ഭീതിശങ്കാ-
പടലികകപ്പു ഭൂതപാളിപോലെ. ൧൧൮

Digitized By Kerala Sahitya Akademi

ഒരുമനമഖിലേശഭക്തിയെന്നു-
ള്ളരുവി നനച്ചു ഫലിച്ചിടാത്തതേതോ,
മരുവതിലഴൽവേനലിൻെറ ചൂടി-
ന്നൊരുപൊഴുതും ശമനം വരുന്നതല്ല. ൧൯

ചരമചരമശേഷമുള്ളിലേന്തും
പരപുമാനൊരു പർവ്വതംകണക്കേ
പരമരുളിടുമന്തരംഗമാളും
നരവരനെങ്ങനെയെന്തിനായ് ച്ചലിപ്പൂ? ൨൦

ക്ഷിതിധവനൊരുറച്ചകട്ടിലോഷ-
പ്രതിമകണക്കു തനിച്ചു പോക്കളത്തിൽ
മതി ധൃതിയൊടു നിന്നുകൊണ്ടു ലക്ഷ്മീ-
പതിയുടെ കാൽത്തളിരുറംത്തടത്തിലോർത്തു. ൨൧

ശിവശിവശിവനേ! മഹാത്ഭുതത്തി-
ന്നവധിയിതെന്നു പുകഴ്ത്തിടേണ്ടമട്ടിൽ
നവമഹിതമഹേന്ദ്രജാലമൊന്ന-
ബ്ഭുവനപതിക്കവൃ പുറത്തെടുത്തുകാട്ടി. ൨൨

പാ,രോജസ്സുബലംതുടങ്ങിയവതൻ
കൈക്കുമ്പിൽനില്ക്കുന്നതാ-
യോരോവിഭൂതികളോതിടുന്നതു വെറും
ലാക്കററ ഭോഷ്ക്കല്ലയോ?
നേരോർത്താൽ സകലേശ്വരൻ വിലസുമീ-
ലോകം പതിന്നാലിനും
വേരോടാൻ തറ'നീതി'യെന്നറിയണം
സത്തുക്കറം നിസ്തർക്കമായ്. ൨൩

പതിമ്മൂന്നാം സർഗ്ഗം സമാപ്തം.

Digitized By Kerala Sahitya Akademi

# പതിന്നാലാം സർഗ്ഗം.

വാട്ടംവിട്ടൊരു ജയലക്ഷ്മിതൻ കടക്കൺ-
നോട്ടത്തിന്നരി വിഷയീഭവിച്ചിടായ്വാൻ
രാട്ടർത്ഥിച്ചുളുവിൽ വിളങ്ങി വൻകടന്നൽ-
ക്കൂട്ടത്തിൻ കൗതുകമിയന്ന കൂടിയാട്ടം. ൧

കാലാഗ്നിക്കുടയ കണങ്ങൾ, ഘോര സാക്ഷാൽ
കാലാരിക്കനൽമിഴിതൻ കിടാങ്ങളെന്നായ്
കാലായം പെട്ടമരിമാത്രമല്ലവൻതൻ
കാലാളും കരിതുരഗങ്ങളും കലങ്ങി. ൨

കാടാരാൽക്കട്ടകളവെങ്ങുമില്ല കാണ്മാൻ;
കൂടാളും തരുനിരകൂടിയും കഴപ്പും;
വാടാതിപ്പൊഴുതു കടന്നൽ വന്നുചേർന്നാ-
ച്ചൂടാക്കും ചുണയൊടണഞ്ഞതെന്തു മായം? ൩

പട്ടാളത്തിനു മുകളിൽപ്പിടിച്ചു മഞ്ഞ-
പ്പട്ടാടിപ്പരമിളമേൽപ്പതിപ്പതെന്നായ്
പട്ടാങ്ങിൽപ്പലരുമുറച്ചിട്ടംവിധാ കീഴ്-
പ്പട്ടാരാൽ പതഗകുലം പരന്നു പാഞ്ഞു. ൪

ഉള്ളനും ഭടരുടെ ജീവദീപയഷ്ടി-
ക്കൊള്ളയ്ക്കായ്ക്കോടിയ കടന്നലൊട്ടനേകം
കള്ളംവിട്ടടനടി പാഞ്ഞു ഗോഷ്പദത്തിൻ
വെള്ളത്തിന്നകമനലാസ്ത്രമെന്നപോലെ. ൫

വക്കാണിപ്പതിനുവരും ഭടന്റെ ജീവൻ
മുക്കാലും മുടിവതിനുള്ള മൂലമന്ത്രം
ധിക്കാരത്തൊടുമവയുച്ചരിച്ചിടും മ-
ട്ടക്കാലം ചിറകടിതൻ രവം വളർത്തി. ൬

Digitized By Kerala Sahitya Akademi

ചാപം,വേൽ,പരശ്ശു,മുസ്സൃണ്ഠി,ഭിണ്ഡിപാലം,
രോപം,വാരം,മുതലെഴുമായുധങ്ങളൊന്നും
ഹാ! പററാതവയൊടു തുല്യവന്ധ്യമാകും
കോപം പൂണ്ടരിനിര കററിപോലെ നിന്നു. ൭

കങ്കാളംവരെ മുറിവേററുമാറു കേറി-
ക്കണ്ണ്, കാൽ, കൈ, തല, ചെവി, തൊട്ടമെയ്യിലെങ്ങും
വൻകാലപ്രണിധികളും വണ്ണങ്ങിടേണ്ടും
ഹുങ്കാരപ്പറവകൾ ക്രൂത്തടിച്ചു മററും. ൮

ആരോമൽക്കമലസുമത്തിൽ വണ്ടുപോലെ-
ന്നോരോരോ രിപുതനുവിങ്കലും കരേറി
ആ രോഷംകരകവിയും കടന്നൽ മേന്മേൽ-
ച്ചോരോലും മധുസമമായ് നിണം കുടിച്ചു. ൯

നാമബ്ധിത്തിരകളെ വേണമെങ്കിലെണ്ണാ-
മീമന്നിൽപ്പെട്ടുമുപലങ്ങളേയുമെണ്ണാം;
വ്യോമത്തിൽത്തെളിയുമുഡുക്കളേയുമെണ്ണാ,-
മാമട്ടല്ലവയുടെ സംഖ്യയററമില്ല. ൧൦

കട്ടിത്തംപെടുമൊരു പെട്ടിവിട്ടു ചുററും-
പൊട്ടിപ്പാഞ്ഞിടുമെലിവാണമെന്നപോലെ
മട്ടിൽപ്പെട്ടരിനിരയമ്പരന്നു മാറും-
മട്ടിൽ തടചരടകൾ പാഞ്ഞു നാലുപാടും. ൧൧

കാട്ടാനെന്തൊരുവകയുള്ളു? കണ്ണിൽവീണാൽ-
ക്കാട്ടാനത്തലവനുമക്കിടപ്പുതന്നെ;
കൂട്ടാക്കാതരിയെ, യഴിച്ചുവിട്ട ക്രൂരൻ
കൂട്ടാസ്സാണൊരു മുകിലന്നുമുള്ളലഞ്ഞു. ൧൨

"പത്തിക്കോപ്പുടയൊരു പാമ്പിനാലുമീയെൻ
പത്തിക്കോപ്പുളവിടിവെച്ചുവാൻ പ്രയാസം;
കത്തിക്കും കടുകനകർക്കമെന്തു കാട്ടാം?
കത്തിക്കുന്നിതു കഠിനം കടന്നലഗ്നം. ൧൩

Digitized By Kerala Sahitya Akademi

പോരാടുന്നതിനു പൊരുത്തമില്ല; മാറി-
പ്പോരാനായ് മുതിരുകിൽ വിട്ടിടുന്നുമില്ല;
പോരാ, മെയ്യുയിരിവ വേർപെടുന്ന ദിക്കായ്;
പോരാസ്ഥപ്പെട്ടവഴി കാൺക, പോക്കുമുട്ടി. ൧൪

ഈയയാമ്പുററകളൊടു തോററുവെന്നു വന്നാം-
ലീ യാൾക്കെന്തിനിയൊരു മേന്മയുള്ളു മന്നിൽ?
പോയാൽപ്പോയ് പുക,ളുയിരെങ്കിലും കിടപ്പും-
നായാസപ്പെടണ്ണ,മിരുന്നു കാലുനീട്ടാം. ൧൫

നായാട്ടും നഖമിയലുന്ന പോരുമായാൽ-
ക്കൈയായ്, കൈയണിവൊരു ഖഡ്ഗമാ,യെതിപ്പോർ
ത്തുയാസത്തൊടകലത്തുമാറിയെൻ പേ-
രായാമിന്ദ്രനകകരാവഭാതമാക്കം. ൧൬

ആമട്ടല്ലടവിതു, നിന്നു കൈ ിരുമ്മാ-
നാമല്ലാതൊരു കഴിവാക്കമില്ലശേഷം;
ഛാമന്ദം ചെവിയൊരുകട്ടുറുമ്പു തൊട്ടാൽ-
ക്കേമത്തം പെട്ടവൊരു കൊമ്പനും കുഴങ്ങും. ൧൭

ചാരേ വന്നൊരുകൊതു സഞ്ചരിക്കിലാരും
നേരെ തൻവലതുചെകിട്ടിൽ വച്ചു കാച്ചും;
പാരേവം പണിതയു;മുല്ലുനം ചിലപ്പോൾ-
പ്പേരേന്തും പെരിയവനെക്കുഴക്കിലാക്കാം. ൧൮

മാലല്പം മനസിവരേണ്ട; മന്ത്രമാണി-
ക്കാലത്തിൽക്കളവൊടു കാഫറിന്നു കയ്യാൾ;
ഓലപ്പാമ്പിനു ശിശുവിൻ കണക്കു മന്നിൽ-
ബ്ബാലനും ഭയമരുളാൻ പ്രയാസമല്ലോ.'' ൧൯

മോടിക്കിത്തരമവനോത്തു ക്രൂരരോടായ്-
പ്പേടിക്കേണ്ടിതു പതിർ ശുദ്ധപിത്തലാട്ടം,
താടിക്കാരിവിടെയുമുണ്ടു മന്ത്രമോതാ,-
നോടിച്ചെന്നരികളെ വെൽവിനെന്നു ചൊന്നാൻ. ൨൦

Digitized By Kerala Sahitya Akademi

ചൊന്നാലെന്തൊരു ഫല,മദ്ദ്രവാഗ്നിചുററും
വന്നാളുന്നളവു നടുക്കഴലും ഫണീന്ദ്രർ
ഒന്നായ് വെന്തുയിർ കളകെന്നിയേ, കടിപ്പാൻ
സന്നാഹംതുടരുവതല്ല സമ്പ്രദായം. ൨൧

ഹാ! കഷ്ടം പെരികെ വിളഞ്ഞു തോടുപൊട്ടി-
പ്പാകംവന്നെഴുമൊരു മാതളമ്പഴംപോൽ
ആകമ്രാ വിലസിന യോധമെയ്യുശിച്ചു-
ന്നാകണ്ണും പറവകൾ തൽപിപാസതീൎത്തു. ൨൨

ഓട്ടം ചെററുടനെ തിരിഞ്ഞു നിൽക്കു,മല്പം
ചാട്ടം, വീണുരുളു,മനന്തരം കറങ്ങും,
ആട്ടം; തൽഭടതതി പേപിടിച്ചമട്ടും-
ച്ചുട്ടററട്ടിശി പലഗോഷ്ഠി കാട്ടിയേവം. ൨൩

ശ്രീമത്താമൊരുപുരചൂ,ട്ടതിന്നു ചുററും
കാമംപാഞ്ഞിട്ടമരിശംതികഞ്ഞവൻപോൽ
രോമക്കാൽമുഴുവനരിക്കു രക്തമാന്നാ
ഭീമതപത്തൊട്ടു പതംഗങ്ങൾ പാഞ്ഞുപിൻപും. ൨൪

മുത്തിന്നായ് മുഴുകിടുവോനു കയ്യിൽ മീനൊ-
ന്നെത്തിക്കൊണ്ടിടുകിലതെത്ര മുത്തുനൽകും?
ഏത്തിങ്കൽപ്പെട്ടുമുയിർവിട്ടു ചോരകണ്ടാൽ-
ക്കത്തിക്കെൽപ്പുടയ കടന്നൽ തൃപ്തമാമോ? ൨൫

ഇപ്പാരിൽക്കണ്ണ മലർപോലെ മുററുമെല്പാൻ
കെല്പാളും ഭടരുടെ നെഞ്ഞിൽനിന്നു രക്തം
തപ്പാതന്നരുവികണക്കു പാഞ്ഞു മേന്മേൽ;
അപ്പാറപ്പുറവുമുരുക്കളിക്കടങ്ങും. ൨൬

ഓതാനില്ലധിക,മവററ തീൎത്ത നവ്യ
ശ്രീതാവും വിപുലതയുള്ള വാതിലൂടെ
സ്ഫീതാന്തൎമ്മദമെഴുമബ്ഭടക്കു മെയ്യ് വി-
ട്ടേതാനും ഞൊടിയിടകൊണ്ടസൂക്കൾ പാഞ്ഞു. ൨൭

Digitized By Kerala Sahitya Akademi

തന്നിഷ്ടൻശിഖിയെ നവാവതാരവാനായ്
മുന്നിൽ കണ്ടുളവു മുതിൻറ മുത്തുകൊണ്ടോ
ചിന്നിപ്പോം രുധിരമൊടായ് വിയോഗദുഃഖം
വന്നിട്ടോ വെളിയിലണഞ്ഞു ജീവവായു? ൨൮

കത്തിസ്സത്തഖിലമെടുത്ത പിൻപു കെല്പോ-
ട്ടെത്തിത്തീന്നൊരു രിപുമൂത്തി, വെപ്പുകാരൻ
മൂത്തിന്മേൽ പ്രഥമനു പാൽപിഴിഞ്ഞ തേങ്ങ-
ക്കൊത്തിട്ടീടിന പടി, യക്കടന്നലിട്ടു. ൨൯

ആക്കംപൂണ്ടരിയകടന്നലേവമേററം
തൂക്കംകാണ്മൊരു കുണപൌഘമൊട്ടനേകം
നീക്കംവിട്ടരുളി, മഹോത്സവത്തെ നായ്ക്കും
കാക്കയ്ക്കും കഴുകനുമുള്ളനും വളത്തി. ൩൦

ഊക്കിൽപ്പെരുതായ ഭടാഗ്ര്യരെക്കൊടുങ്കാ-
റേറൽക്കിൽപ്പെട്ടിടുമൊരു നാട്ടുമാമ്പഴംപോൽ
നോക്കിക്കണ്ടൊരു മുകിലാഖ്യപൂണ്ട മൂർഖൻ
മൂക്കിൽ കൈവിരലുകൾ മുററുമന്നു തള്ളി. ൩൧

നാനാസ്ത്രങ്ങളിൽ നവശിക്ഷയാർന്നു സാക്ഷാൽ
സേനാനിക്കെതിർവിരുതാളുമപ്പുമാനും
ആ നാളിൽ കറവതിയായ് കടന്നൽ നൽകീ,
വാനാററിൻമകനു പുരാ ശിഖണ്ഡിപോലെ, ൩൨

കൂട്ടർക്കുള്ളൊരു വിധികണ്ടു ദൂരെമാറാ-
നേട്ടത്തം പെരുകിന പുള്ളി കാലുയത്തി;
വാട്ടംവിട്ടുയിർ നിലനിത്തുവാൻ കൊതിപ്പോ-
നോട്ടം താനൊട്ടുവിലൊരാപ്തബന്ധു പോരിൽ. ൩൩

വമ്പൻ തൻപതിയൊരു കാന്ദിശീകനായി-
ത്തമ്പത്തെററൊരു തുണവിട്ടു മണ്ടിടുമ്പോൾ
കമ്പംപൂണ്ടവനുടെ കൂട്ടരും കടന്നാർ;
കൊമ്പൻ പോയതുവഴി മോഴകൾക്കുമല്ലോ. ൩൪

Digitized By Kerala Sahitya Akademi

കണ്ടാലും കനമിയലുന്ന കൈത്തിറത്തെ-
ക്കൊണ്ടാക്കം കൊടിയൊരു കോട്ടമേകി വൎണ്ണോൻ
പണ്ടാരപ്പടി ഗതികെട്ടു വാടിയോടി-
ത്തിണ്ടാടിത്തിരിവു,തിതാണു ദൈവയോഗം. ൩൫

ഭാവംപോയ് ഭയമൊടുപാഞ്ഞു ശാത്രവന്മാ-
രേവം പോമളവവരെത്തടുത്തുമുന്നിൽ
ദൈവംപോൽ വിലസിന പോൎത്തുഗീസ് ധുൎയ്യ-
ഷ്ഠവെമ്പൻ പട പടഹം മുഴക്കി നിന്നു. ൩൬

മട്ടേറെപ്പരവശരെയൊന്നു ചേൎത്തു താനരം-
പ്പെട്ടേക്കാം സമിതിയിലെന്നുറച്ചു തന്നെ
തച്ചിട്ടേന്തും മുനി രസമാത്മബന്ധുതന്നരം-
ത്തട്ടേലുന്നതിനു കടക്കയായിരുന്നു. ൩൭

പിന്നിൽത്തീ, ശിവശിവ! മുന്നിൽ വെള്ളം,മോടാൻ
കുന്നിക്കും പഴുതുപെടാത്ത ഗോക്കൾപോലെ
അന്നിമ്മട്ടരിയൊരു സൈന്യയുഗ്മമദ്ധ്യം
തന്നിൽപ്പെട്ടരിഭടർ നല്ല ഞെരുക്കു ഞെരുങ്ങി. ൩൮

തള്ളിച്ചുഷ്കുടവുള്ളവാം മഹമ്മദീയ-
പ്പുള്ളിക്കാരുടെയുടൽ വാണിയന്റെ ചക്കിൽ
എള്ളിൻമട്ടരസി,യസൃക്കരം സേവനാഴി-
ക്കള്ളിൽപ്പെട്ടിടുമരിമാവുപോലെ ചോന്നു. ൩൯

ക്രൂരപ്പാമ്പിളകിവരുന്നതാം വിലത്തിൻ
ദ്വാരത്തിൽ തരയൊടുവച്ച കല്ലുപോലെ
ഘോരഭടീട് തടിനിയെയദ്രിപോൽതടുത്തോ-
രാരമ്യപ്രഭനവഹ്ലണസേന തിന്നു. ൪൦

നട്ടുച്ചയ്ക്കുരിവെയിലിൽശ്ശിലാതലത്തിൽ
പ്പെട്ട,ട്ടറോരുയിർകളയുന്ന മുട്ടപോലെ
ഒട്ടം പോംവഴിയറിയാതെ ചുററിടും ഹ-
ത്തട്ടുരക്കൊ,ണ്ടരിനിര ചത്തുചത്തൊടുങ്ങി. ൪൧

Digitized By Kerala Sahitya Akademi

പാകമ്പോൽപ്പിറകിൽ നൃപൻെറ സേന, മുന്നിൽ-
പ്പാകടച്ചിഡ്ഢലമൊടിടഞ്ഞ ഹൂണസൈന്യം,
ശ്രീകണ്ഠാർജ്ജുനരുടെ ബാണയുഗ്മമേൽക്കും
മൂകൻപോലരിചമു രണ്ടിനും നടുക്കായ്. ൪൨

രോഷിക്കേണ്ടധിക,മിനാത്മജൻെറ രാജ്യം
പോഷിപ്പിപ്പതിനരിപങ്ക്തി പോയിമേന്മേൽ;
വാഷിങ്ടൺ വടിവൊടു കത്തിനിൽക്കിലുണ്ടോ
ശേഷിക്കുന്നതു സവിധത്തിലന്ധകാരം? ൪൩

ആപ്ലിംഗദ്യുതിപതഗങ്ങളോട്ടമെല്ലാൻ
കോപ്പില്ലാത്തവരെ മുറയ്ക്കു പേയ്ക്കു രക്തം
കാപ്പിക്കാംപടി പരർ മെയ്ഞെരിച്ചു ദന്ത-
ച്ചീപ്പിൽപ്പെട്ടിട്ടമൊത്ത പേൻകണക്കു കൊന്നാർ. ൪൪

ഓരോമട്ടനുചരരോടിയും ഫലിക്കാ-
ഞ്ഞാരോമൽത്തനു കളയുന്ന കാഴ്ചകാട്ടി
താരോളം മുകിലനിൽവാച്ച ദർപ്പവൃക്ഷം
വേരോടും പിഴുതു വിധിപ്രചണ്ഡവാതം. ൪൫

കല്പത്തിൽക്കമലവിലോചനൻ കിടക്കും
തല്പംപോൽ ശിവശിവ! താൻ തനിച്ചു മുറവും
കെല്പററഗ്ഗഹനപരാജ്ഞവത്തിൽ നിൽക്കും
നില്പമ്പോ! നിരുപമ,മാക്കു നോക്കിടാവൂ? ൪൬

മുററും ഏത്തളിരിൽ നിരാശനായി മൂഢൻ
ചുററും തന്മിഴികളെ വട്ടമിട്ടിടമ്പോൾ
ഉററങ്ങോർ മുടിവതൊട്ടുക്കുമുള്ളിനേററം
പററും തദ്രിപുഗണമാപ്ത്താശു കണ്ടാൻ. ൪൭

വൈവർണ്ണ്യം വദനമിയന്നു, വമ്പുമാറി-
പ്പാവം ഹാ! പരർചുഴലും പടക്കളത്തിൽ
ദൈവത്തിൻ ദയ ലഭിയാഞ്ഞു ദീനനായ്നി-
ന്നിവണ്ണം പലതുമകക്കുരുന്നിലോർത്തു. ൪൮

Digitized By Kerala Sahitya Akademi

“അയ്യോ! ഞാനപകടമേ, മറിഞ്ഞുകണ്ടിൽ;
കൈയോട്ടം കയറു കഴുത്തിലിട്ടു കള്ളർ;
വയ്യോർത്താൽ വരുവതു വാസ്തവം പൊറുപ്പാൻ;
മെയ്യോടില്ലുയിരിനി മേൽപ്പൊരുത്തമേതും. ൪൯

തോററില്ലെന്നൊരു ഗുണമുണ്ടു മെയ്‌രണത്തിൽ-
പ്പോററിക്കൊൾവതിനഴറാതെ ചത്തു വീണാൽ;
കാററിൽ ഭീ കരിയില പൂണ്ടു പാഞ്ഞൊട്ടുക്കം
മാററിത്തം പെട്ടമൊരു തീയിലോ പതിച്ചു? ൫൦

ചേണററവരെല്ലാരു മമ സോദരെസ്സമീപം
കാണുന്നില്ലവരുടെ നാശനം മറഞ്ഞു;
ആണുങ്ങൾക്കഹഹ! പൊളിച്ചപന്തലിൽനൽ-
ത്തൂണുണ്ടോ പിഴുതു നിലത്തിടാൻ ഞെരുക്കം? ൫൧

മാറാതെൻ ചിലവിനു തങ്കമുട്ടനൽകും
താറാവിൻ വയറു തുരന്നു നോക്കിട്ടും ഞാൻ
ആറാളുള്ളൊരു ഭരയാം പശാചു തീണ്ടി-
ക്കൂറാളും വിധിയെ വിരോധിയാക്കിയല്ലോ. ൫൨

ധാരാളം ധരണിലഭിച്ചുമാശതെല്ലും
തീരാഞ്ഞാൽ ദൃഢമിതുതാൻ കലാശമാകും;
പാരാകിൽ ശരി, യതുവിട്ടലത്തിനില്പാൻ
വാരാശിക്കകമണവോൻ കുടിച്ചുചാകും. ൫൩

വാട്ടംവിട്ടഹഹ! വളത്തിവന്നൊരാട്ടിൻ-
ക്കൂട്ടത്തെക്കൊടിയ കശാപ്പുകാരനായി
ഒട്ടത്തം പെട്ടുമുടമസ്ഥനേകിടുമ്പോൾ
രാട്ടയ്യോ! ഉടരെ മുതിക്ക വിട്ടിടാമോ? ൫൪

തക്കം വിട്ടുന്ത ചരരെപ്പടയ്ക്കുവിട്ടോ-
രിക്കന്നന്നിയലുമിളപ്പമററ പാപം
മക്കത്തും പരമതിനപ്പുറത്തുപോല്ലു
പൊക്കം പോയ്ക്കഴകകിൽ മാഞ്ഞിട്ടുന്നകാൎയ്യം. ൫൫

Digitized By Kerala Sahitya Akademi

പററുന്നില്ലവേവുകളൊന്നു,മുള്ള മാനം
വിററുണ്ണേണ്ടൊരു നില വന്നുകൂടി, മേലാൽ
മുററും ഹാ! മുകിലനെ മുഗ്ദ്ധബുദ്ധിയെന്നായ്
മററുള്ളോർ മഹിയിലുരയ്ക്കിലെന്തബദ്ധം? ൰൩

കോഴിക്കുഞ്ഞതഹിയുടെ കൂട്ടിനുള്ളിൽ വീണാൽ-
ക്കേഴിക്കുന്നതിനതു നോക്കിടുന്നനോളം
ചൂഴിൽക്കാണ്മൊരു ഭടർ ചുററുപാടുമെന്മേൽ
വീഴിക്കുന്നളവുടൽ വിണ്ടു കീറിടുന്നു. ൰൪

വല്ലാതെൻതല തിരിയുന്നു, കണ്ണുമങ്ങീ-
ട്ടെല്ലാം കൂരിരുളിൽ മറഞ്ഞു മാഞ്ഞിടുന്നു.
അല്ലാവേ! മതിമതി ജീവനോടെയെന്നെ-
ക്കൊല്ലാ”യ്യെന്നവനരചെയ്തു താഴെ വീണു. ൰൫

ആണും താൻ ശിവശിവ! പെണ്ണുമല്ല ശുദ്ധം
തൂണും തേററിടുമൊരനക്കമററ മട്ടിൽ
കാണുമ്പോൾക്കറകലരുന്ന കൂട്ടർ കൂടി-
ക്കേണും കൊണ്ടരികിൽ വരുംവിധം കിടന്നു. ൰൬

ആയിപ്പോയ് കഥ, മുകിലൻ പെരുത്തൊരത്തൽ-
ത്തീയിൽ തന്നുടലെരിചെയ്തുവെന്നു കാണ്മോർ
സ്ഥായിക്കോപ്പുളവിലിലെക്ട്രിസിററി മെയ്യിൽ-
പ്പായിച്ചാൽപ്പടിയെഴുനേററു പാപി വീണ്ടും. ൰൭

മോഹത്താൽക്കുരുവിജയത്തിനോർത്തു പത്മ-
വ്യൂഹത്തിൽ കയറിന പാർത്ഥപുത്രനെപ്പോൽ
ദേഹത്തെശ്ശമനനഴിഞ്ഞുവയ്ക്കിലും സ-
ന്ദേഹംവിട്ടവനെഴുനേററതെന്തിനാവോ? ൰൮

രണ്ടസ്സൽച്ചുരികവിളങ്ങിടുന്ന തൻകൈ-
ത്തണ്ടമ്പിൽ തെരുതെരെയോങ്ങി രണ്ടുപാടും,
തുണ്ടംവച്ചരികളെ, നേർക്കു തോക്കുവിട്ടോ-
രണ്ടയ്യൊരാളുടനൊരു പാച്ചിൽ പാഞ്ഞു വീരൻ. ൰൯

Digitized By Kerala Sahitya Akademi

ധ്വന്താവിൻ മൂർത്തതൻ കൊമ്പിലേററിമണ്ടും
വന്താളുകൾപ്രതിയെമത്തയുദ്ധനാഥൻ
എന്താകും നിലപഥികക്കതിന്റെ മട്ടിൽ
സന്താപം രിപുപ്രതനയ്ക്കുവൻ വളർത്തി. ൩൧

വാട്ടംവിട്ടലറിവരുന്ന വൻനിണക്കെ-
ട്ടാട്ടത്തിൽച്ചെറിയ കിടാങ്ങളിൽക്കണക്കെ
ഓട്ടംപൂണ്ടെതിരിലണഞ്ഞിടും മുസൽമാൻ
ക്രൂട്ടത്തോടരികളിലേകി രോമഹർഷം. ൩൨

വെട്ടീടും ചുരികകൾ ശീഘ്രിയുള്ളമാക്കും
മട്ടീടും ബലമിയലും മഹമ്മദീയൻ
പൊട്ടീടും കനൽമലതൻപ്രവാഹമാടൽ-
പ്പെട്ടീടും പടി തടവററു നേർപ്പാഞ്ഞു. ൩൩

പേരമ്പും ഹരിതഹയത്തിലിന്ദ്രജാല-
ക്കാരൻ പാഞ്ഞിട്ടകിലതളുതപ്പെടാതെ
ആരമ്പോ! തടയ്യ,മതിൻകണക്കേ കാണ്മോർ
വീരൻ പോം വിജയമിഴിച്ചു നോക്കിനിന്നു. ൩൪

സഞ്ചായപ്പരിഷ മഹാവനത്തിലാദ്യം
സഞ്ചാരത്തിൻ വഴി വെട്ടിടുന്നമട്ടിൽ
അഞ്ചാതുള്ളരിചമൂവിൻ നടുക്കക്രൂടി-
ത്തൻചാട്ടം തരമൊടു ചെയ്തു ധൈര്യശാലി. ൩൫

തുമിന്നൽക്കൊടിയുടെ ലീലകാട്ടിയപ്പോൾ
ഭ്രമിത്തട്ടധി മതസ്തൻ കണക്കെ,
നാമിമ്മട്ടെഴുതുവതിന്നു മുൻപി,ലാരും
കാമിക്കും കരബലമോടവൻ കടന്നു. ൩൬

ഹാ! തന്മെയ് നടുവിൽമുറിഞ്ഞു രണ്ടുതുണ്ടാ-
യാതങ്കപ്പെട്ടമഹി ചെററിഴഞ്ഞുപോയാൽ
ഏതററംവരെയിഴയും? വരട്ടെയന്തം
ഹ്രീതങ്കെണ്ടിതിലിതി ഭൂപയോധർ ചൊന്നാർ. ൩൭

Digitized By Kerala Sahitya Akademi

ഒന്നായ്നാമൊരുമിപ്പവിൻെറ പിമ്പു പാഞ്ഞാൽ
നന്നാവി,ല്ലനുചരരൊക്കെ നിൽക്ക;'വേഗാൽ
ഇന്നാമെ മുകിലനെ വെന്നു ബന്ദിയാക്കാ-
മെന്നാരാൽ ക്ഷിതിപതി കേരളാഖ്യനോതി. ൭൦

മൌനത്താലനുമതി ക്രൂരർ നൽകിയപ്പോ-
ളാനന്ദത്തൊടു പുരളീമഹീമഹേന്ദ്രൻ
ഉന്നം വിട്ടുഴറി മുയൽക്കിടാവുതൻപി-
മ്പേനംകണ്ടിളകിന വംശകദ്രുപോലെ. ൭൧

വമ്പാളും നൃപതി വരൊല്ലയെന്നുരച്ചും,
തമ്പാൾപം തടവുപെടാതെ കാത്തുകൊൾവാൻ
അമ്പാമ്മാറകമതിലാൻറു പിന്തുടന്നാർ
തമ്പാൻറം തരമൊടു ധൈര്യമുള്ള സായ്പും. ൭൨

ആവമ്പക്കുടയ ഹയങ്ങളെജ്ജയിപ്പാൻ
ദൈവം തൽപദയുഗളിക്കു വേഗമേകി
വൈവശ്യം വളരുകിലും നിനച്ചകാര്യം
കൈവന്നാപ്രഭു ശിബിരത്തിനുള്ളിലെത്തി. ൭൩

കൊന്നാലും ശരി കതകാരുമേതുറക്കെ-
ല്ലെന്നായ് തൽഭടരൊരുപത്തുപേരൊടോതി
തന്നാശച്ചെടിയിലെഴും ഫലം പറിപ്പാൻ
ചെന്നാനക്കുടിലനകത്തു ദൈന്യമെന്ന്യേ. ൭൪

വേഗത്തിലാക്കതകടച്ചതിദുഷ്ടദൈവ-
യോഗത്തിനാലുമകതാർ തെളിയാത്ത പാപി
ഭോഗത്തിലാശയൊടു പാഞ്ഞു, വിടക്കനെങ്ങ-
രോഗത്തിനന്തകനൊഴിഞ്ഞൊരു വൈദ്യനുണ്ടോ? ൭൫

പതിനൊന്നാം സർഗ്ഗം സമാപ്തം.

———:o:———

Digitized By Kerala Sahitya Akademi

# പതിനഞ്ചാം സർഗ്ഗം.

തികവുററ ദുഷ്ടനൊത്തമട്ട കൈകനില-
യ്ക്കകമെത്തിയോടി മുറിയൊന്നിലേറവേ
പികവാണിയുണ്ടതിലിരിപ്പൊരോമലാൾ
പുകയാൽകറുത്ത പുത്തുപൊൻവിളക്കുപോൽ. ൧

കലയാന കേറിയിളതാമുലട്ടിതൻ
കലയെക്കണക്കു, മലർവാടികാന്തരാൽ
കലവധ്വരാതി മുകിലൻ ഹരിച്ചൊരാ-
കലഹത്തെഴുന്ന നൃപപുത്രിയാണവൾ. ൨

മുറയൊന്നുമററ മുകിലന്നു ക്ഷുദ്ധമ
പറയുന്ന സാധു പശ്ചുപാലധീനയായ്,
പറയുന്നതെന്തു, ചിറകററുവീണിട്ടും
പറവയ്ക്കു തുല്യമവൾ പാട്ടു പെട്ടതേ. ൩

ബലിയെന്നുമെച്ചിലിലയെന്നുമുള്ളതാം
വലിയോരു ഭേദ,മുരുവാം വിശപ്പിനാൽ
കലികൊണ്ടു നായ്ക്കു കരുതാൻ നടക്കുമോ?
ബലികൾക്കു നീതി സമയത്തിനൊത്തപോൽ. ൪

അതിയായ്ക്കിഴിഞ്ഞു നിലവിട്ടിരിക്കിലും
സതിയപ്പുമാനെ നിരസിച്ചു കേവലം;
കൊതി ബാലരേന്തുകിലുമബ്ധിജാതയാം
മതിലേഖ വാനൊഴികെ മന്നിലെത്തുമോ? ൫

‘വഴിയും പുളിപ്പിളതി,ചൊട്ടുമാങ്ങയും
വഴിപോലിനിപ്പതിനു പാകമാകണം,
കഴിയില്ല ഞെക്കുവതിനെന്നുവച്ചു മാൻ-
മിഴിയിൽ ബലാൽകൃതി തുടർന്നതില്ലവൻ. ൬

Digitized By Kerala Sahitya Akademi

"വരപഞ്ജരത്തിലമരും കപോതിക-
ക്കുരമാശ വാനിലണവാൻ മുഴക്കിലും
ചിരകാലമാകിലതുവിട്ടു തീനിടും
നരനോടിണങ്ങു,മതുപോലെ താൻ വധു. ൭

ഹരിണാക്ഷികൾക്കു ധൃതിയേതു? സീതയാൽ
പരിഭ്രുതിപണ്ടൊരുവനാൎന്നതൊട്ടുമേ
ശരിയല്ല,തല്ല ശരിയെങ്കി,ലായവ-
ന്നരി നൽകിയില്ല മതിയാംവരെത്തരം. ൮

ഇതുപോലെ മന്നിലിണചേക്കുവാൻ മിടു-
ക്കൊരുദ്ധതനില്ല സമയത്തിനെന്നപോൽ;
ഉതകാൎയ്യമെന്നു ചിലവാസരങ്ങളെ-
ക്കരുതാത്തവന്നു കരലബ്ധമൊക്കെയും. ൯

അഴൽവിട്ടു സിംഹിയുമൊരെച്ചിൽനായപോൽ
കഴൽക്കൂപ്പിടുന്ന കളി കാട്ടിടും പുമാൻ
ഉഴലേണ്ട; കൊപ്പമണയുന്ന കൊമ്പനും
പഴകുന്നതുണ്ടു; പിടി പിന്നെയെന്തുവാൻ?" ൧൦

ഹൃദി ചിന്തയിങ്ങനെ കലൎന്നു മേൽവരും
സുദിനത്തെയോൎത്തതിനു കാത്തിരിക്കുവോൻ
മുദിതൻ മുറയ്ക്കു പഴകാനിരിപ്പതാം
മദിരപ്പടിക്കവളെ വിട്ടു മാറിനാൻ. ൧൧

ചിലനാള,മല്ല പലമാസവും, മുറ-
യ്ക്കുലകിൻക്രമത്തിനു കഴിഞ്ഞു മേൽക്കുമേൽ;
ഫലമേതുമില്ല; കിളി പൂത്തുനില്പതാ-
മിലവിൽക്കൊതിക്കുകിൽ വിശപ്പടങ്ങുമോ? ൧൨

"കയറോട്ട ഹന്ത! കിണറിന്റെപാലവും
നിയമേന ചേൎന്നു കുഴിയുന്നതില്ലയോ?
കയൽവാൎമിഴിക്കു ലവമില്ല നിമ്നതാ-
ക്ഷയമംബുധിക്കു ശരി കാലശക്തിയാൽ. ൧൩

Digitized By Kerala Sahitya Akademi

ഗതികെട്ടിരുന്നു പുരികം നരക്കിലും
ക്ഷിതിയിൽപ്പുരന്റെ കൊതി തീൎത്തിടാത്തവരാം
സതിയല്ല, മൃക്ഷ മുറിവാക്കിയും മുറ-
ക്കതിരാമ്പിതന്റെ ശകുനം മുടക്കുവോരാം. ൰൪

ഹരിണേക്ഷണയ്ക്കു രസമെന്നിൽ മേൽക്കുമേൽ
വരികില്ലതല്ല വിരസത്വവും വരും;
ഗിരിവിട്ടു വാൎദ്ധിവഴിപോയ നിൎദ്ധനം
തിരിയെക്കടന്നു ഗിരിയിൽ കരേറുമോ? ൰൫

അതിനാൽ സുമാംഗിയിവളൊത്തു ഞാൻ ഹാ-
ദ്രതിതാൻ—വരുന്നതുവരട്ടെ—ചെയ്തിടും;
അതിനെന്തു? പട്ടിണികിടന്നു ചാകിലും
മതിയെന്നുവച്ചു കവരാതിരിപ്പതാർ? ൰൬

വഴിപോലെ മന്നനരുളീട്ടു വാഴ്കിലും,
വഴിമേൽപ്പിടിച്ചുപറിയിൽക്കിടയ്ക്കിലും,
വഴിരണ്ടുമൊന്നു; പണമൊന്നിനെങ്ങുമി-
ന്നഴിയുന്ന കാശൊരരുപത്തിനാലുതാൻ. ൰൭

അരചൻ ചൊടിച്ചു കഴവേററുമെന്ന ഭീ-
പരമുള്ള സാധു നടകൊണ്ടിടും വഴി
നരപാലർവന്നു കരമേകുവോന്റെ യ,-
ല്ലരഗപ്പിടിക്കു ഗരുഡൻ പരിക്കുമോ? ൰൮

ഉടലുള്ളനേരമൊരുവന്നുമെന്റെ കൈ
തടവാൻ ഞെരുക്ക,മതു നോക്കിയാൽ മതി;
ഉടൽവിട്ടു നിൽക്കുമുയിരെന്നുമില്ലതി-
ന്നിടമെന്തു,മുണ്ടു പലപക്ഷഗൂഢിയിൽ. ൰൯

ഒരുവേള മൎമ്മവി പറയുന്നതൊക്കയും
പൊരുളെങ്കിലാട്ടെ; യതുമൂലവും ക്ഷയം
പെരുതില്ല; വൎത്തകനു തന്റെ കൈയിൽവ-
ന്നൊരുകാശു കോടി കടിയിൽക്കിടപ്പതാം. ൨൰

Digitized By Kerala Sahitya Akademi

നവമുണ്ടു നാകനരകങ്ങൾ ചത്തിട്ട-
ന്നവനെന്നു ലോകർ പറയുന്നുവെങ്കിലും
ഇവൾചേരുമസ്ഥലി സുരലോകമാണെനി-
ക്കിവൾചേർന്നിടാത്തൊരിടംതന്നെ നാരകം. ൧൦

ശരിയായ് നടപ്പതിനു കൂലി ദൈവറിത-
ന്നരികത്തൊടുക്കമണയുന്നതല്ലയോ?
ശരികേടുകൊണ്ടതുടനേലഭിപ്പതായ്
വരികിൽക്കുറുക്കുവഴി മററതല്ലയോ? ൧൧

പുണരാം പിടിച്ചു ബലമായൊരിക്കൽ, നൽ-
പ്രണയംവരാനതൊരുപായമാകുമാം;
ഘൃണയോടു കല്യപണിവോൻ്റെമുന്നിൽ വ-
ന്നണയുന്നു ദുരെയൊഴുകും സ്രവന്തിയും. ൧൨

മതിതന്നിലേവമവനാന്ന നിശ്ചയം,
സതിയോടുചെന്നു, സമിതിക്കു മുന്നമേ
അതിപാപിയോതി ഭയലേശമെന്നിയേ;
കൊതിയന്മാർകൾക്കെങ്ങു സദസദ്വിവേചനം? ൧൩

പ്രളയപ്രചണ്ഡപവനങ്കൽ മുററുമാ-
ലിലപോലതിങ്കൽ വിറപൂണ്ടിടേണ്ടവൾ
നിലയിങ്കൽനിന്നു ധൃതിയാന്നു മന്ദനാം
മലയാനിലങ്കൽ മലയെന്നപോലവെ. ൧൪

ഉരചെയ്തുതാനു "മിതുനല്ലജാതി, യി-
ത്തരമുള്ളിൽ മോഹമവിടേയ്ക്കിരിപ്പതായ്
നരനാഥ! ലേശമറിയാതെ പോയൊരെൻ
കരൾ കഷ്ടമേതു കളിമണ്ണിൽ വാൎത്തതോ? ൧൫

അനുരാഗഭാരദൃഢതാപരീക്ഷണ-
ത്തിനു ഞാൻ തുനിഞ്ഞതല്ലവററ സാഹസം;
മിന്നസംവരാത്ത മണിയെന്നപോലെ ഞാൻ
മനോജാരികെയന്തുമുരച്ചു നോക്കിനേൻ. ൧൬

Digitized By Kerala Sahitya Akademi

ചിലരിക്കിൽ വേണമതു,മൊട്ടയൌവനം
തുലയുന്നനേരമിളമാൻചലാക്ഷിയെ
ഫലമാംഹരിച്ചുപിറകുള്ള വാഴതൻ
കുലപോലെ ദൂരെയെറിയുന്നു കാമുകൻ. ൨൮

മലരുന്ന പൂക്കളും പലമട്ടു തിങ്ങിടും
മലർവാടിപുക്കു മണമേന്തിയപ്പുറം
മലയാനിലൻപടി കടന്നുപോയിടും
മലമററ മങ്കകളെ വിട്ടു മന്നവർ. ൨൯

അതിലുംവിശേഷമധികം, മഹമ്മദ-
ക്ഷിതിപാലകൾക്കു തരുണീചതുഷ്ടയം
പതിവാ,ണിതൊക്കെ നിരൂപിച്ചു സാധു ഞാൻ
കൊതിവച്ചു പൂട്ടിയകമാമറയ്ക്കകം. ൩൦

ബുധനാം ഭവാന്റെ സഹധർമ്മിണീപദം
മുധയെന്നു മന്നിലൊരു മുഗ്ദ്ധയോർക്കുമോ?
ക്ഷുധകൊണ്ടു ചാകുമൊരുവന്റെ വായിൽ നൽ-
സുധവന്നുവീഴ്കിലതു തുപ്പിനിൽക്കുമോ? ൩൧

വിളികൊള്ളുമങ്ങു പരമെന്റെമേനിയോ
കളിവിട്ടുറച്ചു ബലമായ് പുണർന്നിടാൻ?
കിളിവാതിലൂടെയിരവിൽക്കടന്നിടും
കുളിർതെന്നലോടുമിനിയാം ബലാൽകൃതി. ൩൨

മതി മുഗ്ദ്ധവാർത്ത; ബലമുള്ളതന്യർ വ-
ന്നെതിരിട്ടിടുമ്പൊഴുപയുക്തമാക്കിടാം;
ഇതിലേക്കെടുത്തു കളയേണ്ടതൊട്ടുമേ;
ചതിയററടിക്കിലടയാളമെന്തിനോ?” ൩൩

അഴൽവിട്ടിവണ്ണമരുളുന്നൊരാമുകിൽ-
ക്കുഴലാളെനോക്കി “മതി,പോരുമോമനേ!
പിഴ നീ പൊറുക്ക;നകരാതെ ചിസ്തിഞാൻ
കുഴൽ തേനെടുത്തു കഴുകാൻതുടങ്ങിനേൻ. ൩൪

Digitized By Kerala Sahitya Akademi

പെറി നീയിരിക്കെയിവനന്യനാരിയിൽ-
ക്കുറി ദൃഷ്ടിദോഷപരിഹാരമൊന്നിനാം;
മറിമാൻചലാക്ഷി! ശരറാന്തൽകത്തിടും
മുറിയാകെ ദീപശിഖയാൽ വിളക്കിടും? ൩൫

മടവാരെനിക്കു ചിലരുണ്ടു,ണ്ടവററ നിൻ
മടവേലചെയ്യു,മതുപോരയെങ്കിലോ
മടവോയിലുമ്മ മലിനാംബുപോലെ ഞാൻ
മടൽകൊണ്ടു കുത്തി മറയത്തുതള്ളിടാം. ൩൬

മരിയാദയററ വിടനാകിലും ദൃഢം
പിരിയാതെ നിന്നൊടനിശം രമിച്ചിടും;
ശരിയായ മദ്യമരികിൽ പെട്ടന്നനാം
കിരിയാത്തുവെള്ളമൊരുവൻ കുടിക്കുമോ? ൩൭

ജവമോടുപുൽകിടുക, വേണ്ട താമസം
ലവലേശ"മെന്നു മദനാർത്തിഹേതുവാൽ
അവനോതിയപ്പൊഴരചെയ്തുപിന്നെയും
നവനീതഗാത്രിയനനീതിപൂർവമായ്. ൩൮

"സുമവാടിതന്നിലിവരം നോററുവന്നതാ-
മമലവ്രതത്തിനവസാനമെത്തണം,
സുമതേ! കുറഞ്ഞതൊരുമണ്ഡലംവരെ-
ക്ഷമവേണമെന്നുമതിനപ്പുറം രസം." ൩൯

ഖലനോതിവീണ്ടു"മതിനെന്തു,വെന്നു ഞാൻ
മലനാ,ടതിന്നു ചിലചട്ടമൊക്കയും
നലമോടുനൽകി; ഭൃശമെന്നെവെൽകയാ-
ലലസാക്ഷിനീയുമതുപോലെ കാട്ടിടാം, ൪൦

ശരി,യെങ്കിലാട്ടെയതുക്രൂടി"യെന്നവൻ
പരിചിൽപ്പറഞ്ഞു പകവിട്ടുപോകവേ
ഹരിണാക്ഷി പാർത്തു കഴവേറിടേണ്ടനാ-
ളരികത്തുനിന്നു കുറെ നീണ്ട ബന്ദിപോൽ. ൪൧

Digitized By Kerala Sahitya Akademi

അതിൻമുമ്പിലാണുപടവെന്നുചേർന്നതും
സതിയപ്പുമാന്റെ ശിബിരത്തിലായതും;
അതിലും വിശേഷമൊരുമണ്ഡലം മുഴ-
പ്പതിനമ്മ നാളുമതുതന്നെ കാണുവിൻ.                ൪൨

പതിവായ് സുമാംഗി പരമുള്ള പാതിമെയ്
പതിയോടു വാങ്ങിയ ഭവാനിയിൽദൃഢം
പതിയിച്ചു;മർത്ത്യർ ഭവസാഗരംകട-
പ്പതിനംബ! നിന്റെ പദപങ്കജം പ്ലവം.                ൪൩

ഇടയിൽപ്പെടുന്ന കഥയിത്രമാത്രമാം-
തടമോർത്തുകൊണ്ടിനി മഹന്മതീയനെ
സ്ഫുടമാശു കൈനിലയിലെത്തി നമ്മളാം പിൻ-
തുടരാം;വരട്ടെ പിറകേ നൃപാലകൻ.                ൪൪

അകളങ്കമായ മുകുരത്തിലെന്നപോ-
ലകമേ വിളങ്ങുമഗജാപദങ്ങളിൽ
പകലും നിദാനമിരവും നൃപന്റെ ന-
ന്മകളാം ചേർപ്പതുണ്ടു നതിയാം സുമാഞ്ജലി.                ൪൫

കളവാന്ന പാപി കരൾകാഞ്ഞകത്തുപു-
ക്കളവും മറയ്ക്കു പരചിന്തയെന്നിയേ
കളവാണി കാലരിപുകാന്തതന്നഘം-
കളയും പദങ്ങൾ കരുതുന്നു കാണുവിൻ.                ൪൬

പുറവാതിൽപൂട്ടി മിഴിയാംവിളക്കുതൻ-
നിറയുന്ന രശ്മി ഹൃദയത്തിലേക്കവൾ
മറപോലെത്തിരിച്ചു വിലസുന്നു കഷ്ടകൻ
തിറമായ്നിലത്തിനകമാററുനീരുപോൽ.                ൪൭

വിഷമിപ്പതിന്നു കഴിയാത്തമട്ടെഴും
വിഷമങ്ങളൊന്നുമറിയുന്നതില്ലവൾ;
വിഷഭംഗിലാസിനി വിളങ്ങിടുംവിധൌ
വിഷയാന്തരത്തെ വിലവയ്ക്കുമോ മനം?                ൪൮

Digitized By Kerala Sahitya Akademi

ഇരുകൈകൾകൂപ്പി മിഴിമൂടിയോമന-
ത്തിരുവൈവെച്ചുമാന്ന ഭഗവാൻെറ ദേവിയെ
കരുതുന്നചിത്ത,മിതരാംഗമൊക്കയും
മരുവുന്നു തീരെ മരവിച്ചമാതിരി. ൧൯

പരമേവമന്നു പടവീട്ടിൽ വാണിടും
പരപുഷ്ടവാണിയുടെ കാഴ്ചയാൽക്ഷണം
വരമന്ത്രമോതി വിഷഹാരി കെട്ടിയോ-
രുരഗംകണക്കു മുകിലൻ പകച്ചുപോയ്. ൨൦

ധൃതി വീണ്ടുമാൻറു ഖലനോതി: "തങ്കമേ!
മതിനിഷ്ഠ! വന്നു സവിധത്തിൽ വല്ലഭൻ;
സ്തുതിവാക്കിനൊന്നുമിടയില്ല, കൺമിഴി-
പ്പതിനാണപേക്ഷ; കളയൊല്ല കാൽക്ഷണം. ൨൧

ഒരുകണ്ണു കത്തിമുനകൊണ്ടു കുത്തുകിൽ-
ത്തരുമുള്ളിലുള്ള കളിർനീർ കരിക്കുകൾ;
ഒരുമട്ടു കാമിയഴലുള്ളിനേകകിൽ-
ത്തരുണീജനത്തിനവനോടുമിഷ്ടമാം. ൨൨

പുഴ നീ, വരട്ടെ, മതി പിട്ടു, വല്ലതും
കഴുവേറിടട്ടെ, വിടുകില്ല തെല്ലു ഞാൻ;
പഴതേ കഴിഞ്ഞ ദിവസങ്ങൾ പോട്ടെ,യി-
പ്പൊഴുതെങ്കിലും പിറവി സാർത്ഥമാക്കുവൻ. ൨൩

മൃതിപുല്ല്; പിന്നെയരിയേവനും വധി-
പ്പതിലല്ലലില്ലലവ"മെന്നുരച്ചവൻ,
സതിതൻെറമുമ്പിൽ മദദന്തിപോലെവ-
ന്നെതിരിട്ടിടുന്നു; പരദൈവമേ ഗതി! ൨൪

പിടികൂടുമെന്നു സതി കണ്ടനേരമേ
ഞൊടികൊണ്ടുതൻെറ നെടുതാം ചുരുട്ടുവാൾ
മടിയിങ്കൽനിന്നു മറിയാതെയൂരിയ-
ത്തടിമാടനോടു തീഖനോക്കി വീശിനാൾ. ൨൫

Digitized By Kerala Sahitya Akademi

മണവാളനായ് വരണ്ടോമമാ വധൂ-
ഗണമൂത്തിൽനിന്നു പെറുവാൻ കൊതിച്ചവൻ
മണവാട്ടിയോടു ഗളനാളഭ്രഷ്ടയായ്
നിണമെന്ന കോകനദമാല വാങ്ങിനാൻ. ൧൬

അവിതൎക്കമവമൊരു പെണ്ണവന്റെ മേൽ-
പ്പുവിപോലെ വാളു പതിയിച്ചതോൎക്കിൽ
ഭവിതവ്യതയ്ക്കുടയ ദിവ്യശക്തിയോ?
ഭവികപ്രദാത്രി ശിവതൻ കടാക്ഷമോ? ൧൭

മുടിയാതെ കാവിൽ മലർകൊയ്യുവതിന്നു പൂ-
ച്ചെടിതേടുവോനെയതിലുള്ള പന്നഗി
കടിക്കുടി മൃത്യുവരുളുംവിധത്തിലെ-
ത്തടിയൻമരിച്ചു വധുവിന്റെ വാളിനാൽ. ൧൮

പരിണാഹികാന്തി ലലനാവപുസ്സുതൻ
പരിരംഭമേററു മിഴിതെല്ലടയ്ക്കുവാൻ
പരിചിൽക്കൊതിച്ച ജളനവ്വരാംഗനോ-
പരി വീണടച്ചു മിഴിരണ്ടുമന്ത്യമായ്. ൧൯

കടൽമങ്കതോല്ക്കുമവളന്തന്റെ മേൽമിഴി-
ക്കടവാളുവീഴുവതിനാശവാച്ചവൻ
കടകംപെടും കരമുയൎത്തി മങ്കയാൽ-
കടവാളു വീണുമമവൃഷ്ടിതാശനായ്. ൨൦

മണിമാല വിട്ടു നഖരത്തിനാലവൾ-
ക്കണിയിപ്പതിന്നു കൊതിപൂണ്ടവേളയിൽ
പണിവിട്ടഖഡ്ഗലതയാലവന്നു താൻ
മണിമാലചാൎത്തി ഗളസീമ്നി മാനിനി. ൨൧

സുദതീലലാമമണി വച്ചുപൂട്ടിടും
രദനച്ഛദാഗ്ര്യസുധ കൈവരാഞ്ഞയാൽ
ഹൃദയത്തിലാത്തഗളരക്തമേററവൻ
മദനാനലന്നു ശമനം വരുത്തിനാൻ. ൨൨

Digitized By Kerala Sahitya Akademi

കരുതിക്കപിൻപു തറമേൽകിടത്തിട-
ന്നൊരു ചാവർതന്നുടെയിരിമ്പൂബിംബവും
ഉരുവാകകൊണ്ടളിധ സാത്ഥമാമവ-
നുരുവിന്നു ലേശമുപമാനമാകമോ? ൩൧

കുതുകത്തൊടാജിയിൽ മരിച്ച ഹൈഹരിതൻ
പുതുമേനിപുൽകവതിലാശയെന്നിയേ
അതുലാളകോലുമവളെക്കൊതിച്ചവ-
ന്നതുമില്ല പൃജ്യമിതുമെന്ന മട്ടിലായ്. ൩൨

തിറമായ്ജയധ്വജപതാകപാറവാൻ
മറപോലെതീർത്ത ശിബിരം തനിയ്ക്കവൻ—
പുറമേവരുന്ന കഥയാരുകണ്ടു—ക-
ല്ലറയാകമെന്നു കരുതീല തെല്ലുമേ. ൩൩

ശരമഞ്ചുകൊണ്ടു മുകിലന്നു ഹൃത്തിലും
കരവാളമൊന്നു കഠിനം കഴുത്തിലും;
സുരനക്ജനു വിദേശമെത്തുവാൻ
ത്വരയോടു മുന്നിൽ വഴികാട്ടിടും ഉടൻ. ൩൪

നെടുകെക്കിഴക്കുവഴി പാഞ്ഞു പാഞ്ഞു ചെ-
ന്നൊടുവിങ്കൽ മേക്ക പടവെത്തിടുന്നപോൽ
ചുടുമാൽ ക്രമത്തിലധികം വരുന്ന നാശം-
പ്പെട്ടമേത്തുളിരവബലയ്ക്കുമുറംബലം. ൩൫

അതിലും വിശിഷ്ട പതിദേവതാഗ്ര്യയാം
സതി ചാമ്പൽമൂടുമെരിതീക്കൊടുങ്കനൽ;
അതിലാശ പകചഫലബുദ്ധിയാൽ വരും
കെടുതിയന്നു നാവുമകവും മഹിച്ചപോം. ൩൬

അതുമല്ല തമ്പി നരനാഥപുത്രിയെ-
ന്നതുമായുധങ്ങളിൽ വിദഗ്ദ്ധയെന്നതും
ചതുരന്നു കാണ്മതിനു പററിയി,ല്ലവൻ
ചതുരത്തെയോർത്തു ശരിയായ വൃത്തമായ്. ൩൭

Digitized By Kerala Sahitya Akademi

ഒസ കാക്കവോന്റെ തനയയ്ക്കു വായ്ക്കുവോ-
ഒസമാനശക്തിയറിയാത്തൊരക്ഖലൻ
ഒസ,മെന്തുചെയ്‌വൂ,ഘനപൂർവ്വമായിടും
ഒസമെന്നുവച്ചു പിശകിക്കുടിച്ചുപോയ്. ൧൦

ന്ത്യുനാളിൽ മാനി,വിധിതന്ന ചമ്പക-
പ്പൂതാർവിരിച്ച പുരടക്കിടക്കയായ്
ക്കുകത്തൊടൊത്ത വധു കണ്ണുമന്തക-
ക്രൂശാലയായ ചിതയായ്ച്ചമഞ്ഞുപോയ്. ൧൧

ഉടലിങ്കൽനിന്നു തലവിട്ടു കാളിതൻ
കൊടുനാളിൽ വെട്ടിയ കരിങ്കിടാവുപോൽ
തടവററ ചോര ചളിയാക്കുമൂഴിയിൽ-
ക്കിടകൊണ്ടിരുന്നു കിടയററ കീർത്തിമാൻ. ൧൨

തിരിയൊന്നുപെട്ടിയിലുരച്ചതുക്കൊടൊ-
ത്തെരിയുമ്പൊഴേക്കുമെരിയുന്ന കട്ടിപോൽ
ഹരിണാക്ഷി തന്റെ നരഹത്യ ചെയ്ത വാ-
ളരികത്തുനിന്നുമകലെക്കളഞ്ഞുതേ. ൧൩

പ്രമദം വിഷാദമിവരണ്ടിനും സ്ഥലം
സമമേകിടുന്നൊരകതാരിലാമലാം
ശമലം ശമിച്ചു ശമലം വരുന്നതി-
ന്നുമതൻ പദങ്ങൾ നിലനിർത്തി മേവിനാൾ. ൧൪

ഉടനണ്ടു വാതിൽ തൊടികൊണ്ടടിച്ചട-
ച്ചുടരിൽപ്പുരക്കു മൂതിചേർത്തു മൂന്നുപേർ
തടവററ പാഞ്ഞു കസറുന്ന ദാനവ-
പ്പടവെന്നണഞ്ഞ വിധിവിഷ്ണുശർവ്വർപോൽ. ൧൫

അരിതന്റെ ക്രൂരവരെന്നു ഹൃത്തിലും
ശരിയല്ലതെന്നുടനിടത്തുകണ്ണിലും
പരിചിൽപ്പെടുന്ന ചലനം കഥിക്കവേ
ഹരിണേക്ഷണയ്ക്കു വരുമങ്ങൾ മാഞ്ഞുപോയ്. ൧൬

Digitized By Kerala Sahitya Akademi

ഉയരത്തിൽനിന്നുമസിപൂണ്ടകൈയോടും
ഭയശങ്കകൾക്കു വശമാം മനസ്സോടും
ഭയമാർന്നണഞ്ഞൊരവർ കണ്ട കാഴ്ച, ഞാൻ—
ജയ ശൈലനന്ദിനി!—കഥിപ്പതെങ്ങനെ? ൬൭

അതിഘോരമാകുമൊരവസ്ഥ കാണുവാൻ
മതികൊണ്ടുറച്ചു മുറിയിൽക്കടക്കവേ
അതിനല്ല നേത്രമമൃതാബ്ധിയിൽക്കളി-
പ്പതിനാണു ഭാഗ്യ,മവർ ധന്യരല്ലയോ? ൬൮

കഥമെന്നു ചൊൽവതിനു മുന്നമത്ഭുതം
കഥതീർന്നുപോയ ഖലനായു,മായവർ
കഥനീയകാന്തി സതിയായു,മാനില-
യ്ക്കുടൻകണ്ടു കണ്ണുകൾ തിരുമ്മി നോക്കിനാർ ൬൯

നരയത്തിലെത്തിയതിനുള്ളിൽവാഴുവാ-
നരയും മുറയ്ക്കു തലയും മുറുക്കുവോൻ
പരമാം പദം തരുവതന്നു മുന്നിലായ്
മുരമാഥി നിൽക്കിലതുവിശ്വസിക്കുമോ? ൭൦

ഇരുകൺ തുറന്നു സചിവാൻ മുറിക്കക-
ത്തരുളും സുമാംഗിയെയുമാത്മമന്ത്രിയെ
തരുനേത്രയാളു,മവരെസ്സുരിക്കുമ-
റ്റിരുപേരു,മപ്പൊഴുതിലൂററുനോക്കിനാർ. ൭൧

അവളേവളെന്നു തനുകാന്തി ചൊൽകിലും
സുവരാഗ്ര്യഹൂണവിധിചികിത്സയെദ്ദൃഢം
അവർതന്നു തനവദനപ്രസാദവും
നവമോദബാഷ്പവുമകററിയാകവേ. ൭൨

ഒരുവാക്കുമോതാലുമന്നയായിമാരൊടോ
തരുണീസമൂഹമണിയുന്ന മുത്തൊടോ
അരുളാൻ രസജ്ഞയുയരാതെ കണ്ണുനീർ
പെരുകിച്ചനിന്നു സചിവൻ കൃതാർത്ഥനായ്. ൭൩

Digitized By Kerala Sahitya Akademi

കരുണാപയോധി കമലാധവന്റെ കാൽ
കരുതുന്ന മന്ത്രിയുടെ കൈയിൽ നിന്നുടൻ
ഉരുവായ വാളുമതുപോലെ ഹസ്തത്തിൽനി-
ന്നുരുകുന്ന മാല്യമകലെത്തെറിച്ചുപോയ്. ൮൪

നെടുവീർപ്പു പുഞ്ചിരി വിയർപ്പിവയ്ക്കു കീഴ്-
പ്പെട്ടുമാനനത്തൊട്ടുമിളക്കമെന്നിയേ
പടുമന്ത്രി ചെററ കരണീയബോധമ-
ററിട്ടുമുഗ്ദ്ധമാട്ടമവിടത്തിൽ നിന്നുപോയ്. ൮൫

ചരിതാർത്ഥനാകുമവനെക്കളുക്കവേ
പരിചോടു നോക്കി നൃപാഗ്രണീവസ്തുരം
തച്ചരിതം ജനിക്കു സഫലതാദ്യമകിനാർ;
പെരിയോർക്കു മിത്രശുഭമാത്മഭാവുകം. ൮൬

ഒരുദിക്കിൽ മുത്തമപരത്ര ലജ്ജയും
തരുണിക്കു വന്ന വശമാകയാൽ മുഖം
അരുണോദയത്തിലരന്യോളവും വിട-
ന്നൊരു പങ്കജത്തിനെതിരായ് ലസിച്ചിതേ. ൮൭

സ്മരനേററിവയ്ക്കുമല്ലവററതാം ത്രപാ-
രമൃദാഹിപ്പതിനു ശക്തിയെന്നിയേ
പരമമ്പരക്കുമബലവയ്ക്കുയർത്തുവാൻ
തരമൊത്തിടാതെ തല തത്ര താണുപോയ്. ൮൮

നിലവിട്ടു താതകമിതാക്കളെപ്പിരി-
ഞ്ഞലമാർന്നൊരത്തലരുഠം മാറിടുംപടി
നലമേറുമല്പഹസിതൌഷധീശ്വരൻ
തലകാട്ടിനിന്നു വദനോദയാദ്രിയിൽ. ൮൯

കലകൊണ്ടു പങ്കമിയലുന്ന തയ്യലിൻ
മലർമേനി വീണ്ടുമതിശുദ്ധമാക്കുവാൻ
നലമോടു ഹൃത്തു നിരൂപിക്കുമൂലമോ
ജലധാര പെയ്തു ജലജേക്ഷണാദ്വയം! ൯൦

Digitized By Kerala Sahitya Akademi

അടിതൊട്ടു ഹന്ത മുടിവരെയാളുമെങ്ങുമ-
പ്പടി ചുട്ടൊരത്തൽമണൽ മാത്രമായ്പ്പരം
കൊടിയോരു ജന്മസികതാടവിക്കകം
കുടിവെള്ളമേതു മൃഗതൃഷ്ണയെന്നിയേ? ൯൧

ഉരുപുണ്യമാർന്ന പഥികർക്കു മാത്രമാ-
മരുഭൂമിതൻനടുവിൽ വല്ലനാളിലും
ഒരുതെല്ലുവാരി നുകരാൻ തരം കനി-
ഞ്ഞരുളാം വിരിഞ്ചു,നരുളാതെയും വരാം. ൯൨

നിതരാം ദുരാപതരമാകുമത്തരം
ഹിതമേറ്റുമെന്നെതിരിൽ വന്നിടുന്നുവോ
ദ്രുതമന്നു തന്നെ നിമിഷാർദ്ധമെങ്കിലും
കൃതകൃത്യനെന്നു കരുതുന്നു പൂരുഷൻ. ൯൩

അതിനൊന്നിനാണു നിഗമജ്ഞർ ഹന്ത! നി-
ർവൃതിയെന്ന നാമമരുളുന്നതൂഴിയിൽ;
അതിനെക്കുറിച്ചനുഭൂതമാകിലും
മതിയാർക്കുമില്ല ശരിയായ് സ്മരിക്കുവാൻ. ൯൪

വഴിപോലെയന്നില വരച്ചു കാട്ടുവാൻ
വഴിയില്ല മന്നിലൊരു ചിത്രകൃത്തിനും;
പഴി സാധു പിന്നെയിവനേതു? നിങ്ങളേ
കഴിവുള്ളപോലെ നിരൂപിച്ചുകൊള്ളുവിൻ. ൯൫

അകളങ്കമെത്തിയരികത്തു മന്ത്രിയ-
പ്പികവാണിയാൾ ചെറുതു നീട്ടിടും കരം
മികവിൽ ഗ്രഹിക്കിലുമതൊന്നുമായവ-
ർക്കതാരശേഷമറിയാതിരുന്നുപോയ്. ൯൬

സമയം കുറച്ചഥ കഴിഞ്ഞു താദൃശ-
ഭ്രമമറ്റവരങ്ങിയെഴുന്നേറ്റിടുംവിധം
പ്രമദായുവാക്കൾ നയനം തുടച്ചതി-
ന്നിമ പൂട്ടിടാതെയെതിരിങ്കൽ നോക്കിനാർ. ൯൭

Digitized By Kerala Sahitya Akademi

കളവല്ല, കണ്ടതു കിനാവുമല്ല; നി-
ഷ്കളനാം പുമാന്റെ തിരുവുള്ളമെന്നവർ
അളവററശങ്കയകലുംപടിക്കു ക-
ണ്ടിളതൻമണാളനു സമീപമെത്തിനാർ. ൯൮

അലമിപ്പുരങ്ങൾ; ഭഗവൽകൃപാബലം
ബലമാകുമെന്നു നൃപനോതി നാൽവരും
നിലവിട്ടു ഹൃത്തു കുളിരേന്തുമാറു കൈ-
നില വിട്ടു കൂട്ടരുടെ മുന്നിലെത്തിനാർ. ൯൯

ആനാലാള്ളകമ്ലേച്ഛമാനിലയിലായ്ക്കണ്ടെത്തുതപ്പെട്ടിടും
നാനാമാനുഷരും പടക്കടൽ കടഞ്ഞപ്പോളനല്പോദയം
മാനാതീതമഹസ്സൊടൊത്തുദിതയാം താർമങ്കയും തൽപ്രിയൻ
ശ്രീനാരായണനും ഭവദ്ഗൃഹിണരും താനെന്നു മാനിച്ചുതേ.

കാലത്തുദിച്ച ഖരദീധിതി പല്ലമാത്ര-
മാലംബമാംഹിമകണങ്ങളെയെന്നപോലെ
മാലററകേരളനൃപൻ മുകിലന്റെ യോധ-
ജാലത്തിനെക്കഥകഴിച്ചു രണോർവ്വി വിട്ടു. ൧൦൧

ഉത്സവംവിട്ടജയകഥയുമാദേവിയോടോതുവാനാ-
യാനന്ദംപൂണ്ടിരുചരരെ വിട്ടക്ഷിതിക്ഷിത്തു പിന്നെ
സ്വാനന്ദുരത്തിനു പടയൊടും ഹൂണമന്ത്രീന്ദ്രരോടും
പീനശ്രോണിമണിയൊടുമുടൻതന്നെ മന്ദം തിരിച്ചാൻ. ൧൦൨

പതിനഞ്ചാംസർഗ്ഗം സമാപ്തം.

Digitized By Kerala Sahitya Akademi

# പതിനാറാം സർഗ്ഗം.

———:o:———

ഉന്നം പെട്ടും കേരളക്ഷ്മാശാസന നാരാ-
യണൻശയിക്കുന്നൊരനന്തപുരിൽ
പിണങ്ങിമണ്ടിപ്രിയശയ്യ വീണ്ടു-
മണഞ്ഞിടും താർമകൾപോൽ വരുന്നു. ൧

തരത്തിലോമൽ ജയലക്ഷ്മിയാകും
ധരപ്രമാണസ്ത്രീയാളൊടൊപ്പം
നരർഷഭൻ തേടിന യാത്ര മന്ദ-
തരത്വമാളുന്നതിലെന്തു ചിത്രം? ൨

കടൽക്കകം മുത്തുകണക്കു മുറവും
പടക്കളത്തിൽ പരയോധവിത്തം
അടക്കിവച്ചോരു മടക്കതെല്ലും
നടക്കുവാൻ വയ്യ മരം നിമിത്തം. ൩

ഗിരിക്കു നേരായ വൃക്ഷങ്ങൾതന്മേ-
ലിരിക്കുമെന്നുള്ളതൊഴിച്ചു ശേഷം
കരിക്കുമേലും കുതിരയ്ക്കുമേലും
ശരിക്കുതന്മേലുമെടുത്തു യോധർ. ൪

ഒരുത്തനാരെക്കൊലചെയ്തു താ,ന-
ക്കരുത്തനാം ശത്രുവിനുള്ള ഖഡ്ഗം
പെരുത്തതിൻ പാടവമാദരിച്ചോ
കരുത്ത മുത്തോടു കരസ്ഥമാക്കി? ൫

തെരിക്കനെച്ചെന്നപരൻ പരങ്കൽ
സ്ഫുരിക്കുമോമൽക്കലവില്ലെടുത്തു;
അരിക്കു കൂട്ടാകിലുമാട്ടെ, കോടി-
യിരിക്കിലാരും മശജനു മാന്യൻ. ൬

Digitized By Kerala Sahitya Akademi

ഇതാണു മട്ടുള്ളിനരിക്കുമെന്നായ്
കൃതാദരം കാണികളോൎത്തിതന്നോ
പ്രതാപവാനാമിതരൻ പരന്റെ
പതാക കാററത്തു പിടിച്ചിളക്കി? ൭

പരൻ ദധിഷൽകണ്ഠമണിഞ്ഞ മുക്താ-
സരം പ്രവാളക്കൊടിയെന്നു തോന്നി
അരം ഹരിക്കെ പ്രമദാശ്രുവീണു
പരം പുരാവൎണ്ണമതിന്നു വന്നു. ൮

അഹന്തപൂണ്ടോരപരൻ ശിരസ്സിൽ
മഹമ്മദീയച്ചുവതൊപ്പി ചാൎത്തി
രഹസ്സിൽമെന്മേൽ മുകുരത്തിൽ നോക്കി-
സ്സുഹസ്സുതാളും വളരെച്ചിരിച്ചു. ൯

ബലിഷ്ഠനന്യൻ രിപുവിന്റെ ഹുക്കാ
വലിച്ചു മത്താ,ന്നഭിലാഷമൊന്നും
ഫലിച്ചിടുംമുൻപു തിരിക്കുമൂലം
ചലിച്ചു മന്ദം വിരൽ മൂക്കിലൂന്നി. ൧൦

ഇവണ്ണമപ്പൂരിനു കേരളക്ഷ്മാ-
ധവന്റെ സൈന്യം നടകൊണ്ടിടുന്നു,
അവന്യപത്യത്തെ ലഭിച്ചപിൻപ-
പ്ലവംഗർ സാകേതപുരിക്കുപോലെ. ൧൧

കുഴക്കതീ,ൎന്നുള്ളിനു താപമററു;
തഴയ്ക്കുമേൽ വഞ്ചിധരിത്രിയെന്നായ്
മുഴക്കമാളുംപടഹംകഥിപ്പൂ
മഴക്കുമുൻപുള്ളൊരിടിക്കുതുല്യം. ൧൨

പുരസ്ഥരദ്ദുന്ദുഭിയൊച്ചകേട്ടു
പരം കൃതാൎത്ഥതമിയന്നിടുന്നു
വരം തരാൻ വന്ന പുരാന്റെ ശംഖ-
സ്വരം തപം ചെയ്യൊരു ഭക്തർപോലെ, ൧൩

Digitized By Kerala Sahitya Akademi

നിരന്തരം പൌരമനസ്സിൽ വാഴ-
മൊരാമ്മഹാഭീതിപിശാചിതന്നെ
വിരട്ടുവാൻ ശംഖരവാഗ്ര്യമന്ത്ര-
മുരസ്സു സേനാധിപമാന്ത്രികന്മാർ. ൩൪

മുറയ്ക്കു മൂർച്ഛിച്ച ജനത്തെ വെന്നി-
പ്പുറയ്ക്കുഴം ധ്യാനമുണർത്തിടുന്നു;
ഉറക്കെ മുട്ടും മണിതന്നലാറ-
മുറക്കമാളും നരരെക്കണക്കെ. ൩൫

പരക്കവേ ശൂന്യതയാർന്നിരുന്ന
പുരം ജനത്താൽത്തെളിയുന്നു വീണ്ടും;
പരം സുമത്താൽ ശിശിരത്തു മാറും
തരത്തിലാരാമതലം കണക്കെ. ൩൬

പുരിക്കു പൌരപ്പടി പോയവൃത്തി
ശരിക്കു വീണ്ടും ക്രമമായ് വരുന്നു;
സ്ഫുരിക്കുമാധേയഗുണത്തെയെന്നും
വരിക്കുമാധാരവുമെന്നു ഞായം. ൩൭

നവങ്ങളാം ചന്ദനപുഷ്പഗന്ധ-
ദ്രവങ്ങളാൽ പൌരർ ഗൃഹങ്ങൾ മുക്കി
അവശ്യമാമോദഗുണത്തെ മേന്മേൽ
ജവത്തൊടും തങ്ങൾ കണക്കണയ്പൂ. ൩൮

അടിപ്പുതൊട്ടുള്ളവ ചെയ്തൊരുക്കി
വെടിപ്പു വീഥിക്കരുളുന്നു ലോകർ
ചൊടിപ്പു ക്രൂരാതപകാപ്പികാക്കും
തടില്ലതാംഗിക്കു ഭുജിഷ്യമാർ പോൽ. ൩൯

തരുക്കൾതോറും മിഴിമാർ നിരപ്പിൽ-
പ്പെരുക്കുമോമൽകലശാഭിഷേകം
ഞെരുക്കമേററാന്നു, വെടിഞ്ഞിടുന്നു
തെരുക്കളെത്തീവ്രപാംസുലതപ്പം, ൪൦

Digitized By Kerala Sahitya Akademi

ഇടയ്ക്കു രഥ്യയ്ക്കു നടുക്കു വെള്ള-
ക്കടൽപ്പുറത്തൂമണൽ കണ്ടിടുന്നു
സ്ഫുടം ധരിത്രിക്കു ഗളത്തിൽമിന്നി-
ക്കിടന്നിടും മൌക്തികമാല പോലെ. ൨൧

പുരസ്ത്രീമാർ നൂതനഗോമയത്തെ-
പ്പുരം തളിക്കുന്നൊരു മുറ്റമെല്ലാം
നിരന്തരം നീരധികന്യ നൃത്തം
ചിരം തകൎക്കുന്നൊരരങ്ങുതന്നെ. ൨൨

മുറയ്ക്കതിൽക്കാന്തകൾ ചേൎത്ത മേന്മ
നിറഞ്ഞ ചിത്രങ്ങളെ നോക്കിടുമ്പോൾ
തിറംപൂപന്തളളു വാഴ്ത്തുമേടിൻ
പുറങ്ങളെന്നേവനുമോൎത്തുപോകും. ൨൩

ശരിക്കിടും വെങ്കളിയാൽ വെളുപ്പാ-
ൎന്നിരിക്കുമോരോ നിലയങ്ങൾ കണ്ടാൽ
സ്ഫുടിക്കുമുള്ളിൽപ്പുരലക്ഷ്മി മുത്താൽ-
ച്ചിരിക്കയാണെന്നൊരു ബോധമാകും. ൨൪

വിയത്തിൽനിന്നാനൃപയാത്രകാണ്മാൻ
രയത്തൊടും ദേവരിറങ്ങിടുമ്പോൾ
പ്രയത്നശാന്തിക്കുതകും വിധത്തി-
ലുയൎന്നു മിന്നുന്നിതു തോരണങ്ങൾ. ൨൫

ചുവന്ന പട്ടിട്ടു പൊതിഞ്ഞ ദന്ത-
മവൎണ്ണ്യമഞ്ഞൂറിലുമേറ്റമേന്തി
ധ്രുവം ലസിപ്പൂ കലവാഴയെന്ന
നവദ്വിപശ്രേണി നടയ്ക്കു മുന്നിൽ. ൨൬

അനൎഘമാം തോരണമാലതൂക്കി-
ജ്ജനങ്ങൾ തച്ചഞ്ചലഭാവമെല്ലാം
നഭസ്സിൽനിന്നായവയിങ്കലാവാ-
ഹനം കഴിക്കുന്നു തടസ്ഥമെന്ന്യേ. ൨൭

Digitized By Kerala Sahitya Akademi

ധരാതലത്തിൽപ്പെട്ടുവോരു സർവ്വ-
ചരാചരങ്ങൾക്കുമതേവരയ്ക്കും
വരാത്തതാമുത്സവമന്നടിപ്പൂ
ചിരാത്തപുണ്യദ്രുഫലം കണക്കേ. ൨൮

സ്ഫുടം നൃപാംഗാമൃതമന്യനേത്ര-
പുടം നുകർന്നീടുകിലെച്ചിലാകും;
കിടയ്ക്കുവാനും പണി, തീരുമെന്നാ-
യടക്കമെററാളുകളോർത്തിടുന്നു. ൨൯

ഹിതംപെടും വാക്കുരചെയ്തുകൊണ്ടു
നിതംബിനീമൗലികളോടുകൂടി
ചിതത്തിലെങ്ങും നിറയുന്നു നാനാ-
മതസ്ഥരാം മർത്ത്യർ മനോജ്ഞവേഷർ. ൩൦

എനിക്കുമെൻ കുഞ്ഞിനുമെന്റെ പീന-
സ്തനിക്കുമുർവ്വീധവയാത്രകാണ്മാൻ
ജനിക്കണേ യോഗമഭംഗമെന്നായ്-
ത്തനിക്കുതാൻ പോന്നവരും കൊതിപ്പൂ. ൩൧

അലക്കുകാരൻ, ജവളിത്തരങ്ങൾ
വിലയ്ക്കുവിൽപ്പോൻ, തിറമുള്ള തട്ടാൻ,
പലകർമ്മിക്കൂട്ടർ കനിഞ്ഞിടാതെ
നിലയ്ക്കുനില്പാൻ പണിയായിടുന്നു. ൩൨

"എനിക്കിതോ തോട, യെനിക്കിതോ കാ-
പ്പെനിക്കിതോ താലി? ശനിക്കുഴപ്പം!
എനിക്കു താൻ നായരുമിന്നുതൊട്ടു
തനിക്കു ഞാനച്ചിയുമല്ല നൂനം. ൩൩

പെരുത്തു നാണം ചുണ രണ്ടുമററു-
ള്ളൊരുത്തനല്ലെങ്കിലിവണ്ണമെന്നെ
ഇരുത്തുമോ പെററ നിലയ്ക്കു? നല്ല
പൊരുത്തമെൻ ജാതക, മെന്തുചെയ്‌വൂ? ൩൪

Digitized By Kerala Sahitya Akademi

ഇവർക്കതെന്തിന്നറിയുന്നു? വായ്പും
കവച്ചയും കൈമുതലും സമാനം;
നവങ്ങളാം കോപ്പുകളില്ലയെങ്കി-
ലവസ്ഥ കേൾക്കട്ടെ, വെളിക്കിറങ്ങ്. ൩൫

ഒരുത്തനും തന്റെ മുഖത്തു മീശ
കരുത്തൊരാണെങ്കിൽ വധൂവിഷാദം
വരുത്തിടാതേതുമവർക്കു നല്ക-
മെരുന്തിൽ വീറവും തറവാട്ടുവീറവും, ൩൬

മുതുക്കി ഞാൻ മാറി,യിനിക്കടന്നു
പതുക്കെയെത്തുമ്പൊഴെനിക്കു വേണ്ടി
ഒരുക്കമുള്ളോരിറയത്തു കൂട്ടായ്-
ക്കൊഞ്ചുക്കളും മൂട്ടകളും കിടക്കും. ൩൭

അടുത്തവീട്ടിൽച്ചിരുതക്കു നായർ
കൊടുത്തപണ്ടത്തിനൊരററമില്ല;
മടുത്തു ഞാൻ തന്നൊട്ട; കെട്ടമിന്നു-
മെടുത്തുകൊണ്ടാൽ ശരി സൊല്ല തീൻ. ൩൮

മിഴിക്കിലൊന്നും കൃതമില്ല; രണ്ടു
തൊഴിക്കുവാൻ കാലുമൊരുന്നുവല്ലൊ:
എഴിക്ക! നാളേയ്ക്കിവരം വേണമെങ്കിൽ-
ക്കഴിക്ക വേഗം കനകാഭിഷേകം!" ൩൯

മടത്തരം മങ്കകളശ്രു കൊങ്ക-
ത്തടത്തിൽ വിശ്ലഥിപ്പറയുമ്പൊഴവം
വിടത്വമ,റെറന്തിന പൊട്ട ചൊന്നിൻ-
കുടത്തിനെന്നേതു പുമാന്നരയ്ക്കും? ൪൦

അസാരവും താഴ്ച്ചവരാതെ ദേഹം
പ്രസാധനം ചെയ്തു തെരുക്കൾ തോറും
ബിസാംഗിമാർ വന്നു വിളങ്ങിടുന്നു
സൌഖ്യവല്ലീകലികാസമാനം. ൪൧

Digitized By Kerala Sahitya Akademi

ഒരോമലാൾ പിച്ഛകമാല തന്റെ
ശിരോരുഹം വിട്ടു കരത്തിലേന്തി
പരോക്ഷമന്നെത്തി, വിവാഹനാളിൽ
വരോപകണ്ഠം കുലകന്യപോലെ. ൪൨

ഒരംഗനാമൌലി കഴുത്തിലേന്താൻ
കരത്തിലാർന്നോരനവദ്യഹാരം
പരം ജപിക്കും ചരടെന്നപോലെ
വിരൽക്കുമേൽ വിസ്മൃതി പൂണ്ടു ചുററി. ൪൩

പഴിക്കുമുമ്മോടൊരു മങ്കയാൾ മേൽ-
വഴിക്കു സിന്ദൂരവിശേഷകത്തെ
അഴിക്കവേ നെററിയിൽ നിന്നതമ്മാൻ-
മിഴിക്കു സീമന്തവിശേഷയായി. ൪൪

അരച്ചു കസ്തൂരി മിഴിക്കുമാമൈ
പരം കഴുത്തിന്നുമണിഞ്ഞമന്ദം
ഒരംബുജാക്ഷീമണി തന്റെ തെററു
പരൻ ഗ്രഹിക്കാത്തവിധം നടന്നു. ൪൫

നിസർഗ്ഗരാഗം കഴൽചുണ്ടുകൾക്കു-
ണ്ടസംശയം രണ്ടുമഭേദമെന്നോ
രസജ്ഞയാമന്യ നിനച്ചു ലാക്ഷാ-
രസം പദംവിട്ടു ചൊടിക്കു തേച്ചു? ൪൬

കൃശത്വമാർന്നോരവലഗ്നമെങ്ങും
ഭൃശം തിരഞ്ഞും മിഴികൾക്കു കാണ്മാൻ
അശക്യമാകയാ നിജകാഞ്ചിയന്യ
വിശങ്കമോമൽഗളഭൂഷയാക്കി? ൪൭

മുറയ്ക്കു പൊൻറൈക്കിയൊരുത്തി തൻമെയ്-
നിറത്തിൽ മജ്ജിപ്പളുവായതേതും
മറയ്ക്കുമോ മാ,റത്തുമൂലമാവാം
മറക്കുകൊണ്ടല്ലണിയാതെ വന്നു? ൪൮

Digitized By Kerala Sahitya Akademi

സ്തനങ്ങളും കാണിജനത്തിനുള്ള
മനസ്സുമൊന്നിച്ചു കലുക്കിയേവം
അനംഗനാം വൈശ്രവണന്റെ മുഖ്യ-
ധനങ്ങൾ തിങ്ങുന്ന രത്നക്കൾതോറും. ൪൯

സ്ഫുരിക്കുമാമൽപ്പുകൾകൊണ്ടു ചുററും
ഹരിൽകചാങ്ങൾക്കണിയിച്ചു ഹാരം
ശരിക്കു മന്നൻ പടയോട്ടമപ്പോൾ
പുരിക്കകത്തേക്കെഴുനള്ളിടുന്നു. ൫൦

ഗൃഹോരുവക്ത്രാഭിധയായ ദിവ്യ-
സദോരുഹസ്രക്കുപഹാരമാക്കി,
നരോത്തമൻ തൻവരവിന്നു കാക്കു-
മൊരോരോമനപ്പൂരു കൃതാർത്ഥയാക്കി; ൫൧

എവന്നുമേറും കൃപ തന്നിൽ മന്ന-
ന്നിവണ്ണമോർപ്പാൻ വഴിവച്ചു തങ്കൽ
വ്യവസ്ഥിതം ദക്ഷിണനായകത്വം
ജവത്തിനാലും വിശദപ്പെടുത്തി; ൫൨

ഒരേത്തരം കാന്തിമരന്ദമുണ്മാൻ
വരേണ്യമാം തന്റെ വപുസ്സുമത്തിൽ
കരേറിടും കാണികൾതൻ ഹൃദന്ത-
ദ്വിരേഫപങ്ക്തിക്കു സപര്യനൽകി; ൫൩

ഘടസ്തനീമൌലികൾ ചാർത്തിടും കൺ-
കടക്കെറിഞ്ഞുവല്ലമാലമേന്മേൽ
സ്ഫുടം വഹിക്കുന്നതുകൊണ്ടു ഭാരം
കടന്നുപോയ് കന്ധരചാഞ്ഞു മുന്നിൽ; ൫൪

വഴിക്കുകാണ്മോരുടെ ദൃഷ്ടിയിൽപ്പാ-
ലൊഴിക്കുമെന്മട്ടമലാല്പഹാസം
പൊഴിക്കുമോമന്മുഖമാർന്നു ചുററും
മിഴിക്കടക്കേളി നടത്തി മന്ദം; ൫൫

Digitized By Kerala Sahitya Akademi

ഛരിക്കമാന്ധ്യം വ്രതമാറ ചുററും
ഛരിത്തിൽ വായ്ക്കും ഖലപാംസു പാടേ
സരിച്ച പൌരപ്രമദാശ്രുഗംഗാ-
സരിത്തിനാൽത്താമസമററടക്കി; ൭൬

അപാരമായ്ത്തന്നുടെ വാഹനത്തി-
നപാന്തമെത്തുന്ന ജനത്തെ മാററാൻ
ശിപായിമാർ ചെയ്യൊരു സാഹസത്തെ-
ക്കൃപാർദ്രമാം കൺമുനയാൽ വിലക്കി; ൭൭

അസംശയം വത്സലമെന്ന പത്താം-
രസത്തിനൊന്നാമത്തു പോലെ ജീവൻ
നിസർഗ്ഗമായ്ക്കണ്ടു ചമൽകരിക്കും
രസജ്ഞരെപ്പാർത്തു ശിരസ്സു താഴ്ത്തി; ൭൮

സുരാലയംപണ്ടു പുരൂരവസ്സാം
ധരാദ്രിഭിത്തുർവ്വശിയോടുപോലെ,
വരാംഗി വഞ്ചിക്ഷിതിലക്ഷ്മിയൊത്തു
പുരാഗ്രിമം പുക്കിതു പൂരുഷേന്ദ്രൻ. (കുളകം) ൭൯

ജയിക്ക മേന്മേലുമയമ്മറാണി!
ജയിക്ക തൽകേരളവർമ്മദേവൻ!
ജയിക്ക തമ്പാൻ സചിവപ്രവേകൻ!
ജയിക്ക തജ്ജീവനിളേശപുത്രി! ൮൦

ജയിക്ക പൊന്നോമന വഞ്ചിനാടു!
ജയിക്ക സാധുക്കളതിങ്കൽ വാഴ്‌വോർ!
ജയിക്ക നേർതൊട്ടൊരു സൽഗ്ഗുണങ്ങൾ!
ജയിക്ക പത്മാപതി പത്മനാഭൻ! ൮൧

ഇവണ്ണമുച്ചാർപ്പുകൾ നാലുപാടും
ജവത്തൊടും പൊങ്ങി മുഴങ്ങിടുമ്പോൾ
ഈവണ്ണമാറാണി വസിച്ചിടുന്നാ-
രവർണ്ണ്യഭാസ്സോത്തീന സൌധമെത്തി.

Digitized By Kerala Sahitya Akademi

പ്രസാദമുരംകൊണ്ടു രഥോദയംദ്രി-
പ്രസാധനം ചെയ്തിട്ടമക്കലേശൻ
രസാൽ ദൃഗംതിഥ്യമിയന്ന നേരം
രസാധിപാനന്ദമനല്പമായി. ൩൰

ശരിക്കനേകം ക്രിയ ദൃഷ്ടിദോഷം
ഹരിക്കുവാൻ സേവകർ ചെയ്തശേഷം
ഗിരിക്കു പററുന്നൊരു തേരിൽനിന്നും
ഹരിക്കു തുല്യൻ യുവരാട്ടിറങ്ങി. ൩൧

കൃതാദരം വഞ്ചിയിൽ വീണ്ടുമെത്തും
പ്രതാപവും കീർത്തിയുമെന്നപോലെ
സതാംപ്രിയൻ മന്ത്രിയുമോമലാളാം
ലതാംഗിയുംതാഴെയിറങ്ങി പിന്നെ. ൩൨

ചിതത്തൊടും ദൈവകൃപാർദ്രമന്ദ-
സ്മിതം വപുസ്സാന്നുപോലൊട്ടക്കം
കൃതജ്ഞയായുള്ളൊരു റാണി തൻ മുൻ-
പതന്ദ്രനാം ഹുണനമുല്ലസിച്ചു. ൩൩

നവച്ഛവിസപാസ്തികതല്പജത്തിൽ
നൃവര്യയും മററവർ നാലുപേരും
അവക്കുവെക്കുള്ള മനോജ്ഞപീഠം
ധ്രുവം യഥായോഗ്യമലങ്കരിച്ചു ൩൪

തിരക്കി മുന്നിൽക്കയറുന്ന മുത്താ-
മൊരമ്പ് ഭുജാഷ്യാഗ്ര്യ വെള്ളിക്കു നന്നായ്
പരം പിടിക്കും പുളകാഖ്യപൂണ്ട
തിരസ്കൃകം റാണി മറഞ്ഞിരുന്നു. ൩൫

നിനയ്ക്കതെന്തെന്നു നൃവര്യതൻ കൺ-
മുനയ്ക്കുഴം ചേഷ്ടയിൽനിന്നു സർവ്വം
മനസ്സിലാക്കിപ്പുരമീശിതാവോ-
ടനന്തരം വന്ദിയിവണ്ണമോതി. ൩൬

Digitized By Kerala Sahitya Akademi

"ഭവാനിതൻ കൺമുനയെന്നപോലെ
ദിവാനിശംകൈവശമുള്ള വാളാൽ
നവാഭയാം കീർത്തിയെനേടി വേറാക്കും
ഭവാനെ ഞാനെങ്ങനെവാഴ്ത്തിടേണ്ടു. ൧൦

പരിക്ക പണ്ഡാളുഗമേകിടുംമാ-
റിരിക്കമുർവ്വീഭൃദസാരവംശം
ശരിക്കയുഷ്മൽപരഗോത്രഭേദി-
ഗരിഷ്ഠസന്താനമൊരേപ്പുപററം? ൧൧

ഭവജ്ജനിക്കിപ്പുറ,മാത്മജൻത-
ന്നവസ്ഥഭയാത്തിന്ദിരയാന്ന താപം
ജവത്തിൽ വൈകുണ്ഠമണഞ്ഞു മേലി-
ല്ലിവണ്ണമെന്നോതി വിരിഞ്ചി മാററി. ൧൨

നിരപ്പിൽ മുന്നുള്ള കുകാന്തർമൂലം
ധരയ്ക്കു കന്യാദശമാത്രമററു;
പരൻപുമാനാം തിരുമേനിതന്നെ-
പ്പുരവൈരിക്കെപ്പതിവത്നി ഭൂമി. ൧൩

ഭവാന്റെ ദാനപ്രഥ വിണ്ണിലെത്തി-
ദ്ദിവാനിശം നാകിജനത്തിനെല്ലാം
ജവാൽ ധരിപ്പാൻ സുമവും കുടിപ്പാ-
നവാഞ്ഛമാം ദുഗ്ദ്ധവുമൃദ്ധമാക്കി. ൧൪

വികല്പമില്ലാതെ ഭവാന്റെ തേജോ-
വികർത്തനൻ രാപ്പകൽ മിന്നിടുമ്പോൾ
അകത്തുദൃഷ്ടിക്കു പെടും തമസ്സു-
മകന്നു പെൺപൂങ്കുഴൽ പൂക്കൊളിച്ചു. ൧൫

ഒരുത്തിയെച്ചാടുവചസ്സരച്ചു-
മൊരുത്തിയെക്കൺമുന നോക്കയച്ചും
ഒരുത്തിയെക്കോപ്പണിയിച്ചുമിഷ്ടം
വരുത്തിടും തച്ചൂളരതാമന്യം, ൧൬

Digitized By Kerala Sahitya Akademi

ഒരക്ഷരം സത്യമൊഴിഞ്ഞുരയ്ക്കാ-
ത്തൊരങ്ങയാൽ താൻ രവിവംശം
പരം ഹരിശ്ചന്ദ്രകലാഭിധസ്സ
നിരന്തരം യോഗ്യതയാർന്നിടുന്നു. ൭൭

ശ്രമത്തൊടും പണ്ടു ഭഗീരഥൻ താൻ
ചമച്ചു വഞ്ചിക്കുതിതൻ രഥത്തെ
സമസ്തമിക്കാലമകററിടുന്ന്വാ-
നമന്ദമായ് വന്നു ഭവന്മഖത്താൽ. ൭൮

ഭവാന്റെ ലീലാശ്രുകജിഹ്വ പാടും
നവാംഭകർണ്ണാമൃതപദ്യജാലം
ദിവാനിശം കേട്ടു കവിജ്ഞരേകര-
വാപ്തസംതൃപ്തികളായിടുന്നു. ൭൯

സുവർണ്ണശൈലത്തെയൊഴിച്ചിടുന്ന
ഭവന്മഹോൽഭായ്,മവിഘ്നയോഗം
വിവസ്വദബ്ജക്കു വരുത്തിയെന്നായ്-
ത്തവപ്രതാപാനചിതകീർത്തിയൊൽവൂ. ൮൦

അമന്ദമാമൂർത്തികൾ മൂന്നുപേരും
സമം സമർപ്പിച്ചു വരങ്ങൾ പോലെ
ശ്രമംവെടിഞ്ഞെൻതിരുമേനി മൂന്നു
പുമർത്ഥവും നേടി ലസിച്ചിടുന്നു. ൮൧

അനന്തമായ്ത്തൻ തലകൾക്കുവാച്ചു
കനം തകർക്കും തവ ദക്ഷഹസ്തം
അനന്തനായിരമുള്ള നാവാ-
ലനന്തരായം വഴിപോൽ സ്തുതിപ്പൂ. ൮൨

ഗുണങ്ങളായാലവ തമ്മിലുണ്ടാം
പിണക്കമെന്നുള്ളതസത്യമത്രെ;
അണഞ്ഞതഹോ പൂർവ്വികയിൽ ഭവാനൊ-
ടിങ്ങിണങ്ങിയോരോന്നുമിരിപ്പതില്ലേ? ൮൩

Digitized By Kerala Sahitya Akademi

ഇവണ്ണമുമ്മോരുമവാനെയല്ലോ
ശിവപ്രദാനത്തിന്നയച്ചു ദൈവം;
ഗുർവ്വീ വഞ്ചിക്ഷിതിപുണ്യകര-
മവസ്ഥപോൽ സമ്പ്രതി ക്രമപ്പെടുത്തു. ൮൪

അനാദരവ്യഞ്ജകമാകമെന്നോ-
ർത്തനാമയം സ്വാമിനി കേൾപ്പതില്ല;
അനാരതം തേ ഭവികം വളർത്തു,-
മനാഥസംരക്ഷകനബ്ജനാഭൻ. ൮൫

തുടങ്ങിയല്ലോ പണിയൊ,ന്നിടസ്ഥ
മുടങ്ങിടാതായതുതീർന്നപോലും
സ്ഫുടം കിണഞ്ഞേ നയകോവിദന്മാ-
രടങ്ങു; ഞാനെന്തിനതോതിടുന്നു? ൮൬

അഹസ്സൊരൊന്നിൽ ക്ഷപയിങ്കൽനിന്നു-
മഹസ്സിനെത്തുന്ന വിശേഷമെല്ലാം
രഹസ്സിൽ വഞ്ചിക്ക വരുത്തുവാൻ ത്വ-
ന്മഹസ്സിനെന്തോ പണി ലോകബന്ധോ?” ൮൭

ഇവണ്ണമാവന്ദിവചസ്സു കേട്ടു
യുവക്ഷമേശൻ മുഖമാത്തലജ്ജം
ധ്രുവം നമിപ്പിച്ചെഴുന്നേററു ലോക-
ശ്രവസ്സുധാവൃഷ്ടി പൊഴിച്ചിതേവം. ൮൮

“അമർത്ത്യർതൻനാട്ടിനെയും ജയിപ്പാൻ
സമർത്ഥയാം വഞ്ചിയെയീവിധത്തിൽ
സമത്വമോടാണ്ടു വരുന്ന റാണി
സമസ്തരാലും ബഹുമാന്യയല്ലോ. ൮൯

സരസ്വതീകാന്തനു യാഗശാല,
പരൻ പുമാനുത്തമരത്നമഞ്ചം,
ഹരന്നു ശക്രാഭയദാനഘട്ടം,
പരം പുകഴ്ചസ്സ്ഥിതിഭൂമി വഞ്ചി, ൯൦

Digitized By Kerala Sahitya Akademi

ക്ഷിതിക്കു കണ്ഠാഭരണങ്ങളായ്പ-
ണ്ടിതിങ്കൽ വാണീടിന മന്നവന്മാർ
ശ്രുതിക്കു കൃത്യത്തെയുമാഢ്യയേയും
മതിക്കെഴും കെല്പിലധീനമാക്കി. ൩൧

പുരത്രയാരാതിപുരന്ധ്രിവാഴും
പുരങ്ങളിൽ പൂജ്യതപൂണ്ട കാഞ്ചി
പദം രവിക്ഷ്മാപകിരീടരത്ന-
പരമ്പരാകാന്തിയിൽ മുങ്ങിയില്ലേ? ൩൨

മുറയ്ക്കു കാവേരിപുരത്തിനുള്ളിൽ
നിറഞ്ഞ സൽസ്വാന്തസരോജഷണ്ഡം
ഉറച്ച മാർത്താണ്ഡകരങ്ങളേററു
നിറത്തൊടും പണ്ടു വിടർന്നതില്ലേ? ൩൩

ഇവണ്ണമുള്ളോരു മഹാർഹമാകും
നൃവര്യസിംഹാസനമാദിക്രമം
ധ്രുവം വഹിക്കുമ്പൊഴുതാക്കിളക്കാ-
മിവൻ നിമിത്തത്തിൻ വന്നുകൂടി. ൩൪

ചുരുക്കമോത്താലിച്ചു ജാമദഗ്ന്യൻ
തുരുഷ്കർതൻ വായിലകപ്പെട്ടതാൻ
തിരുത്തിയില്ലാഴിയിൽ നിന്നു, വന്നോ-
രിരുട്ടുപോയപ്പോൾ വെളുത്തു നേരം. ൩൫

ക്രമാൽ മഹാരാജ്ഞിയെ മുൻനിറുത്തി-
ക്ഷമാതലത്തിന്നഭിവൃദ്ധി ചേർപ്പാൻ
അമാത്യനും ഞാനുമിനി ശ്രമിക്കാം;
പ്രമാണമെല്ലാത്തിനുമബ്ജനാഭൻ." ൩൬

ഇളയ്ക്കെഴും നാഥനവന്റെ വാക്യ-
മിളയ്ക്കവേ ഹൂണമഹർഷി സിദ്ധൻ
ഇളങ്കളർപ്പുഞ്ചിരി തൂകിയേവ-
മിളക്കമററുള്ള വചസ്സുരച്ചു. ൩൭

Digitized By Kerala Sahitya Akademi

“മുന്നമുത്തർക്കിതരദേശനിവാസികൾക്കു
വന്നേറുവാൻ വഴികൾ വായ്പൊരു വഞ്ചിനാട്ടിൽ
ഇന്നേവനില്ല രസ,മൂഴിയിലാതിഥേയർ
തന്നേ സമസ്തജനരഞ്ജകർ തർക്കമില്ല. ൯൮

നൂനം പുരാ പരമിജിപ്റ്ററു വിശിഷ്ടമാം ഗ്രീ-
സാനല്ലറോ,മറബിയിസ്രായൽ പെഷ്യ തുർക്കി
ചീനംതുടങ്ങിയൊരു ദിക്കുകൾ വഞ്ചിനാടൊ-
ട്ടൂനംപെടാതെ പലവാണിഭവും നടത്തി. ൯൯

പാരാതെ ശൈലജലധീശ്വരർ പോർത്തുഗീസു-
കാരായ ഞങ്ങളെ മഹമ്മദസമ്മതിക്കായ്
വാരാകരത്തിനകമാക്കുകിലെന്തു? കാത്തു
പോരുന്ന വഞ്ചിയുമതിൻപടി കൊച്ചിനാട്ടും. ൧൦൦

സാമൂതിരിക്കുടയ നാടു പിടിച്ചടക്കാൻ
ശ്രീമൂത്തമററു ചില ഹൂണർ കടന്നുകൂട്ടും;
മാമൂലിനൊത്തുപചരിപ്പൊരു വഞ്ചിഭൂപർ
ധീമൂലമായവരെയും പരിതുഷ്ടരാക്കും. ൧൦൧

കാണുന്നു ഞാൻ വെളിവിലീ വിഷയത്തിനുള്ള
ചേണുററ ഭാവി മുഴുവൻ; പറവൂർ വരയ്ക്കും
ആണുങ്ങളാം നൃവരർ തക്കൊരമാത്യരോടും
വേണുംപടിക്കിളരിച്ചു വിളങ്ങുമേററം. ൧൦൨

ഇക്കണ്ട ഞങ്ങളുടെ പുണ്യഫലം നശിക്കും
തക്കത്തിലാഴിയുടെ കോയ്മ കരസ്ഥമാക്കാൻ
അക്കന്നർ ലന്തകൾ വരുമ്പൊഴവർക്കുമേകും
ഹൃൽകന്മഷം വെടിയുമീനൃപർ വേണ്ടസാഹ്യം. ൧൦൩

കീരം വിളിച്ചു ചെറുകൂട്ടിനകം കടന്ന
നേരത്തുമുള്ളുകൾ വിരിച്ചൊരു മുള്ളനെപ്പോൽ
പാരം പറങ്കിയൊന്നിയിലിക്ഷിതി കൈക്കലാക്കാ-
നാരംഭമാളുമവർക്കപ്പൊഴനല്പദർപ്പം. ൧൦൪

Digitized By Kerala Sahitya Akademi

തീക്കപ്പലാഴിയിൽ നിരത്തിനലന്തക്രുദ്ധ-
യീക്കെല്പെഴാത്ത ചെറുവഞ്ചിയൊടേററു പോരിൽ
തോൽക്കിൽപ്പുരന്റെ കഥ ഞാൻ പറയേണ്ടതെന്തു-
ണ്ടുക്കിൽപ്പെരുത്തവർ സുനീതിപഥത്തിൽനിൽപ്പോർ. ൬൦൫

ചിത്താവലേപമൊടു പാഞ്ഞുവരുന്ന ടിപ്പു-
സ്സുൽത്താനെയും പടയിൽ വെല്പമിതിന്റെ നാഥർ;
ഉത്താപമേവൻമകററി വിശിഷ്ടകീർത്തി-
വിത്താർജ്ജനത്തൊടു വിളങ്ങിടുമെന്നുമെന്നും. ൬൦൬

ഒരുലവമഴവാക്കും വേണ്ട, ദൈവംകനിഞ്ഞു-
ള്ളൊരു വിഷയമിതിങ്കട്ടില്ല മറെറങ്ങുമെന്നായ്
അരുളുമനഘനാമസ്സിദ്ധനെപ്പാർത്തു മോദം
പെരുകി വനിതയാൾക്കും, കൂടിനിൽപോക്കുമെല്ലാം. ൬൦൭

അമ്മാന്യാഗ്ര്യനെ വേണ്ടപോലെയുപചാ-
രം ചെയ്തനല്പങ്ങളാം
സമ്മാനങ്ങൾ കൊടുത്തയച്ചതിനുമേൽ-
ബ്ഭർത്ത്രിയും മന്നനും
മമ്മം! മന്ത്രിയുമുഗ്രശേഖരസുതയും
മോദിച്ചുമട്ടേറ്റുമീ
നമ്മാലോതുവതാവതല്ല സുഖമായ്
മേവീടിനാർ നാൽവരും. ൬൦൮

പതിനാറാം സർഗ്ഗം കഴിഞ്ഞു.

Digitized By Kerala Sahitya Akademi

# പതിനേഴാം സർഗ്ഗം.

---

തദനന്തരം മഹിതവഞ്ചിമഹി-
ക്കുദയം വരുവതിൻ വേണ്ടവിധം
സമമാത്യനോടുമൊരു പദ്ധതിയിൽ-
സ്സദയം കിണഞ്ഞു പണിചെയ്തു നൃപൻ, ൧

അരിശേഷമാക്കു മരുതെന്ന മതം
ശരിയെന്നു കണ്ടു സചിവക്ഷിതിപർ
പരിചിൽപ്പടയ്ക്കു കുടിലാഷ്ടഗൃഹ-
പ്പുരിഷയ്ക്കു നേർക്കു നടകൊണ്ടിതുടൻ. ൨

പെരുതാകുമെട്ടിലൊരുവീട്ടിലുമി-
ല്ലൊരുവൻ തദാ; സകലശാത്രവരും
ശരദാഗമത്തിലള പററിടുമാ-
മരുദന്നർപോലെ മറവാർന്നു ജവാൽ. ൩

അനലാദ്രിപൊട്ടിയൊഴുകുന്നളവിൽ-
ധനമല്ല കാര്യമുയിരെന്നകമെ
നിനവാർന്നു മണ്ടുമുദയൽഭയരാം
ജനമെന്നപോലെകലെയോടി ഖലർ. ൪

ഇതരാലയങ്ങളൊളിയാർന്നളവിൽ-
ബ്ബത! തൽഗൃഹങ്ങളൊളിയററവയായ്.
പതഗത്തിനൊക്കയുമഹസ്സമൃതം;
സുതരാമുലൂകപടലിക്കു വിഷം. ൫

അരചക്കിടാങ്ങളുടെ നേർക്കൊളിവിൽ-
ക്കരശക്തികാട്ടിയ കരിമ്പറയൻ
പരമാണ്ടിരുന്ന വസതിക്കകവും
സരസം കളിച്ചു കമലാഗ്രജയാൾ. ൬

Digitized By Kerala Sahitya Akademi

ബലവർജ്ജിതങ്കൽ നിജബാഹുകളും
ബധവാന്റെ മുന്നിൽ നിജജംഘകളും
കലഹാന്തരത്തിലുതകുന്ന തുരോ-
മുലകിൽ ഖലന്നു മരണംവരെയും. ൭

ഒടർ കാത്തു രാപ്പകൽ വസിച്ചൊരതിൻ-
നട ശുദ്ധ ശൂന്യത വഹിച്ചു തലോ
തടവേററു പട്ടി, പശു, ഗോത്തിലുകൾ-
ക്കുടമപ്പെട്ടന്നൊരു നികേതനമായ്. ൮

അതിയായുറപ്പൊടിവിടത്തിലെഴും
മതിൽ, കാലമന്തി തദ്ഘാതമതിൽ
പതിവായ്ത്തുടന്നിട്ടകയാ,ലിളകി-
ക്ഷിതിയിൽ പതിച്ചു നിലവിട്ടവൻ. ൯

കടൽമങ്കതന്നുടയ തങ്കമിഴി-
ക്കടചേർന്നു മിന്നിയൊരു പൂരുഷർപോയ്
കടവാതിൽ മൃങ്ങയിവയെത്തി വിശ-
ങ്കടകൌതുകത്തൊടു കളിച്ചിട്ടവാൻ. ൧൦

മുകളിൽജ്ജനങ്ങൾ കയറാഞ്ഞില്ല,മൊ-
ട്ടുകളേ തൂണുംതികൾ പൊരുക്കുകയാൽ
മികവുള്ള മാടുകൾ മുറയ്ക്കിരവും
പകലും തുടങ്ങിയതിൽ മേച്ചിലിനായ്. ൧൧

തുണയററിട്ടം മൃഗമദംവഴിയായ്
മണമുററിരുന്ന മുറിയാസകലം
തുണപററിട്ടം മൃഗമദം വഴിയായ്
മണമററു നാറി പരമപ്പൊഴുതിൽ. ൧൨

പതിനെട്ടുകെട്ടിയലുമന്നിലയം
പതിവിട്ടു കെട്ടു വിഗതാശ്രയമായ്
പതിവായെയാഴക്കിനകമാന്ന വന-
സ്ഥിതിപോൽപ്പതിച്ചു തറമേൽ തപതിതം. ൧൩

Digitized By Kerala Sahitya Akademi

മതിയായ് ചുമന്നു; ചുമൽനോവു പൊറു-
പ്പതിനാവതല്ലണവുമെന്നകമേ
ക്ഷിതിയോടെതിർത്തറിഞ്ഞ ചുമടെന്നതുപോൽ-
ഗ്ഗതികെട്ടു താഴെയതു വീണു തദാ. ൧൪

വിതതം തദീയനടു മാറിടമ-
റ്റിതരോപമാനമിയലാതെയതിൽ
കനകമ്മതപ്പടി പതിച്ചു കട-
ഞ്ഞിതൽ തിന്നതിന്നു കഥ തീർന്നു ജവാൽ. ൧൫

അവനൊത്ത കൈകൾപ്പടിയുത്തരമു-
ള്ളവയൊക്കെവീണു തവിടായ്, പകരം
അവരണ്ടൊടും തുലപൊട്ടും ഭുജഗ-
പ്രവരവ്രജം വിലസി തൽസ്ഥലിയിൽ. ൧൬

ഒരുനാൾത്തമോമയതയേന്തിയൊര-
പ്പെരുതാം ഗൃഹം ബത! രജോമയമായ്,
വരമാശു സത്വമയഭാവവുമെ-
ന്നരുളിത്തുടങ്ങി, വനസന്നിഭമായ്. ൧൭

ബത! രാജമൈഥിലിയൊടു പണ്ടു വിരു-
ദ്ധതപൂണ്ടവർക്കു പുരമെന്നതുപോൽ
ചിതമറ്റതേ തൊഴിലിലന്നു പെട്ടും
ഘതകർക്കു പോരുളി തൽഗൃഹവും. ൧൮

ഉടമസ്ഥനോടു പിരിവാനിടവ-
ന്നടവുറ്റ മന്നിൽ നിപതിച്ചു ബലാൽ
ഉടനന്നികേതമുയിരറ്റിടുവോ-
രുടൽപോൽ മറഞ്ഞു സികതാമയമായ്. ൧൯

ക്ഷിതിപാരികൾക്കുടയ ഗർജ്ജനവും
സതികൾക്കു വായ്ക്കുമൊരു രോദനവും
അതിൽ മദ്യപാത്രമുടയും സ്വനവും
പതിവായിരുന്നതൊരുമട്ടൊഴിവായ്. ൨൦

Digitized By Kerala Sahitya Akademi

എത്ര രാജധാനിയിൽ മികച്ചിട്ടവാൻ
കൗതുകം തദീശർ ഹൃദി പൂണ്ട പുരം;
അത്ര പേപ്പിശാചരുകലയ്ക്കമരാൻ
പുത്തുമേടയായ പിതൃകാനനമായ്. ൨൧

ഉലകത്തിലെപ്പൊരുളിനൊക്കയുമീ-
നിലയെന്ന തത്വമറിയുംപൊഴുതും
പല തിന്മ വിററതിനെ വാങ്ങുമൊര-
ക്ഖലനാര് ശുദ്ധമൃഗമോ നരനോ? ൨൨

പിടിയാത്ത മാററലരൊഴിഞ്ഞ ഗൃഹം
കുടിയേറി ഞങ്ങൾ ഭവദീയഗുണം
വടിവിൽസ്തുതിപ്പതുവു നിഷ്ഫലമി-
പ്പടി യാത്രയെന്നരുളി പക്ഷിതതി. ൨൩

അരി, രാമനാമമൊളിച്ചൊരിടം
ധരിയാതെ ഭൂപതി കുഴങ്ങിടവെ
അരികത്തു ചാരനൊരുവൻ വരവായ്
ഹരിഭേശസന്നിധിയിലംശുസമം. ൨൪

അവനോതി "നേരമറിയാമവിടേ-
യ്ക്കുവശത്തുമററതിനടുത്തൊരിടം
തവവൈരി പാർപ്പതിനെടുക്കുകയായ്
നവമാം വിലം ഭുഗജമെന്നവിധം. ൨൫

അതിലോലമൊന്നു പുരുഷന്റെയട-
ത്തതിധിപ്പടിക്കു ഹരിദേശകരം
അതിലെത്തിടാതെ ഭയദായകത-
യ്ക്കതിരായ്‌ലസിപ്പു വനമൊന്നവിടെ. ൨൬

ഹരി, കൊമ്പനാന, കടുവാ, പുലി, വൻ-
കിരി, കാട്ടുപോ,ത്തജഗരം, കരടി,
പരിചാടിവാഴ്ക്കുതയി! സംയമിനീ-
പുരി പാപികൾക്കു പടി പാർപ്പിടമാം. ൨൭

Digitized By Kerala Sahitya Akademi

പകപൂണ്ടു ഗോക്കളെ വധിപ്പതിനാ-
യകലത്തുമാ മൃഗകുലം വരവേ
മികവാളുമിന്ദ്രരവിഗോക്കളതി-
ന്നകമെത്തിടാത്തതുചിതോചിതമായ്. ൨൮

ചുടലപ്പിശാചു, യജമാൻ, മറുതാ,
പടമുദ്രകാളി, വനയക്ഷി, മുതൽ
നടനത്തിനെന്നുമതിനുള്ളിൽ മഹോൽ-
കടഘോരമൂർത്തികളാം വരുന്നു പലർ. ൨൯

ഉയരാത്തവൃക്ഷവു,മതാശ്രുനിജാ-
ലയമാക്കിടാത്തൊരു പിശാചു, മതിൽ
ഭയമാർന്നിടാത്തൊരയൽവാസിയു,മി-
ല്ലയഥാർത്ഥമല്ലതതിഘോരവനം. ൩൦

പകൽ, പൂർണ്ണിമാനിശ,യമാതമി,യീ
വകമൂന്നുമൊപ്പ,മിരുളെപ്പൊഴുതും;
പകവാച്ചപോൽ പ്രകൃതി രാക്ഷസിയായ്
പ്രകടീഭവിപ്പു ജനദൃഷ്ടികളിൽ. ൩൧

തരുയോധർതന്നുടെ രസാഭിധമാം
വരുണാസ്ത്രമേല്ക്കുവതിലുള്ള ഭയം
പെരുതായ് ത്തഭിയവനപൂരിനകം
വരുവാൻ മടിപ്പു ദവപാവകനും. ൩൨

‘മണമുണ്ടു മെയ്യി,ലതുകണ്ടിടുകിൽ-
ക്ഷണമെന്നെ യക്ഷി പിടികൂടുകയായ്’
ചുണവിട്ടതിന്നരികിലിത്തരമോ-
ർത്തണവാൻമടിപ്പൂ ബത! ഗന്ധവഹൻ. ൩൩

ശിഖ ഒന്തിപോൽ, സുമമിടയ്ക്കുകല-
ന്നിലവാച്ചിടും ചെടി വരിപ്പുലിപോൽ;
ചലപർണ്ണശാഖ ശയുപോ, ലതിലീ-
യുലകത്തിലാരു മൃഗയയ്ക്കണവോൻ? ൩൪

Digitized By Kerala Sahitya Akademi

ക്ഷിതിയിൽ ജനാർദ്ദനനശേഷജന-
സ്ഥിതിഹേതു, രാത്രിചരർ പുണ്യജനം,
മതിയററമർത്ത്യനിതുമട്ടു വന-
ഭൃതിവാച്ചിടുന്നൊരുലകാണവനി! ൩൰൫

പകലോക്കിലും വിറ നരക്കതിയാ-
യകമേവരുത്തുമതിൽ മക്കളൊടും
പകയേറുമീരിപു വസിപ്പു ഗുണാ-
ത്മക! പിന്നെയൊന്നുമറിയില്ലടിയൻ." ൩൰൬

അതിനോതി മന്ന, "നരിനാടു മരി-
പ്പതിലാശവിട്ടടവി കാക്കുകയോ?
മതി; കാമിശികമൃഗഹിംസ യശോ-
ലതികാകൃപാണി പുരുഷക്കു പരം. ൩൰൭

കടുവാകണക്കതൊരു ദുഷ്ടമൃഗം,
ചുടുകാടു മാടനു കണക്കു ദൃഢം;
കൊടുതാകമാവനമതിന്നു ശരി-
പ്പെട്ടവോരു വീടു, പുലരട്ടെയതിൽ." ൩൰൮

അതിനോതിമന്ത്രി"യവിടുന്നരുളു-
ന്നതിലേറെ വാസ്തവമിരിക്കുകിലും
പ്രതിയോഗിയക്കുമതിയായതിനാ-
ലതിനുണ്ടു ദോഷ,മറിയിച്ചിടുവൻ. ൩൰൯

നരിയെങ്കിലും മനുജമാംസരസം
പെരികെപ്പെടുന്നതു വധാർഹ,മിവൻ
ശരി നഷ്ടനോക്കിലവിടേ,യ്ക്കതിനെ-
ന്തരിയോരു വഞ്ചിധരണിക്കുമതോ? ൪൰

പരിചിൽസ്സ്വയോധനനുമന്തമണ-
ച്ചരിയായ ദേശികസുതന്റെ ഗളം
അരിയാതെ പാണ്ഡവരിരുന്നതിനാൽ-
പ്പരിതാപമാന്നതറിയിക്കണമോ?" ൪൰൧

Digitized By Kerala Sahitya Akademi

കള്ള,യിത്തിൾ, ചണ്ടി, ചിതൽ, തൊട്ടവയെ-
ക്കളയുന്നവെങ്കിൽ മുഴുവൻ കള്ളവും;
വളരാൻ ഫണിക്കുമിടമൊന്നതുള്ളം
ജളർ നാമില്ലയ്യോ മിതുമപ്പുറവും. ൪൧

ഒരു കീറൽ ഭിത്തിയെ മറിപ്പതുപോ-
ലൊരു പന്നി പഞ്ചകരം മുടിപ്പതുപോൽ
ഒരു തീക്കണം തെരുവശിപ്പതുപോ-
ലൊരു പാപി നാടിതു കെടുപ്പതിനും. ൪൨

ഉടൽ പാണ്ടു വാച്ചിടുകിലെന്തിന ഹാ?
കടൽനീരു ചേർന്നിടുകിലെന്തിനു പാൽ?
കടമേറുകിൽ ദ്രവിണമെന്തിനു? ദു-
ഷ്ട,മെന്തിനൂഴി രിപു ചേർന്നിടുകിൽ? ൪൩

കലടാഗ്ര്യയാംഗ്രഹിണി, സപ്പ്വിലം
കലരും മരം, ഗരളമൊത്ത ജലം,
ഉലകിൽപ്പിശാചമരുമാലയവും,
ഖലനാളുമൂരു,മെവനും വെടിയും. ൪൪

കനിയെന്നപോലെ കനിവാകകിലും
പനിയുള്ളനോമതുതേതുമതും;
അനിശം പ്രിയം നരനു പൂവു, മിഴി-
ക്കനിവാർന്നമായണയുകിൽക്കളനം." ൪൫

പരർതൻ സമൂലനിധനം നിയതം
കരണീയമെന്നവനണത്തിടവേ
തരയോടതിന്നു വിടനൽകി ധരേ-
ശപരൻ നെഞ്ചിലാട്ടെ ശരി"യെന്നരുളി. ൪൬

ഒരു പമ്മിവേട്ട തിരുമനി കൊതി-
ച്ചരുളുന്നതായ് സ്സചിവനോതിടവേ
പെരുകിത്തുടങ്ങി പടകൊണ്ടു മട-
ഞ്ഞൊരു സൈനികർക്കു നിലവിട്ട രസം. ൪൭

Digitized By Kerala Sahitya Akademi

പല രജ്ജു,തന്തു,വെടി, ജാലം, കണ, കൈ-
വല, കൂടയന്ത്ര,മിവ പൂണ്ടുടനെ
നിലവിട്ടുപാഞ്ഞു മൃഗയയ്ക്കു രസാ-
കലരായി നായ്ക്കളിടചേർന്നു ഭടർ. ൪൯

ജളവിന്ദ കട്ടികളും മൃസിയവ്യഴി-
ക്കിളകം പടിക്കു മൃഗയയ്ക്കു പരം
ജളതന്റെ നായകനകമ്പടി തെ-
ല്ലിളയാതെ പോയി ഭടർ മോദമൊടും. ൫൦

"ഹരിയെങ്കിൽ നന്നു വെടിവച്ചിടുവാൻ;
ഹരിസാരമില്ല, നരിതന്നെ ഗുണം;
നരിയുള്ള,മൊററയിലെതിർത്തു വരും
കരിയാണു കാഴ്ച;മതുമല്ല കിരി.  ൫൧

കിരിപല്ലു;വീഴുവെതിർത്തു കതി-
ച്ചരികത്തു പാഞ്ഞിടുമതിൻ പിടിയിൽ
പരിചോടൊരൊററവെടി വച്ചിടുകിൽ-
ച്ചുരി, കാട്ടുപോത്തതിലുമേറെ രസം.  ൫൨

എതുമക്കിടാക്കളിലുമേറെരസം
പെരുകും വൃകപ്രജമെതിർത്തിടുകിൽ;
പൊരുതാനവയ്ക്കു ബലമില്ല മഹാ-
മരുഭന്നർ നേക്കിലതാം കുതുകം."  ൫൩

പലമട്ടിവണ്ണമുരചെയ്തിടുമാ-
ബ്ബലശാലിയോധരൊടുകൂടി മുദാ-
നലമുററ വേട്ടതുടരാനടവീ-
തലമെത്തി ഭൂപസചിവാഗ്ര്യനുടൻ.  ൫൪

ഹരിണാക്ഷി, കോകഗല, ഭോഗികചം,
ഹരിമദ്ധ്യ,മൃക്ഷകലനാഥമുഖം,
കരിയാനു, മഗ്ര്യശുകവാണിയുമായ്,-
പ്പുരിചോടു മിന്നി വനലക്ഷ്മി പരം.  ൫൫

Digitized By Kerala Sahitya Akademi

ഇരുമുള്ള്, വേങ്ങ,യില,വാഞ്ഞിലി, നീർ-
മരു,തീട്ടി, തമ്പക,മിലിപ്പ,യകിൽ,
പെരുവാക, തേക്കു, മുതലായവിടെ-
ത്തരുഷണ്ഡമുണ്ടു പലമാതിരിയിൽ. ൩൬

ധരതൊട്ടു വാൻവരെയുമോടിയതിൽ-
സ്സുരർവച്ചപന്തയമെടുത്തിടുവാൻ
ത്വരപൂണ്ടു മത്സരമൊടത്തരുവിൻ
നിര മേൽക്കുയർന്നു കുതികൊള്ളുകയോ? ൩൭

തനതിച്ഛപോലെ മഴ കിട്ടുകയാൽ
മനതാരിലുള്ളൊരു കൃതജ്ഞതയെ
ഘനസഞ്ചയത്തൊടറിയിച്ചിടുവാൻ
നിനവാർന്നു ശാഖികളുയർത്തുകയോ? ൩൮

സുരപാദപാവലി മഹാർഹപുര-
വരമെത്തഴന്ത രജനീശമുഖം
പരമാജ്ഞയീവകഹരിപ്പതിനായ്
മരമാം പടയ്ക്കുടവി നല്കിയതോ? ൩൯

തെളിവേറുമാ വിവിധവൃക്ഷഘടാ-
മിളിതാടവീസ്ഥലിയെ യോധഗണം
കളിയായ് ച്ചുഴന്നു നൃപകല്പനയാൽ-
പ്പുളിനത്തെയങ്ങു പുഴയെന്നവിധം. ൪൦

അതിനപ്പുറം വനമിളക്കിടുവാൻ
ക്ഷിതിപൻ കഥിക്കവെ തദീയഭടർ
ഗതിവേഗമാർന്നു ദേവവഹ്നിസമം
കുതികൊണ്ടു ചുററുമടവിക്കകമേ. ൪൧

ഭടസിംഹനാദമുയരുന്നതു കേ-
ട്ടുടനിന്നു തുല്യരിപുവെത്തിയതായ്
സ്ഫുടമോർത്തുണർന്നു ഗുകിൽപോലലറി-
സ്സടയുംകുടഞ്ഞു നിലയായി ഹരി. ൪൨

Digitized By Kerala Sahitya Akademi

പ്രളയാബ്ധിപോലെ ഭടവർഗ്ഗർ കട-
ന്നലറുന്നതിന്നതൊരു മാറ്റൊലിയായ്
നിലവിട്ട രണ്ടുമൊരുപോലെ ഭയം
കലരാനകാൾക്കുതകുവാൻ മതിയായ്. ൩൩

വെളിയുള്ള രണ്ടുവംശവും രിപുവിൻ-
വിളികേട്ടു, ഖേദമിരുകൊമ്പുകളാൽ
വെളിവിൽക്കുഴിച്ചതിൽ മദാംബുനിറ-
ച്ചൊളിയാതെ ദന്തി നിലയായ് പുറകിൽ. ൩൪

തലപൊക്കിനിന്നു, തടിനീട്ടി, യിടം-
വലമക്ഷി തീപ്പൊരി പൊഴിച്ചലറി
ഉലകത്തിൽ മെയ്യുടയ രൌദ്രരസം
തുലയാം പടിക്കു നിലയായി നരി. ൩൫

പുലിപൂച്ച, പാമ്പുപുഴ, വൻകിടി ചു-
ണ്ടെലി, കാട്ടുപോത്തുമുയൽ, സിംഹിപശു,
കലികൊണ്ടു ഹൃത്തിലിതുപോൽക്കരുതി-
ബ്ബലിയാം നൃപന്റെ ഭടർ പാഞ്ഞു ജവാൽ. ൩൬

ചലപക്ഷിസർപ്പമൃഗസങ്കുലമാം
നിലകോലുമാറു ഭടരാവിപിനം
ബലമോടുണർത്തി വിളിയാൽ തകരിതം
മലയാൽ സുരാസുരർ മഹോദധിപോൽ. ൩൭

വലകെട്ടിടുന്നു മറവാ, നരവാൾ-
ത്തലകാട്ടിടുന്നു, ധനുതക്കതുപോൽ
കുലയേറ്റിടുന്നു, വെടിവച്ചിടുവാൻ
നിലതേടിടുന്നു നൃവരന്റെ ഭടർ. ൩൮

വെടി, കുന്തം, മീട്ടി, കണ, വില്ലരവാ,-
ളടി, വെട്ടു, തല്ലു, കൊഴു, കെട്ടു, പിടി;
കിടി, യാന, പോത്തു, കടുവാ, പുലി, യി-
ഷ്ടിടിയച്ചരിച്ച പലവാക്കമവർ. ൩൯

Digitized By Kerala Sahitya Akademi

ചതിയുള്ള മാനുഷനമന്തമണ-
സ്സതിൽ മേന്മകോലുമവർ നേർവഴിയേ
ഗതിയാർന്നിടും മൃഗതതിക്കു ജവാൽ
ക്ഷതിനല്കിയെങ്കിലതൊരത്ഭുതമൊ? ൧൦

പരരോടു പോരിനു തുണയ്ക്കുവതീ-
ഭരദങ്ങളാണിവയിലെങ്ങനെ നാം
ശരമെയ്യതെന്നു ഭടജിഷ്ണുവൊരാ-
ളുരചെയ്തിതന്നു ഭടകൃഷ്ണനൊടായ്. ൧൧

ഇതു നല്ലയുക്തി! ചിലയോധർ തുണ-
യ്ക്കുകൊണ്ടു ശത്രുടേർ ബാന്ധവരോ?
കുതുകം കഥിച്ചിടുവതെന്നുടനേ
പുതുഗീതയൊന്നവനതിന്നരുളി. ൧൨

ക്ഷണമാത്മശങ്കയതുമൂലമക-
ന്നിണയറെറതിർത്തു വരുമക്കരിയെ
കണയൊന്നയച്ചു കഥതീർത്തു വെറും
പിണമാക്കി വീഴ്ത്തി വനഭൂവിലവൻ. ൧൩

ഇരുകൊമ്പതിങ്കൽ മുഴമാർബിച്ചിൽ വാ-
ത്തൊരു തണ്ടുപോലെ വലുതായ് നെടുതായ്
മരുവുന്നതബ്ബലിയിലാത്മയശ-
സ്സരുവിൻഫലപ്പടി കലർത്തി രസം. ൧൪

ശവമാണു തൻെറയിരതീണ്ടിയവൻ
ധ്രുവമെന്നലച്ചുവഴിയോതിയുടൻ
അവനോടു ഭീമനൊടു പാണ്ഡുസുര-
പ്രവരൻ ബകൻപടിയെതിർത്തു ഹരി. ൧൫

കരയുള്ളനായ്ക്കു കടിയില്ല; നിന-
ക്കിര കൊമ്പനെങ്കിലിരനീയിതിനും;
പരമേവമോതിയതുതന്നരികിൽ
തപരയോടണഞ്ഞുയിർമുടിച്ചു വെടി. ൧൬

Digitized By Kerala Sahitya Akademi

അരചൻ മരിച്ച പടയെന്ന വിധം
കരഠംകാഞ്ഞു ബാക്കിമൃഗമാസകലം
വിരവിൽപ്പലായനമിയന്നു വനോ-
ദരഭൂവിലേക്കു ഭയവിഹ്വലമായ് ൭൧

എതിരിട്ട ദുഷ്ടമൃഗസംഹതിയെ-
ച്ചതി പാതി, പാതി ശരിയായ വഴി,
ഇതിലൊന്നെടുത്തു ഭടപങ്ക്തി വധി-
ച്ചതിനെന്തതാണു മൃഗയാനിയമം. ൭൨

ഇണചേർന്നു പന്നികളിലൊന്നിനുമേൽ-
ക്കണകണ്ടു പായുമൊരുമററതിനും
ക്ഷണമന്തമേകി,യഴൽ രണ്ടിനുമ-
ന്നണയാതെ കാത്തു കനിവാണൊരുവൻ. ൭൩

ദലപുഷ്പയുക്തതരുശാഖകഠം തെ-
ല്ലുലയാ,തവറ്റിടയിൽ നിന്നൊരുവൻ
തലനോക്കി വച്ചു വെടി ചഞ്ചലതൻ-
നുലയാൻ കൊണ്ടു നരി വീണു ഭുവി: ൭൪

പ്രതിയോഗിതൻെറയുടൽ കീറിടുവാ-
നെതിരിട്ടു പോത്തിനരികത്തുവരെ
കതികൊഠംവതിന്നിട കൊട്ടതൊരുവൻ
ക്ഷതിനൽകി കൈവശമെഴും വെടിയാൽ. ൭൫

വെടി തോക്കു യോധ,നുയിർ മേനിയതിൻ-
പടി വമ്പുലി,ക്കിവയൊരേസമയം
കടിവിട്ടുപായുവതുപോൽ മൃഗയാ-
പടിമാവു മിന്നി പരമാത്ഭുതമായ്: ൭൬

അകലത്തു മണ്ടിടുവതിന്നു തരം
സകലം പെടാതെ വിപിനത്തിനകം
അകതാരിൽ മാലുടയ ദുഷ്ടമൃഗ-
പ്രകരം തുടങ്ങി ഗതികെട്ടൊളിവാൻ; ൭൭

Digitized By Kerala Sahitya Akademi

അവതന്റെ പിൻപുഴറിയമ്പ്മടരും
ജവമോടതിൻനടുവണഞ്ഞിടവെ
അവർ കണ്ട കാഴ്ചയൊരു പൂതപ്പന്തം
ശിവനേ! കഠോരമെഴുതാൻ വിഷമം. ൯൪

ചുടുകല്ലിനാൽച്ചുവരു ചുററിലുമു-
ക്കൊടുപൂ,ണ്ടകത്തു നിരയും പുരയും
പെടുമാറു കാൺമു ഗൃഹമൊന്നവിടെ-
ക്കടിപാർപ്പുതാരു നരനോ നരിയോ? ൯൫

നടയിങ്കൽ നല്ല കഴൽ നാലു നിറ-
ച്ചുതെന്നടുത്ത മൃഗസംഹതിയെ
തടവററു കൊൽവതിനു സജ്ജതയിൽ
മടവർന്നു നിൽപു;കൗതുകം കൗതുകം! ൯൬

അതുരാമനാമഠമിയററിയതാം
പുതുമേടയെന്നു സചിവക്ഷിതിപർ
കതുകത്തൊടോർപ്പളവു ശത്രു വരു-
ന്നതുകണ്ടു വിട്ടിനു വെളിക്കു ജവാൽ. ൯൭

ഇതിനെന്തുഹേതുവവനേവമുര-
സ്സതിൽമുൻപു നാലു വശവും ഞൊടിയിൽ
എതിരിട്ടു സതതതതി, ദക്ഷനൊരായ്
ശിതികണ്ഠഭൂതഗണമെന്നതുപോൽ. ൯൮

പ്രതിഘംകവിഞ്ഞു മുനി ചന്ദ്രമതീ-
പതിതന്റെനേർക്കു മൃഗസംഹതിയെ
അതിയായയച്ചളവിലും വിപിന-
ക്ഷിതിയിത്രമാത്രമിളകില ദ്രുഢം. ൯൯

ഒരുനാളുമില്ലിതുകണക്കിതിലെ-
ന്തൊരുമായമെന്നരി നിനച്ചിടവെ
ഒരുമത്തഹസ്തി ചുവർകത്തിമറി-
ച്ചൊരു ഘോഷമുൾക്കമതി കേട്ടു ജവാൽ. ൱

Digitized By Kerala Sahitya Akademi

കുഴൽ വാങ്ങി നാലുപുറവും വെട്ടിവ-
ച്ചുഴൽപോക്കുവാനവനുറച്ചു തദാ;
പുഴപോലെയാഴിയെ ചെറുതോണി മടൽ-
ത്തുഴയെന്നിവയ്ക്കു വശമായ് വരുമോ? ൪൧

ഒരുജന്തു ചാകുകിലതിൻ പിറകു-
ണ്ടൊരുലക്ഷ,മെത്ര വെടിവയ്ക്കുമവൻ?
ഒരുപോക്കമില്ല; പലർ ചേർന്നെപ്പൊരുനാ-
ളൊരുവൻ മടങ്ങുവതു ലോകഗതി. ൪൨

കുഴയുന്ന കൈകളും, പിടയുന്ന മനം,
കുഴൽതാഴെവീണു വെടിതീ,ർന്നുടൻ
കുഴലിന്നു കൊണ്ടുയിരെഴും ശവമാ-
യഴൽപൂണ്ടു മന്നിൽ മറിയുന്നു ഖലൻ. ൪൩

ഞൊടികൊണ്ടു രണ്ടു നരി പാഞ്ഞു ഹറാൽ-
പ്പിടികൂടിടുന്നു, കഴലും തലയും
കടിവിട്ടുമാൻമതിയായ് ഞ്ഞുമുലം
പൊടിപാറിടുന്നു പിശിതസ്പൃഹയാൽ. ൪൪

തടവററുമററുമുയിർവാരിയുടൽ-
ക്കുടമാന്തപ്പടി കണംകണമായ്
ഇടയിൽക്കിടന്നു വെളിയിൽക്കളവാൻ
സ്സ്പുടമേകി കല്പനയവന്നു വിധി. ൪൫

കലിവിത്തു കായ്ക്കുമുടനെന്നിളമേൽ
വലിയോർകഥിപ്പതു യഥാർത്ഥ,മവൻ
കലികൊണ്ടു ചെയ്ത കടുതാം ദുരിതാ-
വലി കയ്യോടേകിയ ഫലം കഠിനം. ൪൬

ഉരുവിന്നകത്തുയിർ കിടന്നു പിട-
ച്ചൊരുനേരമക്കുമതിതൻ കരളിൽ
വരുമേതുമട്ടുനിനവൊക്കെയുമെ-
ന്നരുളാൻ ഞെരുക്കമഹിനായകന്നു. ൪൭

Digitized By Kerala Sahitya Akademi

പലമട്ട കൈ, വയർ, കഴുത്തു, മുഖം,
തല, നെഞ്ചു, കാലിവയിൽ നിന്നു നിണം,
നിലയററു പാഞ്ഞു വികൃതസ്ഥിതിയിൽ-
ഖലനൂഴിവിട്ടു യമപുരണവാൻ. ൯൮

അവനുള്ള മക്കൾ, മരുമക്കൾ, ഉക-
ന്നവർ, മററു ബാന്ധവർ, ശിഷ്യർ, ഭടർ,
ഇവരുംഭവിച്ചു മൃഗസംഹതിക്കൽ-
ഭവകോപപാവകനു വന്ധനമായ്. ൯൯

അവയൊക്കെയത്ഭുതമെഴും പുരളീ-
ധവമന്ത്രിവര്യർ വധികല്പിതമായ്
ജവമോടു കണ്ടു പുളകാഞ്ചിതരായ്-
ശ്ശിവമേകമീശ്വരനെ വാഴ്ത്തിമുദാ. ൧൦൦

ഒരുവൈരിയാജിയിൽവധിക്കിൽവരും
പുരുഷന്നു മാനണനാതിന്നുതരം;
അരുതേതുമായതിവനെന്നജിതൻ
കരുതിക്കഴിച്ചു കഥ മററുവിധം. ൧൦൧

ഒരു കട്ടിലുണ്ടതിനകത്തു കര-
ഞ്ഞുരുകുന്നൊരുള്ളൊടു കിടപ്പു പരം
കരുണാതിരേകമൊടതിന്നയിരാ-
പ്പുരുഷാഗ്രഗണ്യർ നിലനിർത്തി ജവാൽ. ൧൦൨

നായാട്ടതിൻ സചിവാഗ്ര്യനൊടൊത്തു പൂജ്യ-
ശ്രീയാന്ന പുണ്യപുരുഷൻ പുരളീമഹേന്ദ്രൻ
ആയാസമേതുമണയാതെ തിരിച്ചു മോദാൽ-
പ്പോയാനുടൻ തിരുവനന്തപുരത്തിലേയ്ക്കായ്. ൧൦൩

എന്നേററിസ്മയമീയവസ്ഥകൾധരിച്ചാ-
മോദഭ്രമോദയം
വന്നേറിടിന വഞ്ചിരാണി വഴിപോല-
ക്കേരളക്ഷ്മാപനായ്

Digitized By Kerala Sahitya Akademi

തൻനേരത്തിന പിൻപു തദ്ധരണിയെത്താ-
ങ്ങും പടിക്കേകിനാൻ
മുന്നേതാൻ നിരൂപിച്ചമട്ടിലിളമ-
സ്ഥാനത്തെയാനന്ദിനം. ൪൮

പതിനേഴാംസർഗ്ഗം സമാപ്തം.

---

## പതിനെട്ടാം സർഗ്ഗം.

---

ഉരുതരബലമാകും കാററുകൊണ്ടു ററമേററം
പെരുകിന മുകിലാടൽപ്പാട്ട മുൽപാട്ട മാറി
ഒരുവകതടവെന്യേ കാലമാം കായലൂടെ
നിരുപമഗുണമാളും വഞ്ചി സഞ്ചാരമാൻറു. ൧

അരിമദദഹനങ്കൽ സന്തതം വെന്തു നട്ടം-
തിരിയുമതിൽ നൃപൻതൻ കൃത്യമത്യന്തമപ്പോൾ
പെരികെ വളരെനാളായ്ക്കാഞ്ഞു ണങ്ങിക്കിടക്കും
തരിശിൽ നരർവിതസ്സും വിത്തിടനാടെന്നുന്നൂനം. ൨

ശരദുദയമിയന്നാൽ മാനസംവിട്ടു വീണ്ടും
വരനളിനിയണഞ്ഞീടുന്നൊരന്നങ്ങൾപോലെ
നരപതി ജയമാളും നാളനന്താഖ്യമാകും
പുരമതിനെവെടിഞ്ഞോരാൻ മുന്നേക്കണക്കെ. ൩

അരിയ മുകിലമിപ്പജാലതൻമൂലമായി-
ത്തരിതമകലെയായോരന്യവെയ്ത്ഥസ്ധകാരം
പരിചൊടുദയമാളും കേരളാഘസ്കരൻതൻ
പരിസരമണവാനന്നേതുമാകാതെ മാറി. ൪

ഉടൽ മലരിന നേരാം തനിച്ചിതാർച്ചെന്നിടും വ-
ന്നുടയ കടിലഭൂതപ്രേതവേതാളജാലം
ഉടമയധികമാളും മാന്ത്രികൻ വന്നതിത്താ-
ലുടനെയകലെമാറിപ്പോവതാശ്ചര്യമാണോ? ൫

Digitized By Kerala Sahitya Akademi

നിലയിളകുവതൊപ്പം ജംഗമസ്ഥാവരങ്ങൾ
ക്കുലകിലിരുവകയ്ക്കും മംഗലാമംഗലൌഘം
സുലഭ,മുരുളമൃഴക്കുള്ളിലൊന്നുള്ള നിശ്ച-
ഞ്ചല,മൊരുകുഴിയുണ്ടോ കുന്നടുത്തൊന്നിടാതെ? ൬

കര കട,ലുദകം തീ,യാതപം വർഷ,മാൺപെ,-
ണ്ണിരവുപക,ലിവണ്ണം ദ്വന്ദ്വമോരോന്നു പാരിൽ
തരമൊടു പണിതോരാദൈവമാവശ്യമേതോ
പരമിയലുകമൂലം സൌഖ്യദുഃഖങ്ങൾ തീർത്തു. ൭

നില നരന്ന കറുപ്പും വെള്ളയും മാറി മാറി-
ക്കലരുമൊരു ജമ്പുക്കാളത്തൊടൊത്തുള്ളതെന്നായ്
ഉലകിലറിവിയന്നാലെന്തു നന്നെന്നുമന്യം
വിലകറയുവതൊന്നും ഹന്ത ചിന്തിക്കുമോ നാം? ൮

കരയരുതഴലിങ്കൽ, ശ്രീയിലമ്മട്ടു ഗർവം
കരകവിയരു,തെല്ലാം തുല്യമായ് കല്യർ കാൺമൂ,
കരളിനകമിളക്കം തട്ടിടാത്തോനു കാമം
കരഗത,മവനെക്കാൾ ധന്യനായന്യനുണ്ടോ? ൯

പുറവുമകവുമൊപ്പം ദ്വിഷ്ടരേപ്പെട്ടു ദിഷ്ടം
കുറയുമരിയവഞ്ചിക്കുള്ളതാമല്ലൽ താനെ
മറയു,മവരെമന്നൻ മന്ത്രിയോടൊത്തുവെൽവാൻ
തിറമിയലു,മിതെല്ലാം ഹൃത്തിലാരോർത്തിരുന്നു? ൧൦

ഇരുളിനിടയിൽ വിദ്യുത്പ്രകൃതിയാൽ കത്തിനിൽക്കു-
ന്നൊരു നിരുപമദീപം, പോര,ലക്ഷോപലക്ഷം
അരുണ,മുദയമാളും മട്ടിലന്നാട്ടിനുണ്ടാ-
യുരുതരകദനം വിട്ടുത്തമക്ഷേമയോഗം. ൧൧

പലവഴിയിലുമെത്തി സൂക്ഷ്മമായ് വഞ്ചിയെ ക്ഷ്മാ-
വലമഥനൻ വായ്ക്കും നീതി പുഷ്ടിപ്പെടുത്തി,
പലവഴി ചെറുതായിപ്പിരിഞ്ഞു തഞ്ചാപുരത്തെ-
ക്കലശമവജയാകുന്നൊരു കാവേരിപോലെ. ൧൨

Digitized By Kerala Sahitya Akademi

ഉദധിയിലണയേണ്ടും നിമ്നഗൌഘത്തെ മദ്ധ്യേ-
പഥി മണലരണ്യം ഗ്രസ്തമാക്കുന്നപോലെ
തദവനിപതികോശത്തിന്നു ചേരേണ്ട വിത്തം
മദമൊടിടയിൽനിൽക്കും ദുഷ്ടർ മോഷ്ടിച്ചിരുന്നു. ൩൨

ഭുവി മനുജനു നേരേ കത്തമോടാതിരുന്നാ-
ലവിടെയവളുടെ മെയ്യിൽകെട്ടിടും നീരുപോലെ
അവിരളമുറവരൌജസ്സുററ സാമന്തരെങ്ങും
വിവിധമമിതദൎപ്പം മെത്തി വൎത്തിച്ചിരുന്നു. ൩൩

തരണിയുടെ കരത്തിന്നുൾക്കു തീരെക്കുറഞ്ഞാൽ
പരമനലവിധുദ്ധുതചിട്ടു മേൽപ്പെട്ടിടുംപോൽ
നരപതി ബലവാനല്ലെന്നു വന്നപ്പൊളോരോ
കരയിലുമബലന്മാർ മാന്യരായ്ത്തീൎന്നിരുന്നു. ൩൪

പകുതി ഖലർ കൊടുക്കാറില്ല; നല്ലോർ കൊടുക്കും
പകുതി വഴിയിൽ നിൽക്കും കള്ളർതൻ കൊള്ളതന്നെ;
നികുതി പെരുത്തുമെത്താതൊരു ഭണ്ഡാരമീമ-
ട്ടകുശലതരകാൎശ്യം ഹന്ത! കൈക്കൊണ്ടിരുന്നു. ൩൫

അടിമുതൽ മുടിയോളം രാജ്യകാൎയ്യസ്ഥർ മാസ-
പ്പടി കുടിശ്ശികയായിക്കണ്ടു കൈരണ്ടുകൊണ്ടും
അടിപിടി പൊടിപാററിക്കോഴവാങ്ങിച്ചു തമ്മേൽ-
ക്കുടികളെ മഥനം ചെയ്തൎത്ഥമാൎജ്ജിച്ചിരുന്നു. ൩൬

പ്രണയമൊടു കളിപ്പാനയ്യൊ! താൎത്തയ്യലാൾ വ-
ന്നണയുമരിയ പൂങ്കാവൊക്കുമക്കപ്രദേശം
ഫല്ഗുന ശകലവുമെന്ന്യേ ദുഷ്ടരേവം സഹാരാ-
മണലടവികണക്കായ് സത്വരം തീൎത്തിരുന്നു. ൩൭

മതി മതി പറയേണ്ടാ ബ്ഭാൎഗ്ഗവരാഷ്ട്രമാകും
ക്ഷിതിയഹഹ! വഹിക്കും ധൎമ്മരാജ്യാഭിധാനം
പതിവിനു നരകാൎത്ഥത്തിങ്കലൊപ്പേണ്ടതാകും
സ്ഥിതിയിൽ വരികിലെന്താണപ്പുറം ചൊൽപ്പരാരേ! ൩൮

Digitized By Kerala Sahitya Akademi

ഇവനതുപറവാനും നിങ്ങൾ കേൾപ്പാനുമായാ-
ലവശതയിരുവർക്കും മേൽക്കുമേലേറുമല്ലോ!
ജവമൊടു കഥയെന്നാൽ വേറെ മാറട്ടെ; കട്ടി-
ജ്ജവനികയെയിതിന്മേലിട്ടു ഞാൻ കൂട്ടുകാരേ! ൨൦

തിരിയെ നൃപതിനന്നാട്ടുദ്ധരിച്ചോരു വൃത്തം
ചരിതമെഴുതുവാനെൻ തൂവൽ ഭാവിച്ചിടുന്നു;
കരിതൊടുവതിനത്രേ കൈയറപ്പുള്ളു, തെന്നാ-
ലരിയമൃഗമദച്ചാർത്താരു ദൂരീകരിപ്പൂ? ൨൧

നിരവധി നിലയെന്യേ വാച്ചിടും ദുഃഖസിന്ധു-
ത്തിരയിൽ മുഴുകിനിൽക്കും കേരളക്ഷ്മാവിഭാഗം
കരതലധൃതശസ്ത്രം കൊണ്ടുടൻ വീണ്ടെടുത്തോ-
രരചമണി ബലിഷ്ഠൻ നൂതനൻ ജാമദഗ്ന്യൻ. ൨൨

സപദി ഗണനകൈവിട്ടെങ്ങുമേ പൊങ്ങിമേന്മേ-
ലപരിമിതഗുണൌഘം പെട്ടിടും കെട്ടിടങ്ങൾ,
നൃപതിദയിതയാകും നീതി നട്ടിട്ടു തൽക്ഷ്മാ-
ണ്യുപവനഭുവി മിന്നും പൂച്ചെടിത്തൈകൾപോലെ. ൨൩

ഇതിനഴകതിനെക്കാളേറ,മല്ലല്ലതിന്മ-
ട്ടിതിനഴകവരുന്നി,ല്ലല്ല തുല്യങ്ങൾ രണ്ടും;
ഇതി പല നിനവാർന്നന്നവ്യഗേഹങ്ങൾ കണ്ടാൽ
മതി വിവിധമുഴിഞ്ഞാലാട്ടമെമ്പാടുമാകും. ൨൪

അലഘുസുഷമപൂണ്ടും നവ്യമാം വേഷമാർന്നും
നില പലതു കലർന്നും വെൺകളിച്ചാർത്തണിഞ്ഞും
വിലസിന വസതിക്കും, പുഞ്ചിരിക്കൊഞ്ചൽതൂകും
നലമുടയ നടിക്കും ഭേദമില്ലേതുമപ്പോൾ. ൨൫

ബലമുയരമനല്പം ദീപ്തി വിസ്താരമേവം
പലതുമണവുമിണങ്ങിപ്പുത്തനായ് തൽപുരത്തിൽ
വിലസിന മണിഗേഹം നൂനമോരോന്നുമക്ഷ്മാ-
വലരിപുഹൃദയത്തിൻ നേർപകർപ്പായ് വിളങ്ങി. ൨൬

Digitized By Kerala Sahitya Akademi

പെരിയ ഗൃഹഗൃഹസ്ഥൻ സന്തതം നാലുപാടും
പരികലിതഗവാക്ഷപ്രേഷ്യവൃന്ദം വിളിക്കെ
ത്വരിതമണികിലെത്തും ഗന്ധവാഹാതിഥിക്കായ്
ശരിവരെയുപചാരം ചെയ്തിതാമോദവാസ്സാൽ. ൨൭

തരുണികൾ നിജസൌധത്തിന്റെ മേഴാം നിലയ്ക്ക-
ല്മേലാം ജനൽവഴി താഴത്തേക്കു നോക്കുന്ന നേരം
തരുണർ മുകളിൽ വിദ്യുച്ചാരിതേന്ദുഭ്രമം വാഴ-
ന്നൊരു വസതിയതെന്നായ് വീഥിമേലോതി മേന്മേൽ.

അതിനെയപവദിക്കില്ലാരുമമ്മട്ടു ശുഭ്ര-
ദ്യുതിമൃദുഹസിതം പൊൽക്കാന്തി കൺനോട്ടമാരി
ക്ഷിതിയിലിവചൊരിഞ്ഞാരിന്ദുവക്ത്രം തടിച്ചാ-
ത്തെത്തിരുടൽ മുകിൽകേശം മൂന്നുമൊക്കും വധുക്കൾ. ൨൯

നിരവധി കളുർവെള്ളക്കല്ലുകെട്ടാൽ വിളങ്ങി-
പ്പുരവരമണിയിക്കും തുംഗസൌധങ്ങൾ മേന്മേൽ
ഇരവുപകലൊരേമട്ടാമനത്തിങ്കളിൻ നൽ-
ക്കരനിര തെരുവെങ്ങും വീശിടും ലീലകാട്ടി. ൩൦

പരിചിലഭിനവാഗാരോല്ലസൽകാന്തിസിന്ധു-
പരിപലപലമട്ടിൽ ക്രീഡചെയ്തിടുവാനായ്
പരിസരമണയുമ്പോൾ പാന്ഥർതന്നക്ഷിമീന-
പ്പരിഷ പലവഴിക്കും പാഞ്ഞു സഞ്ജാതഹർഷം. ൩൧

തലയിളകുമനല്പം മേലുകീഴ്, മുൻപു പിൻപും,
വലമിടവു,മെവന്താം കണ്ടുപശ്ചാത്ത,മെന്നാൽ
ശിലപടിയുടൽ നിൽക്കും ബാക്കി നിൽക്കും നിലയ്ക്ക,-
ന്നുലകിൽ നിലയജാലം പാരമേവം ലസിച്ചു. ൩൨

പരിചിൽ നിഴലെടുപ്പോരങ്കണത്തിങ്കലോമൽ-
ക്കരികുഴലികൾ കാമം സഞ്ചരിക്കുന്ന നേരം
ഹരിവധുവിനെയാസ്ത്രീപങ്ക്തി കാൽക്കീഴമപ്പാ-
നരിമയൊടു തുടങ്ങുംപോലെ തോന്നീടുമാർക്കും. ൩൩

Digitized By Kerala Sahitya Akademi

മണിയറയിൽ നടക്കും നാലുകെട്ടിലും തൻ
കണിമലരണിമെയ് കണ്ടാത്മകാന്താശയത്തിൽ
ക്ഷണികനിലയിലുണ്ടാം സംഭ്രമം മഞ്ജുളശ്രീ-
ഗണിതിവഴി പത്തുകെക്കൊന്തമാർ ഹന്ത! തീർത്തു. ൩൪

അളികളിളകിയോമൽത്താരണിത്തേൻ നുകന്നും
കിളികൾ കളകളംപൂണ്ടങ്ങുമിങ്ങും പറന്നും
കളിർവിളയുമിളങ്കാററല്ലസിച്ചും മലർപ്പൈൺ
കളികൾ തുടരുമോരോ വാടിവീടോടിണങ്ങി. ൩൫

ധനമനവധി മേന്മേൽ വാച്ചു സന്തുഷ്ടിപാരം
ജനതയിൽ വിളയാടിത്തത്ര നിസ്തർക്കമെങ്ങും
വിനയൊരുവകയെന്യേ ഭൂപദണ്ഡാധികാരം
ദിനമനു നിജചാപംപോലെ വിശ്രാന്തിയേന്തി. ൩൬

പൊരുൾ വരുവതു വയ്യാൻ വീടുപോരാതെയോരോ
പുരുഷരു,മവർനൽകും ഭൂഷണം ഹന്ത! ചാർത്താൻ
ഒരുലവമുടലെങ്ങും കോണു കാണാതെ മേന്മേൽ-
ത്തരുണികളുമനല്പം പൂണ്ടു ദാരിദ്ര്യദുഃഖം. ൩൭

ഇവരുടെയൊളികാണ്മാൻ കണ്ണുപോരാതെ മേന്മേ-
ലവരു,മവരെയെങ്ങും പുൽകുവാൻ കൈകളെന്യേ
ഇവരു,മിരുവരെയും വാഴ്ത്തുവാൻ ത്രാണിയെന്യേ
കവനകുശലരും കൈക്കൊണ്ടു ദാരിദ്ര്യദുഃഖം. ൩൮

ധനികർ പുരുഷരെല്ലാം നിർമ്മദന്മാ,രഭിഖ്യാ-
ഖനികൾ വനിതമാരോ സാധ്വിമാർ തന്നിമിത്തം
അനിശമലകിതപ്പോൾ റോസ നിഷ്കണ്ടകം നൽ-
പനിമതിയകളങ്കം രണ്ടിനും തുല്യമായി. ൩൯

ഇരുവിധമതുകാലത്തർത്ഥവത്തായ് ലസിച്ചു-
ള്ളൊരു വസുമതിരയൊക്കെയിട്ടു പൊട്ടുന്നനർത്ഥം
തെരുതെരെയകലെപ്പോയെന്നതിൽ ചിത്രമെന്താ-
ണിരുളുമിനനുമൊന്നാ പേർത്തുമേകത്ര നിൽപ്പൂ? ൪൦

Digitized By Kerala Sahitya Akademi

വെള്ളത്തിലുടരടങ്ങിപ്പൊരരസ്ത്രം ത്യജിക്കെ-
ത്തെളിവൊടതിന്ന തക്കം പാൎത്തു സൌധത്തലെത്തി
നളിനവിശിഖനിക്ഷുദത്താക്കിൽ നിന്നെപ്പൊഴും പൂ-
ന്നളികഗുളികതൂകിദ്ദിഗ്ജയം ചെയ്തു രാവിൽ. ൪൧

വിരുതിവരികലത്തെതശ്ശൃംഖലാബന്ധനം ചെ-
യ്തരുളിന നിജകാന്തൻ സന്നിധൌ വന്നിടുമ്പോൾ
ഒരുവൾ മനമദിഖ്യാമാലകൊണ്ടും പരം മെ-
യ്യിരുളജലതകൊണ്ടും കട്ടിയായ് കെട്ടിയിട്ടാൾ. ൪൨

ഞരികളുമരുമോരോ ശൈലശൃംഗങ്ങളും വെ-
ന്നരിയൊരു പുകളേന്തും ധന്യസൈന്യാധിപന്മാർ
അരിവയറിൽ വിളങ്ങും ശൈലശൃംഗങ്ങളുംപോയ്-
പ്പുരികിനൊടു പിടിച്ചാർ തജ്ജയംപൂർത്തിയാവാൻ. ൪൩

ഗതി ചെറുതു വിളംബിച്ചീടവേ പാടവാൽ തൻ
മതിമുഖിയരുളീടും പാദസന്താഡനത്തെ
ക്ഷിതിയിലതിവികാസം പൂണ്ടുനിൽപ്പോരശോക-
സ്ഥിതി കരഗതമാവാൻ മാർഗ്ഗമായ്ക്കണ്ടു കാമി. ൪൪

പ്രണയകലഹമാർന്നോരന്യവാമാംഗി ഭർത്താ-
വണയുമളവു മെയ്യിൽപ്പെയ്ത ഗണ്ഡൂഷതോയം
ക്ഷണമവനതനിക്കായ്ക്കാമസാമ്രാജ്യമേകം
ഗ്ഗുണമെഴുമഭിഷേകാംഭസ്സുപോൽ തോന്നി ഹൃത്തിൽ. ൪൫

മലയപവനനാലും മങ്കമാർതൻ കടാക്ഷാ-
മലതരസുധയാലും മന്ദഹാസത്തിനാലും
മലർമട്ടുമൊഴിയാലും മാന്യയോധർക്കു മന്ദം
മലരയാളിമുലയാലും മാറി മാലാകമാനം. ൪൬

പടനടുവിലെഴും തൻ വിക്രമപ്രക്രമത്തെ-
പ്പിടമൃഗമിഴിയാൾ കേട്ടൊന്നു ശീർഷംകുലുക്കി
സ്ഫുടമൊരു മൃദുഹാസം തൂകവേ പാരിനെല്ലാ-
മുടയവനവനെന്നായ് തോന്നി കാന്തന്നു ഹൃത്തിൽ. ൪൭

Digitized By Kerala Sahitya Akademi

വളരെ വളരെ നാളായ്ക്കാത്തു കാത്തക്ഷിപ്പൂത്തോ-
രിളമൃഗമിഴിമാർതൻ മഞ്ജുവും നെഞ്ചുമൊപ്പം
കളരുചി കളിയാടും കാന്തർ തൻ മേനികണ്ടോ-
രളവിലവിരളാമോദത്തോടെത്തുല്ലസിച്ചു. ൪൮

അതിമതികുതുകം പൂണ്ടന്തിനേരം ത്രിയാമാ-
പതിയുടെ വരവോർത്തു പാട്ടുപാടിക്കളിച്ചും
പുതിയ ചെടിനനച്ചും പൂക്കൾ നീളെപ്പറിച്ചും
മതിമുഖികൾ വസിച്ചാർ മഞ്ജുകുഞ്ജാന്തരത്തിൽ. ൪൯

തരുണർതരുണിമാരെന്നല്ല ജന്തുക്കൾപോലും
തരുലതകൾ പെരും താർ ശ്രീയും വാടിടാതെ
മരുവിട്ടമതിനേതും ദൃഷ്ടിദോഷം വരായ്വാ-
നരുളി ബുധർ നികാമം വാടിയെന്നുള്ള നാമം. ൫൦

തളിരൊളി തിരളും മെയ് പൊന്നുഴിഞ്ഞാലിലാട്ട-
ക്കളിയിലിളകിടുമ്പോൾ തൻമുഖാബ്ജം വിടർത്തി
നളിനമവവധൂടീ വീണ നാണിച്ചിടും മാ-
റളികചകളിവണ്ണം പാടിനാർ പഞ്ചമത്തിൽ. ൫൧

"നെടിയമല കിഴക്കും നേരെഴാത്താഴി മേക്കും
വിടിവിലെലുകയായിത്തഞ്ചിടും വഞ്ചിനാടേ!
അടിയനിതറിയിക്കാമബ്ധികാഞ്ചിക്കു നീയേ
മുടിനടുവിൽ വിളങ്ങും മുഖ്യമാണിക്യരത്നം. ൫൨

അവരവരവർ മേവും ദിക്കു മേലെന്നു കേററാ,-
മവരൊടതിനസൂയാഹേതുവില്ലേത്തുമാക്കും ;
ധ്രുവമെവനമവൻതൻ മങ്ക താർമങ്കയെന്നാ-
ലവനിയിലവർ സാക്ഷാൽ 'മാങ്ക്വി'ക്കൊപ്പമാമോ?

പഴയ കൃതയുഗം തൊട്ടൂഴിമേൽ വാഴുമോരോ.
കിഴവികൾ നിരപ്പിക്കിൽബ്ബാക്കിയാം ഭൂക്കളെല്ലാം;
ഉഴറിയുദധി രാമന്നേകിയോരോമനേ! നീ-
യഴകൊഴുകിന പൃഷ്ട്യൈശ്വവനശ്രീവഹിപ്പൂ. ൫൪

Digitized By Kerala Sahitya Akademi

പരശുരാമെയശസ്സം നിൻ പിതാവായ സാക്ഷാൽ
പരശുധരമുനീന്ദ്രൻ വെന്നുപോലൊന്നുപോലെ
പരമവർ പരിപാലിച്ചോരു രാജ്യത്തെയെല്ലാം
പരമസുഷമയാളും നീയുമമ്മേ! ജയിപ്പൂ. ൧൫

ക്ഷമയിലന്നുവാദം നീയിത്തരം ദിഗ്ജയം ചെ-
യ്കുമതുമളവു മേഘമവർഭ്രവൃഷ്ടിച്ചുലത്താൽ
പ്രമദവനവിരാജൽകല്പകപ്പൂപറിച്ചി-
ട്ടമരികളതു നിന്മേലപ്പൊഴപ്പോഴപ്പൊഴിപ്പൂ. ൧൬

പെരുമഴമുകിൽ വാനിൽസ്സന്തതം പന്തിയാസ്സ-
ന്നരുളിടുവതു കണ്ടാലൂർദ്ധ്വഭാഗത്തിലേക്കായ്
തരുണികളണിയും നീ കട്ടിയിൽക്കെട്ടിവച്ച-
മെല്ലാരു പുരികഴലെന്നായ്ത്തോന്നിടും നൂനമാക്കും. ൧൭

അനഘലതപെടുമമ്മേ! വത്സലത്വത്തിനാൽ നിൻ
സ്തനഗിരികറം ചുരത്തും നൽപ്പയസ്സല്പമെന്യേ
ദിനമനു പരിപാലനം ചെയ്കയാൽ നിന്നിലുണ്ടാ-
മനവധി ധാന്യം പുഷ്ടിപൂണ്ടുല്ലസിപ്പൂ. ൧൮

അരിയതൃണമിണങ്ങും നിന്റെ മൈതാനമാകും
ഹരിതപരവതാനിക്കൊക്കമേൽ കൃഷ്ണശില്പാ
പരിചിനൊടു പുകഴ്ത്തിപ്പാട്ടുപാടുന്ന പക്ഷി-
പ്പരിഷയുടെ ജനിക്കേ പാരിതിൽ ചാരിതാർത്ഥ്യം. ൧൯

അരികിൽ വളരെനാറംവാണപ്പുറം നീ നിമിത്തം
തപരിതമകലെയായോരംബുധിക്കും ഗിരിക്കും
പിരിവതിനിടയെന്യേ നീ ഘടിപ്പിപ്പൂ രണ്ടും
സരിദുരജതശ്രീശൃംഖലാപങ്ങ്കതിയാലേ. ൨൦

കരിണികറം വരിയായ് നിൻ ശീതളച്ഛായകോലും
ഗിരിതടികളിലമ്മേ! സഞ്ചരിക്കുന്നു മന്ദം;
അരിയ സഖികളോടും സേവച്ചുപോലന്തിനേര-
ത്തരിവയർമണിമാർ നിൻ നിഷ്കുടത്തിൽക്കണക്കേ.

വിയതി തരുകദംബം മുമ്പുഞാൻ മുമ്പുഞാനെ-
ന്നയതമമലശൈത്യം വാച്ച നിൻ കാനനങ്ങൾ
നിയതമരിമകോലും കാളിദാസൻെറ മേധ-
ക്കയൽമിഴി നടകൊണ്ടീടേണ്ട ഘണ്ടാപഥങ്ങൾ. ൩൨

അലഘുകുശലയാം നിൻ ശില്പമുൽപന്നമാക്കും
ദലനിബിഡപലാശപ്പന്തലിൻ താഴെയായി
സുലളിതവനലക്ഷ്മീദേവിയാൾക്കുണ്ടു കോലാ-
ഹലകലവിയിൽ വായ്പൂ നിത്യകല്യാണഘോഷം. ൩൩

പരിമളമിളകീടും പട്ടണിപ്പുഷ്പതല്പോ-
പരിവേതികൊട്ടക്കും പക്വതോയങ്ങൾ വാങ്ങി
പരിണതശശിബിംബം പാർത്തു താത്തെന്നലിൻ നൽ-
പ്പരിചയസുഖമേൽപ്പൂ ഭാഗ്യവാന്മാരതിങ്കൽ. ൩൪

ഒരുജലകണമേന്താൻ ചാതകം വാതുറന്നാൽ-
പെരുമഴപലതേകും കൊണ്ടലിൻ കൂട്ടുകെട്ടാൾ
ഒരു യവമണികിട്ടാൻ കർഷകൻ കൈയയച്ചാ-
ലുരുകളമമൃൻ നീ നൂറു നൽകുന്നു തായേ! ൩൫

അടി പിടി പലമട്ടിൽക്കുത്തുവെട്ടുന്തുതള്ളി-
പ്പിടി പണി പതിനെട്ടും കാട്ടിടും കർഷകന്നും
മടിയൊരുവകനൽകാൻ മററു മന്നിന്നു; നീയോ
ഝടിതി കതകിൽ മുട്ടും ഡിംഭനും കാമധേനു. ൩൬

ധൃതിയുടെ കളിവീടാം നിൻെറ പാടത്തുചെന്നെൽ-
ക്കതിരഴകിലിളം പൊന്നിളക്കും തെന്നലമ്മേ!
അതിൽ മിഴിയണവോൻ തൻ ഹൃത്തുമമ്മട്ടിളക്ക-
ന്നതിനു മുതിരുമേത്തും പക്ഷപാതം പെടാതെ. ൩൭

അരുളുമെവിടെയും നീയെങ്കിലും നിൻമഹത്വ-
പ്പെരുമ പുലരുവോരിക്ഷേത്രസാർത്ഥത്തിലെത്തി
തിരുവടിമലർകൂപ്പി ശാശ്വതാനന്ദതീർത്ഥം
തെരുതെരെ നുകർത്തോൻ ശുദ്ധചാർവാകനമ്മേ! ൩൮

Digitized By Kerala Sahitya Akademi

വലവുമടിവുമോരോ തോളൊടൊന്നിച്ച 'കാന്തി-
ക്കലവികൾ' കലരുംമാറൻ കായലിൻ പങ്ക്തി കണ്ടാൽ
നലമൊട്ടു തിരുമെയ്യിൽക്കീർത്തിമുദ്രാനിബദ്ധാ-
മലതരമണിഹാരംപോലെ തോന്നുന്നു തായേ! ൯

കുമതി വരുതിയെത്തൽസ്വാമി വാഴുന്നതോപ്പാം
ക്ഷമയുടെയരികത്തേക്കെത്തി നോക്കിച്ചിടാതെ
അമലസുഷമ മേവും മാളികേ; നാളികേര-
ദ്രുമങ്ങൾ തലപൊക്കിക്കാവൽ നില്ക്കുന്നു ചുററും. ൧൦

വിനതയുടെ വിഷാദം നീക്കുവാനായ് ക്ഷണം ത-
ത്തനയനമൃതകുംഭം പണ്ടുപോയ്ക്കൊണ്ടുവന്നു;
ജനകജനനിമാർതൻ ദുഃഖമാററീടുവാനി-
ത്തനയരയുതലക്ഷം തൽഘടം പേറിടുന്നു. ൧൧

പരിചിൽ വിഭവമാളും തോട്ടമോരോന്നുമോരോ
പെരിയൊരു തറവാട്ടിൽപ്പെട്ട കാർണോർകണക്കെ
അരികിലണയുവോരെപ്പൂഗതാംബൂലമേകി-
ത്തരിതമുചിതമമ്മേ! സല്ക്കരിപ്പാനിരിപ്പൂ. ൧൨

ഇളയ വിടപിയിന്മേൽച്ചുററിമുററും ഫലിക്കും
മുളകുകൊടികളെക്കണ്ടാളിമാർ നേർക്കുനോക്കി
കളവിനൊടു ചിരിക്കെക്കാളിടുംവ്രീളമൂലം
കളരുചി മുഖപത്മം കന്യമാർതാഴ്ത്തിടുന്നു. ൧൩

ഒരുവനധനമേകിപ്പിന്നെലുബ്ധ്യോഗ്രനായ് നിൻ
തിരുമടിയിലുറങ്ങും പങ്കജാക്ഷങ്കൽനിന്നും
വിരുതിലതിനദാക്ഷ്യംനേടി നീ നിൻെറമക്കൾ-
ക്കരുളുവതു നിസർഗ്ഗം തദ്ദ്വിജശ്രേഷ്ഠസാമ്യം. ൧൪

വളരെ വിഭവമേന്തും നിന്നിലെത്തോപ്പു കാണു-
ന്നളവ് 'തളക'യെന്നായ്ത്തോന്നിയോ' വന്നിറങ്ങി
നളനൊടണവതിന്നായ് രംഭ നില്ക്കുന്ന മേന്മേൽ-
ക്കളരുചി കളിയാടും കല്പപത്രാളി'ചാർത്തി? ൧൫

Digitized By Kerala Sahitya Akademi

മരുവുമൊരുവനമ്മേ! മാതൃഭൂവെന്നു വന്നാൽ-
പ്പെരുകുമവനതിങ്കൽ സ്നേഹമെന്നാപ്തവാക്യം;
കരുണയൊടനിശം നീ കാക്കിലും നന്ദിയെന്യേ
മരുവുക പതിവാം നിൻ മക്കൾ കാക്കോടകന്മാർ. ൬൬

തിരുവുരു ചെറുതാക്കെങ്ങിലാനന്ദബാഷ്പാ
പെരുകിയുമുടലെങ്ങും കോൾമയിർക്കൊണ്ടുമമ്മേ!
നിരുപമതരമാകും ശുദ്ധനിർവ്വാണമായോ-
രരുവിയിലടിയത്തിന്നുള്ളു തുള്ളിക്കളിപ്പു. ൬൭

അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാ-
മടിമുതൽ മുടിയോളം നിന്നിലാകട്ടെ തായേ!
അടിമലരിണവേണം താങ്ങുവാൻ; മറ്റൊരേട-
ത്തടിയുവതു ഞെരുക്കം മുക്തി സിദ്ധിക്കുവോളം. ൬൮

സതി! കനിവിനൊട്ടും പെറ്റെന്നെയിന്നേവരയ്ക്കും
പതിവിനഴലശേഷം മാററി നീ പോററിയല്ലോ;
ഇതിനുപകരമെന്താം? നിൻെറകാര്യത്തിലെങ്കൽ
ക്ഷിതിയിലനിശമമ്മേ! നിൽക്കുമക്രീതദാസ്യം. ൬൯

പരമപുരുഷശക്തേ! ഭാരതക്ഷോണിമൌലേ!
പരശുജയപതാകേ! പത്മജാസ്വന്തശാഖേ!
പരമിവനുസഹായം പാരിലാരുള്ളൂ? നീയേ
പരവശതയകററിപ്പാലനംചെയ്ക തായേ!" ൭൦

കടിലകകചകളേവം പാട്ടു പാടിക്കളിക്കും
പടി പരമസുഖാബ്ധിക്കുള്ളിലുള്ളാക്കെ മുക്കി
വടിവു കൂടിയിരിക്കും വഞ്ചിയാകുന്ന നല്ലാർ-
മുടിമണിയെ രമിപ്പിച്ചക്ഷിതിക്ഷിത്തു വാണു. ൭൧

ശ്രീരാമവൃത്തമെഴുതും ശുകഗാനമാക്കി,
ശ്രീരാമതുല്യമുലകിൽ ഭരണം നടത്തും,
ആ രാജവര്യനിവരണ്ടിനുമൊത്തുയോഗം-
മാരാലിണങ്ങിയതു ഭാഗ്യവതുമിഭാഗ്യം. ൭൨

Digitized By Kerala Sahitya Akademi

മതി പറവതു, പേൎത്തും കേരളത്തിന്റെ വൎമ്മ-
സ്ഥിതി വൎദ്ധകനിമിത്തം നാമമന്വൎത്ഥമാക്കി
പുതിയ പുകൾ പുലൎത്തും പുണ്യമൂൎത്തിക്കൊണ്ടു വഞ്ചി-
ക്ഷിതിയുടെ കമിതാവന്നാട്ടു പാടേ ഭരിച്ചാൻ. വൃ൩

പതിനെട്ടാംസർഗ്ഗം സമാപ്തം.

## പത്തൊൻപതാംസൎഗ്ഗം

———:o:———

എമ്പാടുമഷ്ടാലയവൎണ്ണനത്തിനാൽ
വൻപാപമാർജ്ജിച്ചുമഭിയത്നലിക്കേ!
അൻപാൻ നീ വാഴ്ക്ക രാജപുത്രിയും
തമ്പാനുമായുള്ള വിവാഹമംഗലം. ൧

ഓരോതരം വിഷ്ണുമിയന്നു മന്ത്രിയും
താരോമനത്തയ്യലുമങ്ങുമിങ്ങുമായ്
സ്വൈരോദ്യനാഥാഗ്ര്യകലോപമാനരായ്
ഹാ! രോദനം ചെയ്തു ദിനങ്ങൾ പോക്കിനാർ. ൨

വേനക്കൽപിൻപേ മഴയും കഴിക്കമേ-
ലീനമ്മൾ കന്നും പതിവിന്നു കാണുമവർ;
ന്യൂനം ജഗത്തിങ്കലെവന്നുമാവിധം
ദൂനതമറ്റാലതിനപ്പുറം സുഖം. ൩

ദാരിദ്ര്യമുന്നു മഹാരസം ധനം;
ഭൂരിക്ഷുധാൎത്തന്നതിരമ്യമോദനം;
പാരിച്ചവെയ്‌ലിൽ തണൽ പാന്ഥനുത്സവം;
പാരിൽസ്സുഖത്തിന്നഴലാദികാരണം; ൪

ഏവംനിനച്ചൂഴിയിലപ്പൊഴപ്പൊഴായ്
ദൈവം നരൎക്കേകിടുമത്തലൊക്കയും
ആവശ്യകംതന്നെ; ശിരസ്സപോതുൎമ്മ-
ന്നേവൻ ത്യജിപ്പോനടിയിൽപെട്ടും പദം? (യുഗ്മകം) ൫

Digitized By Kerala Sahitya Akademi

ഏതാകിലും തമ്മിലകററിയേററെനാം
ധാതാവിളന്തയ്യലിനും യുവാവിനും
ഓതാവതല്ലാത്തൊരു മാലണയ്ക്കിലും
സ്ത്രീതാനകമ്പാളരമേന്തിയന്ത്യമായ്. ൬

എല്ലാത്തടസ്ഥങ്ങളുമററു മന്ത്രിയും
മല്ലാക്ഷിയും ദമ്പതിഭാവമേന്തുവാൻ
ഉല്ലാഘയാം രാജ്ഞിയനുജ്ഞനല്കിനാ-
ളല്ലാതെയെന്തുള്ളു തദീയനിഷ്കൃതി? ൭

കാർത്താന്തികന്മാർ ഗുണദോഷമാകവേ
പാർത്താദരിച്ചോതിയ പുണ്യവേളയിൽ
നീർത്താരിതൾക്കണ്ണി സനാഥയാകുവാ-
നോർത്താളുമാദേവി തദീയമന്ത്രിയാൽ. ൮

ശ്രോത്രപ്രിയംഭാവുകമീയുദന്തമ-
ങ്ങോത്രസ്ഥകം വാഴ്വോരു പൌരർകേൾക്കവേ
നേത്രത്തിൽ മോദാംബു വൊടംബുജാക്ഷനെ-
സ്തോത്രങ്ങളോതിപ്രണമിച്ചു ധന്യരായ്. ൯

നാലായി കൊല്ലം നയമുള്ള മന്ത്രിയും
ലോലാക്ഷിയും തങ്ങളിൽ വിപ്രയുക്തരായ്
മാലാൻറ നാളൊന്നു നെടുംചതുര്യുഗം
പോലാകലപ്പെട്ടു കഴിക്കയല്ലയോ? ൧൦

നേരായി മുന്നം മദനാഖ്യ മന്മഥ-
പ്പേരായതിൻപിൻ,പഥ മാരനാമവും
ചേരാൻ തനിക്കർഹതയുള്ള വാസ്തവം
താരാസ്ത്രഗൻ മുന്നിനു രണ്ടു ചൊല്ലിനാൻ. ൧൧

ചാരത്തണഞ്ഞപ്പുറവും കഥിക്കുവാ-
നാരംഭമക്കാഴ്മലനാർന്ന വേളയിൽ
ദൂരത്തു കാർമേഘമകന്നു; വാനിടം
പാരം പതുക്കെത്തെളിവാൻറ പിന്നയും. ൧൨

Digitized By Kerala Sahitya Akademi

തൈമാസമെത്തുന്ന വെള്ളത്തവാവുനാ-
ളാമാനിനിക്കുള്ള മനോജ്ഞബാന്ധവം
ധീമാനമാത്യൻ തുടരാൻ വിധിച്ചു തൽ-
ക്ഷേമാനപേക്ഷകതൻ ഗണിതജ്ഞസത്തമൻ. ൫൩

ലോകത്തിനുള്ളിൽക്കുളിരീയുവക്ഷമാ-
ധീകൻ കൊടുക്കുന്നു, വെളിക്കതേകുവാൻ
പോകട്ടെ ഞാ,നെന്നതുപോലെ വഞ്ചിയിൽ
ശ്രീകമ്രഹേമന്തമണഞ്ഞുസത്വരം. ൫൪

“പാകാരി നീഹാരധരം പൊടി,ച്ചതീ-
ലോകാന്തരത്തിങ്കലതിത്തു വാഴ്കയോ?
നാകാപഗാവീചികൾ ശീകരോൽക്കരം
വൈകാതെ കീഴ്പ്പോട്ടു പൊഴിച്ചുകൊൾകയോ? ൫൫

രാകാബ്ജബിംബം പൊടിഭസ്മമായ്ത്തക-
ർന്നാകാശമാർഗ്ഗത്തെ വെടിഞ്ഞു വീഴ്കയോ?
ശ്രീ കാളമേഘസ്സ്തോടു വെണ്ണനം ഗന-
സ്തോകാത്മകീർത്തിച്ചുട വീശി നില്പതോ? ൫൬

ഭൂമഞ്ജുഗാത്രിക്കു ഹരിദ്വയസ്യമാർ
പ്രേമത്തൊടേകും ശിശിരോപചാരമോ?
ഹേമന്തകാലപ്രകൃതിപ്രയുക്തമാം
കാമപ്രശസ്താംധാരവേദിധൂമമോ? ൫൭

വാരാംഗനാനിഷ്ഠരസംഗമോത്ഥമാ-
യോരാ നവസ്വേദകണാളിവൃഷ്ടിയോ?
ധാരാളമായ്ത്താഴെ വഴിഞ്ഞൊലിക്കുവോ-
രൈരാവതത്തിൻെറ മദാംബുധാരയോ? ൫൮

മാരാമയം തീർപ്പതിനായ്പ്പരാശരൻ
പോരാന്നിടും കേരളനാടണഞ്ഞുവോ?
ആരാദ്ധ്യ ഗാന്ധത്തിനുമുൻപുതന്നെ യ-
ക്ഷീരാബ്ധിയിൽക്കോളിളകിത്തുളുമ്പിയോ” ൫൯

Digitized By Kerala Sahitya Akademi

ഈവമട്ടുലോകം നിരൂപിച്ചിടും വിധം
ഹേമന്തകാലാഖ്യയുവാവു വേണ്ടപോൽ
ഓമൽധരിത്രീകമനിക്കു മഞ്ഞണി-
ക്ഷൌമം കരാബ്ജത്തിലണച്ചു തദ്ദിനം. ൨൦

കട്ടിത്തുഷാരത്തിരയാടതൻ വെള്ളി-
ക്കൊട്ടിജ്ജനം നില്ക്കിലതും തടസ്ഥമാം;
തട്ടിത്തകർക്കട്ടെ നവത്തു ലീല തൻ-
മട്ടിന്നു മേന്മേൽ വിജനത്തിലിഷ്ടപോൽ. ൨൧

എന്നുള്ളിലോർത്തോ ഹിമകാലമാരുതൻ
മന്നും വിയത്തും വിറപ്പൂണ്ടിടും വിധം
ചിന്നും മദത്തോടു ചരിച്ചു തൻഗൃഹം
തന്നുള്ളിലോടിച്ചു ജനത്തെയാകവേ? (യുഗ്മകം) ൨൨

അന്തിക്കു മേന്മേലുലകെങ്ങുമൊന്നുപോൽ-
പ്പൊന്തിപ്പെരുക്കുന്നൊരു ശീതമേൽക്കവാൻ
പന്തിക്കു പറ്റാതെയൊളിച്ചുമാറിനാൻ
വൻതിഗ്മരോസ്സും വഴിവിട്ടു വിസ്മയം. ൨൩

കൂട്ടാളിയാം കാറ്റിന്നു വാച്ച വിക്രമം
കോട്ടാലയംതോറുമണഞ്ഞു പാവകൻ
കൂട്ടാക്കിടേണ്ടെന്നുരചെയ്തു മുറ്റുമാ-
നാട്ടാർക്കു വായ്ക്കും വിറയെക്കെടുത്തിനാൻ. ൨൪

പാരം ജഗൽപ്രാണനരാതിയായ് ഭവി-
ച്ചോരജ്ജനം മിത്രവിയുക്തമെങ്കിലും
വൈരം വെടിഞ്ഞെത്തിട്ടമാശ്രയാശനാൽ
സ്വൈരം സനാഥത്വമിയന്നു ചിത്രമേ! ൨൫

ചുറ്റും നിരഞ്ഞുള്ള മുറിക്കകത്തുപോയ്
പറ്റും ജനം വാതിലടച്ചു വേണ്ടപോൽ
മറ്റും പുതയ്ക്കും ചകലാസുകൂടിയും
ചെറ്റും തടുത്തില്ലു് ഹിമാർത്തിയെത്തദാ. ൨൬

Digitized By Kerala Sahitya Akademi

ആവേലയൊട്ടുക്കു വൃഥാംവിലെന്നു ക-
ണ്ണാവേളയിൽപ്പൂരുഷർ ചാതകങ്ങൾപോൽ
പൂവേണികൾക്കൊത്ത പയോധരങ്ങൾതൻ
സേവേച്ഛമാത്രം ഹൃദി പൂണ്ടു നിർഭരം.

പ്രേമപ്പിണക്കം ചെറുകുന്ന മാനിനി-
ക്കോമൽപ്രിയൻ ചാടുവചസ്സരസ്സുവൻ
തൂമഞ്ഞണിച്ചന്ദ്രിക വാച്ചരാത്രിയിൽ-
ക്കാമംശ്രമിച്ചില്ല,തു പിഷ്ടപേഷണം. ൧൮

സ്വല്പം വിളംബിക്കുകയാൽ കയർക്കുമോ
മൽപത്നിയെന്നോർത്തണയുന്ന കാന്തനെ
ഉൽപന്നരാഗം പഥി താൻ പുണർന്നിടാൻ
തൽപത്തനംവിട്ടു ഗമിച്ചു തദ്വധു. ൧൯

ഓമൽത്തുഷാരത്തു വഴിക്കടിച്ചുതാം
തൂമഞ്ഞിന്നങ്ങും പടവീടു തന്നകം
കാമൻെറ സാക്ഷാൽപ്പടവീടുപോലതോ-
ത്താമഞ്ജുജായാധവർ പോരിനെത്തിനാർ. ൨൦

പാരാതെ വെള്ളസ്സമനോവിരോധിയെ-
പ്പോരാടി വെൽവാൻ ദയിതന്നു കാന്തയാൾ
നേരായ്ത്തുണച്ചാൾ, നരകാജിയിൽപ്പുരാ
നാരായണന്നോമന ഭാമപോലവേ. ൨൧

നീഹാരശീതജ്വരമിങ്ങു,മക്കണ-
ക്കാഹാ! സ്മരോഷ്ണജ്വരമങ്ങു,മൊപ്പമായ്
ബാഹാബലം കാട്ടിടുവാൻ വിയുക്തർതൻ
ദേഹാഖ്യമാം ശോണിതപൂരമുണ്ണുതേ. ൨൨

ആവിപ്രയോഗം പെടുവോർക്കൊരാഴിപോൽ
ഹാ വിസ്മയം! നീണ്ട ഹിമത്തുരാത്രിയെ
ഭൂവിങ്കൽ നാരീകുചകുംഭപ്ലവത്തെ-
ക്കൈവിട്ടിടാത്തോരെല്ലതിൽക്കടന്നുതേ, ൨൩

Digitized By Kerala Sahitya Akademi

അല്ലാത്ത സാധുക്കളെ രാവിൽ മന്മഥൻ
കൊല്ലാതെകൊൽവാൻ പ്രഥമാസ്ത്രഗം തുടവോം
എല്ലാപ്പൊഴും വി,ട്ടതു തുണിതന്നക-
ത്തില്ലാതെയായ്ത്തീൻ കുറേദ്ദിനങ്ങളിൽ. ൪൩

സ്വൈരം പ്രിയൻ ഹൈമനനായിട്ടും മത്ത-
ത്തീരണ്ടുപേരാലൊരുപോലെ പീതമായ്
ആരക്തകാമിന്യധരോഷ്ഠപല്ലവം
നേരത്തൊടൊന്നിച്ചു വെളുത്തുനില്പയായ്. ൩൫

ചുണ്ടിന്നുരാഗം കുറവാകിലെന്തക-
ത്തണ്ടിന്നതേറിത്തരളീകരെത്രലോം
കണ്ടിക്കരിങ്കാർകചമാരിന്നോദയം
കണ്ടില്ലതിന്മട്ടു നടിച്ചുപൽകിനാർ. ൩൬

നേരം വെളുത്തും രവിസ്തനെത്തിയും
ദൂരത്തു മാറാൻ കമലാരിയാം ഹിമം
ആരംഭമോന്നില്ല; വിപക്ഷവിക്രമം
സ്വൈരംധരിപ്പാൻ ജലഹൃത്തിനൊക്കുമോ? ൩൭

സാംവിത്രിയാലർഘ്യമുഷസ്സിലേകിട്ടും
ദ്രവിണ്ണവക്ത്രംമുറമാറി,യർക്കനെ
സേവിക്കയായാതപമേററുമജ്ജനം
ഹാവിസ്മയം! സീൽകൃതിമന്ത്രമോതിയും. ൩൮

സ്വാപം ജനം പൂണ്ടു നിജോദയത്തിലും;
ലോപം തദർഘ്യത്തിനു പററിമേൽക്കുമേൽ;
ഹാ! പത്മിനിക്കും തെളിവില്ല; ഭാനുമാൻ
കോപം പരംപൂണ്ടതിലെന്തൊരത്ഭുതം? ൩൯

തുച്ഛൻ തുഷാരപ്രതിപക്ഷിയെങ്കിലും
തച്ഛക്തി കാട്ടാൻ കരമായിരത്തെയും
ഇച്ഛസ്സതിൽച്ചേർത്തു നിതാന്തമന്തക-
ന്നച്ഛൻ തപിപ്പിച്ചു ജഗത്തശേഷവും. ൪൦

Digitized By Kerala Sahitya Akademi

ചൂടേറിയെന്നാലതിലുമുഷ്ണമുൽക്കടം;
പാടേതണുത്താലതിലും ഭയങ്കരം;
ചാടേണ്ട രണ്ടററവുമേതൊരാളുമെ-
ന്നീടേലുമക്കാലമുണൎത്തി ലോകരേ. ൪൮

ആമഞ്ഞുവാകം തുഹിനത്തു രാത്രിയിൽ-
ത്തൂമഞ്ഞു കോരിച്ചൊരിയും ദിനങ്ങളിൽ
പ്രേമം ജരാൎത്തൻമന്നച്ച മങ്കയിൽ-
ക്കാമൻ ജയിക്കുന്ന കരത്തിൽ വില്ലുമായ്. ൪൯

പൂങ്കാവിൽ വണ്ടിണ്ട മടിച്ചു മേൽക്കുമേൽ
ഝാങ്കാരമാളും പ്രഥമത്തു നിഷ്ഫലം;
ഓങ്കാരമൂലത്തിനെയിട്ടിളക്കുവാൻ
ഞാൻ കാമനായാൽച്ചരമത്തു തേടുവൻ. ൫൦

സോമപ്രഭൻ മന്ത്രി നൃപാത്മജസ്സൂണി-
ക്ഷേമത്തെ നല്കും സുദിനോദയത്തിനാൽ
ആമട്ടു മന്നിൽജ്ജനകമ്പകാരിയാം
ഹേമന്തകാലം കൃതകൃത്യമായിപോൽ. ൫൧

മാരധ്വജംപോൽ മകരാഖ്യയേന്തിടു-
ന്നോരഗ്ര്യമാസത്തിൽ വെളുത്തവാവുനാൾ
സൂരൻ നിജാഖ്യയെഴുന്ന മന്ത്രിതൻ
സൈ്വരം രസിക്കാതെ മറഞ്ഞു വാൎദ്ധിയിൽ. ൫൨

സൂനാസ്ത്രദേവന്നനുരൂപദമ്പതീ-
സ്ഥാനാപ്തിമൂലം ചരിതാൎത്ഥനാകുവാൻ
ആനാളിലൊക്കും തരമെന്നു കണ്ടു തൽ-
സേനാനി ചന്ദ്രൻ തെളിവാൎന്നു മിന്നിനാൻ. ൫൩

നന്നായ്ച്ചമഞ്ഞന്തിയിലാത്മമന്ദിരം
വന്നാശ്രയിക്കുന്ന നൃപാൎവ്വരാജനെ
തൻ നാഥനെന്നായ് നിരൂപിച്ചു പൂൎവ്വദി-
ക്കന്നാമരിച്ചുൻപൊടു സല്ക്കരിച്ചുതേ, ൫൪

Digitized By Kerala Sahitya Akademi

ആരമ്യസംബന്ധദിദൃക്ഷു വാസവൻ
പാരം സഹസ്രാക്ഷികളും തുറന്നപോൽ
സ്വൈരം നഭോവീഥിയിലപ്പൊഴും മേല്ക്കുമേൽ
താരങ്ങളൊന്നിച്ചു വിളങ്ങി ഭംഗിയിൽ. ൪൨

ദ്യോവപ്പടിക്കാനൊരു ദീപപങ്ക്തിയോ
രാവൻപിലേന്തുന്ന കലാപജാലമോ?
ആവന്മതിക്കുള്ള നഗാമിവസ്ത്രമോ?
ദേവവ്രജത്തിന്റെ നവാവതാരമോ? ൪൩

ഏവം പ്രകൃത്യംഗനയങ്കകംബളം
കൈവ,ച്ചതിൽക്കാട്ടിന കൂശില്പമോ?
ദേവപ്രിയാകേശമഴിഞ്ഞു കല്പക-
പ്പൂവങ്ങുമിങ്ങും ചിതറിപ്പതിക്കയോ? ൪൪

ഠരംമട്ടെഴും മോടികളംബരത്തിലും
കാമം വളർത്തും കമനീയരാത്രിയിൽ
ഓമൽക്ഷിതീശാത്മജയുല്ലസിക്കവോ-
രാമന്ദിരത്തിൻകഥയോതിടേണമോ? ൪൫

കോലാഹലപ്പേരൊടു കോളുകൊണ്ടതിൽ-
പ്പാലാഴിവാസ്സാന്നു പാടി വാഴ്ത്തുവാൻ
നാലാനനൻ നാവിവനായിരത്തിലും-
മേലായ്ത്തരുന്നാളൊരുമട്ടിൽ നോക്കുവൻ. ൪൬

ധാരാളമുത്സാഹവുമാള്ളമത്ഥവും
ചേരാൻ കഴിഞ്ഞാലതിൽ നിന്നെഴുംഫലം
നേരായ്ദൃഗാസേചനകത്വമാർന്നുകൊ-
ണ്ടാരാവിലാവാസ്സ വിലുല്ലസിച്ചതേ. ൪൭

കല്യാണശൈലസ്ഥനിയാകുമാമന-
ക്കല്യാണിയെത്തൽകരകൌശലോചിതം
കല്യാഗ്രിമത്വം കലരുന്ന തോഴിമാർ
കല്യാണവേഷത്തിനു ചമയിച്ചു ക്രമമായ്. ൪൮

Digitized By Kerala Sahitya Akademi

ബാലയ്ക്കേഴം വാർകുഴൽ ചിക്കമാളിതൻ
ലോലങ്ങളാം പാണിനഖങ്ങളട്ടിനം
നീലക്കൊട്ടുംകാറിന്മേൽക്കളിച്ചിടും
നാലഞ്ചുവെള്ളിൽപ്പറവയ്ക്കു തുല്യമായ്. ൭൫

പൊന്നോമനക്കാർകുഴൽ ചീകിയാളിമാർ
മുന്നോട്ടു ചാച്ചുൻപൊട്ടു കെട്ടിവച്ചതേ,
ഒന്നോടെയാസ്യേന്ദുവിനെ ഗ്രഹിച്ചിടാ-
മെന്നോർത്തു മേൽപ്പെട്ട തമസ്സുപോലവേ. ൭൬

ആളിവ്രജത്തിങ്കലൊരുത്തി തൽക്ഷണം
ചൂളിക്കുമേൽപിച്ചകമാല ചുററിനാൾ,
കാളിന്ദിതൻ നീരിൻ സൈകതത്തെയു-
ല്ലാളിത്യയാം ശാരദവേല പോലവേ, ൭൭

വേണിക്കുമേലന്യവയസ്യയപ്പൃഥു-
ശ്രോണിക്ക ചൂടിച്ചു ചുവന്ന റോസകൾ
ചേണിൽ സ്മരൻതൻ തഴമേൽ പതിച്ചതാം
മാണിക്യരത്നപ്പടി ലാലസിച്ചതേ. ൭൮

ഓമന്മലർക്കുന്തലഴിച്ചോരാളിതൻ
കൈ മഗ്നമാകുന്നൊരു പാത്രവാരിയും
ആമങ്ക കസ്തൂരിയരച്ചിട്ടുന്നതാം
ശ്രീമത്തമേറും പനിനീരുമൊപ്പമായ്. ൭൯

ആധാരമാധേയവിശേഷമേന്തവേ
ബോധാപ്തിവന്നസ്സഖിയാൾ ഹിമോദകം
ബാധാലവം നീങ്ങിയൊഴിച്ചരച്ചതേ
സാധാരണാന്യം മൃഗനാഭികർദ്ദമം. ൮൦

പഞ്ചാരവാണിക്കളികത്തിലിട്ടതേ
വഞ്ചാരുകസ്തൂരിവിശേഷകം സഖി;
അഞ്ചാം പിറത്തിങ്കളതേവരെ ഗ്രഹി-
ച്ചഞ്ചാതെ സൂക്ഷിച്ച തമിസ്രമെന്നപോൽ. ൮൧

Digitized By Kerala Sahitya Akademi

കണ്ണിക്കരിങ്കാർകുഴലാളൊരാളിയെ-
ക്കൊണ്ടിച്ഛപോൽക്കണ്ണെഴുതിച്ചു കമ്രമായ്;
തെണ്ടിപ്പൃഷ്ഠത്തേൻ,മുകം കീഴമൊപ്പമായ്,
വണ്ടിണ പൊൽത്താരിതളിൽപ്പെട്ടന്നപോൽ. ൩൨

തങ്കക്കവിൾത്തട്ടു തുഷ്ട്യൈക്കമന്യയാം
മങ്കയ്ക്കതിൽത്തൻ വദനേന്ദു കാണവേ
തങ്കയ്യിളങ്കാററിലുലഞ്ഞ തങ്കച-
ത്തിങ്കൽ പ്രവേശിക്കുകയായൊതുക്കുവാൻ. ൩൩

ലോലാക്ഷിതൻ ചെഞ്ചൊടിവീടിതൻരസം
മേലാൻറ ശോണച്ഛവി പൂണ്ടുവിണ്ടുമേ,
ചേലാണ്ടിടും കോകനദച്ഛദം നവം-
ബാലാർക്കരോചസ്സുററുദയത്തിലെന്നപോൽ. ൩൪

താടങ്കഹാരാദിവിഭൂഷണങ്ങളാൽ-
ക്കോടക്കരിങ്കാർകുഴലാൾ വിളങ്ങിനാൾ
ജാഡ്യൗഘകൃത്തും മണിദീപപങ്ക്തിയിൽ-
ക്കേടററ വെള്ളിക്കതിർ മണ്ഡപോപമം. ൩൫

കൈ, നാസ, മദ്ധ്യം, വിരൽ, കാൽ, ഗളം, ശ്രവ-
സ്സാനാരിയേഴംഗവു,മേന്തിമിന്നിനാൾ
ആനാൾ നവാശ്മങ്ങളെ;യങ്കമേഴെഴും
ശ്രീനാടകം സദ്രസമൊൻപതും വിധം. ൩൬

മാരൻെറപൊൽച്ചെപ്പെതിർകൊങ്കകൾക്കുമേ-
ലാരമ്യ വെൺപട്ടണിറെഴക്കി ചാർത്തിനാൾ
ആരഗ്വധം പൂത്തൊരു കുന്നുകൾക്കുമേൽ-
പ്പാരം വിളങ്ങും ശരദഭ്രമെന്നപോൽ. ൩൭

ആമങ്കമാർ മൌലിയരക്കു കോമള-
ക്ഷൌമം ധരിച്ചങ്ങു വിളങ്ങി.ഭംഗിയിൽ;
ള്ളഞ്ഞു ചുററും ഹിമവാനിലാളവോ-
രാമഞ്ജുളദിവ്യൌഷധിയെന്ന പോലവേ. ൩൮

Digitized By Kerala Sahitya Akademi

“ഞ്ഞ വശ്യവാക്കാം കവിതൻവചസ്സിനും
ലാവണ്യമേകും വധുവിൻ വപുസ്സിനും
ദൈവം തുണയ്ക്കും കൃഷിഭൂവിനെന്നപോ-
ലാവശ്യമോ ദോഷദമാമലംകൃതി?” ൯

എന്നായ് നിനയ്ക്കേണ്ടൊരു വസ്തുവെത്ര താൻ
നന്നാകിലും നന്മയതിന്നു കൂട്ടിടാം;
ഒന്നാന്തരം പാലിൻ പഞ്ചസാരചേ-
ർത്തെന്നാലതിൻ സ്വാദുതയേറുകില്ലയോ? (യുഗ്മകം) ൧൦

വ്യാഹാരവായ്പാർന്ന കവീന്ദ്രർ ചെയ്യുവോ-
രാഹാര്യനൈസർഗ്ഗികഭംഗിയോജനം
നീഹാരശൈത്യം ഹൃദി നൽകിടാത്തതാ-
ക്കാഹ്ലാദതരംഗമേന്ന ചരിത്രനോവൽപോൽ. ൧൧

ആമട്ടു വൈദഗ്ദ്ധ്യമെഴും വയസ്യമാർ
പൂമഞ്ജുഗാത്രം ചമയിച്ച സുന്ദരി
കാമം ജയിച്ചാൾ കലിതാനന്ദഭാവനാം
കാമന്റെ കമ്രോത്സവവൈജയന്തിയായ്. ൧൨

കുട്ടിക്കുരംഗാക്ഷി ചമഞ്ഞു നിന്നിട്ടും
മട്ടിൽത്തദാസ്യം മുകുരത്തിൽ നോക്കവേ
തട്ടിക്കളഞ്ഞിട്ടുമതിങ്കൽ നിന്നുടൻ
പൊട്ടിപ്പുറപ്പെട്ടു മൃദുസ്മിതാങ്കുരം. ൧൩

മാരന്റെ ചേതഃകുമുദപ്രബോധനം
നൈരന്ധ്രിമാർതൻ പ്രമദാബ്ധിവർദ്ധനം
ഈരണ്ടിനും കാരണമാം സ്മിതേന്ദുവ-
സ്സാരംഗനേത്രയ്ക്കു നവീനഹാരമായ്. ൧൪

ആത്താനന്ദമോദപ്രസരാംബുരാശിമേൽ-
ക്കൂത്താട്ടുമുള്ളിൽക്കയിൽവാണിമാർമണി
ആത്താമരാക്ഷന്നുമുമയ്ക്കുമാന്നിട്ടും
കാൽത്താർനിരത്തിത്തൊഴുതാൾ വിനീതയായ്. ൧൫

Digitized By Kerala Sahitya Akademi

എന്നിട്ടു പിന്നെസ്സുമുഹൂർത്തവേളയിൽ-
പ്പൊന്നിൻനിറം പൂണ്ടൊരു പൂവൽമേനിയാം
തന്നിഷ്ടമാരായ വയസ്യമാരുമാ-
യൊന്നിച്ചു വൈവാഹികശാല പൂകിനാൾ. ണ്ടു

ശ്രീവഞ്ചിഭൂഭർത്ത്രി തദാത്മജൻ യുവ-
ക്ഷ്മാവല്ലഭൻ മന്ത്രിവരിഷ്ഠനാം വരൻ
ദൈവജ്ഞർ വിപ്രോത്തമർ പൌരർ നാട്ടുകാ-
രീവണ്ണമേറെജ്ജനമങ്ങു മേവിനാർ. ൈ

ശ്രീമൽക്കവാടംവഴി കണ്ണയച്ചുകൊ-
ണ്ടാമർത്ത്യർ വാഴുമ്പൊഴുവക്കു മുന്നിലായ്
പൂമഞ്ചുമെയ്യാൾ മുറിയിൽക്കടേറിനാൾ
സോമന്റെ മൂന്നാംപിറ വാനിലെന്നപോൽ. ൈ്യ

പേരാന്ന ലന്തക്കുരുറാന്തലിൻനിറ-
യ്ക്കാരാൽപ്പകൽദീപഫലം വരുത്തിയും,
നേരായ്ത്തനശ്രീ ലയമേകിലും മണി-
വാരാമയാൽ കാഞ്ചനഭൂഷ കാട്ടിയും, ൻ

രണ്ടിൽജ്ജനത്തിന്നു മധൂദയത്തിലാ-
വാടിക്കകം പോവൊരു ബോധമേകിയും,
മോടിക്കുപൊൽകൈവള കണ്ണവീഥിയിൽ-
ക്കൂടിജ്ഝണാൽകാരസുധാംബു തൂകിയും, വ്വം

സോമപ്രഭാസ്യം തപകൊണ്ടു താഴ്കിലും
പ്രേമത്തിനാലുന്നുകൊടുത്തുയർത്തിയും,
ആമന്നിനായിസ്മിതനേത്രകാന്തിയാൽ
ക്ഷൌമക്കരിമ്പട്ടണി വീണ്ടുമേകിയും, വൃമ

കാടാതെനിൽക്കും മഴനാളിൽമിന്നലോ?
ചൂടാകെ നീങ്ങും രവിതന്റെ രശ്മിയോ?
രണ്ടായ്ച്ചരിക്കും നവഹേമവല്ലിയോ?
വാടാത്ത വാനിൻമലർകോർത്ത മാലയോ? വൃമ

Digitized By Kerala Sahitya Akademi

ലാവണ്യപാഥോനിധി പെററ ലക്ഷ്മിയോ?
വേൻവിധിക്കുള്ളൊരു ശില്പസീമയോ?
പൂവമ്പനേന്തും പുതുമോഹനാസ്ത്രമോ?
ജീവൻ പെറും ജ്യേഷ്ഠരസപ്രഭാവമോ? വൃന്ദ

ഇത്തരമേകം വിധമുള്ള ചിന്തകൾ-
ക്കാമാത്യവൃന്ദത്തിന ഹേതു നൽകിയും,
ഓമൽപ്രിയോപാന്തമണഞ്ഞു തയ്യലാൾ
പൂമങ്ക മുന്നം ഹരിപാർശ്വമെന്നപോൽ. (കുളകം) വൃന്ദ

സത്യസ്ഥനേകൻ ചതുരാസ്യനാദരാൽ
ക്ഷിത്യംഗനാപങ്ക്തിയിലദ്വിതീയയായ്
അത്യത്ഭുതം തീർത്തവളെ ദ്വിതീയയായ്
സത്യസ്ഥനന്യൻ ചതുരാസ്യനാക്കിനാൻ. വൃ൭

ആരോമലാൾ ദക്ഷിണതൊട്ട വേണ്ടതാ-
മോരോ ചടങ്ങും നിറവേററി നന്മയിൽ
നേരോട്ടു ദ്വാജങ്ങളലങ്കരിച്ചു മന്ത്രിയും-
ത്താരോട്ടു നൽകും മുറി താണ്ടു വാങ്ങിനാൾ. വൃന്ദ

എല്ലാരുമേകീട്ടമനുഗ്രഹാഖ്യമാം
ചൊല്ലാർന്ന പന്തൽപ്പൊലിവാകെ വാങ്ങവേ
മല്ലാക്ഷിയാൾക്കും കണവന്നുമന്നു പ-
ണ്ടില്ലാത്ത ധന്യത്വമുദിച്ചു നിർഭരം. വൃ൬

ആരാജ്ഞിതൊട്ടോർ വിട നൽകിയസ്ഥലം
പാരാതെ വിട്ടാൾക്കളിരേന്തി മേൽക്കുമേൽ
സ്മേരാനനാംഭോരുഹരായ കാമുക-
ന്മാരാത്മലീലാനിലയത്തിലെത്തിനാർ. വൃവ്യ

ഒന്നിച്ചതിൽച്ചെന്നളവും നൃപാലകൻ-
തന്നിഷ്ടപുത്രിക്കുമമാത്യവര്യനും
നിന്നില്ല നേരോ കളവോ നടക്കവോ-
ന്നെന്നിത്തരം ഹൃത്തിലെഴുന്ന സംശയം. വൃൻ

Digitized By Kerala Sahitya Akademi

ആരണ്ടുപേക്ഷം, പരിചാരകവ്രജം
ദൂരത്തുപോയ് വാതിലടച്ചു, മപ്പുറം
വേറെററമാഞ്ഞില്ല മലർക്കിടക്കമേൽ
സ്വൈരം പ്രവേശിപ്പുളവോളമാഭ്രമം. ൯൦

കൺ, കാതു, മൂക്കെന്നിവ കൊണ്ടു നിശ്ചയം
തങ്കാര്യയാൽ ത്വഗ്രസനേന്ദ്രിയങ്ങളെ
സ്വകാര്യത്തിന്നുപയുക്തമാക്കിനാർ
പൊൻകാൽതൊഴും മേനിയെഴുന്ന കാമുകർ. ൯൧

അന്യോന്യമൊക്കം പ്രണയത്തിലാദ്യമാം
കന്യോപഭോഗാവസരം ലഭിക്കവേ
ധന്യോഹമെന്നായ്ക്കരുതും യുവാവിനെ-
ന്തന്യോപചാരം വിധിയാൽ വിധേയമായ്? ൯൨

പാനം വിരക്താശയനർക്കരുന്നിനാൽ
നൂനം സ്വദിക്കും ഗതികെട്ട പായസം;
താനമ്പിൽ വേൾപ്പോളനുരൂപയാകില-
ന്നീനമ്മൾവാഴും ധരതാൻ ത്രിവിഷ്ടപം. ൯൩

ശ്രീമെത്തുമദ്ദമ്പതിമാർ തുടർന്നിടും
കൈമെയ്മറന്നുള്ളൊരു കമ്രലീലകൾ
ആളുമേറീടിന കൈടഭാരിതൻ
പൂമെത്തയേത്താലൊരു മട്ടു വാഴ്ത്തിടാം. ൯൪

ആമെഞ്ഞുമച്ഛ്രീമണിസൌധതല്പജം
കാമന്റെ യുദ്ധാങ്കണമാകുമുലമോ
കാമം ഭയം പൂണ്ടു കതിച്ചു മുന്നമേ
ഹാ മണ്ടി നിദ്രാബല മാറി ദൂരവെ? ൯൫

പ്രേമത്തൊടന്നപ്പികവാണി തന്റെ നേ-
ർക്കോമൽക്കടക്കൺമുനയൊന്നയക്കവേ
ആമന്ത്രിപാളീതിലകത്തിൽ വാച്ചിത-
ക്ഷാമം പരക്കെപ്പുളകാഖ്യ കശ്മളം. ൯൬

Digitized By Kerala Sahitya Akademi

പ്രത്യുഷന്നാളിൽ നവോഢയെങ്കിലും
താൻതന്നെ മോദത്തിൽ മറന്നുപോകയാൽ
സ്വാന്തത്തിനാൽപ്പോൾ ക്രിയയാലുമദ്ദിനം
കാന്തന്നധീതിസ്ഥിതിപൂണ്ടു മേവിനാൾ. ൯൭

ആകമ്രഭാസ്വാന്റ കരങ്ങൾ രാവിലും
കോകങ്ങളിൽ ചേർത്താരു ലോകബാന്ധവൻ
ശോകം സബന്ധത്വമിയന്നവയ്ക്കുടൻ
പാകത്തിലാററിപ്പരിചോടു മിന്നിനാൻ. ൯൮

സ്വാഭാവികം കർക്കശഭാവമുള്ളവൻ
ഭൂഭാരവാഹിക്കു നിപീഡനാർഹനാം
ഈ ഭാസുരാപ്തോക്തിയിലർത്ഥമുള്ളതാ-
യംഭാഗ്യവാൻ തൽക്രിയകൊണ്ടു കാട്ടിനാൻ. ൯൯

ഭാണത്തിലാർ പന്തുകളിക്കൊരുങ്ങിടാ?
വേണം മിഥോമത്സരികൾക്കു മർദ്ദനം;
ചേണമ്പിലാളുന്നൊരു ചക്രവർത്തികൾ-
ക്കാണന്വഹം ലോകർ കരം കൊടുപ്പതും. ൧൦൦

താനാര്യമാളും പ്രിയപാണിപീഡനം
സൂനാംഗിതൻ വത്സതനൂജയുഗ്മവും
ആനാളിലാണ്ടപ്പൊഴവയ്ക്കു തുല്യമായ്
പ്പീനാദരം മുത്തു വഹിച്ചു മിന്നിനാൾ. ൧൦൧

പൊന്നിൻകുടം കുങ്കുമചിത്രകം വഹി-
ച്ചന്നിഭ്രഭാസ്വാൻ വിളങ്ങി നില്ക്കയോ?
മന്നിൽഗ്ഗിരീശൻ ശശിഖണ്ഡചൂഡനായ്
വന്നിഷ്ടമേകുന്ന വരം കൊടുക്കയോ? ൧൦൨

കാന്തിക്കിരിപ്പാം കമലത്തെ മേൽക്കുമേൽ-
പ്പൂന്തിങ്കൾ ചുംബിപ്പളവായതിൻഫലം
താൻതിട്ടമായ് സങ്കുചിതത്വമേററമ-
ന്നേന്തിത്തുടങ്ങുന്നതു തൽഗ്ഗുണോചിതം. ൧൦൩

Digitized By Kerala Sahitya Akademi

സ്വാപതേത്ത നീക്കും സുമനസ്സുകൾക്കുടൻ
ലോപം വെടിഞ്ഞെത്തി സ്വധാശനത്വവും;
കാപട്യമററവർതങ്ങളിൽ തമ്മിലൊക്കുകിൽ
ഭൂപററിടും ദമ്പതിമാക്കു നാകമായ്. ൧൦൪

പത്തായിരം ബിന്ദു തനിക്കു തന്നതാ-
മത്താർമിഴിക്കുള്ള ചൊടിക്കു തൻകട്
സത്താമമാത്യൻ കറവാൻ കൊതിക്കയാൽ
മുത്താന്നതിന്നായൊരുബിന്ദു നൽകിനാൻ. ൧൦൫

ഏകാംബരത്തിന്നു ലഭിച്ചൊരാക്ഷതം
ഭീകാളമുള്ളത്തൊട്ടു കണ്ടനേരമേ
ഹാ! കാലദോഷം സ്വകുലത്തിനാന്നതായ്
വൈകാതെയന്യാംബരമോർത്തകന്നുപോയ്. ൧൦൬

ആമട്ടതിൻപിൻപവരാന്നിടുന്നതാം
പ്രേമം പുലത്തും പെരുമാററരീതികൾ
കാമം സമീപേ കഥകണ്ടു നിന്നിടും
കാമന്നുപോലും കനിവില്ല വാഴ്ത്തുവാൻ. ൧൦൭

ഓരോതരം ചാട്ടുവചസ്സു ഹൃഷ്ടനായ്-
ച്ചോരോലുമക്കാമിയുരച്ചു വാഴവേ
ആരോമലാൾ കണ്ണിൽ നിറഞ്ഞു നിൽപതാം
നീരോടിവണ്ണം പ്രതിവാക്യമോതിനാൾ. ൧൦൮

“ഹാ കഷ്ടമയ്യോ! നരഹത്യഹേതുവാൽ
ലോകം വെറുക്കേണ്ടൊരു പാപമാന്ന ഞാൻ
പോകട്ടെ വിട്ടീടുക, നാരകത്തിലോ
നാകത്തിലോ സംയമിനിക്കിരിപ്പിടം? ൧൦൯

ഹന്താതിമാത്രം ക്ഷമയേന്തിടും ഭവാ-
നെന്താതനെപ്പോലപരാധിയില്ലൊരാൾ;
എന്താണു ഞാൻ കാട്ടുവ,തുപ്പുചേന്ന പാ-
ലെന്താകിലും തീച്ച്,പിരിഞ്ഞു പോയിടും. ൧൧൦

Digitized By Kerala Sahitya Akademi

എന്നെക്കുറിച്ചേവനുമെന്തുശങ്കയാ-
ണെന്നെന്റെ നാവാലുരചെയ്യുവാൻ പണി;
എന്നെത്യജിപ്പാനറിയിച്ചിടുന്നു ഞാൻ;
പിന്നെപ്രമാണം പ്രിയചിത്തവൃത്തി താൻ.” ൧൧൧

എന്നോതിയപ്പൻ മരണക്കിടക്കയിൽ-
ത്തന്നോടുരപ്പാനരുൾചെയ്ത യാച്ഞയും
പൊന്നോമനക്കൊങ്കയിലശ്രുവാർത്തുകൊ-
ണ്ടന്നോഷധീശാനന ചൊല്ലിനിർത്തിനാൾ. ൧൧൨

നിർമ്മായമാവാക്കുകൾ കേട്ടു വഞ്ചിഭൂ-
ശർമ്മാവലംബം സചിവൻ സ്മിതത്തൊടും
ധർമ്മാംഗിതൻ മുഗ്ദ്ധമുഖം മുകർന്നതിൻ
ഘർമ്മാശ്രുബിന്ദുക്കൾ തുടച്ചു ചൊല്ലിനാൻ. ൧൧൩

“പോരും വിഷാദിച്ചതു ജീവനാഡി! നീ
കാരുണ്യമുണ്ടായ്ക്കരയാതിരിക്കണേ!
ഭീരുക്കളിൽ ധീരതയെത്ര വായ്ക്കിലും
ഭീരുക്കൾതാനായവർ; സമ്മതിച്ചു ഞാൻ. ൧൧൪

ചേണുറ്റ വഞ്ചിക്കരിബാധതീർക്കയാ-
ലാണുങ്ങൾ നേടാത്തൊരു പുണ്യമോമനേ!
വേണംപടിക്കാണു നിനക്കു കന്മഷം
കാണുന്നവൻ തേനിനു കയ്പു കണ്ടിടും. ൧൧൫

ഉൽക്കണ്ഠിതൻ ഞാനെവിടെക്കിടപ്പു? നീ
നിൽക്കുന്നതെ,ങ്ങോർക്കിൽ നമുക്കു സത്യമായ്
തെക്കും വടക്കും പെടുമദ്ധ്രുവങ്ങളോ-
ടൊക്കുന്നതാമന്തരമുണ്ടു തങ്കമേ! ൧൧൬

നാരിക്കുനേരായ്പ്പുരുഷന്നനന്മയി-
പ്പാരിൽ ഭവിപ്പാൻ പണിയെന്നവാസ്തവം
ആരില്ല കാണാതെ? കളഞ്ഞ രാമനോ
പെരിന്നുമാളുന്ന പൊറുത്ത സീതയോ? ൧൧൭

Digitized By Kerala Sahitya Akademi

നിന്നപ്പനെന്താണപരാധ,മമ്മഹാ-
നെന്നപ്പനെക്കാളുമെനിക്ക വേണ്ടവൻ;
എൻ നന്ദി നീത്തുമ്മി; തലം ഘ്രീലമ്പമാം
വന്നമ്മ ദൃഗ്ജലാംബുധി; ഭീമമെൻകടം. ൧൧൮

ഞാനല്ലയോ പാപി? വിപത്തിനാൽപ്പരം
ദുനതചമേന്തീടിന നിന്നെയേകയായ്
താനങ്ങുവിട്ടോടിയ,തെന്നൊടൊപ്പമായ്
ഹാ നന്ദികേടൻവനേവന്നുഴിയിൽ? ൧൧൯

ജായാപദം നീയുരരീകരിച്ചിരി-
പ്പായാലുമാ,രെന്നപരോക്ഷദൈവതം,
നീയായ ദിവ്യൌഷധിയോടു ചേൻ മേ-
ലീയാരക്രൂടം തപനീയമാകണം. ൧൨൦

ഹേ തന്വി! ദിവ്യാഞ്ജനമെൻെറ കണ്ണിനും
ഗീതം ചെവിക്കും സുമനസ്സു മൂക്കിനും
നീ തന്നെ തേൻ നാവിനുമഗ്ര്യ വർണ്ണകം
ഭൂതന്നിലെൻതചക്കിനുമെന്നുമെന്നുമേ." ൧൨൧

എന്നോതിയച്ഛസ്ഫടികാന്തരംഗനായ്-
ക്കൊന്നോമനക്കാൽപണിയുന്ന കാന്തനെ
കന്നോടെതിർക്കും കളുർകൊങ്കയാളുടൻ
തന്നോടണച്ചാൾ തടവേതുമെന്നിയേ. ൧൨൨

ആ മട്ടിൽ നാൾ നാഴികയാക്കി മേൽക്കുമേ-
ലാമഞ്ഞുകാലത്തിലുമന്തിതോറുമേ
ശ്രീമന്മഥാതിഥ്യസുഖസ്രവന്തിയിൽ-
ക്കാമം വിഹാരത്തൊടു വാണു കാമികൾ. ൧൨൩

സേനാനിയും മന്ത്രിയുമാകയാൽപ്പരം
നാനാപ്രകാരം പ്രിയനങ്ങു വേലയിൽ
പീനാദരാൽ പാൽമൊഴി പങ്കുകൊണ്ടുവാ-
ണാനംമക്കറ്റെല്ലാമുളവററ തൽരം, ൧൨൪

Digitized By Kerala Sahitya Akademi

മാററിത്തരൊന്ന്യേ പുരുഷേന്ദ്രനൂഴിയെ-
പ്പോററിത്തദീയവ്യഥയാകമാനവും
മാററി,ത്തെളിഞ്ഞൻപൊടു വിശ്രമിക്കുവാ-
നാററിങ്ങലേക്കായെഴുനള്ളി റാണിയാൾ. ൧൨൫

ആ രാജ്ഞിയെക്കാണ്മതിന്നു വേണ്ടിയ-
സ്സാരിക്കോലും നഗരത്തിൽ മന്നനും
ദാരാഢ്യനായീടിന മന്ത്രിമുഖ്യനും
ധാരാളമാം മുരത്തോടൊരിക്കലെത്തിനാർ, ൧൨൬

നെഞ്ചുറപ്പോടവിടത്തിലന്നു നാ-
ലഞ്ചു നാവികരണഞ്ഞു റാണിയെ
അഞ്ചുതെങ്ങിലൊരു കോട്ടകെട്ടുവാൻ
തഞ്ചുമാശയറിയിച്ചിരുന്നതേ. ൧൨൭

അവരാംഗലരെന്നു മന്ത്രിമാർ ത-
ന്നവതംസം വഴിപോലറിഞ്ഞനേരം
അവസാനമെഴാത്ത കൌതുകംപൂ-
ണ്ടവനീഭർത്ത്രിയൊടിക്കണക്കുണർത്തി. ൧൨൮

“ചട്ടററെഴുന്നൊരതലാന്തികവീചി പെററ
കട്ടക്കിടാവിന്റെ മാതിരിമന്നിടത്തിൽ
ബ്രിട്ടൻ തുരുത്തുകൾ കൊടുപ്പൊരു സാർവ്വഭൌമ-
പട്ടം ധരിച്ചു പരിചോടു വിളങ്ങിടുന്നു. ൧൨൯

യൂറോപ്പിലെജ്ജനപദങ്ങൾ തൊടാതിരിക്ക-
മാ,റോർത്തുകൊണ്ടതിനു മേക്കവേക്കമാറി
ക്രൂരോടു മേന്മയിലിതിന്നിടമീശനേകി;
മാറോട്ടൊടാരു കനകത്തകിടേച്ചുകെട്ടും? ൧൩൦

ചുററുംപെടും ചെറുകിടങ്ങു നികന്നിടായ്വാൻ
മററുള്ള നാടുകൾ കിടന്നു മുരഞ്ഞിടുമ്പോൾ
മുററും കിടങ്ങിനിതിനംബുധി തന്നെ വന്നു-
പററുന്നുവെങ്കിലതു ഭാഗ്യവിശേഷമല്ലേ? ൧൩൧

Digitized By Kerala Sahitya Akademi

പാരം മലയ്ക്കു നടുവിൽപ്പെട്ടുവോരു നാടും
നേരററിടുന്ന കവികൾക്കു പയോധികാഞ്ചി;
ആ രമ്യനാമമിതിനൊന്നിനു നല്കിൽ മാത്രം
ദൂരത്തുമില്ലതിശയോക്തികഥാപ്രസംഗം. ൧൩൨

പങ്കംവെടിഞ്ഞൊരു ജയദ്ധ്വജമെന്നു ലോകം
ശങ്കപ്പെടുന്ന പല പാമരജാലമോടും
അങ്കത്തിലംബുധിയെവെന്നടികൊണ്ടുമത്തി
വൻകപ്പലുണ്ടിതിനു ചുററിലുമുല്ലസിപ്പൂ. ൧൩൩

പൊക്കംകലർന്നു ബലമാർന്നിടതൂർന്നു ചുററു-
മക്കപ്പലിൻെറനിര വന്മതിലെന്നപോലെ
തക്കത്തിൽ വായ്ക്കുമളവിൽപ്പുനരുക്തി തന്നെ-
യിക്കമ്രമാം ജനപദത്തിനു ബാഹ്യദുർഗ്ഗം. ൧൩൪

മാൻതോററകണ്ണികളും മലർമങ്കയാളും പോയ്-
സ്സാന്ദ്രോത്സവത്തൊടനിശം സുഖമായ് വസിപ്പാൻ
താൻ തോഷവായ്പൊടു സരിൽപതി പണ്ടു തീർത്ത
പൂന്തോട്ടമെന്നിതിനെയേവനുമോർത്തുപോകും. ൧൩൫

ഊക്കമ്പിടുന്ന ഭടർ പോരിനൊരുങ്ങി നിന്നും
നീക്കംവെടിഞ്ഞു പുകയന്ത്രശതം വമിച്ചും
ഊക്കല്യനാടിതരമാമൊരു ഘോരയുദ്ധ-
ത്തിക്കപ്പലിൻകിടയിൽ വൻകടലിൽ കിടപ്പൂ. ൧൩൬

കൃത്യപ്പടിക്കുലകിനുള്ള മഹാഭരത്തെ
നിത്യം വഹിക്കിലുമശേഷമുലഞ്ഞിടാതെ
പ്രത്യക്ഷമാം പ്രഥമകച്ഛപമെന്ന ശങ്ക
മർത്ത്യാന്തരത്തിൽ മനുജർക്കിതു നൽകിടുന്നു. ൧൩൭

സ്പാനിഷ്ജനങ്ങൾ പവിഴക്കൊടിയെന്നു തെററായ്,
ധ്യാനിച്ചുകൊണ്ടു ഹരണത്തിനണഞ്ഞനേരം
ഈ നിർമ്മലക്ഷിതിയടുപ്പൊരു ശത്രുവിൻെറ
ഹാനിക്കു പററിയ തിമിംഗിലമായിരുന്നു. ൧൩൮

Digitized By Kerala Sahitya Akademi

ഈവമഞ്ജുവായ ബലിഭുവിന ശ്രീമനാമാ-
ഹ്യാമർത്ത്യസിന്ധുദയിതൻ നടകാവൽനില്ക്കെ
ക്ഷേമംകരസ്ഥ,മതുമല്ല പരൻപുമാനും-
പ്രേമം വരുന്നനിലവിട്ടൊരിരിപ്പുമില്ല. ൫൩൯

ഇന്നല്ലനാട്ടിലുടലും പുകളും നിറത്തിൽ-
ഭിന്നത്വമെന്നിയെ തെളിഞ്ഞ നടത്തയോടും
ഉന്നമ്രകാന്തികലരുന്ന സരോവരത്തി-
ലന്നങ്ങളെന്നറിയുമാംഗലരുല്ലസിപ്പൂ. ൫൪൦

ദൂരത്തെഴുന്നൊരു ധ്വജത്തിലുമല്പമാകം
നേരത്തിലെത്തി വിരുതേറിടുമിസ്മിതാസ്യർ
പാരം ജഗൽപതി കനിഞ്ഞിടുവാൻ കൊതിച്ചു
നേരററ തദ്ധരണിജാർത്തി ഹരിച്ചിടുന്നു. ൫൪൧

ഭൂരിപ്രതാപമൊടണഞ്ഞു വിഴിഞ്ഞമെന്ന
പൂരിൽ പ്രശസ്തരിവർ പണ്ടകശാല കെട്ടി
പാരിച്ച കച്ചവടമുണ്ടു നടത്തിടുന്നു
ദാരിദ്ര്യമിദ്ധരയെ വിട്ടൊഴിയും പ്രകാരം. ൫൪൨

തയ്യായനാളിലലിവാന്നൊരു തെല്ലുനീർ തൻ
കയ്യാലണയ്ക്കുവനു കാമിതമാകെനല്കാൻ
അയ്യായിരംകുല കുലയ്ക്കൊരു തെങ്ങുകൾക്കു-
മിയ്യാളുകൾക്കുമൊരു ഭേദമശേഷമില്ല. ൫൪൩

ലന്തയ്ക്കു വെള്ളകളിലഗ്രഗർ തങ്ങളെന്നോ-
രന്തർമ്മദത്തിനിനിയില്ലവകാശമേതും;
അന്തസ്സിനേതുവഴി; പൌണ്ഡ്രകവാസുദേവ-
ന്നെന്തമ്പുരാൻ മധുവിമാഥിയണഞ്ഞിടുമ്പോൾ?” ൫൪൪

Digitized By Kerala Sahitya Akademi

വേണാട്ടിന്നു ഗുണംവരാൻ വഴിയതാ-
ണെന്നോതിടും മന്ത്രിതൻ
ചേണാളും മൊഴികേട്ടു റാണിയതിനായ്-
ത്തത്സമ്മതം നൽകിനാൾ;
പ്രാണാധീശനൊടൊത്തു പാണ്ഡുരയശ-
സ്സാർജ്ജിച്ചു തൽക്ഷോണിമേൽ
നീണാൾ വാണു നൃപാലപുത്രി; സകലം
നമ്മൾക്കു സന്മംഗളം. ൪൭

സമാപ്തം.

Digitized By Kerala Sahitya Akademi

# വിജ്ഞാപനം.

———:o:———

ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,
എം. ഏ., ബി. എൽ. അവർകളാൽ രചിക്കപ്പെട്ടതു്.

| | രു. | ച. | കാ. |
|---|---|---|---|
| പദ്യമഞ്ജരി ൧-ാംഭാഗം (പരിഷ്കരിച്ചപതിപ്പു്) | 0 | 4 | 0 |
| ടി ൨-ാംഭാഗം | 0 | 4 | 0 |
| ടി ൩-ാംഭാഗം | 0 | 4 | 0 |
| ടി ൪-ാംഭാഗം | 0 | 4 | 0 |
| ടി ൫-ാംഭാഗം | 0 | 10 | 0 |
| ടി ൬-ാംഭാഗം | 0 | 12 | 0 |
| മംഗളമഞ്ജരി സവ്യാഖ്യാനം | 0 | 14 | 0 |
| പ്രാചീനമലയാളമാതൃകകളും ഭാഷാചരിത്രം... | 1 | 0 | 0 |
| വഞ്ചീശഗീതി | 0 | 4 | 0 |
| മദ്ധ്യമലയാളമാതൃകകൾ | | | |
| (കണ്ണശ്ശരാമായണം സുന്ദരകാണ്ഡം)... | 1 | 0 | 0 |
| സദാചാരദീപിക | 0 | 6 | 0 |
| മാതൃകാജീവിതങ്ങൾ ... | 0 | 7 | 0 |
| ആരോഗ്യരക്ഷയും ഗൃഹഭരണവും | | | |
| ൧-ാംഭാഗം (ബി. കല്യാണി അമ്മ) | 0 | 14 | 4 |
| ടി ൨-ാംഭാഗം | 0 | 21 | 6 |
| ടി ൩-ാംഭാഗം | 1 | 7 | 2 |
| സത്യകീർത്തിചരിതം | 1 | 0 | 0 |
| മാനസശാസ്ത്രം | 1 | 0 | 0 |
| മൌസലപർവം | 0 | 14 | 4 |
| രാമയ്യൻദളവാ | 0 | 7 | 2 |

എഴുത്തച്ഛന്റെ രാമായണം, ഭാഗവതം, ഭാരതം, കമ്പരാമായണം മുതലായ മററു അനേക പുസ്തകങ്ങളും ഇവിടെ കിട്ടുന്നതാണു്.

ആർ. റി. പിള്ള,
ചാല,—തിരുവനന്തപുരം